# കാസർഗോഡ് ജില്ലാപഞ്ചായത്ത്

# ജനകീയാസൂത്രണം



mpm

0

# സമഗ്ര വികസന രേഖ

# ജനകീയാസൂത്രണം
## പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ


| | |
|---|---|
| **സെപ്തംബർ** | |
| 10,11,12 | ഒന്നാം ഘട്ടം D.R.P ക്യാമ്പ് |
| 12 | പഞ്ചായത്ത് സമിതി അജണ്ട:- LRP ക്യാമ്പ് |
| 17 | LRP ക്യാമ്പ് മീനടത്തൂർ ജി.എം.യു.പി.സ്കൂളിൽ |
| 20 | ഉദ്യോഗസ്ഥരുടെയും സാമൂഹ്യ-സാംസ്കാരിക രാഷ്ട്രീയ പ്രവർത്തകരുടെ യോഗം വിഷയം:-ജനകീയ ആസൂത്രണം പങ്കാളിത്തം |
| 27 Oct 2 | ഗ്രാമസഭായോഗങ്ങൾ |
| **ഒക്ടോബർ** | |
| 15 | D.R.P. യോഗം വിഷയം:-ദ്വിതീയ വിവരശേഖരണം |
| 19 | ബ്ലോക്ക്തല കലാജാഥ താനാളൂർ പഞ്ചായത്തിൽ |
| 20 | പഞ്ചായത്ത് സമിതി, DRP, LRP സംയുക്ത യോഗം വിഷയം:-വിവിധ കോർ ഗ്രൂപ്പ് |
| 22 | ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരണം കോർ ഗ്രൂപ്പ് |
| 28 | ചരിത്ര പഠന യാത്ര |
| 29,30,31 | രണ്ടാം ഘട്ടം DRP ക്യാമ്പ് |
| 29 | പഞ്ചായത്ത് സമിതി - വിഷയം :- LRP ക്യാമ്പ് |
| **നവംബർ** | |
| 1 | പുനരർപ്പണ ദിനം |
| 3 | LRP ക്യാമ്പ് DGHSS താനൂർ |
| | വികസന സെമിനാർ സ്വാഗതസംഘം രൂപീകരണം |
| 5 | പഠന പര്യടനം-തലപാമ്പ് മുതൽ അരീക്കാട് വരെ |
| 6 | പഞ്ചായത്ത് സമിതി, ഉദ്യോഗസ്ഥൻമാർ, DRP-മാർ പങ്കെടുത്ത യോഗം - പദ്ധതി അവലോകനം |
| 7-18 | വകസന രേഖ തയ്യാറാക്കൽ |
| 13-24 | ധന ശേഖരണം |
| 19 | പഞ്ചായത്ത് സമിതി വികസന റിപ്പോർട്ട് ചർച്ച ചെയ്ത് അംഗീകരിക്കൽ |
| 20-24 | റിപ്പോർട്ട് ഡി.ടി.പി.വർക്ക് |
| 25-29 | റിപ്പോർട്ട് പ്രിന്റിംഗ് |
| 29 | വികസനസെമിനാർ സപ്ലിമെന്റ് വിതരണം |
| 30 | വികസന സെമിനാർ |

2

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# താനാളൂർ ഗ്രാമ പഞ്ചായത്ത്

# വികസനരേഖ




## ജനകീയ ആസൂത്രണ പരിപാടി

## 1996-97



സമ്പത്തിന്റെ വളർച്ച
മാത്രമല്ല അതിന്റെ
നീതിപൂർവ്വകമായ വിതരണം
കൂടിയാണ് വികസനം.

## എഡിറ്റോറിയൽ ബോർഡ്

സർവ്വശ്രീ. പി.ടി.മൊയ്തീൻ (ചീഫ് എഡിറ്റർ)
" പി.എസ്.മുഹമ്മത് മുസ്തഫ
" പി.പി.ഇബ്രാഹിം മാസ്റ്റർ
"
" എം.അബ്ദുൾ സലാം
" ഇ.ജയപ്രകാശ്
" പി.സതീശൻ
" വി.പി.എം.അബ്ദുറഹിമാൻ
"
" എം.വിശ്വനാഥൻ
" കെ.ടി.ഒ.അബ്ദുറഹിമാൻ

## ഓഫീസ് നിർവ്വഹണം


സി.മുഹമ്മദ് (Secy. in Charge ഗ്രാമപഞ്ചായത്ത്)
വി.അബ്ദുറസാക്ക്
ബേബി നദീറ

# നമ്മുടെ ജനപ്രതിനിധികൾ

ഗ്രാമപഞ്ചായത്ത് ഭരണസമിതി.

| | |
|---|---|
| പ്രസിഡണ്ട്: | ശ്രീ. പി.ടി.മൊയ്തീൻ |
| വൈസ് പ്രസിഡണ്ട്: | ശ്രീ. പി.എസ്. മുഹമ്മദ് മുസ്തഫ |
| സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ: | ശ്രീ. പി.പി. ഇബ്രാഹിം മാസ്റ്റർ |
| അംഗങ്ങൾ സർവ്വശ്രീ: | ഇ. ഗോവിന്ദൻ |
| | സി.കോയ |
| | എൻ. മുസക്കുട്ടി |
| | എ. ഹംസ |
| | വി. കുഞ്ഞീതു |
| | ആമിനക്കുട്ടി |
| | കദീജ ടീച്ചർ |
| | സി റുഖിയ |
| | എം. ശ്രീധരൻ |
| | കെ. അബദുള്ള |
| | നളിനി ഭാസ്കരൻ |
| | ഫാത്തിമാ ബീവി |
| ലോകസഭാപ്രതിനിധി: | ശ്രീ. ജി.എം. ബനാത്ത്വാല |
| നിയമ സഭാപ്രതിനിധി: | പി.കെ. അബ്ദുറബ്ബ് |
| ജില്ലാ പഞ്ചായത്ത് പ്രതിനിധി: | സി.എം.ടി. അബുബക്കർ |
| ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ: | വി.സി. കമലം ടീച്ചർ |
| | കൊക്കോടി മുഹമ്മത് |
| | ടി. നാരായണൻ മാസ്റ്റർ |

# താനാളൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ




പി.ടി. മൊയ്തീൻ
(പ്രസിഡന്റ്)



പി.എസ്. മുഹമ്മദ് മുസ്തഫ
(വൈസ് പ്രസിഡന്റ്)




പി.പി. ഇബ്രാഹിം മാസ്റ്റർ
(സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)




നന്ദനിൽ മൂസക്കുട്ടി
(2-ാം വാർഡ്)



കെ. ആമിനക്കുട്ടി
(3-ാം വാർഡ്)



എ. ഹംസ
(4-ാം വാർഡ്)



വി. കുഞ്ഞീതു
(5-ാം വാർഡ്)




എം. കദീജ ടീച്ചർ
(7-ാം വാർഡ്)



സി. കോയ
(8-ാം വാർഡ്)



സി. റുഖിയ
(9-ാം വാർഡ്)



എം. ശ്രീധരൻ
(10-ാം വാർഡ്)



കെ. അബ്ദുള്ള
(12-ാം വാർഡ്)



എൻ.വി. നളിനി
(13-ാം വാർഡ്)



[illegible]
(14-ാം വാർഡ്)



കെ. ഫാത്തിമ
(15-ാം വാർഡ്)

# പഞ്ചായത്ത് പൊതുവിവരം

| | |
|---|---|
| പഞ്ചായത്തിന്റെ പേര്: | താനാളൂർ ഗ്രാമപഞ്ചായത്ത |
| ജില്ല: | മലപ്പുറം |
| താലൂക്ക്: | തിരൂർ |
| ഉൾപ്പെടുന്ന വില്ലേജുകൾ: | താനാളൂർ, നിറമരുതൂർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവഷനുകൾ: | താനാളൂർ, നിറമരുതൂർ, കെ.പുരം |
| ബ്ലോക്ക് പഞ്ചായത്ത്: | താനൂർ |
| ജില്ലാ പഞ്ചായത്ത് ഡിവിഷനൻ: | വെട്ടം |
| പഞ്ചായത്തിലെ വാർഡുകൾ: | പതിനഞ്ച് |
| അസംബ്ലി മണ്ഡലം: | താനൂർ |
| വിസ്തീർണ്ണം: | 24.32ചതുരശ്രകിലോമിറ്റർ |
| അതിരുകൾ:. | കിഴക്ക്ചെറിയമുണ്ടം, പൊൻമുണ്ടം പഞ്ചായത്തുകൾ<br>പടിഞ്ഞാറ്അറബിക്കടൽ,താനൂർ പഞ്ചായത്ത്<br>തെക്ക്തിരൂർ മുനിസിപ്പാലിറ്റി, വെട്ടം പഞ്ചായത്ത്.<br>വടക്ക് ഒഴൂർ, താനൂർ പഞ്ചായത്തുകൾ |
| ജനസംഖ്യ: | 62905 |
| ജനസാന്ദ്രത: | 2586.55 ജനസംഖ്യ പ്രതി ചതുരശ്ര കി.മി. |

# ഉള്ളടക്കം


1 ആമുഖം
2. നമ്മുടെ ജനപ്രതിനിധികൾ
3. പഞ്ചായത്ത് ഭരണസമിതി
4. ചരിത്രം
5. ജനകീയസൂത്രണപ്രസ്ഥാനംനമ്മുടെപഞ്ചായത്തിൽ
6. ഭൂപ്രകൃതി- ജനപ്രകൃതി
7. കൃഷിയും ജലസേചനവും
8. മൃഗസംക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം
9. വ്യവസായം
10. വിദ്യാഭ്യാസം
11. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
12. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം
13. സംസ്ക്കാരം
14. വനിത
15. പട്ടികജാതി - പട്ടിക വർഗ്ഗക്ഷേമം
16. സഹകരണം
17. വിവേസമാഹരണം
18. പൊതുജനാരോഗ്യം, കുടിവെള്ളം
19. ഉപസംഹാരം

# ആമുഖം

സമ്പന്നമായ സംസ്ക്കാരവും പ്രൗഢമായ പൈതൃകവുമുള്ള ഒരു പ്രദേശമാണ് താനാളൂർ പഞ്ചായത്ത്. മലപ്പുറം ജില്ലയുടെ പടിഞ്ഞാറ് ഭാഗത്ത് അറബിക്കടൽ തീരം മുതൽ കിഴക്ക് ചെറിയമുണ്ടം പൊൻമുണ്ടം പഞ്ചായത്ത് അതിർത്തിവരെയും വടക്ക് ഒഴൂർ, താനൂർ പഞ്ചായത്തുകളും തെക്ക് തിരൂർ മുൻസിപ്പാലിറ്റിയും, വെട്ടം പഞ്ചായത്തുമാണ് അതിർത്തികൾ.

താനാളൂർ, നിറമരുതൂർ, കേരളാധീശ്വരപുരം എന്നീ അംശങ്ങൾ ചേർന്നതാണ് പഞ്ചായത്ത്. അടുത്തകാലം വരെ ഒരേ ഒരു റവന്യൂ വില്ലേജ് മാത്രമായിരുന്നു. നിറമരുതൂർ പ്രത്യേക ഒരു വില്ലേജായി രൂപീകരിച്ചു. ഇപ്പോൾ താനാളൂർ, നിറമരുതൂർ വില്ലേജുകൾ അടങ്ങുന്നതാണ് താനാളൂർ പഞ്ചായത്ത്. മുൻ കാലത്ത് മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഈ പ്രദേശം മലബാർ ഡിസ്ട്രിക് ബോർഡിന്റെ കീഴിലുമായിരുന്നു.

കേരള സംസ്ഥാന രൂപീകരണശേഷം 1962 ലാണ് പഞ്ചായത്ത് നിലവിൽ വന്നത്. 1962 ൽ കേരളത്തിൽ വില്ലേജ് പുനർ നിർണയം ചെയ്തപ്പോൾ താനൂരിന്റെ ഭാഗമായിരുന്ന കേരളാധീശ്വരപുരം അംശം താനാളൂർ വില്ലേജി ന്റെയും അതുവഴി താനാളൂർ പഞ്ചായത്തിന്റെയും ഭാഗമായി മാറി. പഞ്ചായത്തിന്റെ കിഴക്ക് ഭാഗം പാറകളും ചരലും നിറഞ്ഞ കുന്നിൻ പ്രദേശങ്ങളും, ചെമ്മൺ താഴ്വരകളും അടങ്ങുന്നതാണ്. അയ്യായ പാടത്തുനിന്നും ആരംഭിച്ച് തലക്കടത്തൂർ പുഴയിൽ ചേരുന്ന വലിയതോട് മുതൽ പടിഞ്ഞാറ് കനോലി കനാൽ വരെ മണൽ പ്രദേശമായ സമതലമാണ്. കനോലി കനാൽ മുതൽ അറബിക്കടൽ വരെ മണൽ നിറഞ്ഞ തീരപ്രദേശവും അടങ്ങുന്നതാണ് ഈ പഞ്ചായത്ത്. പ്രകൃതി രമണീയമായ ഭൂമിശാസ്ത്രപരമായി ഭദ്രതയുള്ള വിശാലമായ പ്രദേശം-1994ൽ താനാളൂർ, നിറമരുതൂർ എന്നിങ്ങനെ രണ്ട് പഞ്ചായത്തുകളായി വിഭജിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും കോടതി വിധി ഈ പഞ്ചായത്ത് വിഭജനവും അസാധ്യമാക്കി.

1962 മുതൽ 79 വരെ ഉണ്ടായിരുന്ന എട്ടുവാർഡുകൾ 79ൽ 11 വാർഡുകളും 88ൽ 14 ഉം, 95 ൽ പതിനഞ്ചുമായി ഉയർന്നു. പഞ്ചായത്ത് രൂപീകൃതമായി 34 വർഷത്തിനിടയിൽ 4 തിരഞ്ഞെടുപ്പുകളാണ്

നടന്നത്. ഇതിനിടയിൽ ഒന്നിലേറെ പ്രാവശ്യം അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്.

1964-ൽ അധികാരത്തിൽ വന്ന ബോർഡിന്റെ പ്രസിഡണ്ട് ജനാബ് ഒ.പി കുഞ്ഞുമുയ്തീൻ കുട്ടി മാസ്റ്ററായിരുന്നു. ഇടക്കാലത്ത് വന്ന ഒരു ഗവൺമെന്റ് ഓർഡർ പ്രകാരം സർക്കാർ ശമ്പളം പറ്റുന്നവർക്ക് ബോർഡിൽ തുടരാൻ തടസം നേരിട്ടു. അക്കാരണത്താൽ പ്രസിഡണ്ട് ഒ.പി. കുഞ്ഞുമൊയ്തീൻ കുട്ടി മാസ്റ്റർ 4.7.65 നും മെമ്പറായിരുന്ന ശ്രി.ഇ. ചോയി മാസ്റ്റർ 1.6.65 നും രാജി വെച്ചു. വൈസ് പ്രസിഡണ്ടായിരുന്ന സി.പി.മമുക്കോയ ആണ് പിന്നീട് പ്രസിഡണ്ടിന്റെ ചാർജ് വഹിച്ചത്. 17.2.66 ൽ വി.കുഞ്ഞീൻ കുട്ടി എന്ന ബാപ്പു പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

1971-75, 90-95 കാലഘട്ടത്തിൽ ജനാബ് എൻ. മൂസകുട്ടി സാഹിബായിരുന്നു പ്രസിഡണ്ട്. 1979-84, 1988-90 കാലത്ത് കൊക്കോടി മുഹമ്മദ് സാഹിബായി രുന്നു പ്രസിഡണ്ട്. 1995 ൽ നിലവിൽ വന്ന ഇപ്പോഴത്തെ ബോഡിൽ ജനാബ് പി.ടി. മുയ്തീൻ സാഹിബ് പ്രസിഡണ്ടായി തുടരുന്നു. പല പ്രധാന വ്യക്തികളും ഈ കാല ഘട്ടങ്ങളിൽ ബോർഡ് മെമ്പർമാരായി സേവനം ചെയ്തിട്ടുണ്ട്. സ്ഥല പരിധി മൂലം പേരെടുത്തു പറയുന്നില്ല.

രാജവാഴ്ചയും, ബ്രിട്ടീഷ് ആധിപത്യവും, ജന്മി ബൂർഷ്വാ പീഡനങ്ങളും അവസാനിച്ചെങ്കിലും രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിയും, ദേശീയ നേതാക്കളും സ്വപ്നം കണ്ട ഗ്രാമ സ്വരാജ് സ്വാതന്ത്ര്യാനന്തരം അൻപത് വർഷം പിന്നിട്ടെങ്കിലും രാജ്യത്ത് നടപ്പാക്കാൻ കഴിഞ്ഞില്ല നിലവിലുണ്ടായിരുന്ന പഞ്ചായത്ത് സമിതികൾക്ക് ഒരു ഉപദേശ സമിതിയുടെ സ്ഥാനം മാത്രമേ ഉണ്ടായിരുന്നുള്ളു. പല ശ്രമങ്ങളും മുമ്പ് നടന്നിട്ടുണ്ടെങ്കിലും ഒന്നും ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചില്ല.

എന്നാൽ 1993 ൽ 73, 74 ഭരണഘടനാ ഭേദഗതി സംബന്ധിച്ച് നടപടി ക്രമങ്ങൾ ആരംഭിച്ചു. ഭരണ ഘടനാ ഭേദഗതി പാർലമെന്റ് അംഗീകരിച്ചു. 1995 സപ്തംബറിൽ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നു. ഒക്ടോബർ 2ന് പഞ്ചായത്ത് സമിതികൾ അധികാരത്തിൽ വന്നു.

73, 74 ഭരണഘടനാ ഭേദഗതികൾ കേരള ത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ ഘടനയിലും, അധികാരങ്ങളിലും വലിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഈ ഭേദഗതികളുടെ ഫലമായി കേവലം മാർഗ നിർദേശ തത്വങ്ങൾ എന്ന നിലയിൽ നിന്ന് പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ ഇന്ന് ഇന്ത്യൻ ഭരണ ക്രമത്തി ന്റെ നിർബന്ധവും അനിവാര്യവുമായ ഘടകങ്ങളായി മാറിയിരിക്കുന്നു. എല്ലാ വോട്ടർ മാർക്കും പങ്കാളിത്തമുള്ള ഗ്രാമ സഭകളും ഈ നിയമം വിഭാവനം ചെയ്യുന്നു. ഇനി കാലാകാല ങ്ങളിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പുകൾ നടത്തിയേ തീരൂ. ആറ് മാസത്തിലധികം തിരഞ്ഞെടുപ്പ് നീട്ടികൊണ്ട് പോവാൻ സംസ്ഥാന സർക്കാറു കൾക്ക് സാധ്യമല്ല. സ്ത്രീകൾക്ക് മൂന്നിലൊന്ന് അംഗത്വവും ഭാരവാഹിത്വവും സംവരണം ചെയ്യപ്പെട്ടിരിക്കുന്നു, ഇത് പോലെത്തന്നെ പട്ടികജാതി വിഭാഗങ്ങൾക്കും സംവരണം വിഭാവനം ചെയ്യപ്പെട്ടിട്ടുണ്ട്. എന്തു തന്നെ പോരായ്മ കളുണ്ടെങ്കിലും ഇന്ത്യൻ ഭരണ രംഗത്തെ ഒരു വലിയ മാറ്റമാണിത്.

പഞ്ചായത്ത് രാജ് നിയമത്തിന്റെ ചുവട് പിടിച്ച് ജനകിയ ആസൂത്രണ പരിപാടി ചിങ്ങം 1-ന് (1996 ആഗസ്റ്റ് 17) ആണ് ആരംഭിച്ചത്. വികസനത്തിന്റെയും ആസൂത്രണത്തിന്റെയും കാര്യത്തിൽ ജനകിയ തലം ഉറപ്പു വരുത്താൻ കഴിഞ്ഞാൽ നമ്മുടെ വിജയം ഉറപ്പാണ്. പരിപാടിയുടെ ഇതേവരെയുള്ള പ്രവർത്തന ത്തിന്റെ ആകെത്തുകയും ഉൽപന്നവുമാണ് ഈ വികസന റിപ്പോർട്ട്. വികസന റിപ്പോർട്ടും വികസന സെമിനാറും നമ്മുടെ പഞ്ചായത്തിന്റ ഭാവി വികസന രംഗത്ത് ഒരു നാഴികക്കല്ലാവുമെന്ന് നാം പ്രത്യാശിക്കുന്നു. ഒരു പുതിയ വികസന സംസ്കാരം ഇതുമൂലം സംജാതമാകുമെന്നും ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് വികസന പദ്ധതികൾ രൂപപ്പെടുമെന്നും പ്രതീക്ഷിക്കുന്നു.

# ജനകീയാസൂത്രണ പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ

പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണ പ്രക്രിയയിൽ ആവേശകരമായ ഒരു മാറ്റത്തിന്റെ കാഹളധ്വനിയായാണ് ഒമ്പതാം പഞ്ചവത്സര പദ്ധതി കേരളത്തിലെത്തുന്നത്. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യത്തോടെ ജനകീയാസൂത്രണ പരിപാടിയ്ക്ക് തുടക്കമിട്ടത് ഇക്കഴിഞ്ഞ ചിങ്ങം 1 (1996 ആഗസ്റ്റ് 17) ന് തിരുവനന്തപുരത്ത് വെച്ച് നടന്ന സംസ്ഥാന തല ഉദ്ഘാടനത്തോടെയാണ്. കേരളത്തിലെ പ്രഥമ മുഖ്യമന്ത്രി ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് ചെയർമാനും മുൻമുഖ്യമന്ത്രിമാരായ ശ്രീ. കെ. കരുണാകരൻ, ശ്രീ. എ.കെ. ആന്റണി, ശ്രീ. പി.കെ വാസുദേവൻ നായർ എന്നിവർ വൈസ് ചെയർമാൻമാരുമായ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കന്മാരും സംസ്ഥാന ഭരണകർത്താക്കളുമൊക്കെ അംഗങ്ങളുമായ മാർഗ്ഗ നിർദ്ദേശക സമിതിയാണ് പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്. മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ അദ്ധ്യക്ഷനായുള്ള സംസ്ഥാന പ്ലാനിങ്ങ് ബോർഡിന് ഡോ. ഐ.എസ്. ഗുലാത്തി ഡോ. തോമസ് ഐസക്, ശ്രീ. ഇ.എം. ശ്രീധരൻ, ഡോ. ബി. ഇക്ബാൽ തുടങ്ങിയവർ നേതൃത്വം നൽകുന്നു. മുൻപദ്ധതികളുടെ ആസൂത്രണം സംസ്ഥാന തലത്തിൽ ഏതാനും ഉദ്യോഗസ്ഥന്മാരാണ് നിർവഹിച്ചിരുന്നതെങ്കിൽ ഒമ്പതാം പദ്ധതിയിൽ നാടിന്റെ വികസന പ്രശ്നങ്ങൾ വിശകലനം ചെയ്യാനും പരിഹാരം നിർദ്ദേശിക്കാനുമുള്ള അധികാരം സാധാരണ ജനങ്ങൾക്ക് ലഭിക്കുന്നു എന്നതത്രേ ഈ പദ്ധതിയുടെ മുഖ്യ ആകർഷണം. വികസന രംഗത്തെ ഇടത്തട്ടു ചോർച്ച ഗണ്യമായി പരിഹരിക്കാൻ ഈ പദ്ധതി ഒട്ടേറെ ഉപയോഗപ്രദമാകും എന്നാണ് പ്രതീക്ഷ.

## പഞ്ചായത്ത് തല ശില്പശാലകൾ

**ഒന്നാം ഘട്ടം**

തീയ്യതി 17.9.96, സ്ഥലം GMUPS മീനടത്തൂർ, ആകെ പങ്കെടുത്തവർ 112

*ക്ലാസുകൾ*

1. വികസനത്തിന്റെ വെല്ലുവിളികൾ
   പി. സതീശൻ മാസ്റ്റർ
2. ജനകീയാസൂത്രണ പ്രസ്ഥാനം എന്ത്? എന്തിന്?
   ഇ. ജയപ്രകാശ്
3. ഗ്രാമസഭാ സംഘടനം
   എം. അബ്ദുൾ സലാം മാസ്റ്റർ
   ഒ.പി. അലി മാസ്റ്റർ

**രണ്ടാം ഘട്ടം ക്യാമ്പ്**

തീയ്യതി . 3.11.96, സ്ഥലം ഡി ജി എച്ച് എസ് എസ് ആകെ പങ്കെടുത്തവർ 82

*ക്ലാസ്സുകൾ*

1. രണ്ടാം ഘട്ടം പരിശീലന ക്യാമ്പ് ലക്ഷ്യങ്ങൾ
2. പഠന പര്യടനം [Transect Walk] ഇ.ജയപ്രകാശ്.
3. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതെങ്ങിനെ?
   പി. സതീശൻ മാസ്റ്റർ
4. വികസന സെമിനാർ സംഘടിപ്പിക്കുന്നതെങ്ങിനെ?

---

ജില്ലാ റിസോഴ്സ് പേഴ്സൺസ്

1. എം. അബ്ദുൾ സലാം മാസ്റ്റർ
2. ഇ. ജയപ്രകാശ്
3. പി. സതീശൻ മാസ്റ്റർ
4. ഒ.പി. അലി
5. എം. വിശ്വനാഥൻ
6. വി.പി.എം. അബ്ദുൾ റഹിമാൻ
7. കെ.ടി.എ. അബ്ദു റഹിമാൻ
8. [illegible] കിഫിലി
9. പി.പി. മുഹമ്മദ്
10. കളത്തിയ്ക്കൽ റസാക്ക്
11. കെ. കുഞ്ഞൻ നായർ
12. വി.സി. കമലം ടീച്ചർ
13. കൊക്കോടി മുഹമ്മത്
14. ടി. നാരായണൻ മാസ്റ്റർ

ജില്ലാ പരിശീലനങ്ങൾ:- സപ്തംബർ 10,11,12 ഒക്ടോബർ 29,30,31 ചെട്ടിപ്പടി റോയൽ ഓഡിറ്റോറിയം.

ജനകീയാസൂത്രണപരിപാടിയുടെ ഒന്നാം ഘട്ടത്തിന്റെ ഉത്പന്നം വാർഡ്തല ഗ്രാമ സഭകളായിരുന്നു. സംസ്ഥാന ജില്ലാ തല റിസോഴ്സ് പേഴ്സൺ ക്യാമ്പുകളെ തുടർന്നു നമ്മുടെ പഞ്ചായത്തിൽ നടന്ന ലോക്കൽ റിസോഴ്സ് പേഴ്സൺ ക്യാമ്പിലൂടെ പരിശീലനം. സിദ്ധിച്ച 88LRP-മാരും, 8DRP-മാരുമാണ് ഗ്രാമസഭകൾക്ക് നേതൃത്വം നൽകിയത്.

സി.എം.ടി. അബൂബക്കർ

15 ഗ്രാമസഭകളിലും കൂടി പങ്കെടുത്ത 4524 വോട്ടർമാരിലൂടെ ഒരു പുത്തൻ വികസന സംസ്ക്കാരത്തിന്റെ അലയൊലികൾ നാട്ടിൽ വ്യാപിപ്പിക്കാൻ നമുക്കു കഴിഞ്ഞു. അവരുടെ വികസന പ്രശ്നങ്ങൾ ഓരോന്നും ഗ്രാമ സഭാ റിപ്പോർട്ടിലൂടെ പഞ്ചായത്തിന്റെ പരിഗണനയ്ക്കെത്തികഴിഞ്ഞു.

വികസനത്തിൽ സന്നദ്ധ സേവനത്തിന്റെ മഹത്വം ബോദ്ധ്യമാക്കിക്കൊണ്ട് നടന്ന നവകേരള പുനരർപ്പണദിനത്തിൽ പതിനായിരങ്ങളുടെ മനുഷ്യ ശക്തി കേരളത്തിന്റെ പുന: സൃഷ്ടിയ്ക്കായി സമർപ്പിച്ചപ്പോൾ പരിപാടിയുടെ ജില്ലാ തല ഉൽഘാടനം നമ്മുടെ പഞ്ചായത്തിലെ മിനടത്തൂരിലും താനൂർ ബ്ലോക്ക് തല ഉൽഘാടനം മങ്ങാട്കുളം അത്താണിറോഡിലും നടന്നു. പഞ്ചായത്തിലെ മിക്ക വാർഡുകളിലും അന്ന് നിരവധി ആളുകൾ പങ്കെടുത്ത സന്നദ്ധ പ്രവർത്തനങ്ങൾ നടന്നു.

നാടിനെ നേരിട്ടറിയുക എന്നതിന്റെ ശാസ്ത്രീയ മാതൃകയായ പഠന പര്യടനം നവം. 5-നാണ് നമ്മുടെ പഞ്ചായത്തിൽ നടന്നത്. പഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, മെമ്പർമാർ DRP മാർ തുടങ്ങിയവർ പങ്കെടുത്ത പഠന പ്രവർത്തനം തികച്ചും ആവേശകരമായ ഒരനുഭവമായിരുന്നു.

ഗ്രാമസഭാറിപ്പോർട്ടുകൾ, വിവിധ വകുപ്പ് സ്ഥാപനങ്ങളിൽ നിന്നുള്ള ദ്വിതീയ വിവരങ്ങൾ. വകുപ്പ് അവലോകനങ്ങൾ പഠനപര്യടനം എന്നിവയെ അടിസ്ഥാന മാക്കി തയ്യാറാക്കിയ ഈ വികസന രേഖയുടെ അവതരണത്തിലൂടെ ജനകീയാ സൂത്രണ പരിപാടിയുടെ രണ്ടാം ഘട്ടവും സഫലമാവുകയാണ്.

### വിശേഷാൽ ഗ്രാമസഭ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | നടന്ന തിയ്യതി | സ്ഥലം | പങ്കാളിത്തം | | |
|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ |
| 1 | 2-10-96 | പഞ്ചായത്ത് ഓഫീസ് പരിസരം | 238 | 122 | 360 |
| 2 | 2-10-96 | എ.എൽ.പി.സ്കൂൾ, താനൂർ | 178 | 200 | 378 |
| 3 | 27-9-96 | എ.എം.എൽ.പി.സ്കൂൾ, പകര | 166 | 60 | 226 |
| 4 | 27-9-96 | എ.എം.യു.പി.സ്കൂൾ, അരിക്കാട് | 166 | 73 | 239 |
| 5 | 28-9-96 | ജി.എം.യു.പി.സ്കൂൾ, മിനടത്തൂർ | 263 | 32 | 295 |
| 6 | 22-9-96 | ബയാനുൽ ഹുദാ മദ്രസ്സ, വലിയപാടം | 203 | 63 | 266 |
| 7 | 22-9-96 | എ.എൽ.പി.സ്കൂൾ, പഞ്ചമ്പാട് | 143 | 135 | 278 |
| 8 | 29-9-96 | മുജാഹിദ് മദ്രസ്സ, കോരങ്ങത്ത് | 263 | 111 | 374 |
| 9 | 29-9-96 | മദ്രസതുൽ ഉമറുൻ ഫാറൂഖ്, ചക്കരമുല | 147 | 119 | 266 |
| 10 | 29-9-96 | എ.എം.എൽ.പി.സ്കൂൾ, വള്ളിക്കഞ്ഞിരം | 189 | 47 | 236 |
| 11 | 27-9-96 | ജ്ഞാനപ്രഭ എ.എം.യു.പി.സ്കൂൾ വേർകടപ്പും | 101 | 149 | 250 |
| 12 | 27-9-96 | ജി.എൽ.പി.സ്കൂൾ, വട്ടത്താണി | 200 | 225 | 425 |
| 13 | 2-10-96 | എ.എം.എൽ.പി.സ്കൂൾ, പട്ടരുപറമ്പ് | 184 | 148 | 332 |
| 14 | 1-10-96 | ദേവദാർ ഹൈസ്കൂൾ | 246 | 86 | 332 |
| 15 | 2-10-96 | | 142 | 125 | 267 |
| | | ആകെ | 2829 | 1695 | 4524 |

# ചരിത്രം

ഗ്രാമ പഞ്ചായത്തിന് താനാളൂർ എന്ന പേര് വന്നത് താനാളൂർ ആസ്ഥാനമായി പഞ്ചായത്ത് രൂപികൃതമായതുകൊണ്ടാണ്. എന്നാൽ താനാളൂർ എന്ന പേര് എങ്ങനെ വന്നു എന്നത് സംബന്ധിച്ച് പല അഭിപ്രായങ്ങളും ഉണ്ട്. അതിൽ ഏറ്റവും പ്രസക്ത മായി തോന്നുന്നത് താഴ്ന്ന ഊര് എന്നതിൽ നിന്നാണ് താനാളൂർ ഉത്ഭവിച്ചത് എന്നാണ്.ഇതിന് ഉപോത്ഫലകമായ തെളിവുകളും കണ്ടെത്താൻ കഴിയും. ഇവിടെ അധികസ്ഥല ങ്ങളിലും ഭൂമി ആഴത്തിൽ കുഴിച്ചാൽ നൂറ്റാണ്ടുകൾ തന്നെ പഴക്കമുള്ള വൻമരങ്ങളും അവയുടെ അവശിഷ്ടങ്ങളും കൽക്കരി നിറ ത്തിലുള്ള ഒരു തരം മണ്ണും കാണുന്നു. ഈ മണ്ണിൽ ശുദ്ധജലം കിട്ടുന്നില്ല. ഇതിൽ നിന്നും ഈ പ്രദേശം ഒരു കാലത്ത് വളരെ താഴ്ന്നാണ് കിടന്നിരുന്നത് എന്നും പ്രളയം മൂലമോ മറ്റോ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് മരങ്ങളും മണ്ണും വന്നു തൂർന്ന പ്രദേശമാണെന്നും അനുമാനിക്കാൻ സാധിക്കും. ഏതായിരുന്നാലും ഒരു ഗവേഷണം ആവശ്യമായ വസ്തുതയാണിത്.

നിറമരുതൂരിനും, കേരളാധിശ്വര പുരത്തിനും ഇതുപോലുള്ള പല അഭിപ്രായ ങ്ങളും ഉണ്ട്. 'കേരളാധീശ്വരൻ' എന്ന് ഭരണാ ധികാരിയുടെ പേരിൽ നിന്നാണ് കേരളാധീ ശ്വരപുരം ഉത്ഭവിച്ചതെന്നും മറ്റും ഐതീഹ്യ മുണ്ട്. വെട്ടത്ത് രാജാവിന്റെ ഭരണത്തിൻ കീഴിലായിരുന്നു ഈ പ്രദേശങ്ങൾ. ഈ പ്രദേ ശങ്ങളിലെ ഭരണ നിർവ്വഹണത്തിനായി കെ. പുരം ആസ്ഥാനമായി സംവിധാനങ്ങൾ ഉണ്ടാ യിരുന്നു. ഇന്ന് ദേവധാർ ഹയർസെക്കന്ററി സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളായിരുന്നു അവരുടെ കേന്ദ്രം എന്നും മനസിലാക്കാൻ ഉതകുന്ന തെളിവുകൾ ഉണ്ട്.

സ്വാതന്ത്ര്യ സമര പ്രസ്ഥാനരംഗത്ത് സമുന്നതസ്ഥാനം വഹിച്ച ഒരു പ്രദേശമാണ് താനാളൂർ പഞ്ചായത്ത്. താനാളൂർ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശത്ത് മാത്രമല്ല അടുത്ത പ്രദേശങ്ങൾക്കും ദേശീയ പ്രസ്ഥാന രംഗത്തും നവോത്ഥാന സാംസ്ക്കാരിക രംഗത്തും നേതൃത്വംതാനാളൂരിനായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ ആരംഭിച്ച വിദ്യാഭ്യാസ, സാംസ്ക്കാരിക, രാഷ്ട്രീയ പ്രവർത്തനങ്ങൾ ഈ

പ്രദേശത്ത് ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ ചില്ലറയല്ല. ഒരു നേതൃത്വത്തിൻ കീഴിൽ ജാതിമത ഭേദമന്യേ നാടിന്റെ നന്മക്ക് വേണ്ടി പ്രവർത്തിച്ചു. ഇതിന് നേതൃത്വം നല്കിയത് പണ്ഡിതനും പ്രശസ്തനുമായ മാടമ്പാട് അവറാൻ കുട്ടി മുസ്ല്യാർ ആയിരുന്നു.

എഴുത്തും, വായനയും പഠിപ്പിക്കുവാനുള്ള കേന്ദ്രങ്ങളും താനാളൂരിൽ സ്ഥാപിക്കപ്പെട്ടു. അവിടങ്ങളിൽവെച്ച് തന്നെ രാഷ്ട്രീയ സാമൂഹ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വന്നു. ദേശീയ പ്രസ്ഥാന പ്രവർത്തനങ്ങളുടെ ഭാഗമായി നൂൽ നൂല്പ് കേന്ദ്രങ്ങൾ സ്ഥാപിച്ചിരുന്നു. താനാളൂരിലെ പഴയ തലമുറയിൽ ഭൂരിഭാഗവും അക്കാരണത്താൽ എഴുത്തും വായനയും അറിയുന്നവരായിരുന്നു. സ്ത്രീകളുക്കം ധാരാളം പേർ നൂൽനൂല്പ് കൈത്തൊഴിലുകൾ അഭ്യസിച്ചവരായിരുന്നു.

താനാളൂർ അങ്ങാടിയിൽ പി.എസ് കുഞ്ഞഹമ്മദാജിയുടെ മാർക്കറ്റിലുള്ള കെട്ടിടത്തിന്റെ ഒന്നാംനിലയിലായിരുന്നു കോൺഗ്രസ് വിവാഹത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത്. നാട്ടിൽ പരസ്പരം ഉണ്ടാകുന്ന തർക്കങ്ങളോ പ്രശ്നങ്ങളോ ഒരിക്കലും പോലീസിലോ, കോടതികളിലോ എത്തിച്ചിരുന്നില്ല. ഇവിടെവച്ച് തന്നെ തീർപ്പ് കല്പിക്കലായിരുന്നു പതിവ്. ഈ സൗഹാർദ്ദവും, ഐക്യത്തോടെയുമുള്ള പ്രവർത്തനഫലമായി അക്കാലത്ത് സാധാരണ നടന്നുവന്നിരുന്ന ജന്മിമാരിൽ നിന്നും, സർക്കാർ ഉദ്യോഗസ്ഥന്മാരിൽനിന്നുമുള്ള മർദ്ദനങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും ഒരു പരിധിവരെ മോചനം ലഭിച്ചു. അങ്ങനെയുള്ള സംഘടിത പ്രവർത്തനങ്ങളും ഐക്യവും തകർക്കാൻ ബ്രിട്ടീഷ് അധികൃതർ പല ശ്രമങ്ങളും നടത്തികൊണ്ടിരുന്നു. അധികാരികളെയും കാര്യസ്ഥന്മാരെയും കാര്യമായും ഇതിനുപയോഗിച്ചിരുന്നത്. താനാളൂർ, പകര, നിറമരുതൂർ, കെ.പുരം ഭാഗങ്ങളിൽ കാര്യമായി അവരുടെ തന്ത്രങ്ങൾ പരിലസിച്ചു. അന്നു നാട്ടുകാരണവന്മാരെ പ്രീണിപ്പിച്ച് സ്വന്തം പരിധിക്കുള്ളിൽ നിർത്തി അവർക്ക് അമിതമായ സ്വാധീനവും അവകാശങ്ങളും നല്കി സാധാരണക്കാരെ ദേശീയ സ്വാതന്ത്ര്യ രംഗത്തുനിന്നും, അവർ മുഖേന പിൻതിരിപ്പിക്കുകയായിരുന്നു പതിവ്. അരീക്കാട് ചെമ്പ ഭാഗങ്ങളിൽ ഇത്തരം പ്രവർത്തനങ്ങളിലൂടെ സമര പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുവാൻ സാധിച്ചു.

താനാളൂർ എ.എം.എൽ.പി സ്കൂളിൽ വെച്ചും താനാളൂർ അങ്ങാടിയിലെ തണ്ണീർ പന്തലിൽ വെച്ചും നടന്ന രണ്ട് കോൺഗ്രസ് സമ്മേളനങ്ങൾ ബ്രിട്ടീഷ് അധികൃതരെ ചൊടിപ്പിച്ചു. ഈ യോഗങ്ങളിൽ അബ്ദുറഹിമാൻ സാഹിബ്, കേശവ മേനോൻ, മുയ്യുമൗലവി തുടങ്ങിയുള്ള ദേശിയ നേതാക്കൾ പങ്കെടുത്തിരുന്നു. ഇതോടെ ഒരു നല്ല വിഭാഗം യുവാക്കൾ സമര സന്നദ്ധരായി. ഇ. മുയ്യു മൗലവി പ്രസിദ്ധികരിച്ചിരുന്ന ലഘുലേഖ താനൂർ പരിക്കുട്ടി മുസ്ല്യാരും അവറാൻ കുട്ടി മുസ്ല്യാരും അറബി മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്ത് വിതരണം ചെയ്തതും ബ്രിട്ടീഷ് അധികൃതരെ കൂടുതൽ കോപാകുലരാക്കി. ഇക്കാരണങ്ങളൊക്കെയാണ് മുസ്ല്യാരവർകളെ അറസ്റ്റ് ചെയ്ത് ജയിലിൽ അടക്കാൻ ബ്രിട്ടീഷ് അധികൃതരെ പ്രേരിപ്പിച്ചത്. ഈ അവസരത്തിൽ തന്നെ സമര വളണ്ടിയർമാരായിരുന്ന പി.എസ് കുഞ്ഞഹമ്മദ് ഹാജി അടക്കം നൂറ് ആളുകളുടെ പേരിൽ മാട്ട തകർത്തു എന്ന കുറ്റം ചുമത്തി അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു. മദ്യഷാപ്പിനെതിരെയുള്ള പ്രവർത്തനമായിരുന്നു ഇതിന് കാരണം. ഇവർ ആറ് പേരെയും അറസ്റ്റുചെയ്ത് മൂന്നു വർഷത്തെ ജയിൽ ശിക്ഷയ്ക്ക് വിധിച്ചു.

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജയിൽശിക്ഷ അനുഭവിച്ചവരും നാടുകടത്തപ്പെട്ടവരും ഒളിവിൽ കഴിഞ്ഞവരുമായി ധാരാളം പ്രമുഖ വ്യക്തികൾ ഈ പഞ്ചായത്ത് പ്രദേശത്ത് ഉണ്ടായിരുന്നു. അവരുടെ പ്രവർത്തനങ്ങളും പേരും എടുത്ത് പറയാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല.

പൗരാണികമായ പല പള്ളികളും ക്ഷേത്രങ്ങളും പഞ്ചായത്തിലുണ്ട്. ഉദാഹരണമായി താനാളൂർ നരസിംഹമൂർത്തി ക്ഷേത്രം, കേരളാധീശ്വരപുരം ശ്രീ കൃഷ്ണ ക്ഷേത്രം, കാളാട്ട് പള്ളി, പകര പള്ളി മുതലായവ ഇതിൽപെടുന്നു. താനാളൂർ ക്ഷേത്രം ഒറ്റപ്പാലത്തുള്ള ഒരു ബ്രാഹ്മണ

തറവാടിന്റെ കീഴിലും കെ.പുരം ശ്രീകൃഷ്ണക്ഷേത്രം കോഴിക്കോട് സാമൂതിരി രാജകുടുംബത്തിന്റെ അധീനതയിലു മായിരുന്നു.

കേരളാധീശ്വരപുരത്ത് ബ്രാഹ്മണർക്ക് സ്വാധീനമുള്ള പ്രദേശമായിരുന്നു എന്നതിന് ധാരാളം തെളിവുകളുണ്ട്. ഇന്നും നാല് പ്രധാന മനകൾ ഈ പ്രദേശത്തുണ്ട്. കെ.പുരം ശ്രീകൃഷ്ണ ക്ഷേത്രത്തിന് സമീപത്തും തെക്കുഭാഗം പട്ടർ പറമ്പ് എന്ന പ്രദേശത്തും തമിഴ് ബ്രാഹ്മണ രായ പട്ടൻമാർ അധിവസിച്ചിരുന്നു എന്ന് മനസ്സിലാ ക്കാൻ വേണ്ട തെളിവുകളുണ്ട്. ശ്രീകൃഷ്ണ ക്ഷേത്രത്തിനടുത്ത് സ്ഥിതിചെയ്യുന്ന പട്ടൻമാരുടെ ശ്മശാനവും പട്ടർപറമ്പ് എന്ന സ്ഥലനാമവും ഇതിന് ഉദാഹരണമാണ്. കെ പുരത്തെ ഒരു പ്രശസ്ത നായർ തറവാടാണ് പായ്ക്കര. കാവുങ്ങൽ കുഞ്ഞപ്പുനായർ പഴയകാല പ്രശസ്തൻ ആയിരുന്നു. അദ്ദേഹത്തിന്റെ പൗത്രന്മാരാണ് ഡോ. ദാമോദരനും ഡോ. ഗോപിനാഥും.

മാടമ്പാട് കമ്മാലിക്കുട്ടിവൈദ്യർ ഈ പ്രദേശത്തെ പ്രസിദ്ധനായ ഒരു ആര്യവൈദ്യനും പണ്ഡിതനും പ്രശസ്തനുമായിരുന്നു. 1940 ന് ശേഷം വിദ്യാഭ്യാസ സാംസ്ക്കാരിക രംഗത്ത് വളരെയേറെ സേവന പ്രവർത്തനങ്ങൾ നടന്ന ഒരു പ്രദേശമാണിത്. 1943 ൽ നാട്ടിൽക്ഷാമം കൊടുമ്പിരികൊള്ളുന്ന അവസരത്തിലാണ് കോളറ ബാധയുണ്ടായത്. ജനങ്ങളുടെ അജ്ഞതയും അന്ധവിശ്വാസവും ഇത് വ്യാപകമാക്കുന്നതിനും ദുരിതപൂർണ്ണമാക്കുന്നതിനും വഴിവെച്ചു. പൈശാചികമാണെന്നും, പ്രേതബാധയാണെന്നു മൊക്കെയായിരുന്നു ജനങ്ങളുടെ വിശ്വാസം. വീട്ടിലൊരാൾക്ക് അസുഖം ബാധിച്ചുകണ്ടാൽ ബാക്കിയുള്ളവർ ഓടി രക്ഷപ്പെടുന്ന സ്ഥിതി വിശേഷം വരെ ഉണ്ടായി. കെ പുരം ആസ്ഥാനമായി സർവ്വോദയ നേതാവായിരുന്ന വി.ആർ നായനാരുടെ നേതൃത്വത്തിൽ ദേവധാർ മലബാർ പുനരുദ്ധാരണ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചകാലമായിരുന്നു ഇത്. കോളറബാധിത പ്രദേശങ്ങളിൽ ഇവരുടെ സേവനം എന്നും സ്മരിക്കപെടുന്നവയാണ്. ശവങ്ങൾ മറവുചെയ്യുന്നതിനും രോഗികളെ ശുശ്രൂഷിക്കുവാനും ജനങ്ങളിൽ ബോധവത്ക്ക രണത്തിനും രാപ്പകലില്ലാതെ പ്രയത്നിച്ച നായനാരെ കൂടാതെ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ ടി.വി. കുട്ടികൃഷ്ണ മേനോൻ ടി.പി.ആർ. നമ്പിശൻ, ഇ. ചോയി മാസ്റ്റർ തുടങ്ങിയുള്ള ഡി.എം.ആർ.ടി പ്രവർത്തകരുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ നടന്നത്.

താനാളൂർ പ്രദേശത്ത് കുഞ്ഞിബാവ മൗലവിയുടെ നേതൃത്വത്തിലും ഇതേ സമയത്ത് നടന്ന സേവന പ്രവർത്തനങ്ങൾ ചരിത്ര പ്രസിദ്ധമാണ്. നന്ദനിൽ മൂസക്കുട്ടി ഹാജി, പിലാതോട്ടത്തിൽ മുസ്തീൻ കുട്ടി മൊല്ല, വരിക്കോട്ടിൽ അഹമ്മദ് കുട്ടി ഹാജി, മാടമ്പാട് വലിയ മുഹമ്മദ്, വി.പി ഹൈദ്രു ഹാജി തുടങ്ങി ധാരാളം പേർ സ്മരിക്കപ്പെടേണ്ടതാണ്. ഈ സേവന പ്രവർത്തനങ്ങളിൽ സഹകരിക്കാത്ത വരോട് നിസ്സഹകരണം പ്രഖ്യാപിച്ചിരുന്നു. ഹിന്ദു സഹോദരങ്ങളുടെ ശവസംസ്കാരം അവരുടെ ആചാരമനുസരിച്ചു തന്നെ നടത്തുന്നതിന് പ്രത്യേകം പരിശീലനം ലഭിച്ചവർ തന്നെ ഉണ്ടായിരുന്നു.

മേൽപറഞ്ഞ ദേവധാർ മലബാർ റീ കൺസ്ട്രക്ഷൻ ട്രസ്റ്റിന്റെ കീഴിലാണ് ദേവധാർ സ്കൂൾ സ്ഥാപിച്ചത്. തുടക്കത്തിൽ യു.പി സ്കൂളായിരുന്നെങ്കിലും അത് ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു. 1958 ൽ സർക്കാർ ഇത് ഏറ്റെടുത്തു. ഇന്ന് പ്രശസ്തമായ നിലയിൽ നടന്നുവരുന്ന ഒരു ഹയർസെക്കന്ററി സ്കൂൾ ആണിത്. സ്കൂളിനോട് അനുബന്ധിച്ച് ഒരു അനാഥശാലയും സ്ഥാപിച്ച് പ്രവർത്തിച്ചു വന്നിരുന്നു. കോഴിക്കോട് ജെ.ഡി.റ്റി യത്തീംഖാന ആരംഭിച്ചപ്പോൾ ഇവിടെയുള്ള കുറേ കുട്ടികളെ ജെ.ഡി.റ്റി യിൽ ചേർത്തകാരണം അനാഥശാല പ്രവർത്തനം നിർത്തുകയും അവശേഷിച്ച കുട്ടികളെ നായനാർ തന്നെ സ്ഥാപിച്ചു നടത്തിയിരുന്ന കോഴിക്കോട് സദനത്തിലേക്ക് മാറ്റുകയും ചെയ്തു. ആ സ്ഥാപനത്തിലൂടെ വളർന്നവരാണ് നമ്മുടെ കെ പുരത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. ടി. നാരായണൻ മാസ്റ്ററും അദ്ദേഹത്തിന്റെ പത്നിയും. വി.ആർ നായനാരുടെ ഇത്തരം സേവനങ്ങളാണ് ഈ പ്രദേശത്ത് രണ്ട് പ്രധാന സ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ നാമധേയത്തിൽ നിലകൊള്ളാൻ കാരണം. നായനാർ മെമ്മോറിയൽ വായനശാല, നായനാർ മെമ്മോറിയൽ

എൽ.പി.സ്കൂൾ കെ.പുരം. 1952 ൽ സ്ഥാപിതമായ കെ.പുരം നായനാർ മെമ്മോറിയൽ എൽ.പി.സ്കൂൾ എൻ. വാഹിദ് മാസ്റ്ററുടെ പ്രേരണമൂലം എം.കെ സൈതാലിയുടെ സ്ഥലത്ത് സ്ഥാപിച്ചതാണ്. അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്ന എടപ്പയിൽ പറങ്ങുട്ടിയായിരുന്നു സ്കൂൾ മാനേജർ. പറങ്ങുട്ടിയുടെ നിര്യാണശേഷം ഇ.ചോയി മാസ്റ്റർ മാനേജരും ഹെഡ്മാസ്റ്ററുമായി തുടർന്നു. ചില പ്രശ്നങ്ങൾ മൂലം പ്രസ്തുത സ്കൂൾ താത്ക്കാലികമായി സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്.

തീരദേശമടങ്ങുന്ന ഒരു വലിയ പ്രദേശമാണ് നിറമരുതൂർ. പഞ്ചായത്തിലെ അഞ്ച് വാർഡുകൾ ഈ പ്രദേശത്താണ്. വിദ്യാഭ്യാസ നവോത്ഥാന രംഗത്ത് ആദ്യകാലങ്ങളിൽ ധാരാളം പ്രവർത്തനങ്ങൾ നടന്ന പ്രദേശമാണിത്. ഈ പ്രവർത്തനങ്ങളുടെ അനന്തരഫലമാണ് നിറമരുതൂർ ഹൈസ്കൂൾ. വെട്ടുവഞ്ചേരി ചെമ്പക്കളത്തിൽ അപ്പു മേനോന്റെ സ്വാതന്ത്ര്യ സമര വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നും സ്മരിക്കപ്പെടേണ്ടതാണ്. 1938ൽ നിറമരുതൂർ സ്കൂൾ അധ്യാപകനായിരിക്കെയാണ് അദ്ദേഹം അന്തരിച്ചത്. ചാരാത്ത് ബാവുട്ടി സാഹിബ്, എടമരത്ത് നാരായണൻ നമ്പൂതിരി, സഹോദരൻ പരമേശ്വരൻ നമ്പൂതിരി, കാട്ടെ കടവത്ത് അബ്ദു റഹിമാൻ സാഹിബ്, കാളിയാടൻ ഹംസ ഹാജി, മണ്ഡലം മുഹമ്മദ് സാഹിബ്, കെ.പി.ഒ മുഹമ്മദ് സാഹിബ് എന്നി രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരുടെ സേവനം എന്നും സ്മരിക്കപ്പെടുന്നതാണ്. തീരപ്രദേശങ്ങളിൽ നാട്ടുകാരണവന്മാരുടെ നേതൃത്വത്തിലാണ് കാര്യങ്ങൾ നടന്നിരുന്നത്. പഴയകാലത്ത് അവർക്കെതിരിൽ ശബ്ദിക്കാനുള്ള സ്വാതന്ത്ര്യംപോലും സാധാരണക്കാർക്ക് ഉണ്ടായിരുന്നില്ല. ഈ സമ്പ്രദായത്തിന് എന്ത് തന്നെ ദോഷ വശങ്ങൾ ഉണ്ടായിരുന്നാലും നാടിന്റെ അച്ചടക്കം നില നിർത്തുന്നതിൽ ഈ സമ്പ്രദായം വലിയ പങ്ക് വഹിച്ചിരുന്നു. കുപ്പന്റെ പുരക്കൽ കോയമൊയ്തീൻകുട്ടി, തെക്കേയിൽ അസൈനാർ എന്നിവർ കഴിഞ്ഞകാല പുതിയകടപ്പുറം പ്രദേശത്തെ ജനനേതാക്കളിൽ പെടുന്നു. മരക്കാരകത്ത് ചെറിയ ബാവ മാസ്റ്റർ വിദ്യാഭ്യാസ രംഗത്ത് സ്മരിക്കപ്പെടേണ്ട വ്യക്തിയാണ്.

പോർച്ചുഗീസുകാരുമായുള്ള സമരത്തിൽ വീരമൃത്യുവരിച്ച കുഞ്ഞിമരക്കാർ ശഹീദ് കാളാട് പള്ളി ശ്മശാനത്തിലാണ് അന്ത്യവിശ്രമം കൊള്ളുന്നത്. ഈ പഞ്ചായത്ത് ഉൾപ്പെടുന്ന നിയമസഭാ മണ്ഡലങ്ങളിൽ നിന്നും നിയമ സഭയിലെത്തുകയും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കു വഹിക്കുകയും ചെയ്ത പ്രശസ്ത നേതാക്കളെ സ്മരിക്കുന്നത് സന്ദർഭോചിതമായിരിക്കുമെന്ന് വിചാരിക്കുന്നു. ജനാബ്മാർ മുയ്തീൻ കുട്ടി എന്ന ബാവ ഹാജി, സി. എച്ച്. മുഹമ്മദ് കോയ സാഹിബ്, ഉമർ ബാഫഖി തങ്ങൾ, എം. മുയ്തീൻ കുട്ടി സാഹിബ്, യു.എ.ബീരാൻ സാഹിബ്, ഇ.അഹമ്മദ് സാഹിബ്, സീതി. ഹാജി സാഹിബ്, കുട്ടി അഹമ്മദ് കുട്ടി എന്നിവരാണ് ഇവർ ഇപ്പോൾ നമ്മുടെ പഞ്ചായത്തിനെ നിയമസഭയിൽ പ്രതിനിധികരിയ്ക്കുന്നത് ശ്രീ. പി. കെ. അബ്ദുറബ്ബ് സാഹിബാണ്. ഇവരിൽ സി.എച്ച് മുഹമ്മദ് കോയ സാഹിബ്, യു.എ. ബീരാൻ സാഹിബ്, ഇ അഹമ്മദ് എന്നിവർ സംസ്ഥാനത്ത് വളരെ പ്രധാന വകുപ്പുകൾ കൈകാര്യം ചെയ്ത മന്ത്രിമാരായിരുന്നു. 91-ൽ മത്സരിച്ച് വിജയിച്ച സീതി ഹാജി സാഹിബ് മരണം വരെ കേരള ഗവൺമെന്റ് ചീഫ് വിപ്പ് ആയിരുന്നു.

ദേശീയ പ്രസ്ഥാന രംഗത്തും, സാമൂഹിക സംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിലും താനാളൂർ പഞ്ചായത്തിൽ നടന്ന ചില പ്രവർത്തനങ്ങളും, അവക്ക് നേതൃത്വം നല്കിയ അല്പം ചിലരെയും അനുസ്മരിച്ച് കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

# കൃഷിയും ജലസേചനവും

താനാളൂർ ഗ്രാമപഞ്ചായത്ത് ഒരു കാർഷിക പ്രദേശമാണ്. ഭൂപ്രദേശത്തെ മൂന്നായി തരം തിരിക്കാം. അയ്യായ പാടത്തുനിന്നാരംഭിച്ച് തവക്കടത്തൂർ പുഴയിൽ ചേരുന്ന വലിയ തോടിന്റെ കിഴക്ക്, അരീക്കാട് പകര 20ം വാർഡിന്റെ കുറേ ഭാഗങ്ങളും അടങ്ങുന്ന കുന്നുകളും ചെരിവുകളും പാറക്കെട്ടുകളും അടങ്ങുന്ന ഉയർന്ന പ്രദേശം. വലിയ തോടിന്റെ പടിഞ്ഞാറ് കനോലി കനാൽ വരെയുള്ള മണൽപ്രദേശമായ സമതലം. കനോലി കനാൽ മുതൽ അറബിക്കടൽ വരെയുള്ള തീരപ്രദേശം.

സമുദ്ര നിരപ്പിൽനിന്നും സുമാർ 70 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന പകര നിരപ്പാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. ഒഴൂർ, താനൂർ പഞ്ചായത്തുകളിൽ നിന്ന് താനാളൂർ പഞ്ചായത്തിനെ വേർതിരിച്ചുകൊണ്ട് പാലക്കുറ്റ്യാഴി തോട് പടിഞ്ഞാറോട്ട് ഒഴുകി കനോലി കനാലിൽ ചേരുന്നു.

ആദ്യകാലത്ത് പ്രധാനമായും ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത് നെൽ കൃഷിയിലായിരുന്നു. കർഷകർ പ്രധാനമായും മഴയെ ആശ്രയിച്ചായിരുന്നു കൃഷിചെയ്തിരുന്നത്. തോടുങ്ങളിൽ ചിറകെട്ടി കൃഷിക്ക് വേണ്ടി ഉപയോഗിച്ചിരുന്നു. കുളങ്ങളും ജലാശയങ്ങളും സംരക്ഷിച്ച് ഏത്തം, കാളത്തേക്ക്, തോണിഏത്തം, പോള, കയറുകൊട്ട എന്നീ നാടൻ ജലസേചന ഉപകരണങ്ങൾ ഉപയോഗിച്ച് ജലസേചനം നടത്തിയിരുന്നു. പഞ്ചായത്തിലെ കൃഷി ഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും വൻകിട ജന്മിമാരായിരുന്നു. ജന്മിമാർ അധികവും അന്യ പ്രദേശത്തുള്ളവരായിരുന്നു. ബാക്കിയുള്ളവർ വിവിധ ദേവസ്വവും അപൂർവ്വം പ്രദേശത്തുള്ള ചെറുകിട ജന്മിമാരും ആയിരുന്നു.

കാണം, പാട്ടം, വാരം എന്നിങ്ങനെയുള്ള അവകാശങ്ങൾ മാത്രമേ ഭൂരിപക്ഷം കർഷകർക്കും ഉണ്ടായിരുന്നുള്ളൂ. ഉത്പാദനത്തിന്റെ ഏറിയപങ്കും ജന്മിമാർക്കായിരുന്നു. ഭൂരിപക്ഷം കൃഷിക്കാരും ഏത്കാലത്തും ജന്മിമാർക്ക് കടപ്പെട്ടവരായിരുന്നു. അതിന്റെ പേരിൽ കുടിയിറക്കപ്പെട്ടവരും പീഡനങ്ങളും മർദ്ദനങ്ങളും സഹിച്ചവരായിരുന്നു ഭൂരിപക്ഷവും.

ആകെ ഭൂമിയുടെ 40% നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. പല സവിശേഷതകളോടും കൂടിയ നാടൻ വിത്തിനങ്ങളാണ് ഇവിടെ കൃഷി ചെയ്തിരുന്നത്. കറുത്ത ചിറ്റേണി, വെളുത്ത ചിറ്റേണി, ചീര, ചമ്പാൻ, തെക്കൻ ചീര, പൊന്നാര്യൻ, തവളക്കണ്ണൻ, ആര്യൻ, നകര, കറുത്ത വിത്ത്, കൊടിയൻ തുടങ്ങിയ വിത്തിനങ്ങൾ ജൈവ വളം ഉപയോഗിച്ചാണ് കൃഷിചെയ്തിരുന്നത്. പറമ്പുകളിൽ മോഡൻ നെല്ലും കൃഷിചെയ്തിരുന്നു. 1970ന് ശേഷം അപൂർവ്വമായി പുതിയ തരം വിത്തിനങ്ങൾ കർഷകർ ഉപയോഗിക്കാൻ തുടങ്ങി. രാസവള പ്രയോഗവും ഇക്കാലത്ത് ആരംഭിച്ചിരുന്നു. പഴമക്കാരായ കർഷകർ ഇവ രണ്ടിനേയും വിമർശിക്കുക പതിവായിരുന്നു. പമ്പ് സെറ്റുകൾ ഉപയോഗിച്ചുള്ള ജലസേചനം ഇക്കാലത്താണ് ആരംഭിച്ചത്. പാടങ്ങളിൽ ഇടവിളകളായി

പയർ, എള്ള്, ചാമ, രായി, കടല തുടങ്ങിയുള്ള ധാന്യങ്ങളും വാഴ, മരച്ചീനി, മധുരകിഴങ്ങ്, വെള്ളരി, കുമ്പളം, വത്തക്ക മുതലായ വേനൽക്കാല പച്ചക്കറികളും വ്യാപകമായി കൃഷിചെയ്തിരുന്നു. ജലസേചനത്തിന് മൺകുടങ്ങൾകൊണ്ട് മുക്കി നനക്കുന്ന രീതിയാണ് ഇടവിളകൾക്ക് സ്വീകരിച്ചിരുന്നത്. ഇത് അധികവും സ്ത്രീകളുടെ തൊഴിലായിരുന്നു. എലികളെ നശിപ്പിക്കാൻ കെണിവെക്കലും, ചാഴിയെ നശിപ്പിക്കാൻ ചാഴി വലയും, മുറം വീശലും, വെണ്ണീർ പറപ്പിക്കലും, വടികൊണ്ട് ഇളക്കലും പോലുള്ള നാടൻ രീതികളാണ് ഉപയോഗത്തിലുണ്ടായിരുന്നത്.

തെങ്ങ് കൃഷിയോട് ആഭിമുഖ്യം ഉണ്ടായിരുന്നെങ്കിലും ഇന്നത്തെപോലെ പരിചരണവും വളം ചേർക്കലും ജലസേചനവും ഉണ്ടായിരുന്നില്ല. കാർഷിക ഉത്പന്നങ്ങളുടെ വിപണന കേന്ദ്രം അന്നും കോഴിക്കോടും പൊന്നാനിയുമായിരുന്നു. കോഴിക്കോട്ടക്ക് തീവണ്ടി മാർഗ്ഗമാണ് ഉത്പന്നങ്ങൾകൊണ്ടു പോയിരുന്നത്. താനൂർ റെയിൽവെ സ്റ്റേഷൻ വരെ തലച്ചുമടായും, കാളവണ്ടികളിലുമാണ് കൊണ്ടുപോയിരുന്നത്. ഇടനിലക്കാരായ കച്ചവടക്കാരാണ് നാളികേരം ശേഖരിച്ചിരുന്നത്.

1970 കളിൽ ഭൂപരിഷ്ക്കരണം നടപ്പിലാക്കിയതോടെ സ്വന്തമായി വയലുകൾ ലഭിച്ച കർഷകർ വീടുവെക്കുന്നതിനും വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങ്പോലുള്ള കാർഷിക വിളകൾ നടുന്നതിനും വേണ്ടി പാടം നികത്തി തുടങ്ങിയതോടെ നേരത്തെ ഉണ്ടായിരുന്ന കൃഷി സമ്പ്രദായത്തിൽ മാറ്റം വരാൻ തുടങ്ങി. ഇടത്തരം കർഷകർ ഇതിന്മുമ്പ് തന്നെ പാടങ്ങൾ നികത്താൻ തുടക്കം കുറിച്ചിരുന്നു. ഇത് വ്യാപകമായതോടെ നീരൊഴുക്ക് ക്രമം തെറ്റി നീർക്കെട്ട് രൂപപ്പെടുന്നതിന് കാരണമായി. ആദ്യ കാലങ്ങളിൽ കർഷക സമൂഹത്തിനായിരുന്നു സമൂഹത്തിൽ മാന്യത. പല കാരണങ്ങളാൽ ഇത് കുറഞ്ഞു വന്നു അതോടെ അവർ മറ്റു മേഖലകളിലേക്ക് ശ്രദ്ധ തിരിച്ചു. സ്ത്രീകളും കുട്ടികളുമടക്കം തൊഴിൽ ചെയ്തിരുന്ന ഒരു മേഖലയായിരുന്നു വയലുകൾ. ഇതോടെ സ്ത്രീകൾ തൊഴിലിൽ നിന്ന് വിമുഖരായി. കൂലി നിലവാരം ഉയരുന്നതിനനുസരിച്ച് കൃഷി ഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിന്റെ അളവ് കുറഞ്ഞു. ഇവയെല്ലാം നെൽവയലുകൾ നികത്തുന്നതിന് വേഗത വർദ്ധിപ്പിച്ചു.

ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതും കർഷക തൊഴിലാളികളുടെ പിൻതലമുറക്കാരെ ഇതരതൊഴിലുകളിലേക്ക് ആകർഷിച്ചു. ഇത് കർഷക തൊഴിലാളികളുടെ എണ്ണക്കുറവിന് കാരണമായി. ഇത് നെൽകൃഷിയെ മാത്രമല്ല മറ്റ് വയലുകളിലും പറമ്പുകളിലും കൃഷിചെയ്തിരുന്ന ഇടവിളകളെയും ബാധിച്ചു. ഉത്പാദനം കുറഞ്ഞു. ഉപഭോക്തൃത പ്രവണത വർദ്ധിക്കുന്നതിന് വലിയൊരു പങ്ക് വഹിച്ചു. പുരയിടങ്ങളിൽ തെങ്ങ് ഒഴികെയുള്ള കൃഷിയിനങ്ങളെല്ലാം തന്നെ നാമാവശേഷമായി വരികയാണ്. തെങ്ങിന് വളരെ കുറഞ്ഞ പരിചരണമേ ആവശ്യമുള്ളൂ എന്നതും ഇതിനൊരു കാരണമാണ്.

നെൽകൃഷി കുറഞ്ഞതും യന്ത്രവത്ക്കരണം കൂടിയതും കന്നുകാലി വളർത്തൽ നന്നേ കുറയാൻ കാരണമായി. ഉഴവുമാടുകൾ പഞ്ചായത്തിൽ നാമാവശേഷമായി വരികയാണ്. വളരെ കുറച്ച് ഉഴവുകന്നുകളാണ് ഇന്ന് പഞ്ചായത്ത് പ്രദേശത്തുള്ളത്.

കർഷകരുടെ ഒരു പ്രധാനവിനോദമായ കാളപൂട്ടിന് പ്രശസ്തമായ ഒരു പ്രദേശമായിരുന്നു താനാളൂർ പഞ്ചായത്ത്. അഞ്ച് പേരുകേട്ട കാളപൂട്ട് കണ്ടങ്ങൾ പഞ്ചായത്തിലുണ്ടായിരുന്നു. അത് രണ്ടായി ചുരുങ്ങിയതോടൊപ്പം കാളപൂട്ട് വിനോദങ്ങൾ കുറഞ്ഞിട്ടുണ്ട്.

വയലുകൾ നികത്തിയത് കാരണം ഭക്ഷ്യോത്പാദന രംഗത്ത് കുറവ് വന്നതോടൊപ്പം നീർകെട്ടിന് കാരണമായി. വയൽ നികത്തി വീടെടുത്ത് താമസിക്കുന്ന പ്രദേശങ്ങളിലെല്ലാം നീർകെട്ടും പരിസ്ഥിതിപ്രശ്നങ്ങളുടെ വ്യാപ്തിയും വർദ്ധിച്ചുവരികയാണ്. ഉദാഹരണത്തിന് വലിയപാടം, കാട്ടിലപ്പാടം, ചേനിയരിപാടം, മുട്ടുപടി പ്രദേശം തുടങ്ങിയവ തൂർത്ത നെൽവയലുകളാണ്.

കൃഷിയുമായി ബന്ധപ്പെട്ട് കിടന്നിരുന്ന കുളങ്ങളും തോടുകളും ശരിയാംവിധം സംരക്ഷിക്കപ്പെടുന്നില്ല. കുളങ്ങൾ തൂർത്ത് തെങ്ങ് വച്ചുപിടിപ്പിക്കുന്ന പ്രവണതപോലും കണ്ടു വരുന്നു. തോടുകൾ പലതും റോഡിനും മറ്റുമായി നശിപ്പിച്ചു. ബാക്കിയുള്ളവ തകർച്ച നേരിട്ടുകൊണ്ടിരിക്കുന്നു.

## ഭൂവിനിയോഗം

താനാളൂർ, നിറമരുതൂർ വില്ലേജുകളടങ്ങിയ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2483.868 ഹെക്ടർ ആണ്. ഇതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക 2,3) പഞ്ചായത്തിന്റെ തീരപ്രദേശങ്ങൾ അടങ്ങിയ കനോലി കനാലിനോട് ചേർന്ന ഭാഗങ്ങൾ ഏക ദേശം 20% ഉപ്പുരസം കലർന്ന മണലും കിഴക്ക് കുന്നിൻ പ്രദേശങ്ങൾ അടങ്ങിയ ഭാഗം ഏക ദേശം 15% ചരൽ കലർന്ന മണ്ണും ബാക്കിയുള്ളവ 65% മണലും ചതുപ്പുനിലങ്ങളും കൂടിയതാണ്.

മണ്ണിന്റെ ഗുണനിലവാരം കൃഷി ഭവൻ റിപ്പോർട്ട് പ്രകാരം താഴെ പറയും പ്രകാരമാണ്. കവുങ്ങ്, കശുമാവ്, വെറ്റില തുടങ്ങിയവയും താഴ്ന്ന പ്രദേശങ്ങളിൽ നെല്ലും ആണ് പരമ്പരാഗതമായി കൃഷി ചെയ്തിരുന്നത്. വേനൽകാലത്ത് വയലുകളിൽ എള്ള്, രായ്, പയർ എന്നിവ ഇടവിളയായി കൃഷിചെയ്തിരുന്നു.

ഏറ്റവും പ്രധാന വിളയായ തെങ്ങിന്റെ ഉല്പാദനം 35% മാത്രമാണ്. കുന്നിൻ പ്രദേശത്തോട് ചേർന്ന ഭാഗങ്ങളിൽ വിളവ് കുറവും ബാക്കി വരുന്ന താഴ്ന്നപ്രദേശങ്ങളിലും തീരദേശപ്രദേശങ്ങളിലും വിളവ് കൂടുതലാണ്. അശാസ്ത്രീയമായ വളപ്രയോഗം, ജലസേചനക്കുറവ്, വിത്തിന്റെ ഗുണമില്ലായ്മ, തെങ്ങുകൾ

### ഭൂമി സംബന്ധിച്ച വിവരങ്ങൾ

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | സെന്റ് | | | | ഏക്കർ | | |
| | പുരയിടം | നിലം | പുറമ്പോക്ക് | നദികൾ | ആകെ | 1-10 | 10-25 | 25-50 | 50-100 | 1-2 | 2-5 | 5-12 |
| താനാളൂർ | 1929.92 | 1575.66 | 131.25 | 101.68 | 3738.5 | 1100 | 585 | 595 | 420 | 235 | 145 | 24 |
| നിറമരുതൂർ | 1083.35 | 1150.38 | 105.28 | 23.17 | 2362.18 | 500 | 1750 | 1500 | 1000 | 500 | 50 | 25 |
| ആകെ | 3013.27 | 2726.04 | 236.53 | 124.85 | 6100.69 | 1600 | 2335 | 2095 | 1420 | 735 | 195 | 49 |

### പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ | | | | ഉടമസ്ഥരുടെ എണ്ണം | | | | | |
|---|---|---|---|---|---|---|---|---|---|---|
| | റോഡ് | തോട് | കുളം | പുഴ | റയിൽവെ | റവന്യൂ | വനം | സർക്കാർ സ്കൂൾ | ഡിപ്പാർട്ടുമെന്റ് | ആകെ |
| താനാളൂർ | 21.13 1/2 | 12.74 | 6.73 | | 40.90 | | | 6.44 | | 87.94 1/2 |
| നിറമരുതൂർ | 8.81 | 7.71 | 6.35 | 11.65 | | 2.64 | | | 51.21 | 88.37 |
| ആകെ | 29.94 1/2 | 20.45 | 13.08 | 11.65 | 40.90 | 2.64 | | 6.44 | 51.21 | 176.31 1/2 |

### നെൽകൃഷി കൃഷിഭവൻ രേഖ

| നമ്പർ | വിള | വിസ്തീർണ്ണം[ഹെക്ടർ] |
|---|---|---|
| 1. | ഒന്നാം വിള | 165 |
| 2. | രണ്ടാം വിള | 210 |
| 3. | മൂന്നാം വിള | 6 |

വർദ്ധിച്ചുവരുന്ന രാസവളപ്രയോഗക്കുടുതലും ജൈവവളങ്ങളുടെ പോരായ്മയും മൂലം മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

വിസ്തീർണ്ണത്തിന്റെ ഭൂരിഭാഗവും തെങ്ങ്, തമ്മിലുള്ള അകലക്കുറവ് എന്നിവയൊക്കെ ഉത്പാദനം കുറയാൻ കാരണമാണ്. വൈദ്യുതി ക്ഷാമം, ഉപ്പുവെള്ളം കയറൽ, ഉയർന്ന പ്രദേശങ്ങളിലെ മണ്ണൊലിപ്പ്, വെള്ളം കെട്ടിനിൽക്കൽ, കാലവർഷവ്യതിയാനം, നീർക്കെട്ട് മുതലായ കാരണങ്ങളാൽ ഉദ്പാദനം കുറയുന്നു.

തെങ്ങുകൃഷിയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ കൂമ്പ് ചീയൽ, ചെന്നിരൊലിപ്പ്, കാറ്റ്വീഴ്ച, ചെമ്പൻകൊല്ലിയുടെ ഉപദ്രവം എന്നിവയാണ്. ശരിയായ രോഗപ്രതിരോധ മാർഗ്ഗങ്ങളോ ശാസ്ത്രീയമായ നിർദ്ദേശങ്ങളോ ഈ

### തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| തെങ്ങ്കൃഷി വിശദാംശം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട്വിൽറ്റ് | ലിവ്നോട്ട് | ബഡ് നട്ട് | സ്റ്റെംബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|
| 201011 | 93000 | 108000 | 273000 | -- | 500 എണ്ണം | 500 എണ്ണം | 1000 എണ്ണം | 500 എണ്ണം | 7000 എണ്ണം |

പട്ടിക-5

| വിള | വിസ്തീർണ്ണം [കൃഷിഭവൻ മുഖേന] |
|---|---|
| നെല്ല് ഒന്നാം വിള | 165-HA |
| നെല്ല് രണ്ടാം വിള | 210-HA |
| നെല്ല് മൂന്നാം വിള | 6-HA |
| പയർ | 30-HA |
| എള്ള് | 10-HA |
| പച്ചക്കറികൾ | 3-HA |
| തെങ്ങ് | 2010-HA |
| വാഴ | 5-HA |
| മരച്ചീനി | 5HA |
| കുരുമുളക് | 5-HA |
| പ്ലാവ് | 12-HA |
| കശുമാവ് | 5-HA |
| മാവ് | 3-HA |
| റബ്ബർ | NIL |
| കവുങ്ങ് | 80-HA |
| വെറ്റില | |

രാണ്ടാം സ്ഥാനമാണ്.

പഞ്ചായത്തിലെ കുന്നിൻ ചെരുവ് പ്രദേശങ്ങളിലെ പ്രധാന കൃഷി കവുങ്ങാണ്. കവുങ്ങിൽ വെറ്റില കൃഷിയും സാധാരണമായിരുന്നു. ഇതിന് താങ്കൊടി എന്നാണ് പറയാറ്. കവുങ്ങ് കൃഷിചെയ്ത് മാത്രം ഉപജീവനം നടത്തിയിരുന്ന ഒരു വലിയ വിഭാഗം കൃഷിക്കാരുണ്ടായിരുന്നു. അധികം കവുങ്ങിൻ തൊട്ടങ്ങളും ഏത്തം കാലത്തേക്ക് തുടങ്ങിയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ജലസേചനം നടത്തിയിരുന്നു. തുടർച്ചയായ ജലസേചനം ആവശ്യമായ ഒരു കൃഷിയാണിത്. എന്നാൽ പമ്പ് സെറ്റുകൾ ഉപയോഗിച്ചുള്ള ജലസേചനവും കാലവർഷത്തിന്റെ മാറ്റവും ഭൂവിനിയോഗത്തിൽ വന്ന അശാസ്ത്രീയതയും, തൊഴിലാളികളുടെ ദൗർലഭ്യവും ഇടക്കാലത്തുണ്ടായ അടക്കയുടെ വിലയിടിവും മഹാളിരോഗത്തിനുള്ള കീടനാശിനി തളിക്കാനുള്ള തൊഴിലാളികളുടെ ക്ഷാമവും കവുങ്ങ് കൃഷി ഇടക്കാലത്ത് നശിക്കാൻ കാരണമായി. അടക്കയുടെ ഇപ്പോഴത്തെ വിലവർദ്ധനവ് കവുങ്ങിൻകൃഷി വീണ്ടും പുനരുജ്ജീവിപ്പിക്കാൻ കർഷകരെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

കവുങ്ങായി വെറ്റില കൃഷി നടക്കുന്നത് താഴ്വാരപ്രദേശത്തിൽപെട്ട 1 മുതൽ 7 വരെയുള്ള വാർഡുകളിലാണ്. ഈ മേഖലയിലെ 10%ത്തോളം കൃഷിക്കാരുടെ ഉപജീവനമാർഗ്ഗം വെറ്റിലകൃഷിയാണ്. രണ്ടു തരത്തിലുള്ള വെറ്റിലകൃഷിയാണ് പ്രധാനമായുള്ളത്. കവുങ്ങിൽ പടർത്തി കൃഷി ചെയ്യുന്ന നാടൻ വെറ്റിലക്കൊടിയും കൂട്ടക്കൊടിയും ആണിവ. മുൻകാലങ്ങളിൽ പനയുടെ രണ്ടിഞ്ച് വീതിയും എട്ട് കോൽ നീളവും ഉള്ള എട്ട് കാലുകൾ ഉപയോഗിച്ച് കിളച്ച് മറിച്ച ഭൂമിയിൽ വൃത്താകൃതിയിലുള്ള കൂട്ടങ്ങളായാണ് കൂട്ടകൃഷി നടത്തുന്നത്. കൂട്ടത്തിന്റെ ഏതാണ്ട് ഏഴ് കോൽ ഉയരത്തിൽ കാലുകൾ കൂട്ടിക്കെട്ടി അതിന്റെ മേൽ ഭാഗത്ത് മുളപൊളിച്ച് ഉപയോഗിച്ച് കൂട്ടങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നു. ഇങ്ങനെയുള്ള 9 മുതൽ 16വരെയുള്ള കൂട്ടങ്ങളെ ഓരോ യൂണിറ്റായി വേർ തിരിക്കുന്നു. ഇതിന്റ മുകളിൽ മുള, കവുങ്ങ് എന്നിവയുടെ വാരികൾ ഉപയോഗിച്ച് മേൽതട്ട് നിർമ്മിക്കുന്നു. ഇത്തരം ജോലികൾ ചെയ്യുന്ന പ്രത്യേക പരിചയസമ്പന്നർ ഈ പ്രദേശങ്ങളിൽ ധാരാളമായിരുന്നു. എന്നാൽ ഇന്ന് ഈ മേഖലയിലും വിദഗ്ദ തൊഴിലാളികളുടെ ക്ഷാമം രൂക്ഷമാണ്

വെറ്റിലകൃഷിക്ക് പ്രധാനമായും ഉപയോഗിച്ചിരുന്നത് ജൈവവളങ്ങളായ ചാണകവും പച്ചില വളവുമായിരുന്നു. പച്ചിലത്തുപ്പുകൾകൊണ്ട് ഏത് അവസരത്തിലും പൊതയിടൽ വെറ്റിലകൃഷിക്ക് അത്യാവശ്യമാണ്. രാസവളപ്രയോഗം മൂലമോ മറ്റോ മുൻകാലങ്ങളിൽ കാണാത്ത പല രോഗങ്ങളും ഇന്ന് കണ്ടുവരുന്നുണ്ട്. വള്ളി ചീയൽ, ശ്രുത വാട്ടം, കീടങ്ങളുടെ ആക്രമണം എന്നിവ കൃഷിക്കാരെ അലട്ടിക്കൊണ്ടിരിക്കുന്നു. ഇത്തരം രോഗങ്ങൾ മൂലം ധാരാളം പണം ചിലവഴിച്ച് നടത്തിയ കൃഷികൾ പാടെ നശിക്കുക സാധാരണമാണ്.

ചില കാലങ്ങളിലുണ്ടാകുന്ന വെറ്റിലയുടെ വിലയിടിവ്, തൊഴിലാളികളുടെ ക്ഷാമം, കൂലിവർദ്ധനവ്, കന്നുകാലികളുടെ കുറവുമൂലമുള്ള ജൈവവളക്ഷാമം, പച്ചില വളങ്ങളുടെ ക്ഷാമം, കാലാവസ്ഥാ വ്യതിയാനം എന്നിവയെല്ലാം കൃഷി നഷ്ടത്തിലാകുന്നതിനുള്ള പ്രധാന കാരണങ്ങളാണ്.

കവുങ്ങ് തോട്ടങ്ങളിലെ ഇടവിളകളായ വാഴ, കിഴങ്ങ് വർഗ്ഗങ്ങളായ ചേന, ചേമ്പ്, കാവിത്ത് മുതലായ പ്രത്യേകപരിചരണങ്ങളോ മറ്റോ ആവശ്യമില്ലാതെ ഉല്പാദിപ്പിച്ചിരുന്ന കൃഷികളെല്ലാം ഇന്ന് നാമാവശേഷമായിരിക്കുകയാണ്. കൂടാതെ അവയെല്ലാം പലരോഗങ്ങൾ കാരണം നശിച്ച് കൊണ്ടിരിക്കുന്നു.

ധാരാളമായി കശുമാവിൻ തോട്ടങ്ങൾ ഉണ്ടായിരുന്ന ഒരു പ്രദേശമാണ് താനാളൂർ പഞ്ചായത്ത്. എഴുപതുകളിലെ ഭൂപരിഷ്കരണ നിയമം വീട് നിർമ്മാണത്തിൽ വന്ന വർദ്ധനവ്. കശുമാവിൻ തോട്ടങ്ങളിലെ ഇടവിളകൾക്കുള്ള സാധ്യതക്കുറവ് എന്നിവ കശുമാവ് കൃഷിയുടെ നാശത്തിന് കാരണമായി. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ അരീക്കാട്, പകര, താനാളൂർ പ്രദേശങ്ങളിലും, കേരളാധിശരപുരം തീരപ്രദേശത്തിനടുത്തുള്ള ഒട്ടുമ്പുറം തുടങ്ങിയുള്ള പ്രദേശങ്ങളിലും ധാരാളം കശുമാവിൻ തോട്ടങ്ങൾ ഉണ്ടായിരുന്നു. ഇന്ന് അത്തരം തോട്ടങ്ങൾ എല്ലാം നഷ്ടമായിരിക്കുകയാണ്.

പഞ്ചായത്തിൽ പല സ്ഥലങ്ങളിലും കുരുമുളക്കൃഷി പഴയകാലത്ത് തന്നെയുണ്ട്. വേണ്ടത്ര പരിചരണങ്ങളോ മറ്റോ നല്കിയിരുന്നില്ലെങ്കിലും പല കൃഷിക്കാരുടെയും ഒരു നല്ല വരുമാനമാർഗ്ഗമായിരുന്നു.

എന്നാൽ ഇന്ന് പലതരം പുതിയ ഇനം കുരുമുളക് വള്ളികൾ കൃഷിചെയ്യുന്നുണ്ടെങ്കിലും ഉല്പാദനം കുറഞ്ഞിരിക്കുകയാണ്. പഴയകാലത്ത് പടുമരങ്ങളിലും മറ്റുമാണ് വള്ളി പടർത്തിയിരുന്നത്. ഇന്ന് കവുങ്ങിൽ തോട്ടങ്ങളിൽ വെറ്റിലക്കൊടിക്ക് പകരം കുരുമുളക് കൃഷി നടത്തുന്നുണ്ടെങ്കിലും കവുങ്ങിന്റെയും കുരുമുളകിന്റെയും ഉദ്പാദനം കുറഞ്ഞിരിക്കുകയാണ്.

### വളം:-

പഴയകാലത്ത് ജൈവവളങ്ങൾ മാത്രം ഉപയോഗിച്ചാണ് കൃഷിചെയ്തിരുന്നത്. പ്രധാനമായി കാലിവളം ചാരം മുതലായവ.

1970ന് ശേഷമാണ് പുതിയ വിത്തുകളുടെയും രാസവളങ്ങളുടെയും ഉപയോഗം ആരംഭിച്ചത്. ആദ്യകാലങ്ങളിൽ പല കർഷകരും രാസവള ഉപയോഗത്തിനെതിരായിരുന്നെങ്കിലും ഡിപ്പാർട്ട്മെന്റിന്റെയും മറ്റും അതിർകവിഞ്ഞ പ്രചരണം മൂലം സാർവത്രികമായി രാസവളം ഉപയോഗിക്കാൻ തുടങ്ങി. താൽക്കാലികമായി ഉത്പാദന വർദ്ധനവുണ്ടായെങ്കിലും ക്രമേണ ഉൽപാദനത്തിൽ കുറവ് അനുഭവപ്പെടുകയാണ് ചെയ്തത്. മണ്ണ് പരിശോധനയോ മറ്റു ശാസ്ത്രീയ നിർദ്ദേശങ്ങളോ വേണ്ടത്ര കർഷകർക്ക് നല്കാതെയുള്ള പരിഷ്കരണം ഗുണത്തിലേറെ കാർഷിക രംഗത്ത് വൻ നഷ്ടത്തിന് കാരണമായി.

സഹകരണമേഖലയിലുള്ള ഒന്നും, സ്വകാര്യ മേഖലയിൽ രണ്ടും ഉൾപ്പെടെ മൂന്ന് രാസ വള വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. ജൈവ വളങ്ങൾക്ക് ഇന്ന് പഞ്ചായത്തിലെ കൃഷിക്കാർ തമിഴ് നാടിനെയാണ് ആശ്രയിക്കുന്നത്. ലോറികൾ മുഖേന കോഴിക്കാഷ്ടം, ആട്ടിൻകാഷ്ടം, വളപ്പൊടി, വെണ്ണീർ എന്നിവ ഇറക്കുമതി ചെയ്യുന്ന ധാരാളം കച്ചവടക്കാർ ഈ പ്രദേശത്തുണ്ട്. 1 ലക്ഷം ടണ്ണിൽ അധികം ജൈവവളങ്ങൾ ഒരു വർഷത്തിൽ പഞ്ചായത്തിൽ ഇറക്കു മതി ചെയ്യുന്നുണ്ട്. ലക്ഷക്കണക്കിന് രൂപ കർഷകർ ഈ ഇനത്തിൽ

പട്ടിക-6

രാസവള ഉപയോഗം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 രാസവളം കി ഗ്രാം | 1994-95 രാസവളം കി ഗ്രാം | 1995-96 രാസവളം കി ഗ്രാം |
|---|---|---|---|---|
| 1 | സഹകരണം | 29194 | 32513 | 29638 |
| 2 | സ്വകാര്യം | 40740 | 42770 | 51324 |
| 3 | ആകെ | 69934 | 75283 | 80962 |

ചിലവഴിക്കുന്നു.

### കീട നാശിനികൾ:-

നെല്ലിന് മാത്രമാണ് കീടനാശിനികൾ കാര്യമായി ഉപയോഗിക്കുന്നത്. ചാഴിശല്യം, ഓലപ്പുഴു എന്നിവക്കാണ് കീടനാശിനി തളിക്കുന്നത് മറ്റു കൃഷികൾക്ക് നാമമാത്രമായി ഉപയോഗിക്കാറുണ്ട്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയമായ രീതിയോ പരിഗണിക്കാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്.

## കാർഷികോപകരണങ്ങൾ

കൃഷിഭവൻ കണക്ക് പ്രകാരം കൃഷിക്കാർക്ക് നല്കിയിട്ടുള്ള ഉപകരണങ്ങൾ ഉണ്ട് ട്രാക്ടർ, 60 നാടൻ കലപ്പ, നോക്ക് സെപ്രേയർ 20, നാപ്സ്റ്റാക്ക് സെപ്രെയർ 100, തെങ്ങുകയറ്റ യന്ത്രം 5, പോർട്ടബിൾ പമ്പ് സെറ്റ് 800 എന്നിവയാണ്. അൻപതിലധികം ജോടി ഉഴവുമാടുകളും പഞ്ചായത്തിലുണ്ട്. ഒരു കാലത്ത് കൃഷിക്ക് ഉപയോഗിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

## പാടശേഖരസമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ സംഘടിപ്പിച്ച് കൊണ്ട് രൂപീകരിച്ച പാടശേഖര സമിതികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

## കൂലിനിരക്ക്

കാർഷികതൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ, കൃഷിയോടുള്ള ആഭിമുഖ്യക്കുറവ് തുടങ്ങിയവ ഇതിന്റെ കാരണങ്ങളാണ്. 4000 ത്തോളം കർഷക കുടുംബങ്ങൾ മാത്രമേ മുഖ്യ ഉപജീവന മാർഗ്ഗമായി കൃഷിയെ ആശ്രയിക്കുന്നുള്ളൂ. 2000ത്തോളം പേർ കർഷകത്തൊഴിലാളികളായി പഞ്ചായത്തിലുണ്ട്. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന് 100 രൂപയും സ്ത്രീക്ക് 75 രൂപയുമാണ്.

## കാർഷിക വായ്പ

താനാളൂർ സർവ്വീസ് സഹകരണ ബാങ്ക് അടക്കം നാല് ബാങ്കുകളാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. ഇത് കൂടാതെ ഗ്രാമീണ ബാങ്ക്, തിരൂർ കാർഷിക വികസന ബാങ്ക്, സഹകരണ ബാങ്ക്, എന്നിവയും പഞ്ചായത്തിൽ കാർഷിക ലോണുകൾ നല്കാറുണ്ട്. കൃഷിക്കായുണ്ടാക്കി അനുവദിക്കുന്ന വായ്പകൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്ക് വേണ്ടിയാണ് ചിലവഴിക്കുന്നത്. ഓരോ വർഷവും ലക്ഷക്കണക്കിന് രൂപ ബാങ്കുകൾ നല്കുന്നു. എന്നാൽ കാർഷിക രംഗത്ത് 15% ത്തിൽ കൂടുതൽ ചിലവഴിക്കുന്നില്ല.

വൃദ്ധുകമ്പനികളുടെ പ്രവർത്തനവും പഞ്ചായത്തിൽ വ്യാപകമായി നടക്കുന്നുണ്ട്. കൃഷക്കാരെയും കച്ചവടക്കാരെയും മറ്റും പാപ്പരാക്കുന്ന ഈ ഏർപ്പാടിന് എതിരെ ജനപ്രതികരണം അത്യാവശ്യമാണ്.

## ജലസേചനം

പഞ്ചായത്തിൽ പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. പഞ്ചായത്തിന്റെ ഉയർന്ന കിഴക്കൻ പ്രദേശങ്ങളിൽ നിന്നുള്ള നീരൊഴുക്കുകളെല്ലാം വലിയ തോട്ടിൽ വന്നു ചേരുന്നു. തോടിന്റെ പടിഞ്ഞാറ് കിടക്കുന്ന വാർഡുകളായ 2, 1, 6 എന്നിവ കേന്ദ്രീകരിച്ചുള്ള വെള്ളം കിഴക്കോട്ട് ഒഴുകി വലിയ തോട്ടിൽ ചേരുന്നു. റെയിൽവെ ലൈനിനു പടിഞ്ഞാറുള്ള നീരൊഴുക്കുകൾ പലമാർഗ്ഗങ്ങളിലൂടെ ഒഴുകി കനോലി കനാലിൽ ചെന്നുചേരുന്നു.

## തോടുകൾ

അയ്യായ പാടത്തുനിന്നും ആരംഭിച്ച് തിരൂർ പുഴയിൽ ചെന്നുചേരുന്ന വലിയതോട് 3 കിലോമീറ്ററോളം ഈ പഞ്ചായത്തിൽ കൂടി ഒഴുകുന്നു. ഈ ഭാഗത്ത് 3 വി. സി. ബി കൾ ചെറുകിട ജലസേചന പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്. പക്ഷേ ഉദ്ദേശിച്ച ഗുണം ഇവ കൊണ്ട് കർഷകർക്ക് ലഭിക്കുന്നില്ല. കുറേ ഭാഗങ്ങൾ സൈഡ് കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

പാലക്കുറ്റ്യാഴി തോട് കുറേ ഭാഗം സൈഡ് കെട്ടി സംരക്ഷിച്ചിട്ടുണ്ട്. തോണ്ടനി നിലം മുതൽ പിണക്കൽ വലിയതോട്ടിൽ ചേരുന്ന കൈതോട്, താനാളൂർ അമ്പലക്കുളത്തിൽ നിന്നാരംഭിച്ച് കൂട്ടത്തിൽ പടിയിൽ വലിയതോടിൽ ചേരുന്ന കൈതോട്, വാർഡ് 7 ൽ കൂടി ഒഴുകുന്ന കുറ്റിയിൽ തോട്, തോട്ടായി തോട്, മുട്ടഞ്ചേരി തോട്, തള്ളശ്ശേരി തോട്, കനോലി കനാൽ, പാറേപ്പാടം, പൂണക്കോട് തോട്, കാളാട് തോട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന തോടുകൾ. ഇതിൽ കനോലി കനാലിൽ ഉപ്പുവെള്ളമാണ്.

## കുളങ്ങൾ

വലുതും ചെറുതുമായി അറുപതോളം കുളങ്ങളുണ്ട്. പല പൊതുകുളങ്ങളും പല

സ്കീമുകളിലായി സൈഡ് കെട്ടിയും മറ്റും സംരക്ഷിച്ചിട്ടു ണ്ടെങ്കിലും വേണ്ടത്ര പ്രയോജന പ്രദമായിട്ടില്ല. പഴയ കാലങ്ങളിൽ നെൽകൃഷിക്കും മറ്റു കൃഷികൾക്കും ജലസേചനത്തിന് ഈ കുളങ്ങൾ ഉപയോഗിച്ചിരുന്നു. വേണ്ടത്ര സംരക്ഷണമില്ലാത്തതിനാൽ പല കുളങ്ങളിലും വേനൽ കാലത്ത് വെള്ളം വറ്റിപോവുകയാണ്. പകര കുളത്തിൽ കൂടിവെള്ള പദ്ധതിയുടെ ഭാഗമായി ഒരു കിണർ സ്ഥാപിച്ചിരിക്കുകയാണ്. പല കുളങ്ങളും ആഴം കൂട്ടി സംരക്ഷിക്കുകയാണെങ്കിൽ പഞ്ചായത്തിൽ കൂടിവെള്ളക്ഷാമം പരിഹരിക്കുവാനും, ജലസേചനത്തിനും, പരിസ്ഥിതി സംരക്ഷണത്തിനും ഇവ പ്രയോജനപ്പെടുത്താം.

തോടുകളെയും കുളങ്ങളെയും സംബന്ധിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

**പട്ടിക-8**

**തോടുകൾ സംബന്ധിച്ച വിവരം**

| ക്രമ നമ്പർ | വാർഡ് നമ്പർ | പേര് | ഉപയോഗിക്കുന്നു | ഉപയോഗിക്കുന്നില്ല |
|---|---|---|---|---|
| 1 | 1 | വട്ടത്താണി-പാലകുറ്റിയാഴി തോട് | * | |
| 2 | 1 | വല്ലത്ത് കൈതോട് | | * |
| 3 | 2 | അമ്പലക്കുളം കൈതോട് | | * |
| 4 | 4 | താലൂക്ക് പാടം -മണ്ണിപ്പുറി തോട് | | * |
| 5 | 2,4, | വലിയതോട് | * | |
| 6 | 6 | പടിച്ചിറി തോട് | | * |
| 7 | 7 | കുനിയിൽ തോട് | | * |
| 8 | 7,8 | ഞാറ്റിരി തോട് | | * |
| 9 | 8,11 | മുട്ടഞ്ചേരിതോട് | | * |
| 10 | 9,10, | കനോലികനാൽ | * | |
| 11 | 9,14 | കാളാട് തോട് | | * |
| 12 | 10, | മണലി തോട് | | * |
| 13 | 11,8 | മുട്ടഞ്ചേരിതോട് | | * |
| 14 | 11 | തോട്ടായി തോട് | | * |
| 15 | 12 | അരുവിതോട് | | * |
| 16 | 13 | പാറപ്പാടം തോട് | | * |
| 17 | 13 | താമരക്കുളം -പുത്തൻതോട് | | * |
| 18 | 13 | വെളുവിൽ - പുത്തൻതോട് | | * |
| 19 | 13,15 | പാലകുറ്റിയാഴിതോട് | * | |
| 20 | 11 | ചെമ്പൻതോട് | | * |

ജല സേചനവുമായി ബന്ധപ്പെട്ട ആസ്തികളുടെ പട്ടിക. 8

കുളങ്ങളെ സംബന്ധിച്ച വിവരം പട്ടിക 9

നെഴ്സറികൾ പഞ്ചായത്തിൽ പ്രധാന നെഴ്സറികൾ ഇല്ല. തെങ്ങിൻ തൈകൾ, കവുങ്ങിൻ തൈകൾ എന്നീ ആവശ്യാനുസരണം ഉല്പാദിപ്പിക്കുന്നവർ ചുരുക്കം ചിലരുണ്ട്.

കൃഷി ഭവൻ

കാർഷിക മേഖലയായ പഞ്ചായത്തിനു വളരെ പ്രതീക്ഷയോട് കൂടി ആരംഭിച്ച കൃഷി ഭവന്റെ പ്രവർത്തനം പരിമിതമായ പ്രദേശങ്ങളിൽ മാത്രമേ എത്തിയിട്ടുള്ളൂ. പൂർണ്ണമായ രൂപത്തിൽ കൃഷി ഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്.

പ്രശ്നങ്ങൾ

1. തുണ്ട് ഭൂമികളിൽ ലാഭകരമായി കൃഷിചെയ്യാൻ പറ്റുന്നില്ല.

2. നെൽകൃഷി പ്രായേണ നഷ്ടമാണ്.

3. ചില സ്ഥലങ്ങളിൽ നീർക്കെട്ട് കാരണം നെൽ കൃഷി ചിഞ്ഞു നശിക്കാൻ കാരണമാകുന്നു.

4. വേണ്ടത്ര കർഷക തൊഴിലാളികളെ കിട്ടാത്തത് കാരണം സമയാ സമയങ്ങളിൽ കൃഷിപ്പണി നടക്കുന്നില്ല. വിളഞ്ഞ നെല്ല് പാടത്തുകിടന്ന് നശിക്കുന്നു. കൂലിനിരക്ക് വളരെ കൂടുതലാണ്.

5. അവരുടെ സേവന നിലവാരം കുറഞ്ഞുവരുന്നു.

6. ജലസേചന സൗകര്യങ്ങൾ കുറവാണ്. ഉള്ളവ വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.

7. കർഷകർ മുമ്പത്തെപോലെ സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരാ കുന്നില്ല.

8. ഉത്പാദന ചിലവിൽ വന്ന വർദ്ധനവ് കൃഷി നഷ്ടമാകുന്നതിന് കാരണമാണ്.

9. മുഖ്യ കൃഷിയായ തെങ്ങിന് ചിലസ്ഥലങ്ങളിൽ മെച്ചപ്പെട്ട ഉത്പാദനം ഉണ്ടെങ്കിലും ആനുപാതികമായ വർദ്ധനവ് എല്ലായിടത്തും ഇല്ല

10. നീർക്കെട്ട് വയലുകൾ നിരന്തരമായ തെങ്ങിൻ തോപ്പുകളെ ബാധിച്ചിട്ടുണ്ട്. നീർക്കെട്ട്

## കുളങ്ങൾ സംബന്ധിച്ച വിവരം

പൊതുകുളം •
സ്വകാര്യകുളം ○

| ക്രമ നമ്പർ | വാർഡ് നമ്പർ | പേര് | പൊതുകുളമോ | സ്വകാര്യകുളമോ | എപ്പോഴും വെള്ളംകിടുന്നത് | മുൻകാലം കുളം വളർത്തുന്നത് | ഒരുകാലം മുഴുവൻ വെള്ളം കിടാത്തത് |
|---|---|---|---|---|---|---|---|
| 1 | 1 | പാറകുളം | • | | | | ✓ |
| 2 | 1 | കൈതകുളം | • | | | | ✓ |
| 3 | 1 | പറമ്പിയാട് ക്ഷേത്രകുളം | | ○ | | | ✓ |
| 4 | 2 | താനാളൂർ അമ്പലകുളം | | ○ | ✓ | | |
| 5 | 3 | പകരകുളം | • | | ✓ | | |
| 6 | 4 | പള്ളികുളം | | ○ | | | ✓ |
| 7 | 4 | പാറക്കുഴി | | ○ | | ✓ | |
| 8 | 4 | കുത്തുകൽത് കുളം | • | | | | ✓ |
| 9 | 5 | പേരല കുളം | | ○ | | | ✓ |
| 10 | 5 | പഴം കുളം | • | | | | ✓ |
| 11 | 5 | ഒറ്റകുഴി | • | | | | ✓ |
| 12 | 5 | വലിയ ഓവും കുണ്ട് | • | | | | ✓ |
| 13 | 5 | പെരുംപേല കുളം | | ○ | | | ✓ |
| 14 | 5 | കുനിയിൽ കുളം | | ○ | | | ✓ |
| 15 | 5 | കള്ളിക്കൽ കുളം | | ○ | | | ✓ |
| 16 | 6 | പാലകുളം | | ○ | | | ✓ |
| 17 | 6 | കൈതകുളംതിനടത്തൂർ | • | | | | |
| 18 | 7 | മുച്ചിക്കൽ കുളം | • | | | | ✓ |
| 19 | 7 | അച്ചകുളം | | ○ | ✓ | | ✓ |
| 20 | 8 | കരിതം കുളം | • | | | | ✓ |
| 21 | 8 | തെങ്ങടൻകുളം | • | | | | ✓ |
| 22 | 8 | അങ്കത്തിൽ കുളം | • | | | | |
| 23 | 9 | പാപുതറകുളം | | ○ | | | |
| 24 | 9 | പള്ളികുളം | | ○ | | | |
| 25 | 9 | കാളാട് കുളം | | ○ | ✓ | | |
| 26 | 9 | പാലത്ത് കുളം | | ○ | ✓ | | |
| 27 | 10 | നായം കുളം | • | | ✓ | | |
| 28 | 10 | അയ്യപ്പൻകാവ് അമ്പലകുളം | | ○ | ✓ | | |
| 29 | 11 | പള്ളികുളം | • | | ✓ | | |
| 30 | 11 | തകുളം | • | | ✓ | | |
| 31 | 11 | കൊപ്പാട്ട് കുളം | • | | ✓ | | |
| 32 | 11 | മണ്ണാർകിഴികുളം | | ○ | ✓ | | |
| 33 | 11 | അലിപ്പാടം | | ○ | ✓ | | |
| 34 | 11 | കളത്തിൽപറമ്പിൽ കുളം | | ○ | ✓ | | |
| 35 | 12 | പറമ്പിൽ | | ○ | ✓ | | |
| 36 | 12 | ത്തകുളം | | ○ | ✓ | | |
| 37 | 13 | അമ്പല കുളം | | ○ | ✓ | | |
| 38 | 13 | പരക്കര മ്മകുളം | | ○ | ✓ | | |
| 39 | 13 | വെളിവിൽ ക്ഷേത്രകുളം | | ○ | ✓ | | |
| 40 | 13 | മനകുളം | | ○ | ✓ | ✓ | |
| 41 | 13 | ആനക്കാട്ട് കുളം | | ○ | ✓ | ✓ | |
| 42 | 13 | പുത്തൻതെരു ക്ഷേത്രകുളം | | ○ | | | |
| 43 | 13 | പുതുകുളം | • | | | | |
| 44 | 14 | പയ്യിലായികുളം | • | | | | |
| 45 | 14 | ശ്രീകൃഷ്ണക്ഷേത്രകുളം | | ○ | ✓ | | |
| 46 | 15 | താരകുളം | | ○ | ✓ | | |
| 47 | 15 | | | | ✓ | | |

കാരണം തെങ്ങ് തടിയിൽ വേരുകൾ ഉണ്ടാകുന്നു.

11. ജലസേചനം പരിമിതമായ സ്ഥലങ്ങളിൽ മാത്രമേ നല്കുന്നുള്ളു.

12. തേങ്ങയ്ക്ക് വേണ്ടത്ര വില കിട്ടുന്നില്ല.

13. നല്ലയിനം തൈകൾ ലഭിക്കുന്നില്ല.

14. ശാസ്ത്രീയമായ ഉപദേശ നിർദ്ദേശങ്ങൾ കിട്ടുന്നില്ല.

15. രാസവള പ്രയോഗം അശാസ്ത്രീയമാണ്.

16. മണ്ണ് പരിശോധനയ്ക്കുള്ള സൗകര്യങ്ങളില്ല.

17. ചില സ്ഥലങ്ങളിൽ മണ്ണൊലിപ്പ് പ്രശ്നമാണ്.

18. പച്ചില വളങ്ങൾ കിട്ടാനില്ല.

19. ജൈവ വളങ്ങളുടെ കുറവും ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും കവുങ്ങ് കൃഷിയെ ബാധിക്കുന്നു. കവുങ്ങ് കയറ്റ തൊഴിലാളി കളുടെ കുറവ്, കൂലി വർദ്ധന എന്നിവ പ്രശ്നങ്ങളാണ്. ചില കാലങ്ങളിൽ അടക്കവില വളരെ കുറയുന്നു.

20. അടക്ക ഉണക്കാനും സംസ്ക്കരിക്കാനും ഉള്ള അസൗകര്യങ്ങൾ

21. തെങ്ങിന്റെ ഇടയകലം അസാധാരണമാം വിധം കുറവാണ്.

22. കൊപ്ര വിപണനത്തിന് പ്രാദേശിക സൗകര്യങ്ങളില്ല.

23. ഇടത്തട്ടുകാരായ കച്ചവടക്കാരിൽനിന്ന് തക്ക സമയത്ത് വില കിട്ടു ന്നില്ല.

24. വെറ്റിലകൃഷി രോഗങ്ങൾ മൂലം നഷ്ടത്തിലാണ്.

25. പച്ചില വളക്ഷാമം വെറ്റില കൃഷിയെ ബാധിക്കുന്നു.

26. വെറ്റിലകൃഷി രോഗത്തിന് കിടനാശിനി കളോ ശാസ്ത്രീയമായ നിർദ്ദേശ ങ്ങളോ കിട്ടുന്നില്ല.

27. പറമ്പുകളിലും പാടങ്ങളിലും കൃഷിചെയ്തുവരുന്ന വാഴകൃഷിക്ക് വ്യാപകമായ രോഗങ്ങളും പ്രതീക്ഷിക്കാതെ എത്തുന്ന കാറ്റും കനത്ത നഷ്ടം വരുത്തി വെക്കുന്നു.

28. ഒരു കാലത്ത് നെൽപാടങ്ങളിലും പറമ്പുകളിലും കൃഷിചെയ്തു വന്നിരുന്ന പച്ചക്കറികളും, പുല, ചേമ്പ്, ചേന തുടങ്ങിയുള്ള ഇടവിളകളും കുറഞ്ഞു വരികയാണ്. ജലസേചന സൗകര്യമില്ലായ്മയും ജൈവ വളങ്ങ ളുടെ ലഭ്യതക്കുറവും ഇവയുടെ ഉത്പാദന കുറവിന്റെ കാരണമാണ്.

29. കുരുമുളക് കൃഷി രോഗങ്ങളും കൃഷിരീതിയിലെ അശാസ്ത്രീയതകൊണ്ടും ആദായകരമല്ല.

30. ആധുനിക കൃഷി ഉപകരണങ്ങൾ വ്യാപകമായ തോതിൽ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. മൂമി തുണ്ടുകളാക്കി മാറ്റിയത് ഇതിന് ഒരു കാരണമാണ്. കൃഷിഭവനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ ഇക്കാര്യത്തിൽ സാദ്ധ്യതകൾ ധാരാളം ഉണ്ട്.

31. പാട ശേഖര കമ്മറ്റികൾ കടലാസിൽ മാത്രമാണ്. ഒരു പ്രവർത്തനവും ഇല്ല.

32. കൃഷി ഭവന്റെ പ്രവർത്തനം ചില ഭാഗങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ വിത്തുകൾ ലഭിക്കായ്ക, വിദഗ്ദ ഉപദേശങ്ങൾ നല്കൽ, സർക്കാറിൽ നിന്നുള്ള ആനുകൂല്യങ്ങളെ പ്പറ്റിയുള്ള അജ്ഞത തുടങ്ങിയ കാരണങ്ങളെല്ലാം പലപ്പോഴും കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നില്ക്കുന്നു.

നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ അവശേഷിക്കുന്ന നെല്വയലുകൾ സംരക്ഷിക്കാൻ സത്വര നടപടി സ്വീകരിക്കുക. ഒരുപ്പുനിലങ്ങൾ ഇരുപ്പുനിലങ്ങളായും ഇരുപ്പുനിലങ്ങൾ മുപ്പുൽ നിലങ്ങളായും മാറ്റത്തക്ക നിലയിൽ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെ പറ്റി കർഷകർക്ക് ധാരണ നല്കുവാൻ കഴിയണം.

മുൻകാലങ്ങളിലുണ്ടായിരുന്ന കുളങ്ങളും തോടുകളും കർഷകരുടെ സഹായത്തോടെ സംരക്ഷിക്കണം. നിലവിലുണ്ടായിരുന്ന നശിച്ച നിർച്ചാലുകൾക്ക് പകരം ഡ്രൈനേജ് സൗകര്യം ഏർപ്പെടുത്തണം. വലിയതോട്, പാലക്കുറ്റിയാഴിതോട് എന്നിവയ്ക്ക് ആവശ്യമായ സ്ഥലങ്ങളിൽ ചിർപ്പുകൾ നിർമ്മിക്കണം. നിലവിലുള്ളവ അറ്റകുറ്റ പണികൾ നടത്തി ഉപയോഗ യോഗ്യമാക്കണം. സഹകരണ ജലസേചന രീതി നടപ്പാക്കണം.

കർഷകർക്ക് കുളങ്ങളും കിണറുകളും പമ്പുസെറ്റുകളും സ്ഥാപിക്കാനുള്ള മുഴുവൻ

ചിലവും സൗജന്യമായി നല്കണം. മാത്രമല്ല ഭൂപരിധി 30 സെന്റിൽ നിന്നും 15 സെന്റാക്കി കുറക്കണം.

നിലവിലുള്ള പാടശേഖര കമ്മറ്റികൾ പുനരുജീവിപ്പിച്ച് പ്രവർത്തനക്ഷമ മാക്കുകയും പുതിയവ രൂപീകരിക്കുകയും വേണം. പൊതുകുളങ്ങളും സ്ഥാപനങ്ങളുടെ കീഴിലുള്ള കുളങ്ങളും, സ്വകാര്യ കുളങ്ങളും ആഴംകൂട്ടി സംരക്ഷിച്ച് ജലസേചനത്തിന് ഉപയുക്തമാക്കണം.

കർഷക സമിതികളെ പുനരുജീവിപ്പിച്ച് ഗ്രൂപ്പ് ഫാമിങ് കൃഷിക്ക് തയ്യാറാക്കണം. പഞ്ചായത്തിന്റെ കീഴിൽ വീടുകൾക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്ത് അവർക്ക് കൃഷിയിൽ പ്രോത്സാഹനങ്ങൾ നല്കണം. സ്കൂളുകളിൽ പച്ചക്കറിതോട്ടം തുടങ്ങുവാനും അവർക്ക് മത്സരങ്ങൾ നടത്താനും പ്രയത്നി ക്കണം.

പഴയകാല ഔഷധചെടികൾ ഇഞ്ചി, മഞ്ഞൾ, ആരിവെപ്പ് മുതലായവയുടെ ഉത്പാദനം വർദ്ധിപ്പിക്കണം. വീടുകളുടെ പുന്തോട്ടങ്ങളിൽ ഔഷധചെടികൾ വെച്ചുപിടിപ്പിക്കാൻ പ്രോത്സാഹിപ്പിക്കണം.

പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലോ മറ്റോ കൃഷിഭവന്റെ കീഴിൽ ബോധവത്ക്കരണം നടത്തി കീടനാശിനികൾ ഉപയോഗിക്കുന്ന വിധവും പഴയകാലത്ത് ഇതിന് ഉപയോഗിച്ചിരുന്ന രീതികളും പഠിപ്പിക്കണം.

രാസവളങ്ങൾ കുറഞ്ഞവിലയ്ക്ക് സഹകരണ മേഖലകളിൽ നിന്നു തന്നെ ലഭ്യമാക്കണം. ഡെയിഞ്ച, ശീമകൊന്ന മുതലായവ വളർത്തി പച്ചില വളപ്രയോഗം പ്രോത്സാഹിപ്പിക്കണം. കാർഷിക ലോണുകൾ അനുവദിക്കുമ്പോൾ രാസവളത്തിന് മാത്രം ബാങ്കുകൾ പണം കടം കൊടുക്കുന്നത് നിർത്തലാക്കി ജൈവവളത്തിനും അത് ബാധകമാക്കണം.

കാലവർഷ കെടുതികളിൽ കൃഷിനാശത്തിന് പെട്ടന്ന് സാമ്പത്തിക സഹായങ്ങൾ കൊടുക്കാനുള്ള അധികാരം പഞ്ചായത്തിന് നല്കണം. വിളകൾ ഇൻഷൂർ ചെയ്യുന്ന രീതികൾ, കൃഷിഭവന്റെ പരിപാടികൾ അറിയി ക്കുന്ന പരസ്യങ്ങൾ അതാത് കാലങ്ങളിൽ പഞ്ചായത്ത് തലത്തിൽ അറിയി ക്കണം.

കൊപ്ര സംഭരണം സഹകരണ ബാങ്കികൾക്ക് നഷ്ടമാണെങ്കിലും നിർബന്ധമാക്കുക. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ജന സഹകരണത്തോടെ കൊപ്ര സംഭരണ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുക.

തരിശ് ഭൂമികളിൽ കശുമാവ് കൃഷിചെയ്യാനുള്ള പദ്ധതികൾ ആവിഷ്ക്ക രിക്കണം.

പഞ്ചായത്ത് തലത്തിൽ നല്ല കർഷകരെ തിരഞ്ഞെടുക്കുന്ന രീതികൾ പരിഷ്ക്കരിക്കണം.

പഞ്ചായത്തിന്റെ ഒരതിർത്തിയിലുള്ള കൃഷിഭവൻ ഓഫീസ് പഞ്ചായത്തിന്റെ മധ്യഭാഗത്തോ മറ്റോ സ്ഥാപിക്കുക. ആസൂത്രണകാര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

കാർഷിക വികസന ബാങ്ക് നിറമരുതൂർ വില്ലേജിൽ സ്ഥാപിക്കുകയോ സഹകരണ ബാങ്കിന്റെ ശാഖകൾ സ്ഥാപിച്ച് കർഷകർക്ക് ലോണുകളുടെ ബുദ്ധിമുട്ട് ഒഴിവാക്കുക. പച്ചക്കറിവിത്തുകൾ പഞ്ചായത്ത് തലത്തിൽ ഉത്പാദി പ്പിച്ച് കൃഷികാർക്ക് വിതരണം ചെയ്യുക.

കാർഷിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗതാഗത സൗകര്യം വിപുലമാക്കുക. കൃഷി ആവശ്യത്തിനുള്ള വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക. കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാ ക്കുന്നതോടൊപ്പം ഭൂപരിധി കുറക്കുകയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും ചെയ്യുക.

# ഭൂപ്രകൃതി, ജനപ്രകൃതി

'മണ്ണിൽ പൊന്നു വിളയിക്കുന്ന മനുഷ്യൻ.' അദ്ധ്വാനത്തിന്റെ മഹത്വം വിളിച്ചോതുന്ന ഈ കവിവാക്യത്തിലെ രണ്ടു ഘടകളെയും കുറിച്ചാണ് ഈ അദ്ധ്യായം പ്രതിപ്പാദിപ്പിക്കുന്നത്. മണ്ണും മനുഷ്യനും അതായത് ഭൂപ്രകൃതിയും ജനപ്രകൃതിയും.

അറബികടലിനോട് ചേർന്നു കിടക്കുന്ന ഒരു തിര ദേശ പഞ്ചായത്താണ് താനാളൂർ പഞ്ചായത്ത്. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തി 3.5 കിലോമീറ്ററോളം അറബികടലും 4 കിലോമീറ്ററോളം അറബിക്കടലിന് തൊട്ട് കിടക്കുന്ന കനോലി കനാലുമാണ്. കടൽ തീരത്തുനിന്ന് പഞ്ചായത്തിന്റെ ഏറ്റവും കിഴക്കേ അറ്റത്തേക്കുള്ള ദൂരം ഏതാണ്ട് ഏഴ് കിലോ മീറ്ററാണ്. തെക്കുവടക്കും ഏതാണ്ട് ഇത്ര തന്നെയാണ് പഞ്ചായത്തിലെ പരമാവധി അകലം. താനൂർ പഞ്ചായത്ത് വടക്കുഭാഗത്തും, ഒഴൂർ പൊന്മുണ്ടം പഞ്ചായത്തുകൾ കിഴക്കു ഭാഗത്തും, തിരൂർ മുനിസിപ്പാലിറ്റിയും, ചെറിയമുണ്ടം, വെട്ടം പഞ്ചായത്തുകളും തെക്കു ഭാഗത്തും പഞ്ചായത്തിന്റെ അതിർത്തികളാണ്. പഞ്ചായത്തിന്റെ തീരഭാഗം പ്രദേശങ്ങളും സമതല പ്രദേശങ്ങളാണ്. പഞ്ചായത്തിന്റെ കിഴക്കേ അറ്റത്തുള്ള പകര നിരപ്പ് താലപ്പറമ്പ്, അരിക്കാട് പ്രദേശങ്ങളാണ് സമുദ്രനിരപ്പിൽ നിന്ന് ഏറ്റവും ഉയർന്ന ഭാഗങ്ങൾ. 24.32 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ ഏതാണ്ട് 3.5 ചതുരശ്രകിലോമീറ്റർ മാത്രമാണ് ഉയർന്നതോ ചെരിഞ്ഞതോ ആയ പ്രദേശങ്ങൾ. തലപറമ്പ്, അരിക്കാട്, പകര നിരപ്പ് പ്രദേശങ്ങൾ ചെമ്പാറകൾ ധാരാളമുള്ളവയാണ്. പടിഞ്ഞാറ്റ് നിങ്ങുംതോറും കൽചേടിയോടുകൂടിയ ചുവന്നമണ്ണ് ഉള്ള പ്രദേശങ്ങളാണ്. എന്നാൽ ചേറ് മണ്ണുള്ള വയൽ പ്രദേശത്തുടെ താനാളൂരിലോ മീനടത്തൂരോ എത്തുമ്പോൾ മണൽ പ്രദേശം ആരംഭിച്ചതായി കാണാം. ഈ മണൽ പ്രദേശം പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റം വരെ തുടരുന്നു. പൊതുവേ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലെ മണ്ണ് ഫലപുഷ്ഠിയുള്ളതാണ്. നെല്ലിനും തെങ്ങിനും പുറമെ കവുങ്ങ്, വെറ്റില എന്നിവയുടെ കൃഷിയ്ക്ക് യോഗ്യമാണ്. എന്നാൽ പടിഞ്ഞാറൻ പ്രദേശങ്ങളിൽ പ്രധാനമായും തെങ്ങുകൃഷിയ്ക്ക് മാത്രം അനുയോജ്യമായ മൺതരമാണുള്ളത്. അതുകൊണ്ടുതന്നെ വളരെവ്യാപകമായി പാടങ്ങൾ തൂർത്ത് തെങ്ങിൽ തൈവെയ്ക്കലും ഭവന നിർമ്മാണവും നടക്കുന്നുണ്ട്. അതിവിശാലമായ വലിയപാടവും പത്തമ്പാട്, കോരങ്ങത്ത്, കേരളാധീശ്വരപുരം ഭാഗങ്ങളിലുള്ള

മറ്റ് പാടങ്ങളും പകുതിയിലേറെ നികത്തപ്പെട്ടുകഴിഞ്ഞു.

അരിക്കാട്, പകര ഭാഗങ്ങളാണ് ശുദ്ധജലക്ഷാമം ഏറ്റവും കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ. ഇവിടങ്ങളിൽ വർഷത്തിൽ മൂന്ന് മാസത്തിലേറെ ജലക്ഷാമം ഉണ്ടാവാറുണ്ട്. വർഷകാലത്ത് നീർക്കെട്ട് ഉണ്ടാവുന്ന പ്രദേശങ്ങൾ ഓവും കുണ്ട് പാലത്തിന് സമീപമുള്ള പ്രദേശങ്ങളാണ്. പാടംതൂർക്കലും തോടുകൾ നന്നാക്കാതിരിക്കലുമൊക്കെ കാരണം ചെറിയ നീർക്കെട്ടുകൾ പടിഞ്ഞാറൻ പ്രദേശങ്ങളിലും ഉണ്ടാവാറുണ്ട്. മറ്റു മിക്ക സ്ഥലങ്ങളിൽനിന്നും മഴവെള്ളം മണിക്കുനുകൾ കൊണ്ട് തന്നെ വിവിധ തോടുകൾ വഴി കനോലി കനാലിലേയ്ക്കോ തിരൂർ പുഴയിലേയ്ക്കോ എത്തുന്നു. പഞ്ചായത്തിലെ സസ്യാവരണങ്ങളിൽ പ്രഥമസ്ഥാനം തെങ്ങുകൾക്ക് തന്നെയാണ്. വിസ്തൃതമായ നെൽപാടങ്ങൾ പറങ്കിമാവ്, പൈൻമരങ്ങൾ, മാവുകൾ തുടങ്ങിയ വൃക്ഷങ്ങളാണ് സസ്യാവരണം പോഷിപ്പിക്കുന്ന മറ്റ് ഘടകങ്ങൾ.

പഞ്ചായത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 2586 ജനങ്ങൾ എന്നതാണ്. കോളനി പ്രദേശങ്ങൾ, തെരുവുകൾ തുടങ്ങിയവയൊക്കെയാണ് ഏറ്റവും സാന്ദ്രത കൂടിയ പ്രദേശങ്ങൾ.

പുതുക്കിയ കണക്കനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 62905 ആണ്. ജനങ്ങളിൽ 19% പേർ 6 വയസിനു താഴെയുള്ള കുട്ടികളാണ്.

സ്ത്രീ പുരുഷ അനുപാതം നമ്മുടെ പഞ്ചായത്തിൽ 1000 പുരുഷന്മാർക്ക് 1066 സ്ത്രീകൾ എന്നതാണ് എന്ന് 91 ലെ കാനേഷുമാരി കണക്കെടുപ്പ് സൂചിപ്പിക്കുന്നു. അതേ കണക്കുകൾ പ്രകാരം പഞ്ചായത്തിലെ ജനസംഖ്യയിൽ 87% സാക്ഷരരാണ്. വാർഡ് തലത്തിൽ നടത്തിയ വിവര ശേഖരണത്തിൽ ലഭ്യമായ തൊഴിൽ വിഭജനം ഇങ്ങനെയാണ്.

| തൊഴിൽ | തൊഴിലാളികളുടെ എണ്ണം |
|---|---|
| മരപ്പണിക്കാർ, ആശാരിമാർ | 340 |
| കല്പണിക്കാർ | 593 |
| തെങ്ങ് കയറ്റ തൊഴിലാളികൾ | 170 |
| കൃഷിപ്പണി, കൈക്കോട്ട് കിള | 1792 |
| മത്സ്യ ബന്ധനം | 1636 |
| മത്സ്യ വിൽപനക്കാർ | 203 |
| കന്നുപൂട്ട് തൊഴിലാളികൾ | 121 |
| ആകെ | 4855 |

ഇവയ്ക്കു പുറമേ പരമ്പരാഗത കുടിൽ വ്യവസായങ്ങളായ കയറ്പിരി കുടുംബങ്ങൾ 105 ഉം, നെയ്ത്ത് കുടുംബങ്ങൾ 96 എന്നിവ കൂടി നമ്മുടെ പഞ്ചായത്തിനുണ്ട്. കൃത്യമായി തൊഴിലാളികളുടെ എണ്ണം പറയാനാവില്ല. സർക്കാർ സ്വകാര്യതലങ്ങളിൽ വിദ്യാഭ്യാസ രംഗത്ത് 486 ഉം ആരോഗ്യരംഗത്ത് 52 ഉം മറ്റ് സേവന മേഖലകളിൽ 114 ഉം പേർ ജോലി ചെയ്യുന്നതായി കണക്കുകൾ കാണിക്കുന്നു. മറ്റു പ്രധാന തൊഴിൽ മേഖലകളായ ഡ്രൈവിങ്, കച്ചവടം എന്നീ രംഗങ്ങളിലെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും 45 വയസിനുതാഴെയുള്ളവരിൽ 90% ത്തിലേറെ പ്രൈമറി വിദ്യാഭ്യാസം നേടിയവരാണ്. സ്കൂളിൽ ചേർന്നെങ്കിലും ഇടയ്ക്കുവെച്ച് പഠനം നിർത്തി നിരക്ഷരതയിലേയ്ക്ക് പോയവരാണ് ബഹുഭൂരിപക്ഷം. കണക്കുകൾ പ്രകാരം ഏതാണ്ട് 800 പേരാണ് ഈ വർഷം SSLC യ്ക്ക് പഠിക്കുന്നവരായി ഉള്ളത്. ഈ പ്രായത്തിലുള്ളവരിൽ ചെറുതല്ലാത്ത ഒരു വിഭാഗം ഇടയ്ക്കു വെച്ച് സ്കൂളിൽ നിന്ന് പഠനം നിർത്തിയതായി ഈ കണക്കുകൾ സൂചിപ്പിക്കുന്നു.

ഹിന്ദു, മുസ്ലീം മതവിഭാഗങ്ങളെയും വിവിധജാതി സമുദായങ്ങളായും അവരുടെ ആചാരങ്ങൾ നിലനിർത്തുമ്പോൾ തന്നെ ജീവിത രീതികളിൽ കാര്യമായ അന്തരം ഒരു വിഭാഗത്തിലുമില്ല. സാമൂഹ്യബോധവും പ്രതികരണശേഷിയും, കൂട്ടായ്മയുമുള്ള ഈ ജനസമ്പത്തിൽ നമുക്ക് അഭിമാനിക്കാം.

# മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം

ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മുതൽ മുടക്കിൽ കൂടുതൽ ലാഭം നേടുന്ന മേഖലയാണ് മൃഗസംരക്ഷണ മേഖല. കഴിഞ്ഞ രണ്ടു ദശാബ്ദ കാലയളവിൽ മൃഗസംരക്ഷണ രംഗത്ത് ഗണ്യമായ വളർച്ചയും വികാസവുമാണ് ഉണ്ടായിട്ടുള്ളത്. ഭാരതത്തിൽ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 10% സംഭാവന ചെയ്യുന്നത് മൃഗസംരക്ഷണ മേഖലയാണ്. ഭാരതത്തിന്റെ മൊത്തം കാർഷിക വരുമാനത്തിന്റെ 25% മൃഗ സംരക്ഷണ മേഖലയുടെ സംഭാവനയാണ്. എന്നാൽ മൊത്തം കാർഷിക മേഖലയ്ക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിന്റെ വെറും 6.98% മാത്രമേ മൃഗസംരക്ഷണ മേഖലയ്ക്ക് ലഭിക്കുന്നുള്ളൂ എന്നത് ദുഖകരമായ വസ്തുതയാണ്.

കേരളത്തിൽ മൃഗസംരക്ഷണ രംഗത്ത് കഴിഞ്ഞ 35 വർഷങ്ങൾക്കിടയ്ക്ക് ഉണ്ടായ വളർച്ചയും വികാസവും പരിശോധിച്ചാൽ ഏറ്റവും പ്രകടമായി കാണുന്ന വസ്തുത പാലിന്റെ ഉത്പാദനത്തിലും ഉപഭോഗത്തിലുമുണ്ടായ ഗണ്യമായ വർദ്ധനവാണ്. 1960കളിൽ പാൽ ഉത്പാദനം കേവലം 2 ലക്ഷം ടൺ ആയിരുന്നു. എന്നാൽ കൃത്രിമ ബീജ സങ്കലനം എന്ന സാങ്കേതിക വിദ്യയുടെ ഫലമായി 1995 ആയപ്പോൾ പാൽ ഉൽപാദനം 22 ലക്ഷം ടൺ ആയി വർദ്ധിച്ചു. ചുരുക്കത്തിൽ ഒറ്റനോട്ടത്തിൽ ഗംഭീരമെന്ന് തോന്നാവുന്ന ഒരുപാട് നേട്ടങ്ങൾ കേരളത്തിലെ മൃഗസംരക്ഷണ ക്ഷീരോത്പാദന മേഖല കൈവരിച്ചിട്ടുണ്ട്. എന്നാൽ ഈ നേട്ടം സമൂഹത്തിന്റെ താഴെ തട്ടിലേയ്ക്ക് എത്രത്തോളം എത്തിച്ചേർന്നിട്ടുണ്ട് എന്ന കാര്യം സൂക്ഷ്മമായി പരിശോധിക്കപ്പെടേണ്ടതുണ്ട്.

ലഭ്യമായ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 750 സങ്കരയിനം പശുക്കളും 600 എരുമകളും 700 സാധാരണയിനം പശുക്കളും ഉൾപ്പെടെ 10000 ത്തോളം കന്നുകാലികൾ ഉണ്ട്. നാടൻ ഇനങ്ങളിൽ നിന്ന് പുതിയ ജനുസ്സുകളിലേക്കുള്ള മാറ്റം നമ്മുടെ പഞ്ചായത്തിലും പ്രകടമാണ്. മൃഗപരിപാലനത്തിൽ ഏർപ്പെട്ടിട്ടുള്ള വീടുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ടെങ്കിലും പുതിയ ജനുസ്സുകളിലേക്കുള്ള മാറ്റം പാൽ ഉത്പാദനം വർദ്ധിപ്പിക്കുവാൻ സഹായിച്ചിട്ടുണ്ട്. എങ്കിലും ആവശ്യത്തിനനുസരിച്ചുള്ള പാൽ ആഭ്യന്തരമായി ഉത്പാദിപ്പിക്കപ്പെടുന്നില്ല. കന്നു കാലികൾക്ക്, പ്രത്യേകിച്ച് പുതിയ ഇനങ്ങൾക്ക് രോഗങ്ങൾ കൂടുതലായി കാണപ്പെടുന്നുണ്ടെന്നാണ് പഴയ ആളുകളുടെ അഭിപ്രായം.

പട്ടിക നോക്കുക.

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | കോഴി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 2. | ദഹനസംബന്ധമായവ | 450 | 154 | 110 | 50 |
| 3. | ശ്വാസകോശസംബന്ധം | 200 | 100 | 200 | 100 |
| 4. | ഉപാപചയ സംബന്ധം | 100 | 75 | 75 | 40 |
| 5. | തൊക്ക് രോഗങ്ങൾ | 110 | 40 | | 60 |
| 6. | ധാതു ലവണങ്ങളുടെ അഭാവം | 300 | 130 | 50 | 120 |
| 7. | പരാദ രോഗങ്ങൾ | 250 | 150 | 300 | 200 |
| 8. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 100 | 25 | 15 | |
| 9. | വന്ധ്യത | 30 | 25 | | |
| 10. | മുടന്തൻ പനി | 45 | | 15 | |
| 11. | അകിടുവീക്കം | 40 | | 20 | |
| 12 | പകർച്ചവ്യാധികൾ | 20 | 15 | 10 | 50 |

മുൻകാലങ്ങളിൽ നെൽകൃഷിയുടെ ഉപോത്പന്നമായിരുന്ന വൈക്കോലും പുല്ലും ആയിരുന്നു കന്നുകാലികളുടെ പ്രധാന തീറ്റ. അക്കാലങ്ങളിൽ തലക്കെട്ടുപാടം, ചേനിയൽ പാടം, തട്ടാട്ട് പാടം, താനാളൂർപാടം എന്നിവിടങ്ങളിലേക്ക് കൂട്ടം കൂട്ടമായി നീങ്ങുന്ന കാലികളും അവയെ നയിക്കുന്ന പണിക്കാരും ഒരു സാധാരണ ദൃശ്യമായിരുന്നു. നെൽ കൃഷിയിലുണ്ടായ കുറവും മേച്ചിൽ പുറങ്ങൾ മനുഷ്യവാസ സ്ഥലങ്ങളായി മാറിയതും കന്നുകാലിത്തീറ്റയുടെ ലഭ്യത കുറച്ചിട്ടുണ്ട്. അതിനാൽ കാലിത്തീറ്റ ഭൂരിഭാഗവും പുറമെ നിന്ന് വാങ്ങി ഉപയോഗിക്കേണ്ട അവസ്ഥ നിലവിൽ വന്നിരിക്കുന്നു. കൃഷിയിലുണ്ടായ മാറ്റം ഉഴവു കാളകളുടെ എണ്ണത്തിലും കുറവ് വരുത്തിയിട്ടുണ്ട്. പതിനായിരങ്ങൾക്ക് ഹരമായിരുന്ന കാളപൂട്ട് മത്സരങ്ങളും ഇന്നില്ലാതായിട്ടുണ്ട്. പല വീടുകളിൽ നിന്നായി പാൽ ശേഖരിച്ച് ദൂരസ്ഥലങ്ങളിൽവരെ വിറ്റഴിച്ച് ഉപജീവനം നടത്തിയിരുന്ന വിഭാഗം ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. നാട്ടുമ്പുറത്തുകാരായ ബ്രോക്കർമാരാണ് അന്നും ഇന്നും വില്പനയെ നിയന്ത്രിച്ചിരുന്നത്. സാധാരണക്കാരന് മനസിലാകാത്ത പല കോഡുഭാഷകൾ ഉപയോഗിച്ച് ബ്രോക്കർമാർ കച്ചവടക്കാരെ കബളിപ്പിക്കുന്ന പതിവുണ്ട്. വീടുകളിൽ വളർത്തിയിരുന്ന വിത്തുകാളകളെയാണ്. പ്രജനനത്തിനായി പണ്ടുകാലത്ത് ഉപയോഗിച്ചിരുന്നത് എങ്കിൽ ഇന്ന് വലിയപാടത്തുള്ള മൃഗാശുപത്രിയെയാണ് കൂടുതലായി ആശ്രയിക്കുന്നത്. മുട്ടയുടെയും മാംസത്തിന്റെയും ഉപഭോഗം മുമ്പത്തേക്കാളേറെ വർദ്ധിച്ചിട്ടുണ്ട്. മുൻ കാലങ്ങളിൽ കോഴിമുട്ട വ്യാപാരം പ്രാദേശികമായിരുന്നു. അത് അന്ന് സ്ത്രീകൾക്ക് കാണാചിലവുകൾക്കുള്ള ഒരു സമ്പാദ്യ മാർഗ്ഗമായിരുന്നു. ഇന്ന് മുട്ട വില്ക്കുന്ന കുടുംബങ്ങളോ വീടുകളിൽചെന്ന് കോഴിമുട്ട വാങ്ങുന്ന കച്ചവടക്കാരനോ ഇല്ല. പകരം നമ്മുടെ മാർക്കറ്റിലേക്കുള്ള ഒരു ഇറക്കുമതി വസ്തുവായി മുട്ടമാറിയിട്ടുണ്ട്. മാംസത്തിനാവശ്യമായ കോഴിയും കന്നുകാലികളും ഇന്നു പുറമെനിന്നു വന്നെത്തുകയാണ്. ഇവയിൽ പലതും പലവിധ രോഗങ്ങൾ ഉള്ളവയാണ്.

### *വകുപ്പ് അവലോകനം*

ഉയർന്ന ജനിതക ഗുണമുള്ള പശുക്കളുടെ സംരക്ഷണം, പരിചരണം പകുതി വിലക്ക് കാലിത്തീറ്റ എന്നീ ലക്ഷ്യങ്ങൾ ഉള്ളതും ഏതാണ്ട് 4000 രൂപ വരെ സബ്സിഡി ലഭിക്കുന്നതുമായ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, ക്ഷീരസംഘങ്ങളുടെ അഭാവം മൂലം നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

പേ വിഷബാധക്കെതിരെയുള്ള വാക്സിൻ പകുതി വിലക്ക് ലഭ്യമാക്കുക, തെരുവ് നായ്ക്കളെ നശിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാ

ക്കുന്ന പേവിഷനിർമ്മാർജന പദ്ധതിയുടെ ഭാഗമായി 1995-96 ൽ താനാളൂർ പഞ്ചായത്തിൽ 30 നായ്ക്കളെ പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കുകയുണ്ടായി. വാക്സിന്റെ ലഭ്യതക്കുറവും ഫലപ്രദമാകാത്ത ലൈസൻസിങ് സമ്പ്രദായവും പട്ടിപിടുത്തക്കാരുടെ ദൗർലഭ്യവും ജനപങ്കാളിത്ത കുറവും ഈ പദ്ധതിയുടെ പോരായ്മകളാണ്.

പാണ്ട്യാട്ട് ഹരിജൻ കോളനിയിൽ 10 ഗുണഭോക്താക്കൾക്ക് സൗജന്യമായി ആടുകളെ വിതരണം ചെയ്യുകയുണ്ടായി. ഗുണഭോക്താക്കൾ ആടുകളെ വളർത്തുന്നു എന്നു ഉറപ്പു വരുത്താൻ നിലവിൽ സംവിധാനമില്ല. 1994-95 സാമ്പത്തിക വർഷത്തിൽ മുറിവഴിക്കൽ കോളനിയിൽ 5 പട്ടികജാതി കുടുംബങ്ങൾക്ക് 6000 രൂപ പ്രകാരം 30,000 രൂപ കറവപശു വിതരണം, തൊഴുത്തുനിർമ്മാണം, പരിചരണപരിശീലനം, ഇൻഷൂറൻസ് എന്നീ ഇനങ്ങളിൽ ചെലവാക്കിയിട്ടുണ്ട്. 1995-96 ൽ ഗോ രക്ഷ ക്യമ്പുകളും ഒരു വന്ധ്യതാ നിവാരണ ക്യാമ്പും 90 പശുക്കൾക്ക് കുളമ്പു രോഗത്തിനുള്ള കുത്തിവെപ്പും നമ്മുടെ പഞ്ചായത്തിൽ സംഘടിപ്പിക്കുകയുണ്ടായി. പഞ്ചായത്തിൽ ഏപ്രിൽ 93 വരെ 1680 കന്നുകാലികൾക്ക് കൃത്രിമ ബീജ സങ്കലനം നടത്തിയിട്ടുണ്ട്.

| വളർത്തുമൃഗം ആകെ ഇനം | എണ്ണം | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ൽ അധികം ബീജസങ്കലനംനടത്തിയവ |
|---|---|---|---|
| | | | |
| പശു | 100 | 840 | 80 |
| കിടാരി | 450 | 360 | 30 |
| എരുമ | 600 | 480 | 50 |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിനാവശ്യമായ പാൽ, മുട്ട, മാംസം എന്നിവ ആഭ്യന്തരമായി ഉദ്പാദിപ്പിക്കുന്നില്ല.
2. ഉത്പാദനചിലവ് വളരെ കൂടുതൽ ആണ്.
3. മൃഗസംരക്ഷണ മേഖലയിലേക്ക് അഭ്യസ്തവിദ്യർ കടന്നു വരുന്നില്ല.
4. ധനകാര്യവായ്പാസഥാപനങ്ങൾ ഈ മേഖലയിൽ വേണ്ടത്ര താത്പര്യം പ്രകടിപ്പിക്കുന്നില്ല.
5. മേച്ചിൽ സ്ഥലങ്ങൾ ചുരുങ്ങുന്നതിനനുസരിച്ച് ഉൽപാദന ചിലവ് വർദ്ധിക്കുകയും ചെയ്യുന്നു.
6. കാലിത്തീറ്റ, കോഴിത്തീറ്റ രംഗത്തുള്ള ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റവും വിലകൂടുതലും
7. അടുക്കളമുറ്റത്ത് വളർത്താൻ അനുയോജ്യമായ കോഴിക്കുഞ്ഞുങ്ങളുടെ ക്ഷാമം.
8. രോഗികളായ അറവുമൃഗങ്ങളും വൃത്തിഹീനമായ കശാപ്പുശാലകളും.
9. ക്ഷീരവികസന സംഘങ്ങളുടെ അഭാവം മൂലം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പോലുള്ള പദ്ധതികൾ പഞ്ചായത്ത് തലത്തിൽ നടപ്പിലാവുന്നില്ല. കൂടാതെ ക്ഷീരവികസന സംബന്ധമായ വിലയിരുത്തലുകൾ പോലും അസാദ്ധ്യമാകുന്നു.
10. പഞ്ചായത്തിലെ മൃഗാശുപത്രിയുടെ സേവനം വിദൂര വാർഡുകൾക്ക് ലഭിക്കുന്നില്ല.
11. നിലവിലുള്ള ആശുപത്രിക്ക് സ്വന്തമായി കൊട്ടിടമോ വേണ്ടത്ര ഫർണിച്ചറോ മരുന്ന് സൂക്ഷിക്കാനുള്ള റഫ്രിജറേറ്ററോ, മൈക്രോസ്കോപ്പ് പോലുള്ള അത്യാവശ്യ ഉപകരണങ്ങളോ ഇല്ല. അതിനാൽ മരുന്നു പോലും ആവശ്യത്തിന് ലഭ്യമല്ല.
12. തീറ്റപ്പുൽ കൃഷിയിൽ ബോധപൂർവ്വമായ ഇടപെടലുകൾ ഉണ്ടാവുന്നില്ല.
13. വിദൂരസഥലങ്ങളിൽ നിന്നു കൊണ്ടുവരുന്ന അറവുമാടുകളോടുള്ള ക്രൂരത.
14. മൃഗപരിപാലനത്തിന്റെ ശാസ്ത്രീയ വശങ്ങൾ വേണ്ടത്ര വ്യാപകമായിട്ടില്ല ഇത് രോഗങ്ങൾക്ക് ഇടവരുത്തുന്നു.
15. മലബാറി ആടുകൾ വംശനാശത്തിന്റെ ഭീഷണിയിലാണ്.
16. പാൽ സംഭരണം, വിപണനം എന്നിവക്ക് ഗുണനിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

## *നിർദ്ദേശങ്ങൾ*

1. ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയുടെ കീഴിൽ തീറ്റപ്പുൽകൃഷി വ്യാപകമാക്കുക. കാലിത്തീറ്റ മിശ്രണയൂണിറ്റുൾ സ്ഥാപിക്കുക, സബ്സിഡി നിരക്കിൽ കന്നുകുട്ടികളെയും, ആടുകളെയും വിതരണം ചെയ്യുക. പ്രതിരോധ കുത്തിവെപ്പ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

2. പഞ്ചായത്തിലെ തരിശ് ഭാഗങ്ങളിലും, റെയിൽവേ റോഡ് ഓരങ്ങളിലും തോട്ട വിളകളുടെ ഇടവിളകളായും തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കാവുന്നതാണ്.

3 പഞ്ചായത്തിനകത്തുള്ള സ്വകാര്യ ഹാച്ചറികളുടെ സേവനം ലഭ്യമാക്കിയോ, ജില്ലാതലത്തിൽ സഹകരണ മേഖലയിൽ ഹാച്ചറി സ്ഥാപിച്ചോ ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കി വിട്ടുമുറ്റ കോഴികൃഷി വ്യാപകമാക്കുക.

4. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ കോഴിത്തീറ്റ ഉത്പാദിപ്പിക്കുക.

5. മൃഗ സംരക്ഷണാവശ്യങ്ങൾക്ക് കൂടുതൽ വായ്പകൾ നൽകാൻ നിലവിലുള്ള ധനകാര്യ സ്ഥാപനങ്ങളെ നിഷ്കർഷിക്കുക.

6. കശാപ്പു ശാലകളെ നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കുകയും വൃത്തിഹീനമായവക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുക. മൃഗ ഡോക്ടറുടെ പരിശോധനയ്ക്ക് ശേഷം മാത്രം അറവ് അനുവദിക്കുക. കോഴിമാംസ വ്യാപാര കേന്ദ്രങ്ങളെയും പരിശോധനയ്ക്ക് വിധേയമാക്കുക.

7. തോൽ, രക്തം ഇവ സംസ്കരിക്കുന്ന സംവിധാനങ്ങളോട് കൂടിയ ആധുനിക അറവു ശാലകളായി പഞ്ചായത്തിലെ നിലവിലുള്ള അറവുശാലകളെ ഘട്ടം ഘട്ടമായി മാറ്റുക.

8. നിറമരുതൂർ വില്ലേജിൽ ഒരു മൃഗാശുപത്രി ആരംഭിക്കുക. 500 പശുക്കൾക്ക് ഒരു ബീജസങ്കലന കേന്ദ്രം എന്ന നിലയിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

9. നിലവിലുള്ള ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിച്ച് മരുന്നും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കുക.

10. ബീജസങ്കലനകേന്ദ്രവും മൃഗാശു പത്രിയും ഒന്നിച്ചു പ്രവർത്തി ക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

11. മൃഗങ്ങളോടുള്ള ക്രൂരതയ്ക്ക് കഠിന ശിക്ഷ നല്കുക.

12. പാൽ സംഭരണം, വിപണനം, സംസ്ക്കരണം എന്നിവയ്ക്ക് വേണ്ട സംവിധാനം രണ്ട് വാർഡുകൾക്ക് ഒന്നു വീതമെങ്കിലും ഉണ്ടാക്കുക. ഗുണ നിയന്ത്രണം ഉറപ്പ് വരുത്തുക.

13. മൃഗ സംരക്ഷണം, മത്സ്യ ബന്ധനം, ക്ഷീര വികസനം എന്നി മേഖലകളിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ ഉറപ്പാക്കുക.

14. പേ വിഷ നിർമ്മാർജന പരിപാടിയും വളർത്തു നായകൾക്ക് ലൈസൻസ് വ്യാപകമാക്കുന്ന പ്രവർത്തനവും കൂടുതൽ ജനകീയമാക്കുക.

15. മൃഗ പരിപാലനത്തിന്റെ ശാസ്ത്രീയ വശങ്ങൾ കർഷകരിൽ എത്തിക്കാൻ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. മൃഗാശുപത്രിയിൽ ഇതിനുവേണ്ട ഹാളും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തുക.

16. മലബാറി ആടുകളുടെ നിലനില്പിന് സഹായമാകും വിധം ആടുവളർത്തൽ യൂണിറ്റുകൾ വ്യാപകമാക്കുക. പ്ലാവ് നട്ടുവളർത്താനും സംരക്ഷിക്കാനും നടപടി സ്വീകരിക്കുക.

17. പഞ്ചായത്തിലെ കന്നുകാലി വളർത്തലും കോഴികൃഷിയും സംഘപ്രവർത്തനമാക്കി ഇൻഷുറൻസ്, സൗജന്യചികിത്സാപദ്ധതി എന്നിവ നടപ്പാക്കുക.

18. ഉത്പാദന ക്ഷമതയിൽ വർദ്ധനവ് പ്രകടിപ്പിക്കുന്ന കർഷകർക്ക് അംഗീകാരവും പ്രോത്സാഹനവും നല്കുക.



# മത്സ്യബന്ധനം

അറബിക്കടലിന്റെ തഴുകലേൽക്കാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള നമ്മുടെ പഞ്ചായത്തിന് കടൽ മത്സ്യ ബന്ധന രംഗത്തുള്ള പാരമ്പര്യം നിർണ്ണയിക്കാൻ കഴിയാത്തത്ര പഴക്കമുള്ളതാണ്. ചെറു വഞ്ചികൾ, ചുണ്ടൻ വള്ളങ്ങൾ എന്നിവ ഉപയോഗിച്ച് തന്റെ മെയ്കരുത്തും മനശ്ശക്തിയും മൂലധനമാക്കി അറ്റമില്ലാത്ത കടലിലേക്ക് തുഴഞ്ഞ് നീങ്ങി വല നിറയെ മീനും മനം നിറയെ സന്തോഷവുമായി കൂടിലിലേക്ക് മടങ്ങിയിരുന്ന ഒരു കാലം ഇവിടത്തെ പഴമക്കാരുടെ ഓർമ്മയാണ്. വിദ്യാഭ്യസ, ആരോഗ്യ, പാർപ്പിട രംഗങ്ങളിലൊക്കെ പോരായ്മകൾ നേരിട്ടിരുന്നപ്പോഴും അവരുടെ തൊഴിൽ രംഗം ശോഭനമായിരുന്നു. ആസൂത്രണത്തിലെ പാകപ്പിഴകളും അശാസ്ത്രീയമായ യന്ത്രവത്കരണവും വിതക്കാതെ കൊയ്യാവുന്ന ഈ മേഖലയെപ്പോലും പ്രതി സന്ധിയിൽ എത്തിച്ചിരിക്കുകയാണ്. തികഞ്ഞ സംയമനത്തോടെ വസ്തുനിഷ്ടമായി വിലയിരുത്തപ്പെടേണ്ടതാണ് ഈരംഗം എന്ന് ഇത് വ്യക്തമാക്കുന്നു.

## ഇന്നത്തെ സ്ഥിതി

പുതിയ കടപ്പുറം മുതൽ തേവർ കടപ്പുറം വരെ നീണ്ടു കിടക്കുന്ന 3.5 കിലോ മീറ്ററാണ് താനാളൂർ പഞ്ചായത്തിന്റെ കടൽതീരം. രണ്ട് മത്സ്യബന്ധന ഗ്രാമങ്ങളിലായി 741 വീടുകളിൽ താമസിക്കുന്ന 1548 സ്ത്രീ പുരുഷ തൊഴിലാളികൾ ആണ് ഇവിടെയുള്ളത്. ഇവർ യന്ത്രവത്ക്കരണം വ്യാപകമായതോടെ കോരുവള്ളങ്ങളും യന്ത്രവൽകൃത തോണികളും ചെറുവഞ്ചികളും ഫൈബർ ബോട്ടുകളുമാണ് പ്രധാനമായും ഇവർ മത്സ്യബന്ധത്തിനുപയോഗിക്കുന്നത്.

രാത്രികാലങ്ങളിലും പകൽസമയങ്ങളിലും മത്സ്യബന്ധനം നടത്താറുണ്ട്. ഒരു ദിവസം ഒരു

| വള്ളത്തിന്റെ പേര് | യന്ത്രശക്തി | ഒരു വള്ളത്തിൽ എത്ര പേർക്ക് ജോലി ചെയ്യാം | വള്ളത്തിന്റെ എണ്ണം | ആകെ തൊഴിലാളികൾ | മത്സ്യബന്ധന ദൂരപരിധി |
|---|---|---|---|---|---|
| കോരുവള്ളം | 40 HP 20 HP | 35 | 19 | 630 | 40-45 K.M |
| ഫൈബർബോട്ട് | 25 HP | 4 | 19 | 72 | 35-40 KM |
| യന്ത്രവത്കൃത തോണി | 7 HP | 4 | 51 | 188 | 25-30 KM |
| ചെറുവഞ്ചി | മനുഷ്യശക്തി | 3 | 36 | 108 | 5-10 KM |

അയല, മത്തി, ചൂട എന്നീ മത്സ്യങ്ങൾ പ്രായേണ എല്ലാ കാലത്തും ലഭിക്കാറുണ്ട് സാധാരണയായി ലഭ്യമാകുന്ന മറ്റ് മത്സ്യ ഇനങ്ങങ്ങൾ പട്ടികയായി താഴെ ചേർക്കുന്നു

| മാസം | മത്സ്യങ്ങളുടെ ഇനം |
|---|---|
| ജനിവരി–മെയ് | മാന്തൾ, അയക്കൂറ, സ്രാവ് |
| ജൂൺ–ആഗസ്റ്റ് | ചെമ്മീൻ, മുള്ളൻ |
| സപ്തംബർ, ഒക്ടോബർ | ചമ്പാൻ, മുള്ളൻ, വെത്തൾ, തളയൻ, കോര,കൂന്തൾ, ആവോലി, അയക്കൂറ |
| നവംബർ, ഡിസംബർ | മാന്തൾ,കരിക്കാടി, അരിഞ്ഞിൽചൂട |

തൊഴിലാളിക്ക് ശരാശരി 8 മുതൽ 12 വരെ മണിക്കൂർ ജോലിചെയ്യാനുള്ള അവസരം ഉണ്ട്. നല്ല മത്സ്യം കിട്ടുമ്പോൾ 500 രൂപവരെയൊക്കെ ഒരു ദിവസം ലഭിക്കുമെങ്കിലും 10 രൂപ പോലും ലഭിക്കാത്ത ദിവസങ്ങൾ വിരളമല്ല. തൊഴിലാളികളുടെ തന്നെ കൂട്ടുടമ വ്യവസ്ഥയിലുള്ളതാണ് 19 കോരു വള്ളങ്ങളും ആഴക്കടൽ മത്സ്യ ബന്ധനത്തിനുള്ള5 ഫൈബർബോട്ടുകളും. മറ്റുള്ളവ ഒറ്റപ്പെട്ട തൊഴിലാളികളുടേതാണ്. മത്സ്യ ഫെഡ് സഹകരണ സംഘങ്ങൾ വഴി 4 കോരു വള്ളങ്ങളും 4 ഫൈബർ ബോട്ടുകളും 15 ഔട്ട് ബോർഡ് എഞ്ചിനുകളും വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഔട്ട് ബോർഡ് എഞ്ചിനുകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ മണ്ണെണ്ണ വിതരണം ചെയ്യപ്പെടുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെയാണ്. ഇവ പര്യാപ്തമല്ലെന്ന് താഴെ കാണിച്ചിരിക്കുന്ന പട്ടിക സൂചിപ്പിക്കുന്നു. മൂന്ന് വർഷത്തോളമായി മണ്ണെണ്ണ ലഭിക്കാത്ത പ്രശ്നങ്ങളുമുണ്ട്.

മത്സ്യലേലം നടക്കുന്ന പഞ്ചായത്തിലെ

## വള്ളങ്ങളില്ലാതെയുള്ള മത്സ്യ ബന്ധനം

വിശുവലയും നിടുവലയും ഉപയോഗിച്ച് കടലിൽ നിന്നുതന്നെ മത്സ്യബന്ധനം നടത്തുന്ന ഏതാണ്ട് 75 പേർ നമ്മുടെ പഞ്ചായത്തിന്റെ തീരപ്രദേശത്തുണ്ട്. കനോലി കനാലിൽ നിന്നും അനുബന്ധതോടുകളിൽ നിന്നും വീശുവല തടവുവല എന്നിവ ഉപയോഗിച്ച് മത്സ്യ ബന്ധനം നടത്തുന്ന 200ൽ കുറയാത്ത മത്സ്യ തൊഴിലാളികളാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിലുള്ള 100 പേരെങ്കിലും സംസ്ഥാനത്തെ മറ്റ് വടക്കൻ ജില്ലകളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്.

## മത്സ്യഫെഡ് സഹകരണ സംഘം

മത്സ്യത്തൊഴിലാളികൾക്ക് വേണ്ട ഉപകരണങ്ങൾ വായ്പകൾ എന്നിവ വിതരണം ചെയ്യപ്പെടുന്നത് മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങളിലൂടെയാണ്. ••

| എഞ്ചിൻ | പവർ | ഒരു മാസത്തേക്ക് വേണ്ടത് | സർക്കാർ കോട്ട | ഡീലറിൽ നിന്ന് ലഭിക്കുന്നത് |
|---|---|---|---|---|
| മറൈനർ | 40 HP | 1500 Litre | 750 Litre | 600 Litre |
| യമഹ | 25 HP | 1200 Litre | 700 Litre | 600 Litre |
| സുസുക്കി | 99 HP | 1000 Litre | 450 Litre | 350 Litre |
| യമഹ | 7 HP | 750 Litre | 350 Litre | 245 Litre |

ഏകകേന്ദ്രം കടപ്പുറം ആണ്. ലേലത്തിനു നേതൃത്വം നൽകുന്നത് ഏജന്റുമാരാണ്. ലേലത്തിലെടുത്ത മത്സ്യം പ്രധാനമായും സൈക്കിൾ വഴിയും തലചുമടായുമാണ് നാട്ടിൻ പുറത്ത് വില്പന നടത്തുന്നത്. ഏതാണ്ട് 100 തൊഴിലാളികളാണ് നമ്മുടെ പഞ്ചായത്തിൽ ഈ തൊഴിൽ ചെയ്യുന്നത്. നല്ലൊരു ഭാഗം മത്സ്യം കൊച്ചി, മംഗലാപുരം തുടങ്ങിയ പ്രദേശങ്ങളിലേക്ക് ലോറിവഴി കയറ്റി അയക്കപ്പെടുന്നു.

"ഗ്രാമത്തിന്റെ തുടിപ്പുകളെല്ലാം നാമറിയുന്നൊരു നേരം നമ്മുടെ കാര്യം നമ്മുടെ കയ്യിൽ സുഭദ്രമാകും കാലം"

NCDC അനുവദിക്കപ്പെടുന്ന തുകകൾ ഈ സഹകരണ സംഘങ്ങളൾ വഴിയാണ് വിതരണം ചെയ്യപ്പെടുന്നത്. ഈ വായ്പ തിരിച്ചടക്കുമ്പോൾ ലഭിക്കുന്ന പലിശയിൽ 2% പ്രസ്തുത സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ലഭിക്കും. മത്സ്യത്തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും സഹകരണ സംഘത്തിന്റെ വായ്പകൾ എന്നല്ല അംഗത്വം പോലും ലഭിക്കാത്തവരാണ്. സംഘങ്ങൾക്കും തൊഴിലാളികൾക്കുമുള്ള കടുത്ത രാഷ്ട്രീയ ശത്രുതകൾ സഹകരണ സംഘങ്ങളെ വേണ്ടത്ര നന്നായി ഉപയോഗപ്പെടുത്തുന്നതിന് തടസ്സമാണ്. ഔട്ട് ബോർഡ് എഞ്ചിനുകളും മറ്റുമുണ്ടാക്കുന്ന കഠിനമായ ശബ്ദവും ഓളങ്ങളുടെ കാരണം ഭയന്ന മത്സ്യങ്ങൾ പലതും ഇന്ന് കരയോടടുത്ത പ്രദേശങ്ങളിൽ എത്താറില്ല എന്ന് കാരണവന്മാർ പറയുന്നു. പുറമെ രാത്രികാലങ്ങ

ളിലും മറ്റുമുള്ള അനധികൃത ട്രോളിങ്ങും പുറം കടലിലുള്ള വിദേശ കപ്പലുകളുടെ മത്സ്യബന്ധനവും ചെറിയ മീനുകളും മീൻമുട്ടകളും മറ്റും മേൽപറഞ്ഞ അവസരങ്ങളിൽ നശിപ്പിക്കപ്പെടുന്നതും മത്സ്യ സമ്പത്ത് കുറയുന്നതിന് കാരണമായിട്ടുണ്ട്. മത്സ്യതൊഴിലാളി കുടുംബങ്ങളുടെ ആരോഗ്യ വിദ്യാഭ്യാസ പാർപ്പിട സൗകര്യങ്ങളൊക്കെ വളരെ പരിതാപകരമാണ്. ആകെയുള്ള 741 വീടുകളിൽ 523 ഉം ഓലക്കുടിലുകളാണ്. 116 വീടുകൾ ഓട് മേഞ്ഞവയുമാണ്. 741 ൽ 133 വീടുകൾക്ക് മാത്രമാണ് കക്കൂസുകൾ ഉള്ളത്.3.5 കിലോമീറ്റർ നീളവും 500 മീറ്റർ മാത്രം വീതിയുമുള്ള ഈ പ്രദേശത്ത് 608 കുടുംബങ്ങൾ മലവിസർജ്ജനം നടത്തുന്നത് തുറസ്സായ സ്ഥലത്താണ് എന്നർത്ഥം. ഇവരുടെ വീടുകളിൽ 20% ത്തിൽ താഴെ 137 എണ്ണം മാത്രമാണ് വൈദ്യുതീകരിക്കപ്പെട്ടവ. ഒരു ബസ്പോലും സർവ്വീസ് നടത്താത്ത ഉണ്ണ്യാൽ താനൂർ ടിപ്പുസുൽത്താൻ റോഡിൽ നിറഞ്ഞുമാത്രം പോകുന്ന ട്രക്കറിൽ പിടിച്ചുതൂങ്ങുക മാത്രമാണ് ഇവരുടെ യാത്രാനിവൃത്തിക്കുള്ള വഴി. വൃദ്ധന്മാർക്കും സ്ത്രീകൾക്കുമൊന്നും യാത്ര ചിന്തിക്കാനേവയ്യ. ഇല്ലായ്മകളുടെ കുത്തരങ്ങായ പുതിയ കടപ്പുറം GLP സ്കൂളാണ് ഇവരുടെ വിദ്യാഭ്യാസ കേന്ദ്രം എന്നു കൂടി വരുമ്പോൾ ഈ വിഭാഗത്തിന്റെ സ്ഥിതി കൂടുതൽ താഴോട്ടെത്തുന്നു. കിണറ്റിൽ നിന്ന് ഉപ്പുവെള്ളം മാത്രം കിട്ടുന്ന ഈ പ്രദേശത്ത് പൊതുടാപ്പിന്റെയും ടാപ്പിൽ ഉള്ള വെള്ളത്തിന്റെ അപര്യാപ്തത കൂടി അറിയുമ്പോഴാണ് നമ്മുടെയൊക്കെ ഭക്ഷണത്തിലെ ഒരു അവശ്യ ഘടകത്തിന് വേണ്ടി സാഹസികതയുടെ അപാരതകൾ തേടുന്ന നമ്മുടെ സഹോദരങ്ങൾക്ക് കൂടി വെള്ളം പോലും നാം നൽകുന്നില്ലല്ലോ എന്ന് ചിന്തിക്കേണ്ടി വരുന്നത്

## മത്സ്യകൃഷി

നമ്മുടെ പഞ്ചായത്തിൽ എവിടെയും മത്സ്യകൃഷി നിലവിലുള്ളതായി അറിവില്ല. അനുയോജ്യമായ പൊതുകുളങ്ങളും ആരാധനാലയങ്ങളുടെ വകയായ വിശാലമായ കുളങ്ങളും വലിയ സൗകര്യങ്ങളും ഒക്കെയുണ്ടെങ്കിലും മത്സ്യകൃഷിയുടെ പ്രായോഗിക പരിജ്ഞാനം ഇല്ലാത്തത് കൊണ്ടും സമീപപ്രദേശങ്ങളിലൊന്നും അത്യുൽപാദനശേഷിയുള്ള മീൻ കുഞ്ഞുങ്ങളെ ലഭിക്കാത്തത് കൊണ്ടും ഒക്കെയാണ് മത്സ്യകൃഷി നമ്മുടെ നാട്ടിൽ പ്രചരിക്കാതെ പോയത്. കൊഞ്ചുകൃഷിക്ക് അനുയോജ്യമായ ചതുപ്പുകൾ പഞ്ചായത്തിൽ ഉണ്ട്. ഉണ്ണ്യാലിനും പുതിയ കടപ്പുറത്തിനും ഇടയിൽ 5 ഏക്കറോളം വിസ്തൃതിയുള്ള ചതുപ്പ് പ്രദേശം ഇതിന് ഏറ്റവും അനുയോജ്യമാണ്.

## പ്രശ്നങ്ങൾ

1. മത്സ്യബന്ധന ഉപകരണങ്ങൾ ആവശ്യമായത്ര ഇന്നും ലഭ്യമല്ല. മത്സ്യഫെഡ് വഴിയും മറ്റും ഇവ ലഭിക്കുന്നതിന് വളരെയധികം കാലതാമസം നേരിടുന്നുണ്ട്
2. ഔട്ട് ബോർഡ് എഞ്ചിനുകളുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള സംവിധാനങ്ങൾ അടുത്തൊന്നും ഇല്ല. കേടുവന്ന സാധനങ്ങളുമായി വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നു എന്നതും റിപ്പയറിംഗിന് വൻ തുകകൾ ചെലവാകുന്നു എന്നതും ഈ രംഗത്തെ ഒരു പ്രധാന പ്രശ്നമാണ്. ആകെ വരവിന്റെ 60%ത്തിലേറെ റിപ്പയറിംഗിനും ഇന്ധനത്തിനുമായി ചെലവാകുന്നു.
3. അവശ്യം വേണ്ട ഇന്ധനത്തിന്റെ പകുതിയിൽ കുറവ് മാത്രമാണ് ഇന്ന് ലഭ്യമാകുന്നത്.
4. ഫിഷ്ലാന്റിംങ് സെന്റർ ഇല്ലാത്തത് കൊണ്ട് വള്ളങ്ങളിൽ നിന്ന് മൊത്തമുള്ള മത്സ്യ ലേലത്തിന് വിഷമങ്ങൾ നേരിടുന്നുണ്ട്.
5. രാത്രി കാലങ്ങളിൽ മത്സ്യബന്ധനം നടത്തുന്നവർക്ക് കരയറിയാൻ കഴിയുന്ന ഗൈഡ്ലൈറ്റുകൾ ഇല്ല.
6. മത്സ്യ വിപണനത്തിനൊ, സംസ്കരണത്തിനോ ഉള്ള ആധുനിക സജ്ജീകരണങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. അതിനാൽ തന്നെ കൂടുതൽ മീൻ ഉത്പാദിപ്പിക്കപ്പെടുമ്പോൾ സൂക്ഷിക്കാൻ മാർഗ്ഗമില്ലാത്തതിനാൽ വളരെ കുറഞ്ഞ വിലക്ക് അവ വിറ്റഴിക്കേണ്ടി വരുന്നു.
7. ഫിഷറീഷ് വകുപ്പിൽ DD ഒഫീസ് ജില്ലയുടെ ഒരറ്റമായ പൊന്നാനിയിൽ ആയതിനാൽ വകുപ്പിൽ നിന്ന് ലഭ്യമാകേണ്ട പല ആനുകൂല്യങ്ങൾക്കും വേണ്ട ബന്ധപ്പെടലിന് കഴിയുന്നില്ല.
8. ഭൂരിഭാഗം മത്സ്യതൊഴിലാളി സ്ത്രീകളും വരുമാനമുണ്ടാക്കാനാവുന്ന തൊഴിലില്ലാത്തവരാണ്. അഭ്യസ്തവിദ്യരായ പല ചെറുപ്പക്കാരും തൊഴിൽ രഹിതരാണ്.

9. ഉൾനാടൻ ജലാശയങ്ങളിൽ ശുദ്ധജല മത്സ്യകൃഷിക്ക് വേണ്ട സാങ്കേതിക പരിജ്ഞാനമോ അത്യുൽപാദന ശേഷിയുള്ള മത്സ്യക്കുഞ്ഞുങ്ങളോ നമ്മുടെ നാട്ടിൽ ലഭ്യമല്ല

10. പുഴയിലും കുളങ്ങളിലുമൊക്കെയുള്ള ഇപ്പോഴുള്ള മത്സ്യങ്ങൾക്ക് മത്സ്യ രോഗങ്ങൾ കണ്ടുവരുന്നു.

11. അനധികൃത രാത്രികാല ട്രോളിങ്ങും മൺസൂൺകാലത്ത് മീൻമുട്ടകൾ ട്രോളിങ്ങിലൂടെ നശിപ്പിക്കപ്പെടുന്നതും മത്സ്യ ബന്ധനത്തിന്റെ അളവ് കുറക്കുന്നു.

12. മത്സ്യത്തൊഴിലാളികളുടെ പാർപ്പിടവിദ്യാഭ്യാസആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളില്ല. കൂടെ ഭാഗത്ത് കടൽഭിത്തിയില്ലാത്തതും ഉള്ള ഭിത്തി തന്നെ പര്യാപ്തമല്ല എന്നതും പ്രധാന പ്രശ്നമാണ്.

## *നിർദ്ദേശങ്ങൾ*

1. ആവശ്യമായ മത്സ്യബന്ധന ഉപകരണങ്ങൾ കൂടിൽ വ്യവസായമായോ മത്സ്യത്തൊഴിലാളി കൂടുംബങ്ങൾക്ക് കൂടി പങ്കാളിത്തമുള്ള നിർമ്മാണശാലകൾ വഴിയോ ഉൽപാദിപ്പിക്കുക. വലകൾ നിർമ്മിക്കുന്നത് കൂടിൽ വ്യവസായ രീതിയിൽ മത്സ്യത്തൊഴിലാളികുടുംബങ്ങളിലെ പെൺകുട്ടികളെ ഉപയോഗിക്കാവുന്നതാണ്. ഔട്ട് ബോർഡ് എഞ്ചിനുകൾ റിപ്പയർ ചെയ്യുന്നതിന് മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പരിശീലനം നൽകുക. മത്സ്യഫെഡിന്റെ കുറഞ്ഞ പലിശാനിരക്കിലുള്ള വായ്പയിലൂടെ അവർക്ക് റിപ്പയർ ഉപകരണങ്ങളും വർക്ക്ഷോപ്പ് സൗകര്യങ്ങളും ലഭ്യമാക്കുക. സ്പെയർ പാർട്ടുകൾ കുറഞ്ഞ നിരക്കിൽ ഇവർക്ക് എത്തിച്ച് കൊടുക്കുകയും നാമമാത്രമായ ലാഭത്തോടെ ആവശ്യക്കാരന് നൽകണമെന്ന് നിഷ്കർഷിക്കുകയും വേണം.

2. ഔട്ട് ബോർഡ് എഞ്ചിനുകൾക്കുള്ള മണ്ണെണ്ണയുടെ കോട്ട വർദ്ധിപ്പിക്കുക. അത് കൃത്യമായി വിതരണം ചെയ്യപ്പെടുന്നു എന്നുറപ്പ് വരുത്തുക. തേവർ കടപ്പുറത്ത് ഇതിനായി ഒരു കേന്ദ്രം ആരംഭിക്കുക.

3. ജില്ലയുടെ ഒരറ്റമായ പൊന്നാനിയിൽ സ്ഥിതി ചെയ്യുന്ന ഫിഷറീസ് ഡി.ഡി.ഓഫീസ് ജില്ലയുടെ തീരദേശത്തിന്റെ മധ്യഭാഗത്തേക്ക് മാറ്റുക

4. കടൽക്ഷോഭമുണ്ടാകാൻ സാദ്ധ്യതയുള്ള ജൂൺ, ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ അപകടത്തിൽ പെടുന്ന തൊഴിലാളികളെ രക്ഷിക്കുന്നതിനുള്ള ബോട്ടുകളും തിരച്ചിൽ സ്കാടുകളും മറ്റും ഓരോ പ്രദേശത്തും ഉണ്ടാക്കുക. ഒന്നോ രണ്ടോ വിദഗദർക്ക് പുറമേ അതാത് പ്രദേശത്തെ തൊഴിലാളികൾക്ക് അത്യാവശ്യപരിശീലനംനല്കി അവരെയും ഇതിനുപയോഗിക്കാം.

5. മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധികൾ, ഇൻഷൂറൻസ് പദ്ധതികൾ എന്നിവയിൽ സർക്കാർ വിഹിതം വർദ്ധിപ്പിക്കുക ഈ വിഭാഗത്തിലെ തന്നെ വിദ്യാ സമ്പന്നരായ ചെറുപ്പക്കാരുടെ നേതൃത്വത്തിൽ സമ്പാദ്യപദ്ധതികളിൽ തൊഴിലാളികളെയും ഉൾപെടുത്തുക. ഭവനനിർമ്മാണം, കക്കൂസ് നിർമ്മാണം മറ്റ് പ്രാഥമിക ആവശ്യങ്ങൾ എന്നിവക്ക് വായ്പകൾ നല്കി സഹായിക്കുക.

6. മത്സ്യത്തൊഴിലാളികളുടെ കുട്ടികളായ വിദ്യാർഥികൾക്ക് ഇപ്പോൾ നല്കിവരുന്ന സ്കോളർഷിപ്പ് കാലോചിതമായി വർദ്ധിപ്പാക്കുക.

7. മത്സ്യത്തൊഴിലാളികുടുംബങ്ങളിലെ സ്ത്രീകൾക്കും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്കും ഏർപ്പെടാൻ കഴിയും വിധം ചെറുകിട വ്യവസായയൂണിറ്റുകൾ ആരംഭിക്കുക. മത്സ്യസംസ്കരണം, അച്ചാർ നിർമ്മാണം വലകളും മറ്റ് മത്സ്യബന്ധിത ഉപകരണങ്ങളും നിർമ്മിക്കൽ എന്നിവയൊക്കെ സാധ്യതയുള്ള യൂണിറ്റുകളാണ്.

8. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഴുവൻ മത്സ്യതൊഴിലാളികൾക്കും പ്രാതിനിധ്യം നല്കി വിപുലീകരിക്കുക. കൂടുതൽ ഫണ്ട് അനുവദിച്ച് ആവശ്യമുള്ള ഉപകരണങ്ങൾ യഥാസമയം വിതരണം ചെയ്യുക.

9. കടൽ ഭിത്തി ഇല്ലാത്ത ഭാഗങ്ങളിൽ അവ നിർമ്മിക്കുക.

10. തേവർ കടപ്പുറത്ത് ഗൈഡ് ലൈനുകൾ സ്ഥാപിക്കുക.

11. തേവർ കടപ്പുറത്ത് ഫിഷ്ലാന്റിംഗ് സെന്റർ ആരംഭിക്കുക. മത്സ്യ ലേലം വിളിക്കൽ ഫലപ്രദമാക്കാൻ വേണ്ട ഉദ്യോഗസ്ഥ സംവിധാനം ഉണ്ടാക്കുക.

12. ഉൾ നാടൻ ജലാശയങ്ങളിൽ മത്സ്യകൃഷിക്ക് വേണ്ട സഹായങ്ങൾ പഞ്ചായത്ത് നല്കുക. പഞ്ചായത്ത് വക കുളങ്ങൾ ഈ ആവശ്യത്തിന്

മത്സ്യകൃഷിസംഘങ്ങൾക്ക് പാട്ടത്തിന് നല്കുക. സഹകാര്യ കുളങ്ങളിലും ആരാധനാലയങ്ങളുടെ കുളങ്ങളിലും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക. ഇവർക്ക് മത്സ്യക്കുഞ്ഞുങ്ങളെയും മറ്റും സൗജന്യ നിരക്കിൽ ലഭ്യമാക്കുക. കനോലികനാലിനു ചേർന്ന സ്ഥലങ്ങളിൽ ഉപ്പ് കയറുന്നത് തടയാൻ തടയണകൾ നിർമ്മിക്കുക.

13. കടൽ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനും വ്യവസായങ്ങളും മറ്റും ആരംഭിക്കുന്നതിനും തടസ്സമായേക്കാവുന്ന കെട്ടിട നിർമ്മാണത്തിലെ നിയന്ത്രണങ്ങൾ എടുത്ത് മാറ്റുക.


കനോലി കനാലിന്റെ സമീപപ്രദേശങ്ങളിലെ ചതുപ്പുകളിൽ ബഹുജന പങ്കാളിത്തത്തോടെ ചെമ്മീൻ കൃഷി ആരംഭിക്കുക. പുഞ്ചപ്പാടങ്ങളിലും മറ്റും ചെമ്മീൻ കൃഷി ആരംഭിക്കുന്നതിന് പ്രോത്സാഹനം നല്കുക.

14. മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങളും ചെമ്മീൻ വിത്തുല്പാദനകേന്ദ്രങ്ങളും ആരംഭിക്കാൻ വേണ്ട സഹായങ്ങൾ നല്കുക.

15. മത്സ്യത്തീറ്റയും മത്സ്യവളങ്ങളും ഉല്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.



"എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്.
എന്നാൽ
ആരുടേയും
ദുരയെ തൃപ്തി
പ്പെടുത്തുവാൻ
വിഭവങ്ങളില്ല
താനും."



# വ്യവസായം

വിസ്തൃതിയിലും ജനസംഖ്യയിലും ഏറെ മുന്നിലാണെങ്കിലും വ്യാവസായികമായി വളരെ പിന്നിൽ നിൽക്കുന്ന പഞ്ചായത്താണ് താനാളൂർ. സ്വകാര്യ മേഖലയിലോ പൊതുമേഖലയിലോ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ഗതാഗത സൗകര്യം ജലലഭ്യത, വിദഗ്ധ അവിദഗ്ധ തൊഴിലാളികൾ, സ്ഥല സൗകര്യം തുടങ്ങി ഒട്ടനവധി അനുകൂല ഘടകങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

പരമ്പരാഗത തൊഴിലുകളായ തുണി നെയ്ത്ത്, കൊട്ടമെടയൽ, പായ്നെയ്ത്ത്, കയർ പിരിക്കൽ, കാർഷികവൃത്തി എന്നീ മേഖലക ളിൽ മുൻകാലങ്ങളിൽ ധാരാളം പേർ ഏർപ്പെട്ടി രുന്നു. എങ്കിലും ഇന്ന് ഭൂരിഭാഗം പേരും മറ്റു മേഖലകളിലേക്ക് മാറിയിരിക്കുകയാണ്. മറ്റു വിവിധ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ വിവരം പട്ടിക 1ൽ താഴെക്കൊടുത്തിരുക്കുന്നു.

വട്ടത്താണി ലക്കി ബാർ സോപ്പ്, വീൽഡർ ഹവായ് ചെരിപ്പ്, മാർബിൾ ലാന്റ്, കെ.പുരം. നെയ്ത്ത് സഹകരണ സംഘം, പത്തംപാട് AMI പ്ലാസ്റ്റിക് കമ്പനി തുടങ്ങി ഇടത്തരവും ചെറുതു മായ 149 വ്യവസായ സ്ഥാപനങ്ങളാണ് നിലവി ലുള്ളത് ഇവയിൽ എല്ലാം കൂടി അറുനൂറോളം പുരുഷൻമാരും ഇരുനൂറോളം സ്ത്രീകളുമാണ് തൊഴിൽ ചെയ്യുന്നത്. 7, 13 എന്നീ വാർഡുക ളിലാണ് കൂടുതൽ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നത്. 4,5,6,14 വാർഡുകളിൽ താരതമ്യേന കുറവുമാണ്. റൈസ്മിൽസ്, ഗാർമെന്റ്സ്, വുഡ് ഇൻഡസ്ട്രീസ് എന്നിവയാണ് പഞ്ചായത്തിൽ കൂടുതലുള്ളത്. (പട്ടിക നമ്പർ 2 കാണുക).

ഹരിജൻ വെൽഫെയർ വുഡ് ഇൻഡ സ്ട്രീസ് സഹകരണ സംഘം വട്ടത്താണി. ട്രെയിനീസ് ആന്റ് എക്സ് ട്രയിനീസ് വുഡ് വർക്സ് പുത്തൻതെരു, DWRCAയുടെ കീഴിലുള്ള കെ.പുരം സോപ്പ് വർക്സ്, മീനടത്തൂരിലെ വനിതാ പ്രിന്റിംഗ് പ്രസ്സ് തുടങ്ങിയ നിരവധി സ്ഥാപനങ്ങൾ പല കാരണങ്ങളാൽ പ്രവർത്തന രഹിതമായിരിക്കുക യാണ്.

<u>ചില പ്രധാന വ്യവസായങ്ങൾ</u>

## ലക്കി ബാർ സോപ്പ്

ലക്കി ബാർ സോപ്പ് നിർമ്മിക്കുന്ന ഫ്ളാഷ് സോപ്പ് വർക്സ് 1984ലാണ് വട്ടത്താണിയിൽ പ്രവർത്തനമാരംഭിച്ചത്. ഒന്നര കോടിയോളം രൂപയുടെ വിറ്റുവരവുള്ള ഈസ്ഥാപനത്തിലെ ഉല്പന്നം കേരളത്തിലെ എല്ലാ ജില്ലകളിലും നല്ല മാർക്കറ്റുണ്ട്. ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇവിടെ പ്രത്യക്ഷവും പരോക്ഷ വുമായി നാല്പതോളം പേർ തൊഴിലെടുക്കുന്നുണ്ട്.

## ലക്കി ഡിറ്റർജന്റ് പൗഡർ

ഉല്പാദനം തുടങ്ങിയിട്ട് ഒരു വർഷം പൂർത്തിയാകുന്ന ലക്കി ഡിറ്റർജന്റ് ആന്റ്

## ഉതാഴിൽ വിവരങ്ങൾ

| വാർഡ് നമ്പർ | ആശാരി | കല്പണി | തെങ്ങും കയറും | കൈകോട്ട് കിള | മത്സ്യ ബന്ധനം | മത്സ്യ വില്പന | കന്നു പൂട്ട് | കയർപിരി കുടുംബം | നെയ്ത്തു കുടുംബം |
|---|---|---|---|---|---|---|---|---|---|
| 1 | 14 | 35 | 4 | 141 | -- | 10 | 5 | -- | -- |
| 2 | 70 | 30 | 5 | 164 | -- | 4 | 4 | -- | -- |
| 3 | 25 | 30 | 12 | 150 | 5 | 10 | 16 | -- | -- |
| 4 | 15 | 52 | 12 | 67 | -- | 9 | 8 | -- | -- |
| 5 | 2 | 15 | 5 | 80 | -- | 2 | 1 | -- | -- |
| 6 | 8 | 15 | 12 | 90 | 20 | 8 | 10 | -- | -- |
| 7 | 15 | 20 | 10 | 130 | -- | 20 | 12 | -- | -- |
| 8 | 10 | 25 | 8 | 20 | -- | 3 | 3 | 3 | -- |
| 9 | 16 | 10 | 11 | 35 | 1 | 23 | 7 | 4 | -- |
| 10 | 13 | 24 | 11 | 175 | -- | 50 | 10 | -- | 50 |
| 11 | 60 | 200 | 30 | 240 | -- | 22 | 20 | -- | 1 |
| 12 | -- | 7 | -- | 55 | 1608 | 2 | -- | -- | -- |
| 13 | 51 | 30 | 20 | 200 | -- | 24 | 5 | 29 | 44 |
| 14 | 27 | 80 | 15 | 80 | -- | 4 | 5 | 45 | -- |
| 15 | 14 | 20 | 15 | 165 | 2 | 12 | 15 | 14 | 2 |
| ആകെ | 340 | 593 | 170 | 1792 | 1636 | 203 | 121 | 105 | 107 |

[പട്ടിക നമ്പർ 1]

കെമിക്കൽസിൽ വിറ്റു വരവ് അമ്പത് ലക്ഷത്തിനടുത്തെത്തി

കേരളത്തിൽ വ്യാപകമായി മാർക്കറ്റ് പിടിച്ച് വരുന്ന ഈ ഉല്പന്നത്തിന് ഡിറ്റർജന്റ് രംഗത്തെ കുത്തകകളെ നേരിടുന്നത് ശ്രമകരമായ ജോലിയാണ്. ഇവിടെ പ്രത്യക്ഷവും പരോക്ഷവുമായി മുപ്പതോളം പേർക്ക് തൊഴിൽ നല്കുന്നുണ്ട്. കമ്പനി കൂടുതൽ വികസന പദ്ധതികൾക്ക് രൂപം നല്കി വരുന്നു.

### കേരളാധീശ്വര പുരം നെയ്ത്ത് വ്യവസായ സഹകരണ സംഘം ക്ലിപ്തം

1972ൽ HL IND(M)1ആയി റജിസ്റ്റർ ചെയ്യുകയും 73ൽ ഉൽപാദനമാരംഭിക്കുകയും ചെയ്ത ഈ സ്ഥാപനത്തിനിപ്പോൾ 274 ഷെയർഹോൾഡേഴ്സാണുള്ളത്. ബഡ്ഷീറ്റ്, ലുങ്കി, വിരി, തലയണകവർ, ചവിട്ടി തുടങ്ങി ഉറപ്പും മേഗിയുമുള്ള നൂറോളം ഡിസൈനിൽ വിവിധ ഉല്പന്നങ്ങൾ ഇവിടെ നിർമ്മിക്കുന്നുണ്ട്. എന്നാൽ ഉപഭോക്താക്കൾക്ക് മറ്റ് ഉല്പന്നങ്ങളെ അപേക്ഷിച്ച് വില കൂടുതൽ അനുഭവപ്പെടുന്നതിനാൽ പൊതുമാർക്കറ്റിലെ വില്പന പൊതുവെ കുറവാണ്. 59 തറികളുള്ള ഇവിടെ മൊത്തം ഉല്പാദന ശേഷിയുടെ 50ശതമാനമേ ഉപയോഗിക്കപ്പെടുന്നുള്ളൂ 93-94ൽ ഈ സ്ഥാപനം ലാഭകരമായി പ്രവർത്തിച്ചിരുന്നെങ്കിലും ഇപ്പോൾ നഷ്ടത്തിലാണ്. കഴിഞ്ഞ വർഷം 9 ലക്ഷത്തോളം രൂപയുടെ വില്പന മാത്രമാണ് നടന്നത്. 4 ലക്ഷത്തോളം രൂപ റിബേറ്റ് ഇനത്തിൽ സർക്കാരിൽ നിന്ന് കുടിശ്ശികയായി കിട്ടാനുണ്ട്. വർഷം തോറും 15 SC-ST വിഭാഗക്കാർക്ക് തൊഴിൽ പരിശീലനം നല്കുന്നുണ്ട്.

### ഹരിജൻ വനിതാ കൈത്തറി നെയ്ത്ത് തൊഴിലാളി വ്യവസായ സഹകരണ സംഘം

26 തറികളുമായി 1987ൽ പ്രവർത്തനമാരംഭിച്ച ഈ വനിതാ കൈത്തറി വ്യവസായം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. 30 പേർക്ക്

## സ്ഥാപനങ്ങൾ വാർഡ് തിരിച്ചുള്ള കണക്ക്

| | സ്ഥാപനങ്ങൾ | വാർഡുകൾ | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | ആകെ |
| 1. | റൈസ്മിൽ | | 2 | 1 | | 2 | 1 | 1 | 2 | 1 | | 4 | 3 | 2 | 2 | 2 | 23 |
| 2. | ഓയിൽമിൽ | 1 | 2 | 1 | | | 1 | | 2 | | | 2 | | | 2 | | 11 |
| 3. | ഗാർമെന്റ്സ് | 2 | 6 | 6 | 1 | | | 3 | | | | | | 2 | 1 | | 21 |
| 4. | കോഴിവളർത്തൽ | | | | | | 1 | | 1 | | 1 | | | 1 | | | 4 |
| 5. | സ്റ്റീൽ ഇന്റസ്ട്രി | 1 | 1 | | | | | 2 | | | 1 | 1 | | 1 | | 1 | 6 |
| 6. | സോമിൽ | 1 | 1 | | | | | 2 | | | 1 | | | 3 | | | 8 |
| 7. | ചെരുപ്പ് | | 1 | | | | | 1 | 1 | | | | | | | | 4 |
| 8. | പ്ലാസ്റ്റിക് | 1 | | | | | | 1 | 2 | | | | | | | | 3 |
| 9. | വർക്ക്ഷോപ്പ് | | | | | | | 10 | | | | 1 | | | | | 12 |
| 10. | പേപ്പർപ്ലേറ്റ് | | | | | | | 1 | | | 1 | | | | | | 2 |
| 11. | ഹോളോബ്രിക്സ് | | 1 | | | | | 1 | | | | 1 | | | | | 3 |
| 12. | കോഴിക്കുഞ്ഞ് ഉൽപാദനം | | | | | | | | | | | | | 1 | | | 1 |
| 13. | കൊപ്ര | | | | | | | | | | | | | | | | |
| 14. | ഫ്രസ്റ്റ് | | 1 | | | | | | | 1 | | | | 1 | | | 3 |
| 15. | സോപ്പ് | | | | | | | | | | | | | 2 | | | 2 |
| 16. | ബസ്ബോഡി | | | | | | | | | | | | | | | 1 | 1 |
| 17. | നെയ്ത് | | | | | | | | | | | | | 3 | | | 3 |
| 18. | സർവ്വീസ് സ്റ്റേഷൻ | | | | | | | 1 | | | | | | | | | 1 |
| 19 | ആണി | | | | | | | | | | | | | | 1 | | 1 |
| 20. | ഐസ് ഫാക്ടറി | | | | | | | | | | | | | | 1 | | 1 |
| 21. | ബുക്ക് ബൈന്റിങ് | | | | | | | | | | | 1 | 1 | | | | 2 |
| 22. | പപ്പടം | | 1 | | | | | | | | | | | 1 | 4 | | 6 |
| 23. | മാർബിൾ | 1 | | | | | | 1 | | | | | | | | | 1 |
| 24. | പായ | | | | | | | | | | 1 | | | 1 | | | 1 |
| 25. | ബേക്കറി | 2 | 1 | | | | 1 | | 1 | | | | | 1 | | | 5 |
| 26. | ബീഡി | 1 | | | | | | | | | | | | 6 | | | 1 |
| 27. | ഫുഡ് ഇൻഡസ്ട്രി | | 2 | 2 | 1 | 1 | | 3 | 1 | 2 | 1 | | | | | 1 | 22 |
| 28. | കറിപൗഡർ | ~~10~~ | 1 | | | | | | | | | | | | | | 1 |
| 29 | ഐസ്ഫ്രൂട്ട് | | | | | | | 1 | | | | | | | | | 1 |
| | ആകെ | 10 | 20 | 10 | 2 | 3 | 4 | 28 | 10 | 4 | 6 | 10 | 4 | 25 | 41 | 4 | |

പട്ടിക നമ്പർ 2

തൊഴിൽ സാധ്യതയുള്ള ഇവിടെ 5 പേർ മാത്രമാണ് ജോലിക്കായി എത്തുന്നത്. ഇപ്പോൾ 10% പോലും പ്രൊഡക്ഷൻ നടക്കുന്നില്ല. കഴിഞ്ഞ വർഷം 52000 രൂപയുടെ പ്രൊഡക്ഷൻ ഉണ്ടായപ്പോൾ 41000 രൂപയുടെ വില്പനയാണ് നടന്നത്. ഈ സ്ഥാപനത്തിനും റിബേറ്റിനത്തിൽ 20000ത്തോളം രൂപ സർക്കാരിൽ നിന്ന് കുടിശ്ശികയായി ലഭിക്കാനുണ്ട്.

### വീൽഡർ ഹവായ് ചപ്പൽസ്

ചെരിപ്പ് നിർമ്മാണ രംഗത്ത് 1983 മുതൽ മുച്ചിക്കലുള്ള കല്പക എന്റർപ്രൈസസും 92 മുതൽ വീൽഡും മുൻ നിരയിൽ തന്നെയാണ് പ്രതിവർഷം ഇരുപതിനായിരത്തിൽപരം ഡസൻ ചെരുപ്പ് നിർമ്മിക്കാൻ ശേഷിയുള്ള ഇവിടെ ഇരുപതോളം തൊഴിലാളികൾ നേരിട്ടും അല്ലാതെയും ജോലി ചെയ്യുന്നു

### അമി(Ami)പ്ലാസ്റ്റിക്സ്

ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കളെ ഉരുക്കി റീസൈക്കിളിംഗ് പ്രോസസിലൂടെ ഗ്രാന്യൂൾസ് ആക്കി മാറ്റുന്ന മലപ്പുറം ജില്ലയിലെ ആദ്യത്തെ വ്യവസായ സംരംഭമാണ് പത്തമ്പാട്ടുള്ള അമി പ്ലാസ്റ്റിക് കമ്പനി. പുതിയ പ്ലാസ്റ്റിക് സാധനങ്ങൾ നിർമ്മിക്കുന്നതിനാണ് ഈ ഗ്രാന്യൂൾസ് ഉപയോഗിക്കുന്നത്. 6 ലക്ഷത്തോളം രൂപയുടെ മുല ധനത്തിൽ 95 ഡിസംബറിൽ ഉല്പാദനം തുടങ്ങിയ ഈ സ്ഥാപനത്തിന് 20 ലക്ഷത്തോളം രൂപയാണ്

## ബിസ്സിനസ്സ് വിവരങ്ങൾ

| | | | | | | | | മരുന്നുഷാപ്പ് | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | കൊപ | ഹോട്ടൽ | പായക്കട | പലചരക്ക്, സ്റ്റേഷണറി | തുണിഷോപ്പ് | തുന്നൽകട | ബാർബർ ഷാപ്പ് | ഇംഗ്ലീഷ് | ആയുർവേദം | ഹോമിയോ |
| 1 | 9 | 4 | 4 | 20 | 3 | 7 | 3 | 1 | 3 | -- |
| 2 | 8 | 3 | 3 | 21 | 1 | 6 | 4 | 3 | 3 | -- |
| 3 | 7 | 2 | 4 | 15 | 1 | 11 | -- | -- | -- | -- |
| 4 | 4 | 2 | 1 | 11 | - | 2 | 3 | -- | -- | 7 |
| 5 | 4 | 2 | 3 | 17 | -- | 5 | 2 | -- | 1 | -- |
| 6 | 7 | -- | 6 | 9 | -- | 7 | 3 | -- | 2 | -- |
| 7 | 2 | 8 | 3 | 16 | 1 | 5 | 2 | 1 | 4 | -- |
| 8 | 4 | 5 | 3 | 13 | 1 | 6 | 2 | 1 | 1 | 1 |
| 9 | 4 | 1 | 14 | 12 | -- | 3 | 1 | -- | -- | -- |
| 10 | 3 | 2 | 6 | 8 | 1 | 2 | 3 | -- | 1 | -- |
| 12 | 10 | 2 | 6 | 12 | -- | 4 | 2 | -- | 1 | -- |
| 12 | 4 | 2 | 4 | 27 | 2 | 4 | 4 | 1 | 2 | -- |
| 13 | 8 | 4 | 8 | 10 | 6 | 8 | 3 | 2 | 2 | -- |
| 14 | 12 | 3 | 6 | 12 | 1 | 6 | 3 | -- | 1 | 2 |
| 15 | 2 | 4 | 5 | 6 | -- | 5 | 1 | 1 | 1 | 16 |
| ആകെ | 98 | 44 | 76 | 211 | 17 | 81 | 36 | 10 | 22 | 26 |

പട്ടിക നമ്പർ 3

വാർഷിക വിറ്റു വരവ്. ഇവിടെ 17 പേർ നേരിട്ടുംഅല്ലാതെയും ജോലി ചെയ്യുന്നുണ്ട്.

### കമ്പയിന്റ് പ്ലാസ്റ്റിക്സ്

ക്യാരിബേഗ്സ്(കീശ) നിർമ്മിക്കുന്ന ജില്ലയിലെ ആദ്യത്തെ സ്ഥാപനമാണ് കമ്പയിന്റ് പ്ലാസ്റ്റിക്സ്. തൊട്ടടുത്തുള്ള അമി പ്ലാസ്റ്റിക്സിൽ നിന്നാണ് അതിന്റെ പ്രധാന റോമെറ്റീരിയലായ പ്ലാസ്റ്റിക് ഗ്രാന്യൂൾസ് ശേഖരിക്കുന്നത്. 6 ലക്ഷത്തോളം രൂപ മുതൽ മുടക്കിൽ തുടങ്ങിയ ഈ സ്ഥാപനത്തിൽ പ്രതിദിനം 200 ഉൽപന്നമുണ്ടാക്കാൻ സാധിക്കും. നാല് തൊഴിലാളികളാണ് ഇവിടെയുള്ളത്.

### മാർബിൾലാന്റ്

ഗൃഹനിർമ്മാണത്തിനാവശ്യമായ വിവിധതരം മാർബിൾ കടപ്പ മുതലായ സാധനങ്ങൾ വില്പന നടത്തുന്ന കേന്ദ്രമാണ് മാർബിൾലാന്റ്. 96 ജനുവരിയിൽ മുച്ചിക്കൽ ആരംഭിച്ച ഈ സ്ഥാപനത്തിലേക്ക് രാജസ്ഥാനിൽ നിന്നുമാണ് മുഖ്യമായും മാർബിൾ എത്തിച്ചേരുന്നത് 3 ലക്ഷത്തോളം രൂപ വിറ്റ് വരവുള്ള ഈ സ്ഥാപനത്തിൽ പ്രത്യക്ഷവും പരോക്ഷമായി ഇരുപതോളം പേർ ജോലി ചെയ്യുന്നുണ്ട്

### തൊഴിൽ പഠന കേന്ദ്രം

പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ സംഘത്തിന്റെ കീഴിൽ ഏകദേശം ഒരു ഏക്കറോളം സ്ഥലത്ത് ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം 1960 മുതൽ പുത്തൻതെരുവിൽ പ്രവർത്തിച്ചുവരുന്നു. 1992 മുതൽ ഐടിസി ആയി പ്രവർത്തിക്കുന്ന ഇവിടെ 16 കുട്ടികൾക്ക് പ്രവേശനം നല്കാവുന്ന ഒരേ ഒരു കോഴ്സ് മാത്രമാണ് ഇന്നുള്ളത്. (പ്ലംബർ രണ്ടു വർഷ കോഴ്സ്) ഇതിൽ മൂന്നുപേർ ഇടയ്ക്കുവെച്ച് പഠനം നിർത്തിപോയതിനാൽ ഇന്ന് 13 പേർ മാത്രമാണ് ആ കോഴ്സിനുള്ളത്. സർക്കാർ വക വിശാലമായ സ്ഥലത്ത് ചുറ്റുമതിലോടു കൂടിയ സുമാസൃം നല്ല കെട്ടിടമാണ് ഐടിസി

ക്കുള്ളത്. എന്നാൽ അതിനകത്തെ ഒരേ ഒരു പാനോപകരണം ഒരു ചെറിയ ഗ്രൈന്റർ മാത്രമാണെന്നറിയുമ്പോഴാണ് അക്കാദമിക് രംഗത്ത് ഈ സ്ഥാപനം നേരിടുന്ന തകർച്ച ബോധ്യപ്പെടുന്നത്. പട്ടികജാതി വിഭാഗത്തിന് 80% പട്ടിക വർഗ്ഗത്തിന് 10% മറ്റ് വിഭാഗങ്ങൾക്ക് 10% എന്നിങ്ങനെയാണ് ഇവിടെ ഏർപ്പെടുത്തിയിരിക്കുന്ന സംവരണം. എങ്കിലും എല്ലാ വർഷവും മതിയായ അപേക്ഷകൾ ഉണ്ടാകാറില്ല. ഇവിടെ പഠിക്കുന്നവർക്ക് സ്റ്റൈപ്പന്റായി 150-200 രൂപയും വർക്കിംഗ് ഡ്രസ്സും, കോഴ്സ് പാസ്സാകുന്നവർക്ക് NCVT സർട്ടിഫിക്കറ്റും നല്കുന്നുണ്ട്. എന്നാൽ താനാളൂർ പഞ്ചായത്തിൽ നിന്നോ സമീപ പഞ്ചായത്തുകളിൽ നിന്നോ ഒരൊറ്റ വിദ്യാർത്ഥിയും ഇവിടെ ചേർന്നു പഠിക്കുന്നില്ല. ഇത്തരത്തിലുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ വലിയ തുക മുടക്കി സീറ്റിനുവേണ്ടി ക്യൂ നില്ക്കുന്ന ഒരു സാമൂഹ്യ സ്ഥിതിയിലാണ് ഈ സർക്കാർ സ്ഥാപനത്തിന്റെ ഈ ഗതികേട് എന്നത് ഏറെ വൈരുദ്ധ്യമാണ്.

### നിർദ്ദേശങ്ങൾ

**1** ഈ പരിശീലന കേന്ദ്രത്തിൽ ആകർഷകമായതും കൂടുതൽ തൊഴിൽ സാധ്യതയുള്ളതുമായ കോഴ്സുകൾ (കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, ഓട്ടോ മൊബൈൽ തുടങ്ങിയവ) ആരംഭിക്കുക.

**2**. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് ആവശ്യത്തിന് അപേക്ഷകരിലാത്ത സാഹചര്യത്തിൽ മറ്റു വിഭാഗക്കാരെ കോഴ്സിനായി പരിഗണിക്കുക.

**3**. പഞ്ചായത്തിൽ നിന്നുള്ളവർക്ക് മുൻഗണന നല്കുക.

**4**. ആവശ്യത്തിന് ഉപകരണങ്ങളും സ്ഥിരം അധ്യാപകരേയും യഥാസമയം ലഭ്യമാക്കുക.

**5**. കോഴ്സ് കഴിഞ്ഞ് പുറത്തുവരുന്നവരെ തൊഴിലുമായി ബന്ധപ്പെടുന്നവിധം വിവിധ സംരംഭങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുക.

## കൈത്തറി വ്യവസായം

പുത്തൻ തെരുവിലുള്ള ശാലിയ തെരുവ് കേന്ദ്രീകരിച്ച് നടത്തുന്ന കൈത്തറി തുണി നിർമ്മാണം പണ്ടുമുതൽക്കേ കേരളത്തിലെ പ്രധാന പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ ഒന്നായിരുന്നു. ഇവിടെ ഉത്പ്പാദിപ്പിക്കപ്പെട്ടിരുന്ന തുണിത്തരങ്ങൾ ഒരു കാലത്ത് വിദേശത്തേക്ക് പോലും കയറ്റുമതി ചെയ്തിരുന്നു. എന്നാൽ അന്നും ഇന്നും വ്യത്യസ്ത കാരണങ്ങൾ കൊണ്ടാണെങ്കിലും തൊഴിലാളികൾക്ക് സാമ്പത്തികമായി വലിയ മെച്ചം ലഭിക്കുന്നില്ല ചെലവഴിക്കുന്ന സമയത്തിനും അധ്വാനത്തിനും മതിയായ കൂലി കിട്ടുന്നില്ലെന്നതാണ് മുഖ്യ പ്രശ്നം. എഴുപതോളം കുടുംബങ്ങൾ ജോലി ചെയ്തിരുന്ന ഈ മേഖലയിൽ ഇന്ന് ഇരുപതോളം കുടുംബങ്ങളാണ് അവശേഷിക്കുന്നത്. ആധുനിക തുണി മില്ലുകളിലൂടെ കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ എണ്ണത്തിലും ഗുണമേന്മയിലും തുണി ഉത്പാദിപ്പിക്കുമ്പോൾ കൈത്തറിക്കാർ നിഷ്പ്രഭരായിക്കൊണ്ടിരിക്കുകയാണ്. ഒരു തോർത്ത് മുണ്ട് കൈത്തറിയിലൂടെ നിർമ്മിക്കാൻ ഏതാണ്ട് 18-19 രൂപ ചെലവാകുമ്പോൾ പവർലൂമിൽ ഈ സാധനം 10രൂപക്കാണ് നിർമ്മിക്കപ്പെടുകന്നത്!. ഇന്ന് കിട്ടികൊണ്ടിരിക്കുന്ന ഗവൺമെന്റ് റിബേറ്റ് കൊണ്ടാണ് ഈ വിലക്കുടുതലിൽ നിന്ന് ഇതിനെ കുറച്ചെങ്കിലും പിടിച്ചുനിർത്തുന്നത്. എന്നാൽ റിബേറ്റ് എന്ന ഒരു ഊന്നുവടിയെ എന്നും ആശ്രയിച്ചുകൊണ്ടുള്ള ഒരു വികസന സങ്കല്പം സ്ഥായിയായിരിക്കില്ല എന്നു നാം തിരിച്ചറിയണം.

### നിർദ്ദേശങ്ങൾ

1. തുണി നിർമ്മാണവുമായി ബന്ധപ്പെട്ട നൂതന സാങ്കേതിക വിദ്യകൾ പരിശീലിപ്പിക്കുക.

2. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകമാകും വിധം യന്ത്രവത്കരണത്തെ പ്രോത്സാഹിപ്പിക്കുക.

3. ആവശ്യമായ അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് സഹകരണസംഘങ്ങളിലൂടെ വിതരണം ചെയ്യുക.

4. കൈത്തറിത്തുണി നിർമ്മാണത്തിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഉത്പാദന റിസർവേഷൻ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

5. തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ ഏർപെടുത്തുക.

## റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി ഇരുപതിൽ കൂടുതൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

വളരെ കൂടുതൽ മൂലധനമോ സൗകര്യമോ ആവശ്യമില്ലാതെ തന്നെ എല്ലാ വിഭാഗങ്ങൾക്കും പ്രത്യേകിച്ചും വനിതകൾക്ക് എളുപ്പത്തിൽ തുടങ്ങാവുന്ന ഒരു തൊഴിൽ സംരംഭം എന്ന മെച്ചം ഇതിനുണ്ട്. പകര പ്രദേശത്തെ വിവിധ വീടുകളിലായി നിർമ്മിക്കുന്ന പകര മാക്സി, തടത്തിൽ ഗാർമെന്റ്സ്, ന്യൂ കേരള ഗാർമെന്റ്സ്, സോനാ ഗാർമെന്റ്സ്, മലബാർ ഗാർമെന്റ്സ്, അരീക്കാട് ഗാർമെന്റ്സ് എന്നിങ്ങനെയുള്ള നിരവധി സ്ഥാപനങ്ങൾ ഇപ്പോഴും നല്ല നിലയിൽ നടക്കുന്നവയാണ്.

കൂടുതൽ അസംസ്കൃത സാധനങ്ങൾ ഒരുമിച്ചു ശേഖരിക്കുവാൻ ചെറുകിടക്കാർക്ക് സാമ്പത്തിക പ്രയാസം നേരിടുന്നു. കടകളിലെ ക്രെഡിറ്റ് വ്യവസ്ഥയാണ് വിപണനവുമായി ബന്ധപ്പെട്ട ഒരു പ്രധാന പ്രശ്നം. ഇത്മൂലം ചെറുകിടയൂണിറ്റുകൾ പരസ്പരം അനാരോഗ്യകരമായ മത്സരങ്ങളിൽ ഏർപ്പെടേണ്ടിവരുന്നു. ഇങ്ങനെ സാമ്പത്തിക കാരണങ്ങളാലും വിപണനത്തിന്റെ പ്രശ്നങ്ങളാലും പ്രവർത്തനം നിലച്ചയൂണിറ്റുകളും നിരവധിയാണ്. മൂച്ചിക്കലിലെ സ്വദേശി ഗാർമെന്റ്സ് ഇതിന് നല്ലൊരു ഉദാഹരണമാണ്.

ഇന്ന് നമ്മുടെ മാർക്കറ്റിൽ എത്തുന്ന റെഡിമെയ്ഡ് വസ്ത്രങ്ങളുടെ 80% വും ബോംബെ, ഡൽഹി, കൽക്കട്ട തുടങ്ങിയ പുറം സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ്. കടകളിൽ ഏതാണ്ട് പകുതിയോളം ഭാഗം റെഡിമെയ്ഡ് വസ്ത്രങ്ങൾ കയ്യടക്കിയിരിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ ഈ മേഖലയിൽ കാണുന്ന വർദ്ധിച്ച ആഭ്യന്തര ഡിമാന്റ് മുതലെടുക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

ചെറുകിട യൂണിറ്റുകൾ നേരിടുന്ന മറ്റൊരു പ്രശ്നം വൻകിടക്കാരുമായുള്ള മത്സരമാണ്. ബട്ടൺ ഹോൾ തുന്നൽ, ബട്ടൺ വെയ്ക്കൽ, ഡിസൈൻ കട്ടിംഗ് തുടങ്ങിയവയ്ക്കായി യന്ത്രങ്ങളിൽ സെക്കന്റുകൾ മതി. അതുകൊണ്ട് തന്നെ വൻകിടക്കാരന്റെ ഉത്പാദന ക്ഷമത ചെറുകിടക്കാരനേക്കാൾ 60-70 ഇരട്ടിയാണ് ഫലമോ കുറഞ്ഞ വിലയിൽ അവന്റെ ഉത്പന്നം മാർക്കറ്റിൽ എത്തുന്നു. ഇത് ചെറുകിട യൂണിറ്റുകളുടെ നിലനില്പിന് ഭീഷണിയായിട്ടുണ്ട്.

### നിർദ്ദേശങ്ങൾ

1. അസംഘടിത ചെറുകിട യൂണിറ്റുകളെ ഏകോപിപ്പിച്ച് പഞ്ചായത്ത് തലത്തിൽ ഒന്നോ രണ്ടോ വൻകിട ഉത്പാദന കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിലോ സഹകാര്യാടിസ്ഥാനത്തിലോ ആരംഭിക്കുക. ഇതിന്റെ ആഭിമുഖ്യത്തിൽ

a, വീടുകളിലും ഇന്നുള്ള സ്ഥലങ്ങളിലും പ്രൊഡക്ഷൻ യൂണിറ്റുകൾ പ്രവർത്തിക്കുക.

b, അസംസ്കൃത വസ്തുക്കൾ കേന്ദ്രം മൊത്തവിലയ്ക്കെടുത്ത് പ്രൊഡക്ഷൻ യൂണിറ്റുകൾക്ക് നൽകുക.

c, പ്രൊഡക്ഷൻ യൂണിറ്റുകളിൽ നിന്നും ശേഖരിക്കുന്ന ഉത്പന്നങ്ങൾ സംഘത്തിന്റെ ഉത്പന്ന മെന്നനിലയിൽ വിറ്റഴിക്കുവാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുക.

d, വിവിധ ബ്രാന്റുകൾക്ക് പകരം ഒരു പൊതു ബ്രാന്റിൽ വിപണനം നടത്തുക. പൊതുബ്രാന്റ് നിലവിൽ വരുന്നതിനാൽ വലിയ പരസ്യചെയ്യുന്നതിനും ഇറക്കുമതി ബ്രാന്റുകളെ നേരിടുന്നതിനും സൗകര്യമുണ്ടാകുന്നു.

e, അസംസ്കൃത വസ്തുക്കളുടെ ശേഖരണം, പ്രചരണം വിപണനം, സാമ്പത്തിക മാനേജ്മെന്റ് എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ കേന്ദ്രം ഏറ്റെടുക്കുന്നതോടുകൂടി പ്രൊഡക്ഷൻ യൂണിറ്റുകൾക്ക് ഉത്പാദന വർദ്ധനവിൽ കൂടുതൽ ശ്രദ്ധചെലുത്താൻ കഴിയുന്നു.

f, പുത്തൻ സാങ്കേതിക വിദ്യയുടെ വ്യാപനത്തിനും നിർമ്മാണ വസ്തുക്കളിലെ വൈവിധ്യ വത്ക്കരണത്തിനും ആവശ്യമായ നടപടികൾ എടുക്കാൻ കഴിയും.

## കാർഷികാനുബന്ധ വ്യവസായങ്ങൾ

### നാളികേര സംസ്ക്കരണം

തീര പ്രദേശങ്ങളിലെ പ്രധാന കൃഷിയാണ് തെങ്ങ് എന്ന് വിലയിരുത്തുമ്പോൾ തന്നെ പഞ്ചായത്തിന്റെ ഏതൊരു ഭാഗത്തെയും കാർഷിക വരുമാനത്തിൽ ചെറുതല്ലാത്തൊരു പങ്ക് നാളികേരത്തിനുണ്ട് എന്ന് കാണാം. ഗൾഫ് പണത്തിന്റെ സ്വാധീനം ഏറെയുള്ള ഇന്നും നാളികേരത്തിന്റെ വില നിലവാരത്തിനനുസരിച്ച്

ജീവിത നിലവാരം നിശ്ചയിക്കപ്പെടുന്ന ധാരാളം കുടുംബങ്ങളുണ്ട്.

ഏറെ അവഗണിക്കപ്പെട്ട കാർഷിക വിളയാണല്ലോ നാളികേരം. മറ്റ് കാർഷിക വ്യവസായിക ഉത്പന്നങ്ങൾക്ക് കാലാനുസൃതമായുണ്ടായ വില വർദ്ധനയ്ക്ക് ആനുപാതികമായി തേങ്ങയ്ക്ക് വില കൂടിയിട്ടില്ല എന്നതാണ് അനുഭവം. പണ്ടൊരു തേങ്ങകൊടുത്ത് നാം വാങ്ങിയിരുന്ന വസ്തുക്കളും ഇന്നത്തെ സാധ്യതയും ഒന്നു താരതമ്യം ചെയ്തു നോക്കുക. നാം വില്ക്കുന്ന നാളികേരത്തിന്റെ വില നിശ്ചയിക്കുന്നത് നമ്മളല്ല, വ്യവസായിയാണ്. എന്നാൽ നാം വാങ്ങുന്ന വെളിച്ചെണ്ണയുടെ വില നിശ്ചയിക്കുന്നതോ അതും നമ്മളല്ല, വ്യവസായിതന്നെ. ഈ വൈരുദ്ധ്യവും ഒരു പ്രധാന പ്രശ്നംതന്നെയാണ്. നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ധാരാളം പേർ ചെറിയ തോതിലെങ്കിലും വൻകിടക്കാർക്കായി നാളികേരം സംഭരണം നടത്തുന്നുണ്ട്. മാർക്കറ്റിലെ തത്സമയ വിലനിലവാരവും ഡിമാന്റിന്റെ ഉയർച്ചയും താഴ്ച്ചയും അറിയാത്ത കർഷകർക്ക് ഈ "കൂറ്റിക്കാരിൽ" നിന്നും യഥാർത്ഥ വില ലഭിക്കുന്നില്ലന്നതാണ് പൊതുവെയുള്ള പരാതി.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തോ വാർഡുകളോ കേന്ദ്രീകരിച്ച് ഒരു പൊതു സംഭരണ വിപണന സംവിധാനം ഉണ്ടാക്കുക. ഇതിന്റെ ഭാഗമായി

a, കർഷകരിൽ നിന്ന് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി കർഷകരിൽനിന്ന് നാളികേരം സംഭരിക്കുക. തേങ്ങ പൊളിച്ച് ഉടച്ച ശേഷം തൂക്കിയെടുക്കുന്ന രീതി അവലംബിക്കുക.

b, നാളികേര സംസ്ക്കരണത്തിന് പഞ്ചായത്ത്തലത്തിൽ ഒരു സംവിധാനം ഉണ്ടാക്കി ശുദ്ധമായ വെളിച്ചെണ്ണ മാർക്കറ്റിൽ ലഭ്യമാക്കുക.

c, അനുബന്ധമായ മറ്റു വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യത പഠിക്കുകയും നടപ്പാക്കുകയും ചെയ്യുക. (തേങ്ങാവെള്ളം, ചകിരി, ചിരട്ട, ചകിരിത്തുപ്പ് എന്നിവയുടെ വ്യവസായിക സാധ്യതകൾ)

2. പഞ്ചായത്തിൽ കേരഫെഡിന്റെ യൂണിറ്റ് സ്ഥാപിച്ച് കേരോത്പന്നങ്ങളുടെ സംഭരണ സംസ്ക്കരണ വിപണന സാധ്യത വർദ്ധിപ്പിക്കുക.

## കോഴിവളർത്തൽ

ഇന്ന് നമ്മുടെ നാട്ടിലുള്ള മുഴുവൻ കോഴികളെയും മാംസാവശ്യത്തിന് ഉപയോഗിക്കാം എന്നു വിചാരിച്ചാൽ പോലും അത് ആകെ ആവശ്യമായതിന്റെ ഒരു ശതമാനം പോലും ഇല്ലെന്നതാണ് അവസ്ഥ. തമിഴ്നാട്ടിൽ നിന്ന് വൻതോതിൽ ഇറച്ചിക്കോഴികളെ ഇറക്കുമതി ചെയ്യുകൊണ്ടാണ് ഈ കുറവ് നികത്തുന്നത്. പഞ്ചായത്തിന്റെ തൊട്ടടുത്തുള്ള തിരൂർ ടൗണിൽ മാത്രം ആഴ്ചയിൽ 50000 കോഴികളെ ഇറക്കുന്നുണ്ട്. തമിഴ് നാട്ടിൽ കോഴിത്തീറ്റയ്ക്ക് വില കുറവായതിനാൽ അവിടെ കോഴിവളർത്തൽ ലാഭകരമാണുതാനും. ഈ തീറ്റ കേരളത്തിലെത്തുമ്പോഴേയ്ക്കും 4% നികുതി നല്കേണ്ട അവസ്ഥയാണ് നമുക്കുള്ളത്. ഇതു കാരണം കോഴിവളർത്തൽ ആദായകരമല്ലെന്നാണ് പഞ്ചായത്തിലെ ചെറുകിട സംരംഭങ്ങളുടെ അഭിപ്രായം.

പഞ്ചായത്തിൽ പുത്തൻതെരുവിൽ സഹകാരി ഉടമസ്ഥതയിൽ ഒരു വൻകിട കോഴിക്കുഞ്ഞുത്പാദന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. പ്രതിവാരം ഒമ്പതിനായിരത്തോളം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഇവിടെ നിന്നും പഞ്ചായത്തിനകത്തും പുറത്തുമുള്ള അമ്പതോളം കേന്ദ്രങ്ങളിലേക്ക് കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ട്.

## നിർദ്ദേശങ്ങൾ

1. കോഴിവളർത്തൽ കുടിൽ വ്യവസായം എന്ന രീതിയിൽ വ്യാപകമാക്കുക.

2. കോഴിവളർത്തൽ സംബന്ധിച്ച കൂടുതൽ ശാസ്ത്രീയ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുക

3. വളർച്ചയെത്തിയ കോഴികളെ സംഭരിച്ച് വിപണനത്തിനുള്ള പൊതു സംവിധാനം ഉണ്ടാക്കുക.

4. ഗുണമേന്മ കുറഞ്ഞ ഇറച്ചിക്കോഴികളുടെ ഇറക്കുമതി നിയന്ത്രിക്കുക.

5. കോഴിത്തീറ്റക്ക് അടുത്ത കാലത്തായി ഏർപ്പെടുത്തിയ 4% നികുതി മാറ്റി ഇറക്കുമതി കോഴികൾക്ക് ചുമത്തുക.

6. ബ്ലോക്ക് തലത്തിലെങ്കിലും ഒരു കോഴി

ത്തിറ്റ ഉദ്പാദനകേന്ദ്രം ആരംഭിക്കുക.

## മത്സ്യസംസ്കരണകേന്ദ്രം.

12ാം വാർഡിൽ തേവർ കടപ്പുറത്തെ മത്സ്യ ലഭ്യത കണക്കിലെടുത്ത് ഒരു മത്സ്യ സംസ്ക രണ വിപണന കേന്ദ്രം തുടങ്ങാനാകുമോ എന്ന് പരിശോധിക്കാവുന്നതാണ്. ഫിഷറീസ് മൈതാനം ഇത്തരം ഒരു സ്ഥാപനത്തിന് പരിഗണിക്കാവുന്ന താണ്.

## കളിമൺവ്യവസായം

15ാം വാർഡിന്റെ പടിഞ്ഞാറ് ഭാഗത്ത് പാലക്കുറ്റ്യാഴി തോടിന് ചേർന്ന് വ്യാപകമായി കാണുന്ന കളിമണ്ണ് ഓട്, ഇഷ്ടിക, ഫാൻസി ടൈൽസ് തുടങ്ങിയ സാധനങ്ങൾ നിർമ്മിക്കാൻ യോജിച്ചതാണ്. പ്രസ്തുത പ്രദേശത്തെക്കുറിച്ച് കൂടുതൽ പഠനം നടത്തി ഒരു കളിമൺ വ്യവ സായ കേന്ദ്രം തുടങ്ങുന്നതിനുള്ള സാധ്യത ആരായേണ്ടതുണ്ട്.

## ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

ധാരാളം പുതിയ വ്യവസായങ്ങൾ ആരംഭി ക്കുന്നതിനുള്ള സാധ്യതകൾ പഞ്ചായത്തിൽ നില നിൽക്കുന്നുണ്ട്. വിദ്യാഭ്യാസമുള്ള തൊഴിൽ സേനയും, താത്പര്യവും സാമ്പത്തിക ശേഷി യുള്ള ജനവിഭാഗങ്ങളും, ഇവിടെയുണ്ട്. എന്നാൽ ഒരു പുതിയ വ്യവസായം തുടങ്ങുന്നതിന് നില വിലുള്ള പല നിയമങ്ങളും അനുസരിച്ച് ഏറെ കടമ്പകൾ കടക്കേണ്ടതുണ്ട്. അനാവശ്യമായ കാലദൈർഘ്യം, കൈമടക്കുകൾ ഇവയെല്ലാം ഏതൊരു സംരംഭകന്റെയും മനം മടുപ്പിക്കുവാൻ പോരുന്നവയാണ്. വൈദ്യുതി ക്ഷാമം ഒരു പ്രധാന പ്രശ്നമായി സംസ്ഥാനവ്യാപകമായി അനുഭവപ്പെടുകയാണല്ലോ.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ഒട്ടേറെ വ്യവസായങ്ങൾ ഒരേ കേന്ദ്രങ്ങളിൽ തന്നെ തുടങ്ങുവാൻ കഴിയും വിധം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

4ാം വാർഡിലെ നിരപ്പ്,
13ാം വാർഡിലെ തച്ചപ്പുറം,
12ാം വാർഡിലെ ഫിഷറീസ് ഗ്രൗണ്ട്,
14ാം വാർഡിലെ പട്ടരു പറമ്പ്
എന്നീ സ്ഥലങ്ങൾ ഇതിനായി പരിഗണി ക്കാവുന്നവയാണ്.

2. പുതിയ വ്യവസായ സംരംഭകരെ കണ്ടെത്തി പരിശീലനവും പ്രോത്സാഹനവും നല്കുക.

3. വ്യവസായവുമായി ബന്ധപ്പെട്ട നിയമ നടപടികൾക്കും സഹായങ്ങൾക്കും വേണ്ടി പല ഓഫീസുകൾ കയറി ഇറങ്ങേണ്ടി വരുന്ന ഇന്നത്തെ അവസ്ഥമാറ്റി, എല്ലാ സൗകര്യങ്ങളും പഞ്ചായത്തിനകത്തുള്ള ഏക സംവിധാനം കൊണ്ടുതന്നെ പൂർത്തിയാകും വിധം സിംഗിൾ വിൻഡോ സിസ്റ്റം പ്രാവർത്തികമാക്കുക.

4. വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സമ്മർദ്ധം ചെലുത്തുക.

5. പഞ്ചായത്തിന്റെ വിഭവ ലഭ്യതയും വ്യവസായ സാധ്യതകളും പഠിക്കുന്നതിനായി വിദഗ്ധ സംഘത്തെ ഏർപ്പെടുത്തുക.

## ഗ്രാമസഭയിൽനിന്ന് ഉയർന്നുവന്ന പൊതു നിർദ്ദേശങ്ങൾ

1. പൂട്ടിക്കിടക്കുന്ന വുഡ് ഇൻഡസ്ട്രികളി ലും ഫർണിച്ചർ സംഘങ്ങളിലുമുള്ള വിലപ്പിടി പ്പുള്ള ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിച്ചു കൊണ്ടിരിക്കുന്നു. എത്രയും പെട്ടെന്ന് ഇതുപോ ലുള്ള സംഘങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് അവയെ പുന: സംഘടിപ്പിക്കുക. DWCRA യുടെ കീഴിൽ ഉള്ളതും അല്ലാത്തതുമായ വനിതാസംഘങ്ങളുടെ പ്രശ്നങ്ങളും പരിഹരിച്ച് പ്രവർത്തിപ്പിക്കുക.

2. 8,9,10 വാർഡുകളിലെ വ്യവസായ സാമ്പ ത്തിക ഇടപാടുകൾ എളുപ്പമാകും വിധം മങ്ങാട് ഭാഗത്തോ ഉണ്ണ്യാലിലോ നാഷണ ലൈസ്ഡ് ബാങ്കിന്റെയോ താനാളൂർ സർവ്വീസ് സഹകരണ ബാങ്കിന്റെയോ ഒരു ശാഖ ആരംഭിക്കുക.

3. വ്യവസായങ്ങൾക്കാവശ്യമായ അ സംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നതിന് സിഡ്കോയുടെ ഡിപ്പോ നമ്മുടെ പഞ്ചായ ത്തിലോ സമീപ പട്ടണങ്ങളിലോ സ്ഥാപിക്കുക.

4. വനിതകൾക്കായി ആധുനിക രീതിയി ലുള്ള ഒരു തയ്യൽ പരിശീലന കേന്ദ്രം തുടങ്ങുക.

5. കെൽട്രോണുമായി ബന്ധപ്പെട്ട് അനുബന്ധ നിർമ്മാണ പ്രവർത്തികൾ പഞ്ചായത്തിൽ സാദ്ധ്യമാക്കുക.

6. കയർ, കയറുത്പന്നങ്ങൾ തുടങ്ങിയ മേഖലകളുടെ വികസനത്തിനായി യന്ത്രവത്ക്കരണത്തിന്റെ സാധ്യത ആരായുക.

## ഇടപെടാവുന്ന മറ്റ് സംരംഭങ്ങൾ

മൾബറി കൃഷി
പട്ടുനൂൽ നിർമ്മാണം,
നോട്ടുബുക്ക്,
പേപ്പർ കവർ,
ചെരിപ്പ്,
പേപ്പർ പ്ലേറ്റ്,
ചോക്ക്,
പ്ലാസ്റ്റിക്ക് കവർ,
ഫർണിച്ചർ,
ഇലക്ട്രോണിക് ഉപകരണങ്ങൾ,
അച്ചാർ,
കരകൗശല വസ്തുക്കൾ,
തീപ്പെട്ടി,
മെഴുക് തിരി,
പാക്ക്,
ആണി,
വിനാഗിരി,
കൂട്ട,
പായ്,
ഇളനീർ പാനീയം,
തേങ്ങാ പൗഡർ,
ജൈവവളം,
അലക്കു സോപ്പ്,
സ്കൂൾ ബാഗ്,
ഗ്ലാസ്,
കറി പൗഡർ,
പേപ്പർ,
പേക്കിംഗ് കെയ്സ് തുടങ്ങിയവയുടെ നിർമ്മാണം,
ഗാർഡൻ നഴ്സറി,
കശുവണ്ടി ഫാക്ടറി,
മരവ്യവസായം,
ചകിരി,
ഫൈബർ ഫാക്ടറി,
കസേര മെടയൽ,
പഴ സംസ്ക്കരണം,
കാർഷികോപകരണ ഫാക്ടറി,
ക്ഷീര വ്യവസായം, എന്നിവയെല്ലാം ഇടപെടാവുന്ന മേഖലകളാണ്.



# വിദ്യാഭ്യാസം

**ഇന്നലെകൾ:**

ഏതൊരു നാടിന്റെയും സാമൂഹ്യചരിത്രത്തിന്റെ നാഴികല്ലുകളാവാറുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആരംഭം. നമ്മുടെ പഞ്ചായത്തിലുള്ള പല വിദ്യാലയങ്ങളുടെയും ചരിത്രം ഇക്കാരണം കൊണ്ടുതന്നെ നമുക്ക് ആവേശം പകരുന്നതത്രെ.

1941ൽ കോളറ എന്ന മഹാമാരിമൂലം ഉണ്ടായ മരണങ്ങളുടെ ഭീകരതാണ്ഡവമാണ് ശുചിത്വബോധത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും അപര്യാപ്തതകളെ കുറിച്ച് നമ്മുടെ സമൂഹത്തിൽ ഗൗരവമായ ചിന്ത ഉണർത്തിയത്. ദേവധാർ മലബാർ റീകൺസ്ട്രക്ഷൻ ട്രസ്റ്റ് (DMRT) സ്കൂൾ എന്ന പേരിൽ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന് അത് വഴിമരുന്നിട്ടു. സർവ്വോദയ പ്രസ്ഥാനത്തിനുവേണ്ടി നമ്മുടെ നാട്ടിൽ പ്രവർത്തിച്ച ദേവധാറിന്റെ സ്മരണയിൽ സ്ഥാപിച്ച ഈ വിദ്യാലയത്തിന് നേതൃത്വം നൽകിയത് അദ്ദേഹത്തിന്റെ ശിഷ്യനും സർവ്വോദയാ പ്രവർത്തകനുമായിരുന്ന V.R. നായനാർ ആയിരുന്നു. പിന്നീട് സർക്കാർ ഏറ്റെടുത്തു ഗവർമെന്റ് ദേവധാർ ഹൈസ്കൂളായും ഹയർസെക്കന്ററി വിഭാഗത്തിന്റെ ആരംഭത്തോടെ ദേവധാർ ഗവർമെന്റ് ഹയർസെക്കന്ററി സ്കൂളായും ഉയർന്നത് ഈ വിദ്യാലയമാണ്.

സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന മാടമ്പാട്ട് അവറാൻകുട്ടി മുസ്ല്യാർ പിലാതോട്ടത്തിൽ മൊയ്തീൻകുട്ടിഹാജി, കടയാക്കോട്ടിൽ ഉമർ മുസ്ല്യാർ തുടങ്ങിയവരാണ് താനാളൂർ പ്രദേശത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ തുടക്കക്കാർ. മത വിദ്യാഭ്യാസത്തോടൊപ്പം സാമൂഹ്യ വിദ്യാഭ്യാസവും നൽകിക്കൊണ്ട് ആരംഭിച്ച പ്രവർത്തനം തറയിൽ ഓത്തുപള്ളി സ്കൂളാക്കി രൂപാന്തരപ്പെടുത്തുന്നിടത്തുവെച്ച് ഒരു വഴിത്തിരിവിലെത്തി. അങ്ങനെ 1907ൽ താനാളൂരിലെ ആദ്യത്തെ സ്കൂൾ- താനാളൂർ AMLP സ്കൂൾ നിലവിൽ വന്നു.

നിറമരുതൂരിന്റെ തെക്കൻ പ്രദേശത്ത് ആരംഭിച്ച ഒരു കൊച്ചുവിദ്യാലയം ചില പ്രതിസന്ധികളെ നേരിട്ടപ്പോഴാണ് നിറമരുതൂരിലെ പ്രമുഖ പുരോഗമനവാദിയും ത്യാഗശീലനുമാ

യിരുന്ന മങ്ങാട്ട് കുട്ടികൃഷ്ണൻ നായർ തന്റെ സ്ഥലം സൗജന്യമായി സ്ക്കൂളിന് നൽകാൻ തെയ്യാറായത്" മങ്ങാട്ട് സ്ക്കൂൾ" എന്ന ഓമന പേരിൽ ഇന്നും അറിയപ്പെടുന്ന നിറമരുതൂർ ഹൈസ്ക്കൂൾ ആരംഭിച്ചത് . ഇങ്ങനെയത്ര.

1904ൽ ആരംഭിച്ച മീനടത്തൂർ സ്ക്കൂൾ, 1909 ൽ ആരംഭിച്ച ജി .എൽ. പി. സ്ക്കൂൾ കെ. പുരം(വട്ടത്താണി) 1930 ൽ ആരംഭിച്ച വള്ളിക്കാഞ്ഞിരം എ.എം.എൽ.പി. സ്ക്കൂൾ എന്നു വേണ്ട പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളും സാമൂഹ്യ പുരോഗതിയിൽ ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്. T.V. കുട്ടി കൃഷ്ണൻമേനോൻ, കറുത്താട്ട് ശങ്കുണ്ണി മേനോൻ,ഇ. ചോയിമാസ്റ്റർ, ചെമ്പ്ര ഉണ്ണി മൂപ്പൻ തുങ്ങിയവരൊക്കെ നമ്മുടെ നാടിന്റെ വിദ്യാഭ്യാസ പുരോഗതിയിൽപ്രസ്ക്തമായ പങ്ക് വഹിച്ചവരാണ്. സമൂഹ്യ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ആദ്യകാല അദ്ധ്യാപകരിൽ ഒ. പി. മൊയ്തീൻകുട്ടിമാസ്റ്റർ, മുക്കൂട്ടിൽ മാധവ മേനോൻ, O. നാരായണൻ മാസ്റ്റർ . കാദർകുട്ടി മാസ്റ്റർ, പാറുക്കുട്ടി ടീച്ചർ, ടി. നാരായണൻ മാസ്റ്റർ എന്നിവരും സ്മരണീയരാണ്. സാമൂഹ്യ പുരോഗതിയുടെ സിരാകേന്ദ്രങ്ങളായിരുന്ന നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കേണ്ടത് നമ്മുടെ കർത്തവ്യമാണെന്ന് ഈ ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇന്ന് :

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ കേരളത്തിലെ ഒരു ശരാശരി പഞ്ചായത്തിൽ നിന്ന് വളരെയൊന്നും വ്യത്യസ്ഥ മല്ല താനാളൂർ പഞ്ചായത്ത് എന്നാൽ ഓരോ വിദ്യാലയത്തിലുമുള്ള കുട്ടികളുടെ ആധിക്യം നമ്മുടെ പഞ്ചായത്തിനെ വ്യത്യസ്ഥമാക്കുന്നു. പഠന നിലവാരത്തിന്റെ കാര്യത്തിലും നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ സ്ഥിതി കേരള ശരാശരിയിൽ നിന്ന് വളരെ താഴെയാണ്.

സ്ക്കൂളുകൾ

സ്വകാര്യമേഖലയിലുള്ള പതിനൊന്ന് സ്ക്കൂളുകളും സർക്കാർ മേഖലയിലുള്ള നാല് സ്ക്കൂളുകളുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. രണ്ട് ഹൈസ്ക്കൂളുകളും സർക്കാർമേഖലയിലാണ്. പഞ്ചായത്തിലെ നാല് യു. പി. സ്ക്കൂളുകൾക്ക് പുറമെ മേൽപറഞ്ഞ രണ്ട് ഹൈസ്ക്കൂളുകളിലും യു. പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഒമ്പത് എൽ. പി. സ്ക്കൂളുകൾക്കു പറമെ മൂന്നു യു. പി. സ്ക്കൂളുകളിലും ഒരു ഹൈസ്ക്കൂളിലും എൽ. പി. വിഭാഗം ക്ലാസുകൾ പ്രവർത്തിക്കുന്നു. എട്ട് എൽ. പി. സ്ക്കൂളുകളും മൂന്നു യു. പി. സ്ക്കൂളുകളും സ്വകാര്യ മേഖലയിലുള്ള വിദ്യാലയങ്ങളാണ്. ഇവക്കു പുറമെ സർക്കാർ അംഗീകാരമില്ലാത്ത എൽ. പി. സ്ക്കൂളുകൾ താനാളൂരിലും കാളാട്ടും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ എല്ലാ യു. പി. സ്ക്കൂളുകളും ഹൈസ്ക്കൂളുകളും പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. ഒരു സ്ക്കൂൾപോലുമില്ലാത്ത നാലുവാർഡുകൾ പഞ്ചായത്തിലുണ്ട്. 1,4,7,9 എന്നീ വാർഡുകളാണവ.

അക്കാഡമിക് തലം

ആകെ അംഗീകൃത സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം LP 5818, UP 5690, HS 4690 എന്നിങ്ങനെയാണ്. ആകെയുള്ള 15998 കുട്ടികളിൽ 8220 ആൺകുട്ടികളും 7778 പെൺകുട്ടുകളുമാണ്. സർക്കാർ അംഗീകാരമില്ലത്ത LP സ്ക്കൂളുകളിൽ 52 ആൺകുട്ടികളും 48 പെൺകുട്ടികളും പഠിക്കുന്നു.. സ്ക്കൂളുകളിൽ നിന്നുതന്നെ ലഭ്യമായ കണക്കുകൾ പ്രകാരം 30% ത്തിൽ താഴെ മാർക്ക് ഇക്കഴിഞ്ഞ പാദവാർഷിക പരീക്ഷയിൽ ലഭിച്ചത് 4210 കുട്ടികൾക്കാണ്. സ്ക്കൂളുകളിലെ നിരക്ഷരത ഗണ്യമായ തോതിൽ തന്നെ നിലനിൽക്കുന്നുണ്ട്. SSLC വിജയ ശതമാനത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളും സംസ്ഥാന ശരാശരിയേക്കാൾ താഴ്ന്ന നിലവാരത്തിലാണ്. എന്നാൽ സമീപ പഞ്ചായത്തികളിലെ മറ്റുമിക്ക വിദ്യാല

| ക്ലാസ് | പാദവാർഷിക പരീക്ഷക്ക് കിട്ടിയമാർക്ക് | | | | | |
|---|---|---|---|---|---|---|
| | 30% ത്തിൽ കുറവ് | 30–40 | 40–50 | 50–60 | 60% കൂടുതൽ | ആകെ |
| III | 183 | 301 | 251 | 234 | 248 | 1217 |
| IV | 223 | 277 | 288 | 288 | 263 | 1339 |
| V | 457 | 309 | 374 | 232 | 103 | 1478 |
| VI | 644 | 423 | 440 | 192 | 111 | 1710 |
| VII | 613 | 366 | 372 | 260 | 117 | 1708 |
| VIII | 700 | 669 | 200 | 176 | 69 | 1723 |
| IX | 800 | 390 | 170 | 122 | 90 | 1572 |
| X | 690 | 140 | 220 | 100 | 45 | 1195 |
| Total | 4210 | 2755 | 2316 | 1564 | 1096 | 11940 |

| Year | D.G.H.S.S Tanur | G.H.S. Niramaruthur |
|---|---|---|
| 1991-92 | 18% | 19% |
| 1992-93 | 19% | 16% |
| 1993-94 | 20% | 11% |
| 1994-95 | 22% | 12% |
| 1996-97 | 25% | 10% |

യങ്ങളേക്കാൾ മികച്ച വിജയ ശതമാനം ദേവ ധാർ ഹൈസ്ക്കൂളുകളിൽ ഉണ്ടാകുന്നുണ്ട്. ശരാശരിയേക്കാൾ താഴ്ന്ന നിലവാരത്തി ലാണ് കുട്ടികളുടെ പഠന നിലവാരം

അവലംബം: മൂന്നാം വിവര ശേഖരണ ഫോറം 9:5

MLL സമ്പ്രദായമനുസരിച്ച് പഠന പരി ഷ്ക്കരണം നടന്ന വിദ്യാലയങ്ങളിൽ പൊ

തുവെ ഗുണകരമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്നാൽ അദ്ധ്യായന വർഷത്തിന്റെ പകുതിയായിട്ടും ഇവരുടെ പാഠപുസ്തകങ്ങൾ എത്താത്തതാണ് ഈ മാറ്റത്തെ പ്രതികൂലമായി ബാധിക്കുന്നു. എൽ. പി. സ്കൂളുകളിൽ അദ്ധ്യായന വർഷത്തിനിടക്കുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിസാരമാണ്. എന്നാൽ ഹൈസ്കൂൾ ക്ലാസുകളിൽ കൊഴിഞ്ഞുപോക്കിന്റെ പ്രവണത വർദ്ധിക്കുന്നതായി കാണുന്നു. വിശദമായ പട്ടിക താഴെ ചേർക്കുന്നു.

എത്തിയിട്ടുണ്ട്.

### അദ്ധ്യാപകരക്ഷാകർതൃസമിതികൾ, മാതൃസംഗമങ്ങൾ

എല്ലാ വിദ്യാലയങ്ങളിലും അധ്യാപകരക്ഷാകർതൃ സമിതികൾ നിലവിലുണ്ട്. എങ്കിലും സ്കൂളിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടുള്ള സജീവമായ അദ്ധ്യാപകരക്ഷാകർതൃ സമിതികൾ ചിലതു മാത്രമെ ഉള്ളൂ. കേരളാധിശ്വരപുരം GLPS ൽ

| സെക്ഷൻ | ആൺ കുട്ടികൾ | | പെൺകുട്ടികൾ | | ആകെ | |
|---|---|---|---|---|---|---|
| | നിലവിലു ള്ളത് | കൊഴിഞ്ഞു പോക്ക് | നിലവിലു ള്ളത് | കൊഴിഞ്ഞു പോക്ക് | നിലവിലു ള്ളത് | കൊഴിഞ്ഞു പോക്ക് |
| L P | 3014 | 15 | 2804 | 117 | 5818 | 26 |
| U P | 2963 | 37 | 2727 | 17 | 5690 | 54 |
| H S | 2243 | 50 | 2247 | 36 | 4490 | 86 |
| TOTAL | 8220 | 102 | 7778 | 64 | 15998 | 166 |

### പാഠ്യേതര പ്രവർത്തനങ്ങൾ

പാഠ്യേതര പ്രർത്തനങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങൾ താരതമ്യേനെ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നുണ്ട്. പതിനഞ്ചിലേറെ വർഷങ്ങളായി തിരൂർ വിദ്യാഭ്യാസ ജില്ലാ കായിക മേളയിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങൾ മാറി മാറി ഒന്നാം സ്ഥാനം നിലനിർത്തുന്നുണ്ട്. ഉപജില്ലാതലത്തിലുള്ള യുവജനോത്സവങ്ങളിലും കായിക മേളകളിലും ശാസ്ത്രമേളകളിലുമൊക്കെ നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങൾ മികച്ച നിലവാരം പുലർത്താറുണ്ട്. ഖോ- ഖോ കളിയിൽ ദേശീയതലം വരെ ഉയരാൻ നിറമരുതൂർ HS ലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്. കലാ, കായിക, ശാസ്ത്ര മേളകളിലൊക്കെ സംസ്ഥാന തലം വരെ നിറമരുതൂർ ഹൈസ്കൂളിനൊപ്പം ദേവധാർ ഹൈസ്കൂളും പ്രാദേശിക വിഭവ സമാഹരണത്തിലൂടെ സ്കൂളിന് ഒരു അഞ്ചുമുറിക്കെട്ടിടം നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞതും ദേവധാർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനും മറ്റു ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുമൊക്കെ നേതൃത്വം നൽകി വിജയിപ്പിക്കാൻ കഴിഞ്ഞതും പുതുക്കുളങ്ങര AMLP സ്കൂളിന് PTA യുടെ നേതൃത്വത്തിൽ കെട്ടിടം നിർമ്മിച്ചതുമൊക്കെ PTA യുടെ എടുത്തു പറയാവുന്ന നേട്ടങ്ങളാണ്. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ വിജയം കണ്ടെത്തിയിട്ടുള്ള ജാഗരൂകൾപോലും കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ക്രിയാത്മകമായ പരിപാടികൾക്ക് രൂപം നൽകിയതായി അറിവില്ല. ക്ലാസ്റൂം PTA കൾ പഞ്ചായത്തിലെ ഒരു വിദ്യാലയത്തിലും നിലവിലില്ല മാതൃസംഗമങ്ങൾ മിക്കവിദ്യാലയങ്ങളിലും നിലവിലുണ്ട്. എങ്കിലും വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രം

ചേരുന്നവയാണ് മിക്കവയും. ദേവധാർ ഗവ ൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിലാണ് വർഷത്തിൽ അഞ്ചിലേറെ തവണ ചേരുന്ന മാതൃസംഗമങ്ങൾ ഉള്ളത്.

## ഭൗതികസാഹചര്യങ്ങൾ

മിക്കവിദ്യാലയങ്ങളിലും ബഞ്ച്, ഡസ്ക്ക്, തുടങ്ങിയവയുടെ അപര്യാപ്തത ഉണ്ട് എന്ന് സ്ക്കൂളുകളിൽ നിന്നു ലഭിച്ച കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും കൂടി 517 ബഞ്ച്, 510 ഡസ്ക്ക്, 22 ബ്ലാക്ക് ബോർഡ് എന്നിവയുടെ കുറവ് റിപ്പോർട്ട് ചെയ്യപ്പെട്ടിര ിക്കുന്നു. ഇവയിൽ സർക്കാർ മേഖലയിലിള്ള അപര്യാപ്തത 347 ബഞ്ച്, 245 ഡസ്ക്ക്, 7 ബ്ലാക്ക് ബോർഡ് എന്നിവയുടേതാണ്. വിദ്യാലയങ്ങളിൽ ക്ലാസ്സ് മുറികളുടെ കാര്യത്തിൽ ആകെ 54 എണ്ണത്തിന്റെ കുറവു റിപ്പോർട്ട് ചെയ്യപ്പെടുന്നു. സർക്കാർ വിദ്യാലയങ്ങളിൽ മാത്രം 13 ക്ലാസ് മുറികളുടെ കുറവുണ്ട്. സെഷനൽ സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് സ്ക്കൂളുകളും സാധാരണ സമയക്രമത്തിലേക്ക് മാറ്റണമെങ്കിൽ ഇതിനുപുറമെ 83 ക്ലാസ് മുറികളും അതിനുവേണ്ട ഫർണ്ണിച്ചറുകളും വേണം സർക്കാർ മേഖലയിലെ നാലു സ്ക്കൂളുകളിൽ മൂത്രപ്പുരയുടെ കുറവ് നിലനിൽക്കുന്നു. സ്വ

| സ്ക്കൂൾ | കളിസ്ഥലം | കുടി വെള്ളം | ലാബ് | ലൈബ്രറി | റേഡിയോ | ടേപ്പ് റിക്കോർഡർ |
|---|---|---|---|---|---|---|
| A.L.P.S K. Puram | No | Yes | Yes | Yes | Yes | Yes |
| A.M.L.P.S. Pakara | No | No | No | Yes | No | No |
| A.M.L.P.S. Vallikaniram | No | Yes | No | Yes | Yes | Yes |
| A.M.L.P.S. Pathambad | No | Yes | No | No | Yes | Yes |
| A.L.P.S. Padukulagara | No | Yes | No | No | Yes | Yes |
| N.M.A.L.P.S. K.Puram | Yes | No | No | No | Yes | Yes |
| S.M.U.P.S. Tanur | Yes | Yes | No | No | No | No |
| G.L.P.S. K Puram | Yes | Yes | No | No | Yes | Yes |
| G.M.U.P.S. Minadathur | Yes | Yes | No | No | Yes | No |
| A.M.U.P.S. Areekkad | Yes | Yes | Yes | Yes | No | Yes |
| G.H.S. Niramarithur | Yes | Yes | Yes | Yes | No | |
| D.G.H.S.S. Tanur | Yes | Yes | Yes | Yes | Yes | No |

കാര്യ കാര്യത്തിൽ4 വിദ്യാലയങ്ങളിൽ മൂത്രപ്പുര വേണമെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കക്കൂസുകൾ അപര്യാപ്തതയുള്ള ഒരു സർക്കാർ സ്ക്കൂളും 6 സ്വകാര്യ സ്ക്കൂളുകളും ഉണ്ട്. കുടിവെള്ളത്തിന് വൈഷമ്യം നേരിടുന്ന വിദ്യാലയങ്ങൾ രണ്ടും സ്വകാര്യ മേഖലയിൽ ഉള്ളതാണ്. ദേവധാർ ഗവർമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ ഒഴികെ മറ്റു വിദ്യാലയത്തിനും ചുറ്റുമതിൽ ഇല്ല.അവശ്യം വേണ്ട പഠനോപകരണങ്ങൾ മിക്ക വിദ്യാലയങ്ങളിലും ഉണ്ട്. DPEP യുടെ ഭാഗമായി അദ്ധ്യാപകർ നിർമ്മിച്ചെടുത്ത ഉപകരണങ്ങൾ ഇക്കാര്യത്തിൽ സഹായകരമായിട്ടുണ്ട്.

പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലാണ് അധ്യാപകരുടെ എണ്ണം തികയാത്ത പ്രശ്നം രൂക്ഷമായുള്ളത്.

വിശദമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

### അംഗൺ വാടികൾ

### പ്രി പ്രൈമറി സ്ക്കൂളുകൾ

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 28 അംഗൺ വാടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 28 അംഗൺ വാടികളിൽ 11 എണ്ണത്തിന് സ്വന്തമായി സ്ഥിരം കെട്ടിടമില്ല. കളിക്കോപ്പുകളുടെ അപര്യാപ്തത അംഗൺ വാടികളുടെ ആകർഷണീയത കുറയ്ക്കുന്നുണ്ട്. അംഗൺ വാടികൾ ഇല്ലാത്ത വാർഡുകൾ 5, 7, എന്നിവയാണ് .അംഗൺ വാടികൾക്ക് പുറമെ 3 സ്വകാര്യ നഴ്സറിസ്ക്കൂളുകളാണ് പഞ്ചായത്തിലുള്ളത്. ഇവയിൽ ഒന്ന് ഇംഗ്ലീഷ് മിഡിയം നഴ്സറിയാണ്. ഈ സ്ഥാപനങ്ങളിൽ പലതിലും ഒട്ടും മനശാസ്ത്രപരമല്ലാത്ത തരത്തിൽ അക്ഷരങ്ങളും കണക്കും പഠിപ്പിക്കപ്പെടുന്നുണ്ട്. അംഗൺ വാടികളിൽ ആയിരത്തോളം കുട്ടികൾ പഠിക്കുന്നു.

### ഉപരിവിദ്യാഭ്യാസം

SSLC ക്ക് ശേഷം വിദ്യാഭ്യാസത്തിനുത

| സ്ക്കൂളിന്റെ പേര് | അനുവദിച്ച പോസ്റ്റ് | ഒഴിവുകളുടെ എണ്ണം | ദീർഘകാല അവധി |
|---|---|---|---|
| A.M.L.P.S Pathaad | 15 | - | 1 |
| A.M.L.P.S Tanalur | 13 | - | 1 |
| G.H.S. Niramaruthur | 118 | 16 | 3 |
| G.G.H.S.S. Tanur | 119 | 5 | 1 |
| G.M.U.P.S. Meenadathur | 41 | 1 | - |

കുന്ന രണ്ട് സ്ഥാപനങ്ങൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത് ദേവധാർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിലെ ഹയർ സെക്കന്ററി വിഭാഗം , പുത്തൻതെരുവൽ പട്ടിക ജാതി വിഭാഗത്തിനമാത്രമുള്ള ഐ.ടി.സി. എന്നിവയാണ് അവ.ഹയർസെക്കന്ററി വിഭാഗത്തിൽ ആകെ 75 കുട്ടികൾക്കാണ്. ഓരോ വർഷവും അഡ്മിഷൻ ലഭിക്കുന്നത് യെയും സ്വകാര്യ പാരലൽ കോളേജുകളേയും മാണ് നമ്മുടെ പഞ്ചായത്തിലെ കുട്ടികൾ പ്രധാനമായും ഉന്നത വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള മുഖ്യ ആശ്രയം തിരൂർ SSM പോളിടെക്നിക് ആണ്.

പാരലൽ കോളേജ് ട്യൂഷൻ സെന്റർ മദ്രസകൾ

| സ്ക്കൂളിന്റെ പേര് | താനാളൂർ പഞ്ചായത്തുകാരായ എസ്. എ.സ്. എൽ.സി.ക്കാർ |
|---|---|
| D.G.H.S.S. Tanur | 288 |
| G.H.S. Niramaruthur | 291 |
| S.M.M.H.S. Rayirimangalam | 14 |
| G.H.S Paravanna | 30 |
| F.M.E.M.H.S Tirur | 5 |
| C.P.H.M.H.S. Ozhur | 151 |
| Total | 779 |

നമ്മുടെ പഞ്ചായത്തുകാരായ 9 കുട്ടികൾക്ക് കഴിഞ്ഞ വർഷവും 11 കുട്ടികൾക്ക് ഈ വർഷവും അഡ്മിഷൻ ലഭിച്ചിരിക്കുന്നു. ITC യിൽ പഠിക്കുന്ന 16 വിദ്യാർത്ഥികളിൽ ഒരാൾപോലും നമ്മുടെ പഞ്ചായത്തിൽ നിന്നുള്ള വരല്ല. വിവിധ ഹൈസ്ക്കൂളുകളിലായി നമ്മുടെ പഞ്ചായത്തുകാരായ 779 ൽ കുറയാത്ത കുട്ടികളാണ് ഈ വർഷം SSLC പൂർത്തിയാക്കുന്നത്.

തുഞ്ചൻ മെമ്മോറിയൽ കോളേജ് പറവണ്ണ , PSMO കോളേജ് തിരൂരങ്ങാടി, കോഴിക്കോട് സിറ്റിയിലെ കോളേജുകൾ എന്നിവ

പ്രീഡിഗ്രി ക്ലാസുകൾ നടത്തുന്ന മൂന്ന് പാരലൽ കോളേജുകളും, സ്ക്കൂൾ ഗോയിങ്ങ് ക്ലാസുകളുള്ളതു നാലു ട്യൂഷൻ സെന്ററുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. മുസ്ലീം മത വിദ്യാഭ്യാസ സ്ഥാപനങ്ങളായ മദ്രസകൾ എത്രാണ്ട് 40 എണ്ണമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. മിക്ക മദ്രസകളുടെയുടെയും പഠന സമയം രാവിലെ ഏഴര മണിമുതൽ ഒമ്പതര മണിവരെയാണ്. ചില മദ്രസകൾ വൈകുന്നേരം 7 മണിമുതൽ 8 മണിവരെയും പ്രവർത്തിക്കുന്നുണ്ട്.

വകുപ്പ് അവലോകനം

തിരൂർ വിദ്യാഭ്യാസ ജില്ലയിലെ താനൂർ ഉപ ജില്ലയിൽ ആണ് നമ്മുടെ പഞ്ചായത്തിലെ സ്കൂളുകൾ. പ്രൈമറി സ്കൂളുകൾ താനൂർ AEO യുടെയും ഹൈസ്കൂളുകൾ DEO യുടെയും അധികാര പരിധിയിലാണ്. സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ, പഠനനിലവാരം തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തേണ്ട ഉത്തരവാദിത്തം ഓഫീസർ മാർക്കുണ്ടെങ്കിലും അധികാരപരിധിയിലുള്ള സ്കൂളുകളുടെ എണ്ണത്തിന്റെ ആധിക്യം കാരണം ഈ പ്രവർത്തനം കാര്യക്ഷമമാകാറില്ല. വർഷത്തിലൊരിക്കൽ പോലും ഓഫീസർ മാർക്ക് സന്ദർശിക്കാൻ കഴിയാത്ത സ്കൂളുകളും ഉണ്ട്. താനൂർ AEO ക്ക് 80 ഉം തിരൂർ DEO ക്ക് 70 ഉം വിദ്യാലയങ്ങളുടെ ചുമതലയുണ്ട്. താല്ക്കാലിക അദ്ധ്യാപകനിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി വിദ്യാഭ്യാസ ഓഫീസർമാരോ ജില്ലാ ആസ്ഥാനത്തുള്ള ഡപ്യൂട്ടി ഡയറക്ടറോ ആണ് ചെയ്യുന്നത്. ഒഴിവ് ഉണ്ടായി മാസങ്ങൾ കഴിഞ്ഞ് മാത്രമേ മിക്ക അവസരങ്ങളിലും നിയമനം നടക്കാറുള്ളൂ. സർക്കാർ വിദ്യാലയങ്ങളിലെ ദീർഘകാല അവധികൾ മിക്കവാറും താല്ക്കാലികനിയമനം നടക്കാറില്ല. സർക്കാർ സ്കൂളുകളിലേക്ക് വേണ്ട ഫർണ്ണിച്ചറുകൾ, ഓഫീസ് ഉപകരണങ്ങൾ ചോക്ക് തുടങ്ങിയവ AEO ഓഫീസ് വഴി വിതരണം ചെയ്യപ്പെടണം എന്നതാണ്. വ്യവസ്ഥ എങ്കിലും കഴിഞ്ഞകാലങ്ങളിൽ ഇവയുടെ വിതരണം കാര്യക്ഷമമല്ല മൂല്യനിർണ്ണയ രംഗത്ത് ഇന്ന് അനുവർത്തിച്ചു പോരുന്ന ചട്ടപ്പടി രീതി കാണാപാഠം പരിശോധിക്കുന്നതിന് മുൻതൂക്കം നൽകുന്നതാണ്. മാത്രമല്ല മൂല്യനിർണ്ണയത്തെ തുടർന്നു നടക്കേണ്ട പരിഹാര ബോധനം ഏതാണ്ട് പൂർണ്ണമായും അവഗണിക്കപ്പെടുന്നു. ഇതിന്റെ ഫലമായി 80% കുട്ടികൾ വിജയം നേടണം എന്ന ചട്ടം നിലവാരമില്ലാത്ത ഭൂരിഭാഗത്തെ വിജയിപ്പിക്കുന്നതിന് ഉപാധിയായിവരുന്നു. നിലവിലുള്ള നിയമപ്രകാരം LP വിഭാഗം ക്ലാസ് മുറിക്ക് 18x 20 ചതുരശ്ര അടിയും UP, HS എന്നീ വിഭാഗങ്ങൾക്ക് 20x20 ചതുരശ്ര അടിയും വിസ്തീർണ്ണം വേണം എന്നാൽ ഓരോ ഡിവിഷനിലും പരമാവധി കുട്ടികളുടെ എണ്ണം നിഷ്കർഷിക്കപ്പെടാത്തതിനാൽ അറുപതും എഴുപതും കുട്ടികൾ വരെ ഒരു ക്ലാസിൽ ഇരിക്കുന്ന അനാരോഗ്യകരമായ അവസ്ഥയുണ്ട്.

ഉച്ചഭക്ഷണവിതരണം സ്കൂൾഹെഡ്മാസ്റ്ററുടെ ചുമതലയിൽ നടക്കേണ്ടതാണെങ്കിലും പല വിദ്യാലയങ്ങളിലും ഇത് അങ്ങനെയല്ല. പാചകവിഷങ്ങളുണ്ട്. അരി, പച്ചക്കറി, പയർ എന്നിവക്കുപുറമെ 10 പൈസ മാത്രമാണ് സർക്കാർ ഇതിന് അനുവദിക്കുന്നത്. വിറക്, പലവ്യഞ്ജനങ്ങൾ, എന്നിവയുടെ വിലപോലുമില്ലാത്തതുകൊണ്ട് എന്നിവക്ക് ഇത് പര്യാപ്തമാകാറില്ല. പൊതുജന സമിതികളുടെ മേൽനോട്ടത്തിൽ വേണം ഉച്ചഭക്ഷണവിതരണം നടപ്പിലാക്കാൻ എന്നതും മിക്കവാറും പ്രായോഗികമാകാറില്ല. മുൻവർഷങ്ങളിൽ സ്കൂളുകളിൽ ആരംഭിച്ച ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം പ്രകാരം വിദ്യാർത്ഥി പിച്ചകാര്യങ്ങൾ വീണ്ടും പരിശോധിച്ച് പുനഃപഠനത്തിന് സമയം നീക്കിവെച്ചിരുന്നു. തുടർന്ന് അതാത് വർഷത്തെ പാഠഭാഗങ്ങൾ പഠിപ്പിക്കുകയാണ് ചെയ്തിരുന്നത്. വിദ്യാഭ്യാസനിലവാരത്തിൽ നല്ലമാറ്റം ഉണ്ടാക്കാൻ കഴിയുന്നതാണ് ഈ പദ്ധതി എങ്കിലും അദ്ധ്യാപകരുടെ സർഗ്ഗാത്മകതയെ ഉണർത്തുന്നതിനും സമയക്രമീകരണത്തിനനുസരിച്ച് പാഠ്യപദ്ധതി ലഘൂകരിക്കുന്നതിനും ഈ പരിപാടിക്കു കഴിഞ്ഞിരുന്നില്ല. ഇതും പരാജയത്തിനിടയാക്കുന്നതിന് കാരണമായി.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

1. പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും ഭൂരിഭാഗം കുട്ടികളുടെയും പഠനനിലവാരം വളരെ താഴെയാണ്. സ്കൂളുകളിൽ നിന്നുള്ള റിപ്പോർട്ടുകൾ പ്രകാരം 30% ത്തിൽ താഴെമാത്രം മാർക്ക് ലഭിച്ച 4210 കുട്ടികളാണ് ഉള്ളത്. സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരതയും ഈ രംഗത്തെ പ്രധാന പ്രശ്നമാണ്. ഈ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകി പരിഹാര ബോധനം നൽകാൻ ഇന്നത്തെ സംവിധാനം പര്യാപ്തമല്ല.
2. പൊതുവെ അദ്ധ്യാപനരീതി വേണ്ടത്ര ആകർഷകമല്ല. ചാർട്ട്, മാപ്, മോഡലുകൾ, രാസപരീക്ഷണങ്ങൾ തുടങ്ങിയവയൊക്കെ ക്ലാസുകളിൽ ഉപയോഗിക്കുന്നത് വളരെ

പരിമിതമായി മാത്രമാണ്. ഉപകരണങ്ങളുടെ അപര്യാപ്തത, ക്ലാസ്സിൽ കുട്ടികളുടെ എണ്ണക്കൂടുതൽ, പാഠ്യപദ്ധതിയുടെ ആധിക്യം പരിശീലനത്തിലെ പരിമിതികൾ എന്നിവയൊക്കെ ഇതിന് കാരണമാണ്. കൂടാതെ TV തുടങ്ങിയ ദൃശ്യശ്രാവ്യ ഉപകരണങ്ങൾ പഞ്ചായത്തിലെ ഒരു വിദ്യാലയത്തിൽ പോലും ഇല്ല എന്നതും ഒരു പ്രശ്നം തന്നെ.

3. നാളിൽ ലഭ്യമാകുന്ന തൊഴിലുകളോട് ആഭിമുഖ്യമുണ്ടാക്കാൻ ഇന്നത്തെ വിദ്യാഭ്യാസ രീതി പര്യാപ്തമല്ല. പഠനം പൂർത്തിയാകുന്ന ക്രമത്തിൽ മിക്ക വിദ്യാർത്ഥികളും കൃഷി മുതലായ മേഖലകളിൽ നിന്ന് മാറിനിൽക്കാൻ താത്പര്യപ്പെടുന്നു. സമൂഹത്തോടുള്ള തന്റെ കടപ്പാട് ബോധ്യപ്പെടാൻ ഇന്നത്തെ വിദ്യാഭ്യാസ രീതി ഉതകുന്നില്ല.

4. നിരവധി സ്കൂളുകളിൽ ഫർണിച്ചറിന്റെ അപര്യാപ്തത നിലനില്ക്കുന്നുണ്ട്. ഇപ്പോഴത്തെ അതേസമയക്രമത്തിൽ പ്രവർത്തിച്ചാൽ തന്നെ പഞ്ചായത്തിൽ എല്ലാ വിദ്യാലയങ്ങളിലും കൂടി 517 ബഞ്ച്, 510 ഡസ്ക്ക്, 22 ബ്ലാക്ക് ബോർഡ്, എന്നിവയുടെ കുറവ് നിലനിൽക്കുന്നു. ഇവയിൽ 347 ബഞ്ച്, 245 ഡസ്ക്ക്, 7 ബ്ലാക്ക് ബോർഡ് എന്നിവ സർക്കാർ സ്കൂളുകളിലേക്ക് വേണ്ടതാണ്.

5. സ്കൂളുകളിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകൾ അനുസരിച്ച് ഇപ്പോൾ പ്രവർത്തിക്കുന്ന അതേ സമയ ക്രമത്തിൽ പ്രവർത്തിക്കുമ്പോൾ തന്നെ 54 ക്ലാസ് മുറികളുടെ കുറവ് നിലനിൽക്കുന്നുണ്ട്. ഇവയിൽ 13 എണ്ണത്തിന്റെ കുറവ് സർക്കാർ വിദ്യാലയങ്ങളിലാണ്. ഷിഫ്റ്റ് സമ്പ്രദായം പൂർണ്ണമായും നിർത്തലാക്കാൻ 82 ക്ലാസ് മുറികൾ ഇതിന് പുറമെ വേണം.

6. പഞ്ചായത്തിൽ ആകെ 22 അദ്ധ്യാപകരുടെ ഒഴിവുകൾ ഒഴിഞ്ഞു കിടക്കുന്നു. ഇവ സർക്കാർ മേഖലയിലാണ്. ചില വിഷയങ്ങൾ തീരെ പഠിപ്പിക്കാനാവാത്ത ഡിവിഷനുകൾ പല സ്കൂളുകളിലും ഉണ്ട് അധ്യാപകരുടെ ദീർഘകാലാവധികൾ ഇതുപോലെ തന്നെ കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

7. മിക്ക വിദ്യാലയങ്ങളിലും അധ്യാപക രക്ഷാകർതൃസമിതികൾ പ്രവർത്തനങ്ങൾ പേരുമാത്ര കാര്യക്ഷമമല്ല. സമിതി പ്രവർത്തനം മിക്കപ്പോഴും വിരലിൽ എണ്ണാവുന്ന വ്യക്തികളുടെ പ്രവർത്തനമാകാറുണ്ട്. ഭൗതിക സൗകര്യങ്ങളല്ലാതെ പഠന നിലവാരം ഒച്ചപ്പെടുത്തുന്നതിന് PTA തലത്തിൽ ക്രിയാത്മകമായ നീക്കങ്ങൾ വളരെ കുറവാണ്. മാതൃസംഗമങ്ങളിലും ഈ സാധ്യത മിക്കപ്പോഴും ഉപയോഗപ്പെടാറില്ല. വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രമാണ് മാതൃസംഗമങ്ങൾ ചേരുന്നത പതിവുള്ളത്.

8. SSLC വിജയ ശതമാനം ഓരോ വർഷവും കുറഞ്ഞുവരുന്ന അവസ്ഥയാണുള്ളത്. DGHSS ൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിലും വർദ്ധനവ് സൂചിപ്പിക്കുന്നുണ്ടെങ്കിലും സംസ്ഥാന ശരാശരിയിൽ നിന്ന് വളരെ താഴെയാണ് ഇത് നിലനിൽക്കുന്നത്. പാഠപുസ്തകങ്ങൾ യഥാസമയത്ത് വിതരണം ചെയ്യപ്പെടാത്തത് കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി ഏറിയും കുറഞ്ഞും ഈ പ്രശ്നം നിലനിൽക്കുന്നുണ്ട്. MLL പദ്ധതി പ്രകാരം പ്രർത്തിക്കുന്ന വിദ്യാലയങ്ങളിൽ ഈ അടുത്ത ദിവസം വരെ പാഠപുസ്തകങ്ങൾ എത്തിയിട്ടില്ല.

10 ഉച്ചഭക്ഷണ വിതരണം പല വിദ്യാലയങ്ങളിലും കാര്യക്ഷമമല്ല . ഈ വർഷം ഒട്ടും തന്നെ ഉച്ചഭക്ഷണ വിതരണം നടത്താത്ത വിദ്യാലയങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഭക്ഷണ സാധനങ്ങൾ മാവേലി സ്റ്റോറിൽ നിന്ന് വാങ്ങച്ച് സ്കൂളിൽ എത്തിക്കുന്നതിന് വേണ്ടി വരുന്ന ഭാരിച്ച ചെലവും ഉദ്ദേശിച്ച സമയത്ത് ഇവ ലഭ്യമല്ലാത്തതുമാണ് ഇത് മുടങ്ങുന്നതിനുള്ള മുഖ്യ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

11. ഇന്നത്തെ പ്രമോഷൻ സമ്പ്രദായം കാരണം കുട്ടിക്ക് പഠിക്കാതെ തന്നെ ക്ലാസ്കയറ്റം ലഭിക്കും എന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. ഇത് കുട്ടികളുടെയും ഒരു പരിധി

വരെ രക്ഷിതാക്കളുടെയും സമീപനരീതി മോശമാക്കുന്നു.

12. 8, 9, 10, 11, എന്നീ വാർഡുകളിലെ മുഴുവൻ ഗ്രാമസഭകളിലും വിശദമായി ചർച്ചചെയ്യപ്പെട്ടതാണ് നിറമരുതൂർ ഹൈസ്ക്കൂളിന്റെ പ്രശ്നങ്ങൾ. കെട്ടിടമില്ലായ്മ, ഷെഡുകളുടെ ശോചനീയാവസ്ഥ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണം, ഫർണ്ണിച്ചറിന്റെയും ബ്ലാക്ക് ബോർഡിന്റെയും അപര്യാപ്തത ഒഴിഞ്ഞുകിടക്കുന്ന അധ്യാപകരുടെ പോസ്റ്റുകൾ, ചുറ്റുമതിൽ ഇല്ലാത്തതിനാൽ സാമൂഹ്യ വിരുദ്ധരുടെ ശല്യം എന്നിങ്ങനെ നിരവധി പ്രശ്നങ്ങളാണ് ഈ സ്ക്കൂളിനുള്ളത്. അധ്യാപക രക്ഷാകർതൃസമിതി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നത്ര സജ്ജീവമല്ല. LP, UP, HS വിഭാഗങ്ങളിലായി 4000 ത്തിൽപരം കുട്ടികളും 120 ൽ പരം അധ്യാപകരുമുള്ള പ്രസ്തുത വിദ്യാലയം ഒരു ഹെഡ്മാസ്റ്റർക്ക് ഭരണ നിർവഹണം നടത്താവുന്നതിലും വലുതാണ് താനും.

13. 14-ാം വാർഡിലുള്ള നായനാർ മെമ്മോറിയൽ എ. എൽ. പി. സ്ക്കൂൾ സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലുള്ളതാണ്. എന്നാൽ സ്ക്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം മറ്റൊരു വ്യക്തിയുടെ ഉടമസ്ഥതയിലുമാണ്. മാനേജരും ഭൂവുടമയരുംതമ്മിൽ നിലനിൽക്കുന്ന തർക്കത്തെ തുടർന്ന് വർഷങ്ങളായി അനാഥത്വം നിലനിൽക്കുമ്പോഴാണ് സ്ക്കൂൾ താൽകാലികമായി സർക്കാർ ഏറ്റെടുത്തത് എന്നാൽ അറ്റകുറ്റപണികൾ നടത്താനോ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനോ സർക്കാർ ഒന്നും തന്നെ ചെയ്തിട്ടില്ല കെട്ടിടമില്ലായ്മ, ഫർണ്ണിച്ചർ കുറവ് , വേണ്ടത്ര അധ്യാപകരില്ലായ്മ എന്നിവയെല്ലാം ഈ വിദ്യാലയത്തിന്റെ നീറുന്ന പ്രശ്നങ്ങളാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ തക്ക ശക്തമായ PTA യും ഇവിടെയില്ല ഈ കെടുകാര്യസ്ഥത കാരണം സ്ക്കൂൾ ഇന്ന് നാശത്തിന്റെ വക്കിലാണ്. ഈ പ്രദേശത്തുള്ള ഒട്ടേറെ കുട്ടികൾ ഇപ്പോൾ തന്നെ കിലോമീറ്ററുകൾ താണ്ടി മറ്റ് സ്ക്കൂളുകളിലേക്ക് പോകാൻ നിർബന്ധിതരാണ്.

15. വട്ടത്താണി ഗവൺമെന്റ് എൽ. പി. സ്ക്കൂൾ സർക്കാർ ഉടമസ്ഥതയിലുള്ളതാണെങ്കിലും ഒരു വ്യക്തിയുടെ സ്ഥലത്തും വാടക കെട്ടിടത്തിലുമാണ് സ്ഥിതി ചെയ്യുന്നത്. സർക്കാർ നൽകുന്ന വാടകകൊണ്ട് സ്ക്കൂളിന് വേണ്ട എല്ലാ സൗകര്യങ്ങളുമൊരുക്കാൻ ഉടമസ്ഥന് കഴിയാത്തതിനാലും സ്വകാര്യ സ്ഥലത്ത് സർക്കാർ സൗകര്യ ഒരുക്കാത്തതിനാലും സ്ക്കൂൾ നിരവധി അപര്യാപ്തതകൾ നേരിടുന്നു. കക്കൂസ്, മൂത്രപ്പുര, കെട്ടിടം എന്നിവയുടെ കാര്യത്തിലൊക്കെ അപര്യാപ്തതകളുണ്ട്. സ്ഥലമുടമയിൽ നിന്ന് രേഖാമൂലമുള്ള സമ്മതത്തോടെ അധ്യാപകരക്ഷാകർതൃസമിതി വിഭവസമാഹരണത്തിലൂടെ അഞ്ച് ക്ലാസ് മുറികളുടെ കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും അപര്യാപ്തതകൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല.

16. സർക്കാർ ഉടമസ്ഥതയിലുള്ള മീനടത്തൂർ GMUP സ്ക്കൂൾ ആണ് ഏറ്റവും പരിമിതികൾ നേരിടുന്ന പഞ്ചായത്തിലെ മറ്റൊരു സ്ക്കൂൾ. മൂന്ന് ഷെഡുകൾ പൂർണ്ണമായും വീണുപോയതിനാൽ വരാന്തകളിൽ വെച്ച് പോലും ക്ലാസ് നടത്തേണ്ട അവസ്ഥ നിലനിൽക്കുന്നു. ഫർണിച്ചറിന്റെ അപര്യാപ്തതക്കു പുറമെ ചുറ്റുമതിൽ ഇല്ലാത്തതു കൊണ്ട് വിഷമവുമുണ്ട്.

17. പ്രീ- പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രധാന കേന്ദ്രങ്ങളായ അംഗൺ വാടികൾ പഞ്ചായത്തിൽ ആവശ്യമുള്ളതിലും എത്രയോ കുറവാണ്. 1000 ജനസംഖ്യക്ക് ഒരു അംഗൺവാടി എന്ന കണക്ക് പ്രകാരം തന്നെ പഞ്ചായത്തിൽ 56 അംഗൺവാടികൾ വേണ്ടതാണ്. ഇപ്പോൾ ഇതിന്റെ പകുതി എണ്ണം മാത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. 5, 7, വാർഡുകളിൽ ഒരു അംഗൺ വാടികൾ പോലുമില്ല.

18. സ്വന്തമായി സ്ഥിരം കെട്ടിടമില്ലാത്ത അം

ഗൺ വാടികൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇവയിൽ മിക്കതിനും സ്വന്തമായി സ്ഥലവുമില്ല. ഓലകൊണ്ട് മറച്ചതും നിലം പോലും തേക്കാത്തതുമായ ഈ അംഗൺ വാടികൾ ശുചിത്വ കാര്യത്തിൽ പോലും വളരെ പിന്നിലാണ്.

19. അഞ്ച് വയസ്സ് വരെ കുട്ടികൾക്ക് അക്ഷരാഭ്യാസം അഭിലഷണീയമല്ല. എങ്കിലും പല അംഗൺ വാടികളിലും അക്ഷരാഭ്യാസനം നടക്കുന്നുണ്ട്. രക്ഷിതാക്കളുടെ തെറ്റായബോധം കാരണം കുട്ടികളെ അക്ഷരവും കണക്കും വരെ പഠിപ്പിക്കാൻ തങ്ങൾ നിർബന്ധിതരാണ് എന്നാണ് അംഗൺ വാടി വർക്കർമാരുടെ പരാതി.

20. പരിശീലനം നേടിയ ഒരു വർക്കർ മാത്രമുള്ള അംഗൺ വാടിയിൽ നിന്ന് അവർ ഔദ്യോഗിക പരിപാടികൾക്കോ ലീവിലോ പോകുമ്പോൾ യാതൊരു പരിശീലനവും സിദ്ധിച്ചിട്ടില്ലാത്ത ഒരു ഹെൽപ്പറുടെ നിയന്ത്രണത്തിലാകുന്നു കുട്ടികൾ ഇത്തരം ദിവസങ്ങൾ വിരളമല്ല എന്നത് പ്രശ്നത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു.

21. ഉപരി വിദ്യാഭ്യാസത്തിന് പഞ്ചായത്തിലുള്ള സ്ഥാപനങ്ങൾ തികച്ചും അപര്യാപ്തമാണ്. ഏക ഹയർസെക്കന്ററി സൗകര്യം DGHSS-ൽ ആണ് . അവിടെയുള്ള 75 സീറ്റുകളിൽ 20% ത്തിൽ താഴെ സീറ്റുകൾ മാത്രമെ നമ്മുടെ പഞ്ചായത്തിലെ കുട്ടിക്ക് ലഭ്യമാകുന്നുള്ളൂ.

ഈ വർഷം ആരംഭിച്ച ബാച്ചിൽ 11 ഉം 1995 ജൂണിൽ ആരംഭിച്ച ബാച്ചിൽ 9 ഉം പേർ മാത്രമാണ് നമ്മുടെ പഞ്ചായത്തുകാർ.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായി പുത്തൻതെരുവിൽ ഉള്ള ITC പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള സ്ഥാപനമാണ്. ഇതിൽ ഇപ്പോൾ പഠിക്കുന്ന 16 വിദ്യാർത്ഥികളും നമ്മുടെ പഞ്ചായത്തുകാരല്ല

താനും ഈ വർഷം സ്കൂൾ ഗോയിംഗ് ബാച്ചിലൂടെ SSLC പൂർത്തിയാക്കുന്ന നമ്മുടെ പഞ്ചായത്തുകാരുടെ എണ്ണം 779 ൽ കുടുതൽ ഉണ്ട്.

## നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1. പഠന നിലവാര തകർച്ച, സ്കൂളിലെ നിരക്ഷരത എന്നിവയ്ക്ക് പരിഹാരം കാണാൻ നാട്ടിലെ വിദ്യാസമ്പന്നരായ മുതിർന്നവരെയും തല്പരരായ റിട്ടയർചെയ്ത ഉദ്യോഗസ്ഥരെയും ഉപയോഗിക്കാം. സ്കൂളുകളിൽ വെച്ചുതന്നെ വൈകുന്നേരം 4 മണി മുതൽ 5 വരെ യുള്ള സമയത്ത് പിന്നോക്കം നിൽക്കുന്നവർക്കുള്ള ക്ലാസ്സുകൾ നല്കാം. സാക്ഷരതാ ക്ലാസുകളുടെ മാതൃകയിൽ 10 കുട്ടികൾക്ക് ഒരു കേന്ദ്രം എന്ന രീതിയിൽ വീടുകളിലോ മറ്റോ വെച്ചും ഇത് നടത്താവുന്നതാണ്. അധ്യാപനരീതി കൂടുതൽ രസകരമാക്കാനും ഓരോ കുട്ടിക്കും വ്യക്തിപരമായ ശ്രദ്ധ നല്കാനും ശ്രദ്ധിക്കണം പഞ്ചായത്ത് തലത്തിൽ വിദഗ്ധരായവരെ ഉപയോഗിച്ച് ഇവർക്ക് പരിശീലനം നൽകണം . സ്കൂൾ തലത്തിലുള്ള ഒരു ജനകീയ സമിതിയും പഞ്ചായത്തു തലത്തിൽ വിദ്യാഭ്യാസ സമിതിയും പരിപാടിയെ നിരന്തരം വിലയിരുത്തണം

2. അധ്യാപനരീതി കൂടുതൽ ആകർഷകമാകുന്നതിന് പഞ്ചായത്തുതലത്തിൽ അധ്യാപകരെ ഒന്നിച്ചിരുത്തുന്നതിനും അധ്യാപനരീതികൾ ചർച്ചയിലൂടെ പുതുക്കുന്നതിനും അവസരമൊരുക്കണം . മാസത്തിലൊരിക്കൽ ഇത്തരം കൂടിച്ചേരലുകളിലൂടെ വരുന്ന മാസത്തെ പാഠ്യഭാഗങ്ങൾ ചർച്ചക്ക്‌വിധേയമാക്കുകയും പഠനോപകരണങ്ങൾ പരസ്പരം കൈമാറിയോ , പുതിയതായി നിർമ്മിച്ചോ ഉപയോഗിക്കാൻ പദ്ധതി തയ്യാറാക്കുകയും വേണം. വിവിധ വിഷയങ്ങളിലും നൂതന അധ്യയന രീതികളിലും വിദഗ്ധരായവരുടെ ക്ലാസുകളും ഈ പരിപാടിയുടെ ഭാഗമാക്കാം. പഞ്ചായത്തിലെ ഹൈസ്കൂളുകളിലുള്ള ഇലക്ട്രോണിക്സ് ദൃശ്യശ്രാവ്യ ഉപകരണങ്ങളും മറ്റും മറ്റ് സ്കൂളുകൾക്കുകൂടി ഉപ

യോഗിക്കാൻ ഈ പരിപാടി വഴി സാധിക്കും.

3 നേരത്തെ നിർദ്ദേശിച്ച സ്ക്കൂൾ തലത്തിലും പഞ്ചായത്തുതലത്തിലുള്ള വിദ്യാഭ്യാസ സമിതികളുടെ നേതൃത്വത്തിൽവിവിധ ദിനാചരണങ്ങൾ കൈത്തൊഴിലുകളുടെ പരിശീലനം എന്നിവ നടത്തണം. ദിനാചരണങ്ങൾ സേവന പ്രവർനങ്ങൾക്ക് പ്രാമുഖ്യം നല്കുന്നവയാവണം. നാട്ടിൻ പുറങ്ങളിലൂടെ ദേശഭക്തി ഗാനങ്ങൾ ആലപിച്ചുകൊണ്ടുള്ള ജാഥകൾ, വിവിധ കലാ പരിപാടികൾ, മൂല്ല്യബോധം വളർത്തുന്ന പ്രഭാഷണങ്ങൾ എന്നിവയും ആകാം. ചില ദിനാചരണങ്ങളെങ്കിലും അതിഥി- ആതിഥേയ രീതിയിൽ വേണം നടത്തേണ്ടത്. ഈ വിദ്യാലയത്തിലെ കുട്ടികൾ മറ്റൊരു വിദ്യാലയത്തിലെ കുട്ടികളുടെ അതിഥികളായെത്തുമ്പോൾ ആതിഥ്യമര്യാദകൾ പറഞ്ഞു മനസിലാക്കാനും പ്രായോഗികമാക്കാനുമുള്ള വേദിയും ലഭിക്കുന്നു. ഇതിന്റെ ഭാഗമായി സ്ക്കൂളും പരിസരവും ക്ലാസ് റൂമുകളും മോടിപിടിപിക്കലും കുട്ടികളുടെ നേതൃത്വത്തിൽ നടക്കും. പൂന്തോട്ട നിർമ്മാണം, കമ്പോസ്റ്റ്കുഴി നിർമ്മിക്കൽ, വൃക്ഷതൈനട്ട് സംരക്ഷിക്കൽ , കക്കൂസും മൂത്രപ്പുരയും വൃത്തിയാക്കൽ ക്ലാസ്റൂം വൃത്തിയാക്കൽ, ചവറ്റുകുട്ട, കുടിവെള്ളം, മേശവിരി തുടങ്ങിയവ ഏർപ്പെടുത്തൽ, ഭൂപടങ്ങൾ ,മഹാൻമാരുടെ ചിത്രങ്ങൾ ചാർട്ടുകൾ ഉപയോഗിച്ച് ക്ലാസ്റൂം മനോഹരമാക്കൽ എന്നിവയൊക്കെ ഇതിന്റെ ഭാഗമായി നടത്താം. പഞ്ചായത്തിൽ ലഭ്യമാകുന്ന വിദഗ്ധരെ ഉപയോഗിച്ച് അധ്യാപകരിലൂടെ കൈത്തൊഴിലുകളുടെ പരിശീലനം കുട്ടികൾക്ക് നൽകണം. ആഴ്ചയിൽ രണ്ടു മണിക്കൂറെങ്കിലും ഇതിനുവേണ്ടി നീക്കിവെക്കണം. പഞ്ചായത്തു തലത്തിലും സ്ക്കൂളുതലത്തലുമൊക്കെ വാർഷിക കലാ- കായിക മേളകൾ സംഘടിപിക്കുകയും അവർ നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം നടത്തുകയും ആവാം. ഒരു വർഷത്തെ മുഴുവൻ പ്രവർത്തനങ്ങളും വിലയിരുത്തി പഞ്ചായത്തു തലത്തിൽ മികച്ച സ്ക്കൂളിനെയും മികച്ച ആധ്യാപകനെയും കണ്ടെത്തി അദരിക്കണം.

4. കാണാപാഠത്തിന് അമിത പ്രാധാന്യം നൽകിക്കൊണ്ടുള്ള മൂല്യ നിർണ്ണയരീതിക്ക് പകരം പ്രവർത്തന പാടവം , സാമൂഹ്യ ബോധം, ക്രിയാത്മകത തുടങ്ങിയവകൂടി പരിശോധിക്കാൻ ഉതകുന്ന പരീക്ഷാസമ്പ്രദായം ആരംഭിക്കുക. വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ ഇന്ന് വർഷംതോറും നടത്തിവരുന്ന വിജ്ഞാനോത്സവം, MLL പരീക്ഷകൾ എന്നിവ മാതൃകയായി സ്വീകരിക്കാവുന്നതാണ്.

5. ആവശ്യമുള്ള ഫർണ്ണിച്ചറുകൾ നിർമ്മിച്ചു കൊടുക്കാൻ പഞ്ചായത്ത് നടപടി എടുക്കണം. അദ്ധ്യാപക രക്ഷാകർതൃ സമിതികൾ വഴി നടക്കുന്ന വിഭവസമാഹരണവും ഇതിന് ഉപയോഗിക്കാം. എയ്ഡഡ് സ്ക്കൂളുകളിൽ വേണ്ടത്ര ഫർണ്ണിച്ചർ, ബ്ലാക്ക് ബോർഡ്, തുടങ്ങിയവ ഇല്ലെങ്കിൽ പഞ്ചായത്ത് അധികാരം ഉപയോഗിച്ച് അവ നിർമ്മിച്ചു നൽകാൻ മാനേജരെ നിർബന്ധിക്കണം. മൂത്രപ്പുര, കക്കൂസ് തുടങ്ങിയവയുടെ കാര്യത്തിലും മേൽ പറഞ്ഞ രീതി അനുവർത്തിക്കാം.

6. സർക്കാർ സ്ക്കൂളുകളിൽ റിപാർട്ട് ചെയ്യപ്പെട്ടിട്ടുള്ള ക്ലാസ്റൂമുകളുടെ കമ്മി പരിഹരിക്കാൻ പഞ്ചായത്ത് അവനിർമ്മിച്ചു നൽകണം. ചെറിയൊരളവിൽ പ്രദേശിക വിഭവ സമാഹരണം ആവാം. സർക്കാർ വക സ്ഥലമില്ലാത്ത സ്ക്കൂളുകൾക്ക് കെട്ടിടത്തിന് അവശ്യം വേണ്ട സ്ഥലം സ്ക്കൂളിന് സമീപത്ത് തന്നെ വാങ്ങിക്കേണ്ടതാണ്.

7. താൽകാലിക അധ്യാപക നിയമനം പൂർണ്ണമായും പഞ്ചായത്ത് നടത്തണം. ദീഘകാല അവധികളിലും ഇങ്ങനെ നിയമനം നടത്തണം. സർക്കാർ സ്ക്കൂളുകളിൽ PSC വഴി നിയമിക്കപ്പെടുന്നയാൾ വരുമ്പോഴും സ്വകാര്യ സ്ക്കൂളുകളിൽ മാനേജർ നിയമിക്കുന്ന ആൾ വരുമ്പോഴും നിരുപാധികം ഒഴിഞ്ഞുകൊടുക്കാം എന്ന നിബന്ധനയിലാവണം നിയമനം ഇങ്ങനെ നിയമിക്കു

പ്പെടുന്നവർക്ക് വീണ്ടും നിയമിക്കപ്പെടാനുള്ള അവകാശം നൽകേണ്ടതില്ല. പഞ്ചായത്തിലുള്ള യോഗ്യതയുള്ളവരുടെ ലിസ്റ്റ് സമാഹരിച്ചാണ് നിയമനം നടത്തേണ്ടത്. പഞ്ചായത്തിൽ യോഗ്യതയുള്ളവർ ഇല്ലെങ്കിൽമാത്രം സമീപ പഞ്ചായത്തിലുള്ളവരെ നിയമിക്കാം.

8. SSLC വിജയശതമാനം ഉയർത്തുന്നതിന് വേണ്ടി വിദ്യാസമ്പന്നരായ ചെറുപ്പക്കാരെയും അധ്യാപകരെയും ഉപയോഗിച്ച് തീവ്രയത്ന പരിപടിക്ക് രൂപം നല്കണം. അംഗൺ വാടികളോ മറ്റ് സ്ക്കൂളുകളോ കേന്ദ്രമാക്കി പരാജയ സാധ്യതയുള്ള കുട്ടികൾക്ക് പുനഃപഠനത്തിന് സൗകര്യം നൽകുകയാണ് വേണ്ടത്. പാഠ്യപദ്ധതി പൊതുവായി രണ്ട് വിദ്യാലയങ്ങളിലേക്കും അതാത് വിഷയത്തിന്റെ അധ്യാപകർ ചേർന്ന് തെയ്യാറാക്കണം.

9. പാഠപുസ്തകങ്ങൾ യഥാസമയം തന്നെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് പഞ്ചായത്ത് മേൽനോട്ടം വഹിക്കണം. അച്ചടിയിലും വിതരണത്തിലും വികേന്ദ്രീകരണം പ്രായോഗികമാക്കണം.

10. ഉച്ചഭക്ഷണ വിതരണം വിതരണം എല്ലാ വിദ്യാലയങ്ങളിലും നിർബന്ധമാക്കണം. പഞ്ചായത്ത് ഒന്നിച്ച് സാധനങ്ങൾ വാങ്ങിച്ച് സ്ക്കൂളുകളിൽ എത്തിച്ചു കൊടുക്കുന്നത് ചെലവ് കുറക്കുന്നതിനും അധ്യാപകരുടെ ഭാരം ലഘൂകരിക്കുന്നതിനും സാധ്യമാക്കും. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിൽ നിന്നും സ്ക്കൂളുകളിലേക്കെത്താനുള്ള അകലവും നിലവിലുള്ള നിലവിലുള്ള സ്ക്കൂളുകളുടെ സാധ്യതയും വിശദമായി പരിശോധിച്ച് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ സ്ക്കൂളുകൾ അനുവദിക്കണം. നിലവിലുള്ള സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്തുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാനാവുമോ എന്ന് ശ്രമിക്കണം. ഇതിന്റെ ചുമതല ജനപ്രതിനിധികളും വിദഗ്ധരുമടങ്ങുന്ന ഒരു സമിതിയായിരിക്കണം.

11. നിശ്ചിത ശതമാനം കുട്ടികളെ നിർബന്ധമായും വിജയിപ്പിക്കുക എന്ന ഇന്നത്തെ സമ്പ്രദായം നിർത്തലാക്കി, യഥാർത്ഥത്തിൽ അർഹരായവരെ മാത്രം വിജയിപ്പിക്കുകയും ഒരുമാസത്തെ പരിഹാരബോധനവും പുനഃപരീക്ഷയും വഴികൂടുതൽ കുട്ടികളെ വിജയിത്തിനർഹരാക്കുകയും ചെയ്യുന്ന പ്രമോഷൻ സമ്പ്രദായം ഏർപ്പെടുത്തണം.

12. നാലായിരത്തിലധികം കുട്ടികളും 120 ലേറെ അധ്യാപകരും പ്രവർത്തിക്കുന്ന നിറമരുതൂർ ഹൈസ്ക്കൂൾ മരണ സൗകര്യം കണക്കിലെടുത്ത് LP സ്ക്കൂൾ, UP സ്ക്കൂൾ ഹൈസ്ക്കൂൾ എന്നിങ്ങനെ മൂന്നായി വിഭജിക്കണം. ഇവക്ക് പ്രത്യേക ഭൗതിക സൗകര്യങ്ങളും ഹെഡ്മാസ്റ്റർ മാരെയും ഏർപ്പെടുത്തി ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കണം.

13. നായനാർ LP സ്ക്കൂളിലെ പ്രശ്നങ്ങൾ മാനേജരും സ്ഥലയുടമയുമായി ചർച്ച നടത്തി പരിഹരിക്കുന്നതിന് പഞ്ചായത്തിലെ പ്രമുഖ വ്യക്തികൾ അടങ്ങുന്ന ഒരു മദ്ധ്യസംഘത്തെ നിയോഗിക്കുക.

14. ആയിരം ജനസംഖ്യക്ക് ഒന്ന് എന്ന നിരക്കൽ അംഗൺ വാടികൾ അനുവദിക്കുക. ഓരോ അംഗൺ വാടിക്കും കെട്ടിട നിർമ്മാണത്തിനു വേണ്ട സ്ഥലം പ്രാദേശിക ജനങ്ങളിൽ നിന്ന് സംഭാവനയായി കണ്ടെത്തുകയും കെട്ടിടം പഞ്ചായത്ത് നിർമ്മിച്ച് നൽകുകയും ചെയ്യുക. നിലവിലുള്ള LP സ്ക്കൂളുകളിൽ പ്രീ- പ്രൈമറി കോഴ്സുകൾ ആരംഭിക്കുക.


15. അംഗൺ വാടികൾക്ക് വേണ്ട പഠനോപകരണങ്ങളായ ട്രൈസൈക്കിൾ, കൊച്ചു കസേരകൾ,ബിൽഡിംഗ് ബ്ളോക്സ് പുസ്തകങ്ങൾ തുടങ്ങിയവ സ്പോൺസർഷിപിലൂടെയോ മറ്റോ ശേഖരിച്ച് വിതരണം ചെയ്യുക.

16 അഗംൺ വാടി തലത്തിൽ വെച്ചുതന്നെ പ്രതിഭകളെ കണ്ടെത്താൻ കഴിയുന്ന തരത്തിൽ മേളകൾ (മത്സരങ്ങൾ ആവരുത്)

സംഘടിഷിക്കുകയും അങ്ങനെ കണ്ടെത്ത ഷെടുന്ന പ്രതിഭകൾക്ക് പ്രത്യേക പരിശീല നവും നൽകുകയും ചെയ്യുക.

17. പഞ്ചായത്തിൽ നിന്ന് SSLC പൂർത്തിയാ ക്കുന്ന കുട്ടികളിൽ മുഴിഭഗത്തിനും പഠി ക്കാൻ കഴിയും വിധം നിറമരുതൂർ ഹൈ സ്ക്കൂളിനോട് ചേർന്ന് ഹയർസെക്കന്ററി കോഴ്സ് അനുവദിക്കുക. കൂടുതൽ കുട്ടി കളെ ഉൾക്കൊള്ളാൻ കഴിയും വിധം ദേവ ധാർ ഹൈസ്ക്കൂളിലെ ഹയർസെക്കന്ററി വിഭാഗം വിപുലീകരിക്കുക.
18. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും തൊഴിൽ വിദ്യാഭ്യാസ സ്ഥാ പനങ്ങളും ആരംഭിക്കുക.
19. മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, പട്ടികജാതി വർഗ്ഗങ്ങ ൾക്കുള്ള ലംസം, ഗ്രാന്റ് മുസ്ലിം പെൺകു ട്ടികൾക്കുള്ള തുടങ്ങയവ കാലോചിതമായി പരിഷ്ക്കരിക്കുക.
20. ഒരു വാർഡിൽ ഒരു സ്ക്കൂളെങ്കിലും എന്ന നയം സ്വീകരിച്ച് സ്ക്കൂളുകളില്ലാത്ത 1, 4, 7, 9 വാർഡുകളിൽ പ്രദേശത്തിന്റെ മൊത്തം ആവശ്യങ്ങളും ലഭ്യമായ സൗകര്യങ്ങളും കണക്കിലെടുത്ത് സ്ക്കൂളുകൾ ആരംഭി ക്കുക.
21. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ഏറ്റവും വിഷമം നേരിടുന്ന താനാളൂർ അംശത്തിൽ അനുയോജ്യമായ സ്ഥലത്ത് ഒരു ഹൈ സ്ക്കൂൾ ആരംഭിക്കുക.
22. കടലോരമേഖലയിലെ കുട്ടികൾക്ക് പഠന ത്തിന് സഹായകരമാകും വിധം ഒരു പ്രൈ മറി സ്ക്കൂൾ ആരംഭിക്കുക.
23. മിനടത്തൂർ GMUP സ്ക്കൂളിന് ആവശ്യമായ കെട്ടിടങ്ങളും ചുറ്റുമതിലും പണിത് സ്ക്കൂ ളിന്റെ ശോചനീയാവസ്ഥ പരിഹരിക്കുക.
24. നിറമരുതൂർ ഹൈസ്ക്കൂളിന്റെ തെക്കു പടി ഞ്ഞാറു ഭാഗത്ത് UP സ്ക്കൂൾ വിദ്യാഭ്യാസ നേടുന്നതിനുള്ള വിഷമങ്ങൾ പരിഹരി ക്കാൻ 5,, 6, 7 ക്ലാസുകളുള്ള ഒരു UP സ്ക്കൂൾ ആരംഭിക്കുക.
25. താനൂർ വിദ്യാഭ്യാസ ഉപജില്ലയെ ഭരണ പരമായ സൗകര്യം കണക്കിലെടുത്ത് വിഭ ജിക്കുക. താനാളൂർ കേന്ദ്രമാക്കി മറ്റൊരു ഉപജില്ല സ്ഥാപിക്കുക.





# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

പ്രവർത്തി ചെയ്യാനുള്ള കഴിവാണ് ഊർജ്ജം. ആദ്യം സ്വന്തം കായിക ശക്തിയു പയോഗിച്ചും പിന്നീട് വളർത്തു മൃഗങ്ങളെ കൂടി ഉപയോഗിച്ചും മനുഷ്യൻ അവന്റെ ഊർജ്ജാവശ്യം നിറവേറ്റിയിരുന്നു. വിറകാ യിരുന്നു മറ്റൊരു പ്രധാന ഊർജ്ജ ഉറവിടം . പിന്നീട് ഒഴുക്ക്, കാറ്റിന്റെ ശക്തി എന്നിവ പ്ര യോജനപ്പെടുത്തി അവൻ കൂടുതൽ പ്രവൃ ത്തികൾ ചെയ്തു. മണ്ണെണ്ണ, പെട്രോൾ, ഡീ സൽ, എന്നിങ്ങനെയുള്ള ഇന്ധനങ്ങൾ വാങ്ങി ഉപയോഗിക്കുന്ന കാലത്തിലേക്ക് അവൻ കട ന്നതോടുകൂടി അവ തുറന്ന ഗതാഗത സൗക. ര്യങ്ങൾ അവന്റെ ഇത്തിരിപോന്ന ലോകത്തെ കൂടുതൽ വിശാലമാക്കി.

അയൽഗ്രാമമോ അയൽ സംസ്ഥാനമോ ഇന്നവന്റെ മുഴുവൻ ആവശ്യങ്ങളും തൃപ്തി പ്പെടുത്തുന്നില്ല. ഭക്ഷണം വസ്ത്രം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്കു പോലും മറ്റുള്ള പ്രദേശങ്ങളുമായി ബന്ധപ്പെ ടേണ്ടിയിരിക്കുന്നു ഇന്നു ഗ്രാമ ചന്തകളല്ല അവന്റെ ജീവിതനിലവാരത്തെ ബാധിക്കുന്നത്. ഗൾഫ്‌യുദ്ധം മൂലം നമുക്കുണ്ടായ പ്രയാസ ങ്ങൾ മാത്രം അനുസ്മരിച്ചാൽ ഈ കാര്യം ബോദ്ധ്യപ്പെടും. മനുഷ്യന്റെ ആവശ്യങ്ങൾ വർദ്ധിക്കുകയും അതിനനുസരിച്ച് അവന്റെ ബന്ധങ്ങൾ വലുതാവുകയുമാണ്. അതുകൊ ണ്ടുതന്നെ ലോകമാർക്കറ്റിലുണ്ടാകുന്ന മാറ്റ ങ്ങൾ ഏതുമൂലയിലും പ്രതിഫലിക്കും എന്നാ യിട്ടുണ്ട്.

ലോക വ്യാപകമായ ഈ ബന്ധപ്പെടലു കൾ സുസാധ്യമാക്കി തീർക്കുന്നത് ഗതാഗത വാർത്താവിനിമയോപാധികൾ അണ്. ജോ ലിക്കു വേണ്ടി പോലും ഇന്നു കടലും കരയും ആകാശവും താണ്ടേണ്ടിയരിക്കുന്നു. രാജ്യാ തിർത്തികൾ ലംഘിച്ചു കൊണ്ട് മനുഷ്യനും അവന്റെ ഉപഭോഗ വസ്തുക്കളും വന്നു പോയ്ക്കൊണ്ടിരിക്കുന്നു ഈ വരവും പോക്കും ഏതകലവും എങ്ങനെ നിമിഷങ്ങൾ കൊണ്ട് പിന്നിടാം എന്നാണ് ശ്രമം. ഗതാഗത രംഗത്തുണ്ടായ വളർച്ച ഗ്രാമപ്രദേശങ്ങളിലും മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പട്ടണങ്ങളിലുള്ള സൗകര്യങ്ങൾ പ്രത്യേകിച്ച് വിദ്യാഭ്യാസത്തിനും

ആരോഗ്യ സംരക്ഷണത്തിനുള്ള സൗകര്യങ്ങൾ ഗ്രാമീണന് പ്രാപ്യമാക്കിയത് റോഡും മറ്റു ഗതാഗതാസൗകര്യങ്ങളുമാണ്. ഇങ്ങനെ നോക്കുമ്പോൾ ഗതാഗതം,, ഊർജ്ജം, മാർക്കറ്റ് എന്നീ മുന്നു മേഖലകളും പ്രത്യേകം പ്രത്യേകം വിലയിരുത്തേണ്ടതുണ്ട്

## ഗതാഗതം

വിവിധ ഗതാഗത മാർഗ്ഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായൊരു ഗതാഗത വികസനനയം സംസ്ഥാനത്തു തന്നെ നടപ്പായിട്ടില്ല. 1964 - 65 ൽ കേരളത്തിന്റെ മൊത്തം ചരക്കുകടത്തിൽ റോഡിന്റെ വിഹിതം 63 ശതമാനം ആയിരുന്നപ്പോൾ റെയിൽവേയുടെ വിഹിതം 18 ശതമാനവും ആയിരുന്നു. എന്നാൽ രണ്ടായിരമാണ്ടാവുമ്പോഴേക്കും റോഡിന്റെ വിഹിതം 88 ശതമാനമായിരിക്കും എന്നുകണക്കുകൾ സൂചിപ്പിക്കുന്നു. റെയിൽവേയുടെത് 12 ശതമാനമായി കുറയുകയും ജലഗതാഗതം ഏതാണ്ട് അപ്രത്യക്ഷമാകുകയും ചെയ്യുന്ന പ്രവണതയാണ് കാണുന്നത് ഗതാഗതഘടനയിൽ വന്നുകൊണ്ടിരിക്കുന്ന ഈ മാറ്റം ഒട്ടും ആദിലഷണീയമല്ല. റോഡിനുള്ള ഏകപക്ഷിയമായ ഊന്നൽ ചരക്കുചെലവിൽ ദുർവഹമായ വർധനയുണ്ടാക്കുമൊന്നു മാത്രമല്ല നിയന്ത്രണാതീതമായ ട്രാഫിക് അസൗകര്യങ്ങളും ഉണ്ടാക്കും ദുർലഭമായികൊണ്ടിരിക്കുന്ന എണ്ണയുടെ ഉപഭോഗം കുറയ്ക്കുന്നതിനും വായുമലിനീകരണം കുറയ്ക്കുന്നതിന്നും ജലഗതാഗത വികസനം സഹായിക്കും എന്നാൽ ജലഗതാഗതത്തിന്റെ പ്രധാന പോരായ്മ കാലതാമസം ആണ്. മാത്രമല്ല റെയിൽവേക്കും ജലഗതാഗതത്തിനും കഴിയുന്നതിനേക്കാൾ കൃത്യമായ സ്ഥലത്ത് ആളും വസ്തുവുമെത്തിക്കുവാൻ റോഡുഗതാഗതത്തിനുകഴിയും.

തലക്കളൂർ പുഴ കനോലിക്കനാൽ എന്നിവിടങ്ങളിലുടെ ആദ്യകാലത്ത് ധാരാളം ചരക്കുകൾ കൊണ്ടുപോയിരുന്നു. ഇടയ്ക്കൊരു യുദ്ധവും എണ്ണക്ഷാമവും വന്നപ്പോൾകനോലിക്കനാലിനെ പുനരുദ്ധരിക്കുവാൻ ശ്രമം നടത്തിയിരുന്നവത്രേ. പക്ഷേ ഇന്നത് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. കനോലിക്കനാലിനു സമാന്തരമായി തന്നെ നീണ്ട കടലോരവും നമുക്കുണ്ട്

പഞ്ചായത്തിന്റെ ഏതാണ്ട് മധ്യഭാഗത്തുകൂടി തെക്കുഭാകം മുതൽവടക്കുഭാഗം വരെ നീണ്ടു കിടക്കുകയാണ് മംഗലാപുരം- ഷൊർണ്ണൂർ റെയിൽവേലൈൻ കേരളത്തിലെ ആദ്യത്തെ റെയിൽവേ ലൈനിന്റെ ഭാഗമായ ഈ തിരൂർ- താനൂർ റൂട്ടിന് അതിനനുസരിച്ച ഒരു പുരോഗതിയും പിന്നീടുണ്ടായിട്ടില്ല. റെയിൽവേയുമായി ബന്ധപ്പെട്ട ഒരു കേന്ദ്രം വലിയ പാടത്തു സ്ഥാപിക്കുവാൻ ആദ്യകാലത്തു ശ്രമങ്ങളുണ്ടായിരുന്നുവത്രെ എന്നാൽ അത് നേടിയെടുക്കുവാൻ അന്ന് നമുക്കു കഴിയാതെ പോയി പഞ്ചായത്തിനകത്ത് ഒരു റെയിൽവേ ലൈൻ മാത്രമേ ഉള്ളുവെങ്കിലും ഏതാണ്ട് 3 കി.മീറ്ററിനുള്ളിൽ രണ്ടു റെയിൽവേഗേറ്റ് ഉണ്ട്. നിർദ്ദിഷ്ട താനൂർ- ഗുരുവായൂർ ലൈൻ യാഥാർത്ഥ്യമായാൽ പഞ്ചായത്തിന് ഗുണകരമായിരിക്കും.

പഞ്ചായത്ത് രൂപീകൃതമായപ്പോൾ ടിപ്പുസുൽത്താൻ റോഡ്. തിരൂർ- താനൂർ, വട്ടത്താണി- പുത്തനത്താണി. പുത്തൻതെരു- ഒഴൂർ -താനാളൂർ, മൂലക്കൽ- ചക്കരമൂല, പുക്കയിൽ- ഉണ്ണ്യാൽ എന്നീ റോഡുകളേ ഉണ്ടാ

യിരുന്നുള്ളു. ഇവയിൽ ആദ്യത്തെ 3 എണ്ണമാണ് അന്ന് ടാർചെയ്തിരുന്നത്. ഇന്ന് ഒന്നൊഴികെ മറ്റെല്ലാം പൂർണ്ണമായി ടാർചെയ്തതും ബസ്സ് സർവ്വീസ് ഉള്ളയുമാണ്. തുടർന്നുള്ള കാലഘട്ടം റോഡ് വികസനത്തിന്റേതുതന്നെയായി. ഫലത്തിൽ 1981-82 ആയപ്പോഴേക്കും 1000 ച.കി. മീ ന് ഇന്ത്യയിൽ 470 കി.മീ. റോഡുണ്ടായിരുന്നപ്പോൾ കേരളത്തിൽ അത് 2744 ആയിരുന്നു. പഞ്ചായത്തിൽ ഇന്നത് 3700 കി. മീ ആണ്.

വാഹന ഗതാഗതയോഗ്യമായ 83.65 കി. മീ. റോഡാണ് ഇന്നു പഞ്ചായത്തിലുള്ളത്. ഇതിൽ 35.8 കി.മീ. ടാർ ചെയ്തിട്ടുണ്ട്. മറ്റു റോഡുകളുടെ ആകെ ദൈർഘ്യ 50. കി. മീറ്ററിലധികം വരും. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർ ചെയ്ത റോഡിന്റേയും അളവും കണക്കാക്കുമ്പോൾ ഒരാൾക്ക് അരമീറ്ററിനടുത്ത് റോഡുണ്ട്. അതായത് മുഴുവൻ ജനങ്ങൾക്കും തോളോട് തോൾ ചേർന്ന് നിറഞ്ഞു നിൽക്കുവാൻ ഇന്നത്തെ ടാറിട്ട റോഡിൽ മാത്രം സ്ഥലമുണ്ടെന്നർത്ഥം.

അമ്പതോളം ബസ്സുകളും അറുപതോളം ട്രക്കറും ജീപ്പും സർവ്വീസ് നടത്തുന്ന നമ്മുടെ പഞ്ചായത്തിൽ ബസ്സ്ടെർമിനലുകളോ ടാക്സി ഓട്ടോ സ്റ്റാന്റുകളോ ഇല്ല. എല്ലാ പ്രധാന ജങ്ക്ഷനുകളിലും റോഡ് സൈഡിൽ നിർത്തിയിടുകയാണ് ടാക്സികൾ.

## പ്രശ്നങ്ങൾ

1 മിക്ക പഞ്ചായത്ത് റോഡുകളും മഴക്കാലത്ത് ഗതാഗത യോഗ്യമല്ല.

2. ഒവു ചാലുകളും കലുങ്കുകളും ഗതാഗതത്തിന്റെ ഭാഗമായികാണുന്നില്ല.

3. തുടങ്ങിയ പല റോഡുകളും പൂർത്തിയാക്കിയിട്ടില്ല.

4 പ്രധാന റോഡുകൾ പോലും യഥാസമയം റിഷയർ ചെയ്യുന്നില്ല.

5. കരാറുകാരന്റെ ചൂഷണഫലമായി റോഡുകളുടെ ഗുണമേന്മ നഷ്ടപ്പെടുന്നു തൊഴിലവസരങ്ങൾ പ്രദേശികമായി ലഭിക്കാതെ പോകുന്നു.

6. ആവശ്യത്തിനു വീതിയില്ലെന്ന കാരണത്താൽ മിക്ക റോഡുകളേയും സർക്കാർ പദ്ധതികൾ ഉൾപ്പെടുത്താൽ കഴിയാതെ വരുന്നു.

7. റോഡുകൾ നർമ്മിക്കുമ്പോൾ സ്ഥലജല മാനേജ്മെന്റിനു പ്രാധാന്യം നൽകുന്നില്ല. പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

8. രണ്ടുറെയിൽവേ ഗേറ്റുകൾ ഉള്ളതിനാൽ അടിയന്തിര വൈദ്യ സഹായം ലഭിക്കേണ്ടതുപോലുള്ള യാത്രകൾ വരെ മണിക്കൂറുകളോളം വൈകുന്നു.

9. കെട്ടിടങ്ങളും മറ്റും നിർമ്മിക്കുമ്പോൾ റോഡിൽ നിന്ന് ആവശ്യത്തിനു സ്ഥലം വിട്ടിട്ടുണ്ടോ എന്നു പരിശോധിക്കുന്നില്ല. നിയമം കർശനമായി പലിക്കുന്നില്ല.

10. റോഡിൽ അനാവശ്യമായ വളവുകൾ അപകടം സൃഷ്ടിക്കുന്നു.. വട്ടത്താണി- പുത്തനത്താണി റോഡിൽ പകര ഇറക്കത്തിൽ വളവ് തീർത്ത് റോഡ് പണിയുവാൻ സൗകര്യംമുണ്ടായിട്ടും അതു ചെയ്തിട്ടില്ല.

11. ടെലിഫോൺ., ഇലക്ട്രക് പോസ്റ്റുകൾ ഇവ റോഡിനോട് വളരെ അടുത്താണ്.

12. പാതകളുടെ ഇരുവശത്തും മറ്റുഡിപ്പാർട്ടുമെന്റുകൾ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ അപകടം സൃഷ്ടിക്കുന്നുണ്ട്. (ഉദാ: പൈപ്പ്ലൈൻ. കേബിൾ വർക്ക്സ്.)

13. ജലഗതാഗതം തീരെ പരിഗണിക്കുന്നില്ല കനോലികനാൽ നശിച്ചുകൊണ്ടിരിക്കുന്നു.

14. കനോലികനാലിനു വേണ്ടത്ര പലങ്ങൾ ഇല്ലാത്തതിനാൽ പലഭാഗത്തു നിന്നും തീരപ്രദേശത്തെക്കാൾ അസൗകര്യമുണ്ട്.

15. റെയിൽവേ വികസനത്തിൽ ഒരു പുരോഗതിയും ഉണ്ടായിട്ടില്ല.

16. വാഹനങ്ങൾ അമിതവേഗതയിലോടുന്നു. ട്രാഫിക് സിഗ്നലുകളും നിയമങ്ങളും കൃത്യമായി പാലിക്കപ്പെടുന്നില്ല.

17. സ്കൂൾ കുട്ടികളും ബസ്സ് ജീവനക്കാരും തമ്മിൽ ഏറ്റുമുട്ടലുണ്ടാകുന്നു.

18. രാത്രി 9 മണിയായാൽ പ്രധാന പട്ടണമായ തിരൂരിൽ നിന്നും താനൂർ, താനാളൂർ ഭാഗത്തേക്ക് ബസ്സ് സർവ്വീസ് ഒന്നും

തന്നെയല്ല.

## നിർദ്ദേശങ്ങൾ

1. റോഡ് നിർമ്മിക്കുമ്പോൾ സ്ഥലജലമാനേജ്മെന്റിന്റെ പ്രശ്നം കൂടി പരിഗണിച്ച് ആവശ്യമായ ഓവുകളും ചാലുകളും പണിയുക.
2. യഥായമയം അറ്റകുറ്റ പണികൾ നടത്തുക. തിരക്കേറിയ റൂട്ടിൽ നടപ്പാത ഉണ്ടാക്കുക.
3. റോഡു നിർമ്മാണം കരാറുകാരനെ ഏൽപിക്കാതെ പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ ജനപങ്കാളിത്തോടുകൂടിയും പ്രദേശികമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചും നടത്തുക. സാമ്പത്തികം അടക്കമുള്ള എല്ലകാര്യങ്ങളും സുതാര്യമാക്കുക.
4. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിയമങ്ങൾ പ്രദേശിക സാധ്യതയ്ക്കനുസരിച്ച് മാറ്റം വരുത്തുക.
5. തിരൂർ- താനൂർ റോഡിന്റെ മൂച്ചിക്കൽ മുതൽ ദേവധാർ ഗേറ്റു വരെയുള്ള ഭാഗം മൊത്തത്തിൽ റെയിൽവേലൈനിനു പടിഞ്ഞാറെ ഭാഗത്തേക്കുമാറ്റി രണ്ടു ഗേറ്റുകളും ഒഴിവാക്കുക. അല്ലെങ്കിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുക.
6. റോഡ് ഓരങ്ങളിലെ കയ്യേറ്റം കർശനമായി തടയുക.
7. വളവുകൾ നികത്താൻ സാധ്യതകളുള്ള പകരപോലുള്ള ഭാഗങ്ങളിൽ അതിനു വേണ്ട പദ്ധതി തയ്യാറാക്കുക.
8. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങൾ പഞ്ചായത്തു തലത്തിലോ മറ്റോ ഏകോപിപ്പിച്ച് നടപ്പാക്കുക.
9. കനോലിക്കനാലുപോലുള്ള ജലഗതാഗത മാർഗ്ഗങ്ങളെ സംരക്ഷിക്കുക.. ജില്ലാതലത്തിൽ തന്നെ പദ്ധതികൾ ആവിഷ്കരിക്കുക.
10. കനോലിക്കനാലിന് ആവശ്യമായിടത്തെല്ലാം പാലം നിർമ്മിക്കുക.
11. നിർദ്ദിഷ്ട ഗുരുവായൂർ - താനൂർ റെയിൽവേ ലൈൻ ഉടൻ ആരംഭിക്കുന്നതിനാവശ്യമായ സമ്മർദ്ദം ഉണ്ടാക്കുക.
12. നിയമം പാലിക്കാതെയുള്ള വാഹനങ്ങൾക്കുമേൽ നടപടിയെടുക്കാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകുക.
13. വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുക.
14. തിരക്കേറിയ സമയങ്ങളിലും രാവിലെ 5 മണക്കും 7 മണിക്കും ഇടയിലും രാത്രി 9 മണിക്കും പത്തുമണിക്കുമിടയിലും കുറച്ചുകൂടി വാഹന സൗകര്യം ഏർപ്പെടുത്തുക.
15. ബസ്സ് വെയിറ്റിംഗ് ഷെഡുകൾ പണിയുക. ടാക്സി സ്റ്റാൻന്റ് പണിയുക.
16. പകര മെയിൽ റോഡിൽ നിന്ന് ആരീക്കാട് സ്ക്കൂളുമായി ബന്ധിപ്പിക്കുന്ന റോഡ് ടാർചെയ്ത് താനൂർ- വട്ടത്താണി- താനാളൂർ- പകര- അരീക്കോട് റൂട്ടിൽ മിനിബസ്സ് സർവ്വീസ് നടത്തുക.
17. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 31 കി മീ റോഡ് ടാർ ചെയ്യുന്നതിനും 30 തോളം പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുമായി ഗ്രാമ സഭകളിൽ നിന്നു വന്ന നിർദ്ദേശങ്ങളെ മുൻഗണനാ ക്രമത്തിൽ നടപ്പാക്കുക.

## ഊർജ്ജം

ഊർജ്ജോസൂത്രണം എന്നു പറഞ്ഞാൽ

സാധാരണയായി വൈദ്യുതോർജ്ജത്തിന്റെ ഉല്പാദനത്തേയും വിതരണത്തേയും സംബന്ധിച്ചുള്ള ആസൂത്രണമായി മാത്രമേ കാണാറുള്ളൂ. ഇതുപോരാ എന്തുകൊണ്ടെന്നാൽ എട്ടാം പഞ്ചവത്സരപദ്ധതിക്കാലത്ത് തയ്യാറാക്കിയ ഒരു രേഖ അനുസരിച്ച് അന്ന് വൈദ്യുതി വകയിൽ വരുന്ന ഒരു വർഷത്തെ സംഖ്യ 125 കോടി രൂപയായിരുന്നപ്പോൾ കേരളത്തിലെ വീടുകളിൽ കത്തിക്കുന്ന വറകിന്റെ വിലഏതാണ്ട് 600കോടി രൂപ വരുമായിരുന്നു വൈദ്യുതിയുടെ വിലയുടെ ഏതാണ്ട് ആറിരട്ടി വരുന്നു മറ്റൊരു ഊർജ്ജ സ്രോതസ്സായ വിറകിന്റെ വില എന്നുസാരം. അതായത് ഊർജ്ജാസൂത്രണമെന്നാൽ ഗാർഹിക ഇന്ധന ലഭ്യതയുടേയും ഉപഭോഗത്തിന്റേയും കൂടി ആസൂത്രണമാകണം എന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു.

വിറകാണ് ഏറ്റവും പ്രധാനമായ ഗാർഹിക ഇന്ധനം. വിറകിന്റെ ഉപഭോഗം സംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ല. വിറകിൽ നല്ലൊരു പങ്കും തെങ്ങിൽ നിന്നും ലഭിക്കുന്നവയാണ്. പഞ്ചായത്തിൽ പടിഞ്ഞാറു നിന്നും കിഴക്കോട്ടുപോകുന്തോറും ഇതിൽ മാറ്റം വരാം . തടി വിറക് വാങ്ങി ഉപയോഗിക്കുന്നവരും ഉണ്ട്. തൂക്കം കണക്കാക്കി വില നിശ്ചയിക്കുന്ന രീതി കുറവാണ്. മതിപ്പു വിലയാണ് കച്ചവടത്തിന് ഉപയോഗിക്കുന്നത്. വലിയ ഒരു പങ്ക് വിറകും വീട്ടുവളപ്പിലെ മരങ്ങൾ വെട്ടി വീഴ്ത്തിക്കൊണ്ട് ഉണ്ടാക്കുകയാണ് . പുതിയ മരങ്ങൾ ഉണ്ടാകുന്നതിനേക്കാൾ എത്രയോ വേഗത്തിലാണ് വെട്ടിവീഴ്ത്തലുകൾ. ഇങ്ങനെ മരത്തിന്റെ ക്ഷാമം വിറകിനെ വില വീണ്ടും വർധിപ്പിക്കുന്നുവെന്നു മാത്രമല്ല കാലാവസ്ഥ, നീരൊഴുക്ക്, അന്തരീക്ഷവായുവിന്റെ ശുദ്ധീകരണം ഇവയെല്ലാം ദോഷകരമായി ബാധിക്കുന്നു. ചപ്പുചവറുകളും ചാണകവറളികളും കത്തിക്കുന്നവരുടെ എണ്ണം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ തീരദേശത്തെ വനിതകൾ കിഴക്കു ഭാഗത്തേക്കു വന്ന് ഉണങ്ങിയ ഇലകളും ചപ്പുകളും വല്ലത്തിലാക്കി കൊണ്ടുപോകുന്നത് കുറഞ്ഞ തോതിലെങ്കിലും ഇപ്പോഴുമുണ്ട്. വിശാലമായ പാടങ്ങളും അവയിൽ മേഞ്ഞിരുന്ന നാൽക്കാലി കൂട്ടങ്ങളും ഉണ്ടായിരുന്നു കാലത്ത് ചാണകം ശേഖരിച്ച് വളമായും ഇന്ധനമായും ഉപയോഗിച്ചിരുന്ന വരുണ്ടായിരുന്നു. വയൽ ഉഴുതുമറിക്കുമ്പോൾ ജൈവ വളത്തിന്റെ അവശിഷ്ടമായ ചുള്ളക്കമ്പുകൾ ശേഖരിക്കുന്നതിനായി കലഷയുടെ പിന്നിൽ തിടുക്കം കൂട്ടുന്നവരേയും ഇന്നത്തെ രാസവളയുഗത്തിൽ കാണാതെയായിരിക്കുന്നു.

മണ്ണെണ്ണ, ഗ്യാസ് എന്നിവയാണ് മറ്റ് ഊർജ്ജ ഉറവിടങ്ങൾ. പാചക ഇന്ധന ഉപയോഗത്തിന്റെ കണക്ക് പരശോധിച്ചാൽ ഒരു വൈരുധ്യം കാണാം. വസ്ത്രം, ഭക്ഷണം, പാർപ്പിടം എന്നിവയുടെ എല്ലാ കാര്യത്തിലും പാവപ്പെട്ടവൻ വിലകുറഞ്ഞത് ഉപയോഗിക്കുമ്പോൾ പണക്കാരൻ വിലകൂടിയതാണ് ഉപയോഗിക്കാറ്. എന്നാൽ ഇന്ധനത്തിന്റെ കാര്യത്തിൽ മറിച്ചാണ്. ഗ്യാസ് ഇന്ധനമായി ഉപയോഗിക്കുന്നത് താരതമ്യേന സമ്പന്ന കുടുംബത്തിൽപ്പെട്ടവരാണ്. 1990 ലെ ഒരു കണക്കനുസരിച്ച് ഗ്യാസ് ഉപയോഗിക്കുന്ന ഒരു വീട്ടമ്മയ്ക്കു ശരാശരി രണ്ടര രൂപ ചെലവാകുമ്പോൾ വിറക് ഉപയോഗിക്കുന്നവർക്ക് 40 രൂപയോളം ചെലവാകുന്നുണ്ട്. 1985 86 കാലഘട്ടത്തിൽ പഞ്ചായത്തിൽ വ്യാപകമായി ദക്ഷത കൂടിയ പരിഷത്തടുപ്പ് സ്ഥാപിക്കുകയുണ്ടായി 500 അടുപ്പുകൾ സ്ഥാപിച്ചുകൊണ്ടുള്ള ആക്യാമ്പയിൻ സംസ്ഥാനത്തിനു പുറത്തുവരെ ശ്രദ്ധിക്കപ്പെടുകയും ചെയ്തു. എന്നാൽ നിഷ്പയറിങ്ങിനും പരിശോധനക്കും സംവിധാനമില്ലാത്തതിനാൽ ഇന്ന് അവയിൽ മിക്കതും നശിച്ചു പോവുകയോ പൊളിച്ചു മാറ്റുകയോ ചെയ്തിരിക്കുന്നു. ഇന്ന് ഒറ്റ യായുള്ള പ്രചരണം മാത്രമാണ് നടക്കുന്നത്. ആലുവ സെമിറ്റിൽമെന്റ് എന്നൊരിനം പ്രചരിക്കുന്നുണ്ട്. മണ്ണെണ്ണ പാചകാവശ്യത്തിന് ഉപയോഗിക്കുന്നവരും സാമ്പത്തികമായി അല്പമെങ്കിലും മെച്ചപ്പെട്ടവരാണ്. അവിടേയും വിറകിന്റെയും വിലയേക്കാൾ കുറ

വാണ് വരുന്നത്. ആവശ്യമായ പെട്രോളിയം ഉല്പന്നങ്ങളുടെ ഏതാണ്ട് മുക്കാൽ ഭാഗവും ഇറക്കുമതിചെയ്യുന്ന ഒരു ജാജ്യത്ത് മണ്ണെണ്ണയുടെ ഉപഭോഗം വ്യാപിപിക്കുന്നതിന് പരിമിതിയുണ്ട്. ഗ്യാസിന്റെ സ്ഥിതിയും മറിച്ചല്ല. എന്നാൽ കൽക്കരിയുടെ കാര്യത്തിൽ ഇന്ത്യ സമ്പന്നമാണെന്നു പറയാം ഒരു നൂറുകൊല്ലത്തേക്കെങ്കിലും വേണ്ടത്ര നിക്ഷേപമുണ്ടത്രേ. ആവശ്യമായ സ്ഥലത്ത് എത്തിക്കാനുള്ള സംവിധാനം ഇല്ലെന്നുമാത്രം. വിറകിനേക്കാൾ 3 ഇരട്ടി ഇന്ധനക്ഷമതയും കൽക്കരിയ്ക്കുണ്ട്. പഞ്ചായത്തിൽ ഗാർഹികാവശ്യത്തിന് കൽക്കരി ഉപയോഗിക്കുന്നില്ല. വാണിജ്യാവശ്യത്തിന് ചെറിയതോതിലെങ്കിലും കരി ഉപയോഗിക്കുന്നുണ്ട്. ഡീസലും, പെട്രോളും പുതിയ ഊർജ്ജ സ്രോതസ്സുകളായി വന്നതോടുകൂടി ട്രാക്ടറും, പമ്പുസെറ്റും,, മോട്ടോർ വാഹനങ്ങളും മനുഷ്യന്റേയും മൃഗങ്ങളുടെയും കായികശക്തിക്കു പകരം വയ്ക്കുകയുണ്ടായി.

വ്യവ്യസായിക സാമ്പത്തിക പുരോഗതിയിൽ നിർണ്ണായകമായ പങ്കാണല്ലോ വൈദ്യുതികുള്ളത്. 1964- 65 വർഷത്തിലാണ് പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി കടന്നുവന്നത്. ഊർജ്ജത്തിന്റെ മറ്റുസ്രോതസ്സുകൾ വിഹരിച്ചിരുന്ന ഒരോമേഖലയും അതു കയ്യടക്കുവാൻ ശ്രമിക്കുന്നുണ്ട്. പാചകാവശ്യത്തിനു വൈദ്യുതി ഉപയോഗിക്കുന്ന കുടുംബങ്ങൾ വരെ ഉണ്ടായിട്ടുണ്ട്. ജലസേചനപമ്പുകളും വൈദ്യുതി ആശ്രയിക്കുന്നവയായി. വെള്ളം കോരൽ, വസ്ത്രം അലക്കൽ, തേക്കൽ എന്നു വേണ്ട ഇടിക്കലും പൊടിക്കലും വരെ വിദ്യുച്ഛക്തി കയ്യടക്കിയിരുന്നു. മൊത്തം 4618 ഉപഭോകതാക്കളാണ് കാർഷിക ഉപഭോക്താക്കൾ 3 ശതമാനവും വ്യവസായ ഉപഭോക്താക്കൾ 6 ശതമാനവും വരും താനാളൂർ പഞ്ചായത്തിൽ ഇലക്ട്രിക് സെക്ഷൻ ഓഫീസുകളുമില്ല. താനൂർ, തിരൂർ എന്നീ സെക്ഷൻ ഓഫീസുകളാണ് വൈദ്യുതി വിതരണത്തിന്റെ ചുമതല വഹിക്കുന്നത്. പഞ്ചായത്തിൽ 29 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 4 ട്യൂബുകൾ ഉൾപടെ 64 സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമായിട്ടുണ്ട്. പാരമ്പര്യേതര ഉർജ്ജ രൂപങ്ങൾ പഞ്ചായത്തിൽ പ്യാപകമായി ഉപയോഗിക്കുന്നില്ല. മണ്ണെണ്ണ ഉപയോഗിച്ചിരുന്ന പെട്രോമാക്സിനു പകരം ഗ്യാസ് ഉപയോഗിക്കുന്നവ വ്യാപകമായിട്ടുണ്ട്. വൈദ്യുതി ക്ഷാമം പഞ്ചായത്തിന്റെ മുഴുവൻ ഭാഗത്തും അനുഭവപ്പെടുന്നുണ്ട്. എന്നാലിത് പഞ്ചായത്തിന്റെ മാത്രം പ്രശ്നമല്ല. സംസ്ഥനത്തിന്റെ പൊതു പ്രശ്നമാണ്. 1987-88 ൽ ശരാശരി ഒരു ഇന്ത്യക്കാരൻ 201 യൂനിറ്റ് വൈദ്യുതി ഉപയോഗിക്കുമ്പോൾ കേരളത്തിന്റെ പ്രതിശീർഷ വൈദ്യുതി ഉപഭോഗം 130 യുണിറ്റ് ആയിരുന്നു. പഞ്ചാബ് കാരന്റേത് 515 യുനിറ്റും. തമിഴ് നാടിന്റെ 249 ആയിരുന്നു എന്നുകൂടി ഓർക്കേണ്ടതുണ്ട്. ഉപഭോക്താവിന് 230 വോൾട്ട് വൈദ്യുതി നല്കാമെന്ന് ഉറപ്പുതരുന്ന വൈദ്യുതി ബോർഡ് 30 % നത്തിനു മാത്രമാണ് 180 വോൾട്ടതയില കൂടുതൽ കൊടുക്കുന്നത്. ജലവൈദ്യുതി പദ്ധതികളെ മാത്രം ആശ്രയിക്കുകയും താപനിലയങ്ങളോ മിനി ജലവൈദ്യുത പദ്ധതികളോ യഥൈസമയം ആരംഭിക്കാതിരുന്നതുമാണ്. ഈ ഊർജ്ജ പ്രതിസന്ധിയിലേക്കു നയച്ചത്. നമ്മുടെ പഞ്ചായത്തിൽ പീക്ലോഡ് സമയത്ത് 110 വേൾട്ട് ബൾബാണ് വായാപകമായി ഉപയോഗിക്കുന്നത്. സമ്പന്നരായ വീട്ടുകാരും കച്ചവടക്കാരും സറ്റെപ്-അപ് ധാരാളം ഉപയോഗിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. വേണ്ടത്ര വോൾട്ടത ലഭിക്കുന്നില്ല. പവർകട്ട് ഏർപ്പെടുത്തിയിരിക്കുന്നു
2. മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയ ഒരു വാർഡും പഞ്ചായത്തിലില്ല. അപേക്ഷകർക്ക് യഥാസമയം കണക്ഷൻ ലഭിക്കുന്നില്ല. ഹരിജൻ കോളനികൾ വരെ ഈ കൂട്ടത്തിൽപ്പെടുന്നു.
3. പഞ്ചായത്തിൽ വൈദ്യുതി വിതരണത്തിന്റെ ചുമതല പല സെക്ഷനുകൾക്കായതിനാൽ ഉപഭോക്താക്കൾക്കും ജന പ്രധി

നിധികൾക്കും പല വിഷമങ്ങളും ഉണ്ടാക്കുന്നു.

4. ലൈനിൽ തൊട്ട് നൽക്കുന്ന മരചില്ലകൾ മുറച്ച് മാറ്റുക, ലൂസ്കോൺണ്ടാക്റ്റ് പരിഹരിക്കുക. ഇവയൊന്നും യഥാസമയം ചെയ്യുന്നില്ല.
5. വേണ്ടത്ര സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല. സ്ഥാപിച്ചവ പലതും പ്രവർത്തിക്കുന്നുമില്ല.
6. ഔദ്യോഗികമായി കണകാക്കുന്ന വൈദ്യുതിയും യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയും തമ്മിൽ വ്യത്യസമുണ്ട്.
7. മിക്കയിടങ്ങളിലും മീറ്ററുകൾ കേടുവന്നവയാണ്
8. ആവശ്യത്തിനു ട്രാൻസ്ഫോർമറുകൾ ഇല്ല.
9. വൈദ്യുതി ആഡംബരങ്ങൾക്കായി ഉപയോഗിക്കുന്നു.
10. വൈദ്യുതി ചാർജ്ജ് അടക്കുന്നതിന്ന് വളരെദൂരം സഞ്ചരിക്കേണ്ടിവരുന്നു.
11. സമ്പന്ന കുടുംബങ്ങളിലെ സ്റ്റപ്- അപ്പ് ഉപയോഗം മറ്റുള്ളവർക്ക് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
12. 12-ാം വാർഡിലെ മത്സ്യ തൊഴിലാളികൾക്ക് സർച്ച് ലൈറ്റിന്റെ അഭാവം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
13. ഇലക്ട്രിസിറ്റി ജീവനക്കാരുടെ ഭാഗത്തു നിന്ന് ഏറെ അനാസ്ഥയും അവഗണനയും അനുഭവപ്പെടുന്നതായി എല്ലാ ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്ന പരാതിയുടെ നിജസ്ഥിതി പരിശോധിക്കേണ്ടതുണ്ട്.
14. വിറകിന് ക്ഷാമം നേരിടുന്നു, അനുദിനം വിലകൂടുന്നു.
15. പാവപ്പെട്ടവന് പാചകത്തിനുള്ള മണ്ണെണ്ണ, പാചകഗ്യാസ്. ഇവലഭിക്കുവാൻ പ്രയാസം നേരിടുന്നു.
16. വ്യാപകമായി പ്രചാരത്തിലുള്ള സാധാരണ അടുപ്പിൽ 30 % മാത്രമെ ക്ഷമതയുള്ളൂ.
17. കൽക്കരി വേണ്ടത്ര ലഭ്യമല്ല.
18. വിറകിന് വേണ്ടി ധാരാളം മരങ്ങൾ വെട്ടി മാറ്റുന്നു.

## സാധ്യതകൾ

1. കൂടുതൽ വൈദ്യുതി ഉൽപാദനത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ- സംസ്ഥാനതല ഭരണകൂടങ്ങളിൽ സമ്മർദ്ദം ചെലത്തുക.
2. പഞ്ചായത്തിൽ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ ആവശ്യമായ ലൈനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുക.

   ആവശ്യം താഴെ കൊടുത്തിരിക്കുന്നു.
3. പഞ്ചായത്തിനകത്ത് വട്ടത്താണി ഭാഗത്ത് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിച്ച് പഞ്ചായത്തിനകത്തെ മുഴുവൻ വിവരണവും അതിന്റെ കീഴിലാക്കുക.
4. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രത്യേകം പ്രധാന്യം നല്കി ജനകീയ പങ്കാളിത്തത്തോടെ ലൈനുകളുടെ സംരക്ഷണം , അനാവശ്യ ഉപഭോഗത്തിന് എതിരെയുള്ള ബോധവൽക്കരണം എന്നിവ നടപിലാക്കുക.
5. സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യത്തിന് സ്ഥാപിക്കുക, പ്രവർത്തന സജ്ജമാണെന്ന് വിലയിരുത്തുക.
6. കേടുവന്ന മീറ്ററുകൾ മാറ്റിസ്ഥാപിക്കുക.
7. അമിതവും ആഡംബരവുമായ ഉപഭോഗങ്ങൾക്ക് പീനൽ താരിഫ് ഏർപ്പെടുത്തുക.
8. പൊതുജനപങ്കാളിത്തത്തോടുകൂടി അനർട്ട്, ഖാദിബോഡ് തുടങ്ങിയ ഏജൻസികൾ പ്രചരിപ്പിക്കുന്ന സോളാർ വിളക്കുകൾ,, സി. എഫ്. എൽ. വിളക്കുകൾ ഇലക്ട്രോണിക് ചോക്കുകൾ എന്നിവ വ്യാപകമാക്കുക,( കേരളത്തിലെ 35 ലക്ഷത്തോളം വരുന്ന ഉപഭോക്താകൾക്ക് ഓരോ സി.

എഫ്. എൽ സൗജന്യമായി നൽകുവാൻ 105 കോടി രൂപ മതി ഇത് മൂലം 17 കോടി യൂണിറ്റ് വൈദ്യുതി ലാഭിക്കാം ഇത്രയും വൈദ്യുതി ഉണ്ടാക്കാൻ 500 കോടി രൂപയും വളരേയേറെ സമയവും വേണം)

9 സ്റ്റൗപ്പ് അഷിന്റെ ഉപയോഗം നിയന്ത്രിക്കുക.

10. 12ാം വാർഡിലെ മത്സ്യതൊഴിലാളികൾക്കായി സർച്ച് ലൈറ്റ് സ്ഥാപിക്കുക.

11. ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരെ അതാത് തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലാക്കുക.

12. പുറമ്പോക്കുകളിലും വഴിയോരങ്ങളിലും പറമ്പുകളിലും വിറകിന് ആവശ്യമായ വൃക്ഷങ്ങൾ നട്ടുവളർത്തുക.

13. ദക്ഷതകൂടിയ അടുപ്പ് സ്ഥാപിക്കുവാൻ പ്രത്യേക പരിപാടി തയ്യാറാക്കി വിറകിന്റെ ഉപഭോഗം മൂന്നിലൊന്നായി കുറക്കുക. പഞ്ചായത്തിൽ നല്ലൊരു വിഭാഗത്തെ ഈ തൊഴിലിലേക്ക് കൊണ്ടു വരുക.

കുച്ചിപ്പെട്ടിയുടെ ഉപയോഗം കൂടി വ്യാപകമാക്കിയാൽ ലക്ഷകണക്കിന് രൂപയുടെ മിച്ചം ഉണ്ടാക്കിയെടുക്കാം.

14. മണ്ണെണ്ണ, പാചകഗ്യാസ്, ഇവയുടെ പെർമിറ്റ് പാവപ്പെട്ടവർക്കും കിട്ടാൻ നടപടി സ്വീകരിക്കുക.

15. കൽക്കരി കേരളത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുക.

# മാർക്കറ്റ്

വ്യവസായികമായി ഒട്ടും പുരോഗമിച്ചിട്ടില്ലാത്ത് താനാളൂർ പഞ്ചായത്തിന് മാർക്കറ്റിലേക്കെത്തിക്കുവാൻ കാർഷികവിളകളേ ഉണ്ടായിരുന്നുള്ളൂ.. ഇന്ന് അതും കുറഞ്ഞിരിക്കുകയാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തി അറബിക്കടൽ ആയതിനാൽ മത്സ്യവും പണ്ടുമുതലേ മാർക്കറ്റിലെത്തിയിരുന്നു. ഇന്ന് ആധുനിക രീതിയിലുള്ള വിദേശട്രോളറുകളും മറ്റും ഇറങ്ങിയതു കൊണ്ടും അമിതചൂഷണത്താലും മറ്റും മത്സ്യ സമ്പത്തും കുറഞ്ഞിരിക്കുകയാണല്ലോ. ചെമ്മീൻ പോലുള്ള വിഭവങ്ങൾ കരയിലെത്താതെ കപ്പലിൽ നിന്നു തന്നെ സംസ്ക്കരിച്ച് കയറ്റിമതി ചെയ്യുന്ന സംവിധാനം ഈ ആധുനിക ട്രോളറുകൾക്കുള്ളതിനാൽ നമ്മുടെ മാർക്കറ്റിലേക്കുള്ള ഇവയുടെ വരവും ഇല്ലാതായിരിക്കുകയാണ്. പണ്ടും ഏറെ പ്രസിദ്ധങ്ങളായ മാർക്കറ്റുകളൊന്നും പഞ്ചായത്തിലുണ്ടായിരുന്നില്ല വെറ്റില, അടക്ക, നാളികേരം, നെല്ല്, കശുവണ്ടി എന്നിവയായിരുന്നു പ്രധാന കാർഷികവിളകൾ വെറ്റില, അടക്ക എന്നിവ തിരൂരിലാണ് എത്തിയിരുന്നത്. ഇന്നും ഇവയുടെ പ്രധാന മാർക്കറ്റ് തലക്കടത്തൂർ തന്നെയാണ്. മാർക്കറ്റിലെത്തുന്ന ഈ കാഷഷികവിളകളിൽ താനാളൂർ പഞ്ചായത്തിൽ നിന്നുള്ള വിഹിതം ഏതാണ്ടില്ലാതായികൊണ്ടിരിക്കുകയാണ്. കുറ്റിക്കാർ സ്വീകരിച്ചു അകലെയുള്ള വിപണികളിലെത്തിക്കുന്ന പതിവാണ് അന്നും ഉണ്ടായിരുന്നത്. കശുവണ്ടി വാങ്ങുന്നതിന് വീടുകളിൽ കയറിയിറങ്ങുന്ന കച്ചവടക്കാരും ഉണ്ടായിരുന്നു സോപ്പ് നീലം,, വള, ചരട് എന്നിവയെല്ലാം വീടുകളിൽ ചെന്നു വില്പന നടത്തുകയും കോഴിമുട്ട വിലക്കെടുക്കുകയും ചെയ്യുന്ന കൂട്ടരും ഉണ്ടായിരുന്നു. മത്സ്യം കൊട്ടയിലാക്കി ഈടുവഴികളിലൂടെ നടന്ന് വില്ക്കുന്ന പതിവും ഏതാണ്ട് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. പാൽ വീടുകളിൽ ചെന്ന് സ്വീകരിച്ച് ദൂരസ്ഥലത്തെത്തിക്കുന്നവരും കുറവായിരുന്നില്ല. തേങ്ങസംഭരിക്കുന്നർ ഇന്നും

വേണ്ടത്ര ഉണ്ട് മിക്ക കാർഷിക വിളകളും കുറഞ്ഞു വന്നതിനാൽ ഒരു ചന്തയുടെ ആവശ്യം തന്നെയില്ലാതാക്കിയിട്ടുണ്ട്. എന്നാൽ മനുഷ്യന്റെ ഉപഭോഗ വസ്തുക്കളുടെ വൈവിധ്യം കൂടിയിരിക്കുകയാണ്. ആവശ്യത്തിനും ആഡംബരത്തിനും ഒരേ പ്രധാന്യമോ അല്ലെങ്കിൽ രണ്ടാമത്തതിന് കൂടുതൽ പ്രാധാന്യമോ ആണ് ഇന്ന് മാർക്കറ്റിൽ. ആവശ്യമാണോ അനാവശ്യമാണോ എന്ന് നമ്മളെക്കൊണ്ട് തീരുമാനിപ്പിക്കുന്നതു പരശ്യങ്ങളാണ് എന്ന അവശ്ഥ വന്നിരിക്കുന്നു. ഈ സാധനങ്ങളിൽ മിക്കതും പുറമെനിന്നെത്തുകയാണ്. പുതിയ കടകൾ നിർമ്മിക്കുക വാടകയ്ക്ക് നല്കുക എന്ന ലക്ഷ്യത്തിനായി സ്വകാര്യ സമ്പത്തിന്റെ നല്ലൊരു പങ്ക് ചെലവഴിക്കപെടുന്നു ഇതു ഗൗരവമായി കാണേണ്ടതുണ്ട്.

വികേന്ദ്രീകൃതാ സൂത്രണത്തിന്റെ ഭാഗമായി വികസന പ്രവർത്തനങ്ങളുടെ ഫലമായി കാർഷിക വ്യവ്യസായിക മേഖലകളിലെ ഉല്പാദന ക്ഷമത വർദ്ധിക്കുമെന്നുറപ്പാണല്ലോ. ഇന്ന് ഈ വർദ്ധനവിന് അനുയോജ്യമായ ഒരു മാർക്കറ്റിംഗ് സംവിധാനമില്ല.

## പ്രശ്നങ്ങൾ

1. ഉൽപാദിഷികക്കുന്നവയുടെ പങ്ക് മാർക്കറ്റിൽ കുറയുന്നു ഉള്ളവയ്ക്ക് വിശ്വസിക്കാവുന്ന ഒരുമാർക്കറ്റും ഇല്ല.
2. മാർക്കറ്റിലെ വിലനിയന്ത്രണം ഫലപ്രദമാകുന്നില്ല നിയമങ്ങൾ പാലിക്കപെടുന്നില്ല.
3. തൊഴിൽ സരംഭങ്ങൾ പലതും അനുയോജ്യമായ മാർക്കറ്റിംഗിന്റെ അഭാവത്തിൽ നകരുന്നു.

## സാധ്യതകൾ

1. കാർഷികവിളകളുടെ ഉല്പാദനക്ഷമത വർധിപഷിക്കുന്നതിനുള്ള പരപാടികൾക്കനുസരിച്ച് സഹകരണാടിസ്ഥാനത്തിലോ മറ്റോ ഉള്ള മാർക്കറ്റിംഗ് സംവിധാനം കൂടി പരിഗണിക്കുക.
2. ചെറുകിടതൊഴിൽ സംരംഭകരുടെ ഉൽപന്നങ്ങൾ സമാഹരിക്കുവാനും വിതരണം ചെയ്യുവാനും സഹകരണ സംഘം രൂപീകരിക്കുക.
3. കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നവിധത്തിലുള്ള മാർക്കറ്റിംഗ് സംവിധാനം പരിഗണിക്കുക. ഇ.ബി.എൻ.പി. യുടെ നിലവിലുള്ള ഘടനയും സംവിധാനവും ഇതിന് പ്രയോജനപെടുത്താം..
4. ഉല്പാദകന്റെ വിലയെ പുറമെ നിന്നുള്ളവർ നിയന്ത്രിക്കാതിരിക്കുവാൻ പ്രാദേശികമായി ഉല്പന്ന സംസ്ക്കരണ സംവിധാനവും മാർക്കറ്റിന്റെ ഭാഗമായി കാണുക.
5. മാർക്കറ്റിലെ അശാസ്ത്രീയതകൾ വിലത്തകർച്ച, തൂക്കം, എന്നിവയുമായി ബന്ധപ്പെട്ടവ പരിഗണിക്കുക.

| വാർഡ് | ഉൽപന്നങ്ങൾ | ചന്ത | മാർക്കറ്റ് | മാർക്കറ്റ് വേണമെങ്കിൽ സ്ഥലം | ചന്ത വേണമെങ്കിൽ സ്ഥലം |
|---|---|---|---|---|---|
| 1 | വെറ്റില, വാഴ, കിഴങ്ങ്, നാളികേരം, മരച്ചീനി, എള്ള്, നെല്ല്, പച്ചക്കറി, നേന്ത്രക്കായ, അടക്ക മുതലായവ | ഇല്ല | ഇല്ല | താനാളൂർ | |
| | | ഇല്ല | | | |
| 2 | വെറ്റില, വാഴ, കിഴങ്ങ്, നാളികേരം, മരച്ചീനി, എള്ള്, നെല്ല്, പച്ചക്കറി, നേന്ത്രക്കായ, അടക്ക മുതലായവ | ഇല്ല | ഇല്ല | | |
| 3 | | ഇല്ല | ഇല്ല | | |
| 4 | | ഇല്ല | ഇല്ല | പകര അങ്ങാടി ഗവ: സ്ഥലം | |
| 5 | | ഇല്ല | ഇല്ല | | |
| 6 | | ഇല്ല | ഇല്ല | മീനടത്തൂർ | |
| 7 | നാളികേരം, എള്ള്, നെല്ല്, അടയ്ക്ക, പച്ചക്കറി, നേന്ത്രക്കായ തുടങ്ങിയവ | ഇല്ല | ഇല്ല | മൂച്ചിക്കൽ | മൂച്ചിക്കൽ |
| 8 | നാളികേരം, എള്ള്, നെല്ല്, അടയ്ക്ക, പച്ചക്കറി, നേന്ത്രക്കായ തുടങ്ങിയവ | ഇല്ല | ഇല്ല | മങ്ങാട് | പത്തമ്പാട് |
| 9 | | ഇല്ല | ഇല്ല | കാളാട് | |
| 10 | | ഇല്ല | ഇല്ല | മഞ്ഞളൻ പടി | ജുനതാ ബസാർ |
| 11 | | ഇല്ല | ഇല്ല | വള്ളി ക്കാഞ്ഞിഞ്ഞിരം | |
| 12 | നാളികേരം, മത്സ്യം | ഇല്ല | ഇല്ല | ഉണ്ണ്യാൽ | പുത്തിയ കടപ്പുറം |
| 13 | നാളികേരം, നെല്ല്, പച്ചക്കറി, നേന്ത്രക്കായ | ഇല്ല | ഇല്ല | വട്ടത്താണി | പുത്തൻ തെരു |
| 14 | നാളികേരം, നെല്ല്, പച്ചക്കറി, നേന്ത്രക്കായ | ഇല്ല | ഇല്ല | കുണ്ടുങ്ങൽ | |
| 15 | | ഇല്ല | ഇല്ല | മൂലക്കൽ | |

| | | വാർഡുകളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ, ദൂരം എന്നിവ | | |
|---|---|---|---|---|
| വാർഡ് | No | പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനുകൾ ട്രാൻസ്ഫോർമറുകൾ |
| 1 | 1 | ഹരജൻകോളനി, ഏലപ്പുറം | 1KM | Line, Transformer |
| | 2 | ജാറത്തികൽ | 1KM | Line, Transformer |
| | 3 | വട്ടത്താണി | 1KM | Transformer |
| 2 | 1 | കോട്ടോല പീടിക | 1KM | Transformer |
| | 2 | ഒഴുക്കും പാറ | 1KM | Transformer |
| 3 | 1 | പാറമ്മൽ | 500 M | Transformer |
| | 2 | ചക്കിയത്തിൽ | 500 M | Transformer |
| 5 | 1 | പകര | 500 M | Transformer |
| 6 | 1 | മീനടത്തൂർ | 500 M | Transformer |
| 7 | 1 | വലിയപാടം | 500 M | Transformer |
| 8 | 1 | പത്തംമ്പാട് | 1 KM | Transformer |
| | 2 | ലക്ഷംവീട് കോളനി | 750 M | Transformer |
| 9 | 1 | കരിമരം കാളാട് ഹരിജൻ കോളനി | 1.5 KM | Transformer |
| 10 | 1 | ചക്കരമൂല | 1 KM | Transformer |
| | 2 | തച്ചറക്കൽ ഹരിജൻ കോളനി | 1 KM | Transformer |
| 11 | 1 | വള്ളിക്കാഞ്ഞിരം ജനതാ ബസാർ | 2 KM | Transformer |
| 12 | 1 | പുതിയ കടപ്പുറം തെക്കുഭാഗം | 2 KM | Transformer |
| | 2 | ഉണ്ണുൽ കടപ്പുറം ലക്ഷംവീട് കോളനി | 1 KM | Transformer |
| 13 | 1 | മുണ്ടത്തോട് അംഗൺ വാടി | 1 KM | Transformer |
| 14 | 1 | പട്ടരുപറമ്പ് തെക്കുഭാഗം ഹരിജൻ കോളനി | | Transformer |
| 15 | 1 | മൂലക്കൽ പാലകുനാഴിത്തോടിനു സമീപം | 1 KM | Transformer |
| | 2 | വെളുവിൽ ഭാഗത്ത് | 1 KM | |

| | പഞ്ചായത്തിലെ ടാർ റോഡുകൾ | | | | |
|---|---|---|---|---|---|
| No | റോഡ് | ഉടമസ്ഥം | ദൂരം കി.മീ | വീതി. (മീ.) | ബസ്/ മറ്റുസൗകര്യം |
| 1 | മൂലക്കൽ- പെരുവഴിയമ്പലം | PWD | 6 KM | 6.0 | ഉണ്ട് |
| 2 | വട്ടത്താണി- ഇട്ടിലാക്കൽ | PWD | 3 KM | 6.0 | ഉണ്ട് |
| 3 | പൂക്കയിൽ- ഉണ്ണ്യാൽ | PWD | 4 KM | 6.0 | ഉണ്ട് |
| 4 | മൂച്ചിക്കൽ- കുണ്ടുങ്ങൽ | പഞ്ചായത്ത് | 5 KM | 6.0 | ഉണ്ട് |
| 5 | മഞ്ഞളൻ പടി- ജനതാ ബസാർ | പഞ്ചായത്ത് | 3 KM | 5.0 | ഉണ്ട് |
| 6 | ജനതാ ബസാർ- വള്ളിക്കാഞ്ഞിരം | പഞ്ചായത്ത് | 2 KM | 5.0 | ജീപ് |
| 7 | റെയിൽവേഗേറ്റ്- മീനടത്തൂർ | പഞ്ചായത്ത് | 1 KM | 5.0 | ജീപ് |
| 8 | കോരങ്കാവ്- കൈതക്കുളം | പഞ്ചായത്ത് | 1 KM | 5.0 | ജീപ് |
| 9 | ഇട്ടിലാക്കൽ തലപ്പറമ്പ് | പഞ്ചായത്ത് | 1.900 KM | 5.0 | ജീപ് |
| 10 | കോട്ടുല പീടിക- ചുങ്ക് | പഞ്ചായത്ത് | 1.400 KM | 6 M | ജീപ് |
| 11 | പുത്തൻതെരു- താനാളൂർ | പഞ്ചായത്ത് | 2.500 KM | 5 M | ജീപ് |
| 12 | താനാളൂർ- മീനടത്തൂർ | PWD | 1 KM | 5 M | ബസ്സുകൾ |
| 13 | ടിപ്പുസുൽത്താൻ റോഡ് | ഫിഷറീസ് | 4 KM | 8 M | |
| | ആകെ | | 35.800 | | |

# ഭവനനിർമ്മാണം

'തല ചായ്ക്കാനൊരിടം' അത് ഏതൊരാളുടെയും സ്വപ്നം മാത്രമല്ല അവകാശം കൂടിയാണ് എന്നംഗീകരിക്കേണ്ടിയിരിക്കുന്നു. പ്രാചീന മനുഷ്യനെപ്പോലെ പ്രകൃതിയുടെ കനിവിനു വേണ്ടി ആഗ്രഹിച്ച് മഴയും മഞ്ഞുമേറ്റ് കിടക്കുന്ന ചിലരെങ്കിലും ഇന്നും ഉണ്ട്. എന്നാൽ തിളക്കമാർന്ന കൂറ്റൻ കെട്ടിടത്തിനുള്ളിൽ ആൾപാർപ്പുണ്ടോ എന്നു പോലും അറിയാൻ കഴിയാത്ത വിധം ആർഭാടമായി കഴിയുന്നവരും ഉണ്ട്.

അറുപതിനായിരത്തോളം ജനങ്ങൾ അധിവസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ 11982 വീടുകളാണുള്ളത്. ഈ വീടുകളിൽ 3342 എണ്ണം ഓലവീടുകളും, 6335 എണ്ണം ഓട് മേഞ്ഞവയും, 2305 എണ്ണം കോൺക്രീറ്റ് വീടുകളുമാണ്. കളിമണ്ണുകൊണ്ട് നിർമ്മിച്ച തറ മുതൽ കടപ്പക്കല്ലും മാർബിളും പതിച്ച തറയുള്ള വീടുകൾ വരെ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. സിമന്റ് തേച്ച തറകളാണ് കൂടുതലും ഉള്ളത്. തറയോട് വിരിച്ച വീടുകളും ദുർലഭമായി ഉണ്ട്. കെട്ടിടങ്ങളുടെ ചുമരുകൾ ഭൂരിഭാഗവും വെട്ടുകല്ലുകളും സിമന്റും ഉപയോഗിച്ച് നിർമ്മിച്ചവയാണ്. ചതുരശ്ര അടിക്കും ഇടക്ക് പഞ്ചായത്തിലെ 447 കുടുംബങ്ങൾ വാടക വീടുകളിൽ താമസിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലെ കണക്കുകൾ കാണിക്കുന്നത് ഭവന നിർമ്മാണങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നു എന്നാണ്. നാടൻ കട്ടകളുടെ ഉപയോഗം ഏതാണ്ട് ഇല്ലാതാവുകയും കമ്പനി ഇഷ്ടിക (ചുടുകട്ട)യുടെ ഉപയോഗം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. മേൽക്കൂരയുടെ കാര്യത്തിൽ കോൺക്രീറ്റിനും, തറയുടെ കാര്യത്തിൽ മൊസൈക്കിനും താൽപര്യം കൂടുന്നതായും കാണുന്നു. പാടങ്ങൾ മണ്ണിട്ടു നികത്തി വീടു വെയ്ക്കുന്നത് ധാരാളമായിട്ടുണ്ട്. ഇത് നെൽകൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വലിയപാടം,. തലക്കെട്ട് പാടം എന്നിവ ഇന്ന് മുക്കാൽ ഭാഗവും പറമ്പായിക്കഴിഞ്ഞു. കെട്ടിട നിർമ്മാണത്തിൽ മരത്തിന്റെ ഉപയോഗം കുറയുകയും സിമന്റിന്റെയും ,കരിങ്കല്ല് എന്നിവയുടെയും

ഉപയോഗം കൂടുകയും ചെയ്യുന്നു. വളരെ ചെറിയ കുടുംബങ്ങൾ പോലും വളരെ വിശാലമായ വീടുകൾ നിർമ്മിക്കുന്ന പ്രവണത കൂടിവരുന്നു.

### താനാളൂർ പഞ്ചായത്തിലെ കെട്ടിടങ്ങൾ സംബന്ധിച്ച വിവരം

(1992-93-ലെ പഞ്ചായത്ത് അസസ്മെന്റ് റജിസ്റ്റർ പ്രകാരം)

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ | ഒരു നിലയുള്ള കെട്ടിടങ്ങൾ മേൽപുരയുടെ സ്വഭാവം | | |
|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല |
| 1 | 104 | 42 | 135 | 463 | 41 |
| 2 | 721 | 59 | 169 | 363 | 189 |
| 3 | 737 | 62 | 106 | 485 | 146 |
| 4 | 844 | 76 | 204 | 521 | 119 |
| 5 | 538 | 41 | 126 | 33 | 79 |
| 6 | 989 | 88 | 296 | 608 | 85 |
| 7 | 970 | 59 | 155 | 579 | 236 |
| 8 | 804 | 85 | 74 | 401 | 329 |
| 9 | 792 | 89 | 164 | 320 | 308 |
| 10 | 761 | 118 | 169 | 414 | 178 |
| 11 | 877 | 52 | 97 | 225 | 555 |
| 12 | 1276 | 81 | 306 | 734 | 236 |
| 13 | 717 | 41 | 72 | 388 | 257 |
| 14 | 942 | 80 | 232 | 501 | 209 |
| Total | 11982 | 973 | 2305 | 6335 | 3342 |

ഗൾഫ് പണം വരുമാന മാർഗ്ഗമായുള്ള മിക്ക കുടുംബങ്ങളും ആദ്യ പരിഗണന നൽകുന്നത് വലിയ വീടുണ്ടാക്കുന്നതിനാണ്. ഉല്പാദന വ്യവസായ മേഖലകൾക്ക് വേണ്ടി ഉപയോഗിക്കാവുന്ന സമ്പത്തിന്റെ ഭീമമായ ഭാഗമാണ് ഇത്. ദരിദ്രർക്കുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതി പ്രകാരം 1996 വരെ പഞ്ചായത്തിൽ 10 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 7 വീടുകളുടെ പണി പുരോഗമിക്കുന്നു. ഈ വിഭാഗത്തിലുള്ള 1385 ഭവന രഹിതരിൽ 1368 പേർ ഇപ്പോഴും അതേ നിലയിൽ തുടരുന്നു. റെയിൽവെയുടെ അധീനതയിലുള്ള ബി. ക്ലാസ് പുറമ്പോക്ക് സ്ഥലങ്ങളിലും വീടുകെട്ടി താമസിക്കുന്ന 11 കുടുംബങ്ങൾ ഉണ്ട്. വർഷം തോറും കെട്ടിട നിർമ്മാണത്തിലുണ്ടാകുന്ന വർദ്ധനവ് കൂടി വരുന്നതായി കണക്കുകൾ കാണിക്കുന്നു.

### പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം

| 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 10377 | 10623 | 10955 | 11263 | 11655 |

## ഭവന നിർമ്മാണ വായ്പകൾ, സഹായങ്ങൾ:-

പല തരത്തിലുള്ള ഭവനനിർമാണ വായ്പകളും ഇന്ന് നിലവിലുണ്ട്. രാജീവ് ദശലക്ഷം പദ്ധതി പ്രകാരം 9000 രൂപ സബ്സിഡിയോടെ ജില്ലാ കളക്ടർ വഴി നൽകുന്ന വായ്പ, തിരൂർ കാർഷിക ബാങ്ക് മുഖേന ഭൂമി പണയത്തിൻമേൽ നൽകുന്ന വായ്പകൾ, തിരൂർ താലൂക്ക് റൂറൽ ഹൗസിങ്ങ് സഹകരണ സംഘം വഴി ഭൂമി പണയത്തിൻമേൽ നൽകുന്ന വായ്പകൾ എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടത്. സൗജന്യ സഹായ പദ്ധതികളിൽ പ്രധാനപ്പെട്ടത് ജെ.ആർ.വൈ. പദ്ധതി പ്രകാരം 2 സെന്റ് ഭൂമിയുള്ള ഹരിജനങ്ങൾക്ക് നൽകുന്ന 15000 രൂപ വീതമുള്ള പദ്ധതിയാണ്. ബ്ലോക്ക് വഴി ഇത്രയും തുക തന്നെ വിതരണം ചെയ്യപ്പെടുന്ന

ഇന്ദിരാ ആവാസ് യോജന പട്ടിക ജാതിക്കാരല്ലാത്ത 4 സെന്റ് ഭൂമിയുള്ളവർക്കും ലഭിക്കും.

**പ്രശ്നങ്ങൾ:-**

1.ദരിദ്ര ജനവിഭാഗങ്ങളിൽ പെട്ട 1368 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല.

2.വീടു വെക്കാൻ സ്വന്തമായി ഭൂമി ഇല്ലാത്തവർ പുറമ്പോക്കു ഭൂമികളിലും റെയിൽവെ ബി. ക്ലാസ് സ്ഥലങ്ങളിലും മറ്റും കുടിൽ കെട്ടി താമസിക്കുന്നു.

3.ഭവന നിർമ്മാണ വായ്പ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഏറെയാണ്. തിരൂർ കാർഷിക ബാങ്കിന്റെ പരപ്പനങ്ങാടി ശാഖയിൽ നിന്നും ലഭിക്കുന്ന വായ്പ താങ്ങാവുന്നതിനുമേറെ പലിശയുള്ളതാണ്. അർഹിക്കുന്നവർക്ക് പലർക്കും വായ്പ ലഭിക്കുന്നില്ല.

4.മത്സ്യ ബന്ധന തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന ഭവന നിർമ്മാണ വായ്പ തികച്ചും അപര്യാപ്തമാണ്.

5.രാജീവ് ദശലക്ഷം പദ്ധതിയുടെ ഗുണം ഈ പഞ്ചായത്തിൽ ആർക്കും ലഭ്യമായിട്ടില്ല.

6.കക്കൂസുകൾ ഇല്ലാത്ത വീടുകൾ ഉണ്ട്.

7.വൈദ്യുതീകരിക്കാത്ത വീടുകളും നമ്മുടെ പഞ്ചായത്തിൽ കൂടുതലാണ്.

8.ഭവന നിർമ്മാണത്തിനുള്ള വായ്പകൾ അതേ ആവശ്യത്തിന് ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്താനുള്ള സംവിധാനം കാര്യക്ഷമമല്ല.

9.വീട് നിർമ്മാണത്തിനുള്ള സാമഗ്രികൾ ഭൂരിഭാഗവും പഞ്ചായത്തിന് പുറത്തു നിന്ന് കൊണ്ടു വരുന്നവയാണ്.

10.ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം നേടിയവർ പഞ്ചായത്തിൽ ഇല്ല.

11.ഭവന നിർമ്മാണത്തിനു വേണ്ടി വ്യാപകമായി നെൽപാടങ്ങൾ നികത്തപ്പെടുന്നു.

12.താമസ സൗകര്യമുള്ള ചെറിയ വീടുകൾക്ക് പകരം അതി വിശാലമായ ചെലവേറിയ വീടുകൾ കൂടുതൽ നിർമ്മിക്കപ്പെടുന്നു.

13.മതിലുകൾ നീർക്കെട്ടും മറ്റു പാരിസ്ഥിതിക പ്രശ്നങ്ങളും വളർത്തുന്നു.

14.പട്ടയം ഇല്ലാത്ത കുടുംബങ്ങൾ

## നിർദ്ദേശങ്ങൾ

1.പഞ്ചായത്ത് തലത്തിൽ ഒരു ഭവന നിർമ്മാണ സംഘം രൂപീകരിക്കുക. പഞ്ചായത്തു ബോർഡ് അംഗങ്ങൾ, ഈ രംഗത്തെ വിദഗ്ദർ, പഞ്ചായത്ത്-വില്ലേജ് ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിലുള്ള ഈ സംഘം വഴിയായിരിക്കണം ഭവന നിർമ്മാണ വായ്പകൾ നൽകുന്നത്. വായ്പകൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമ സഭകളെയോ മറ്റ് ജനകീയ സമിതികളെയോ ഉപയോഗിക്കണം. ഇവരുടെ മുൻഗണനാലിസ്റ്റ് ഈ സമിതി തയ്യാറാക്കി പ്രദർശിപ്പിക്കണം. വിവിധ പദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് അറിവ് നല്കണം. വായ്പകൾ അതേ ആവശ്യത്തിനുപയോഗിക്കുന്നു എന്നുറപ്പു വരുത്തേണ്ടതും ഈ സമിതിയുടെ ചുമതലയായിരിക്കണം. ഇന്നത്തെ വില സൂചികകൾ കണക്കിലെടുത്ത് എല്ലാ ഭവന നിർമാണ വായ്പകളുടെയും തുക ഉയർത്തുക. വരുമാനവും പിന്നോക്കാവസ്ഥയും പരിഗണിച്ച് സബ്സിഡികൾ വർദ്ധിപ്പിക്കുക. വായ്പകൾ കൂടുതൽ അനായാസമാക്കുക.


3.പഞ്ചായത്ത് തലത്തിൽ നിർമ്മിതി കേന്ദ്രം ആരംഭിക്കുകയും തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ചെയ്യുക.

4.കെട്ടിടനിർമ്മാണ സാമഗ്രികൾ ആവശ്യത്തിനനുസരിച്ച് നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ തന്നെ വ്യവസായസ്ഥാപനങ്ങൾക്ക് അനുമതി നൽകുക.

5.പുതിയ വീടുകളോടൊപ്പം കക്കൂസുകൾ നിർമ്മിച്ചിരിക്കണമെന്ന നിബന്ധന കർശനമാക്കുക. കക്കൂസില്ലാത്ത വീട്ടുകാരിൽ ദരിദ്രരെ കണ്ടെത്തി കക്കൂസിന് വായ്പകൾ നൽകുക

6.വീട് നിർമ്മാണത്തിന്ന് വേണ്ടി പാടം നികത്തുന്നത് കർശനമായും തടയുക

7.കുടുംബത്തിന്റെ അംഗസംഖ്യ പരിഗണിക്കാതെ അനാവശ്യമായി ലക്ഷങ്ങൾ മുടക്കിയുണ്ടാക്കുന്ന കൂറ്റൻ വീടുകൾക്ക് കെട്ടിടനികുതി സർച്ചാർജ്ജ് ചുമത്തുക. പഴയ വീടുകളെ ഇതിൽനിന്നും ഒഴിവാക്കാം.



# സാമൂഹ്യക്ഷേമം

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തി കൊണ്ട് വരാനുള്ള പദ്ധതികളാണ് സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ളത്. നമ്മുടെ പഞ്ചാ യത്തിൽ ഈ രംഗത്ത് നടപ്പാക്കപ്പെട്ട പദ്ധതിക ളുടെ ഫലങ്ങളും അവ എങ്ങനെ പരിഷ്കരിച്ച് ലക്ഷ്യം കൈവരിക്കാം എന്നുമാണ് ഇവിടെ ചിന്തിക്കുന്നത്.

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം പഞ്ചായ ത്തിൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ള 2794 കുടും ബങ്ങൾ ഉണ്ട് ഇവരിൽ 57 കുടുംബങ്ങൾ പട്ടി കജാതി വിഭാഗത്തിൽ പെടുന്നവരാണ്. 2794 കുടുംബങ്ങളിൽ 11% പേർക്ക് സാമ്പത്തിക സഹായങ്ങൾ ലഭിച്ചപ്പോൾ പട്ടിക ജാതിയിൽ പെട്ട 57 കുടുംബങ്ങളിൽ 87% പേർക്ക് സാമ്പത്തിക സഹായം ലഭിച്ചു. ഈ കുടുംബ ങ്ങളിൽ 205 എണ്ണം സാമ്പത്തിക സഹായം വഴി ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയതായും കണ ക്കുകൾ കാണിക്കുന്നു. മുസ്ലിം മത്സ്യത്തൊഴി ലാളി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഇന്നത്തെ 12-ാം വാർഡിലാണ് ഏറ്റവും കൂടുതൽ ദരിദ്ര കുടുംബങ്ങൾ ഉള്ളത്. പഞ്ചായത്തിലെ മൊത്തം പട്ടിക ജാതി കുടുംബങ്ങളുടെ എണ്ണം 374 ഉം ദാരിദ്ര്യരേഖക്ക് താഴെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടു ള്ളത് 57 ഉം ആണ്. ആ വിഭാഗത്തിലും ദരിദ്ര കുടുംബങ്ങളുടെ ആധിക്യം പ്രകടമാണ്.പതി നഞ്ച് വാർഡാണ് നിലവിലുള്ളതെങ്കിലും പതി നാല് വാർഡുകളുള്ള പഞ്ചായത്തിലെ പഴയ കണക്കുകളാണ് താഴെ ഉദ്ധരിച്ചിരിക്കുന്നത്.

## ഐ.ആർ.ഡി.പി.
## സഹായ ലഭ്യതാ കണക്ക്
### താനാളൂർ പഞ്ചായത്ത്

പട്ടിക (II-I)

| വാർഡ് | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ (രജിസ്റ്റർ ചെയ്തവ) | ഇതു വരെ സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 154 | – | 17 | 1* | 11 | 143 |
| 2 | 99 | – | 11 | 3* | 7 | 92 |
| 3 | 156 | – | 22 | 2* | 15 | 141 |
| 4 | 129 | – | 22 | | 18 | 111 |
| 5 | 123 | – | 17 | 3* | 11 | 112 |
| 6 | 151 | 3 | 13 | – | 12 | 169 |
| 7 | 260 | – | 18 | 1* | 14 | 246 |
| 8 | 261 | 4 | 14 | 2 | 12 | 249 |
| 9 | 172 | 17 | 24 | 16 | 8 | 164 |
| 10 | 169 | 4 | 15 | 4 | 11 | 158 |
| 11 | 438 | 2 | 48 | 3 | 23 | 115 |
| 12 | 268 | 7 | 24 | 9 | 15 | 253 |
| 13 | 175 | 13 | 38 | 14 | 27 | 148 |
| 14 | 209 | 7 | 24 | – | 21 | 188 |
| Total | 2764 | 57 | 307 | 58 | 205 | 2289 |

*IRDP ലിസ്റ്റിൽപെടാത്ത പട്ടികജാതി കുടുംബങ്ങൾ

ച്ചിട്ടുണ്ട്. ഇവരിൽ പകുതി പേർ ഇതുവഴി സ്വയം തൊഴിൽ കണ്ടത്തിയപ്പോൾ 5 പേർ ഒരു തൊഴിലും ചെയ്യാതെ നിൽക്കുകയും ചെയ്യുന്നു. സ്വയം തൊഴിൽ ആരംഭിക്കാനുള്ള ആത്മ വിശ്വാസക്കുറവും മാർക്കറ്റിൽ മത്സരിക്കാൻ കഴിയാത്തതുമാണ് ഇവ പരാജയപ്പെടുന്നതിന് പിന്നിലെ പ്രധാന കാരണം. തേനീച്ച വളർത്തലും സോപ്പു നിർമ്മാണവും സ്വന്തമായി ആരംഭിച്ചെ പറ്റൂ എന്നു വരുമ്പോൾ പിന്തിരിയുന്നു. എന്നാൽ മറ്റു ട്രേഡുകളിൽ സ്വകാര്യസ്ഥാപനങ്ങളിലുള്ള തൊഴിൽ സാധ്യതയാണ് പരിശീലനം നേടിയവർ ഉപയോഗിച്ചത് എന്ന് കാണാം.

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

പട്ടിക (II-II)m

| വാർഡ് | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | ടിവി റഫ്രിജറേറ്റർ റിപ്പയറിംഗ് | 2 | 2 | – | – |
| 2 | സ്പ്രെപെയ്ന്റിംഗ് | 1 | 1 | – | – |
| 3 | പ്രിന്റിംഗ് & കമ്പോസിംഗ് | 1 | 1 | – | – |
| 4 | – | – | – | – | – |
| 5 | – | – | – | – | – |
| 6 | പ്രിന്റിംഗ് & കമ്പോസിംഗ് | 2 | 2 | – | – |
| 7 | | 2 | 2 | – | – |
| 8 | – | – | – | – | – |
| 9 | തേനീച്ചവളർത്തൽ | 5 | – | 5 | – |
| 10 | – | – | – | – | – |
| 11 | സോപ്പ നിർമ്മാണം | 3 | – | – | 3 |
| 12 | ടിവി & റഫ്രിജറേറ്റർ റിപ്പയറിംഗ് | 8 | 4 | – | 4 |
| 12 | പ്രിന്റിംഗ് & കമ്പോസിംഗ് | 2 | 2 | – | – |
| | നെയ്ത്ത് | 1 | 1 | – | – |
| 13 | ടൈലറിംഗ് | 3 | 3 | – | – |
| 14 | പ്രിന്റിംഗ് & കമ്പോസിംഗ് | 3 | 3 | – | – |

DWCRA പദ്ധതി പ്രകാരം 11 വനിതാ തൊഴിൽ സംരംഭങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ 1988

മുതൽ ഇന്നു വരെ ആരംഭിച്ചത്. ഇവയിൽ നാലെണ്ണം പൂർണ്ണമായും പ്രവർത്തിക്കാതായിട്ടുണ്ട് രണ്ടെണ്ണം ഭംഗിയായി പ്രവർത്തിക്കുമ്പോൾ മറ്റുള്ളവ വേണ്ടത്ര കാര്യക്ഷമമല്ല.

## DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

(പട്ടിക II-4)

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| താനാളൂർ | പുസ്തകനിർമ്മാണം | 88-89 | ഇല്ല | പ്രവർത്തിക്കുന്നില്ല |
| മീനടത്തൂർ | പ്രിന്റിംഗ് പ്രസ് | 89-90 | ഇല്ല | 30പേർ നടത്താൻ തൽപരരാണ് പക്ഷെ മറ്റുള്ളവർ സമ്മതിക്കുന്നില്ല |
| അരീക്കാട് | " | 90-91 | 11 | നടക്കുന്നു |
| ഭാരതരത്നം കയർ | കയർ നിർമ്മാണം | 88-89 | ഇല്ല | 3പേർക്ക താൽപര്യം ഉണ്ട് ബാങ്കിൽ പണവും ഉണ്ട് |
| ഉണ്ണ്യാൽ | മത്സ്യം സംസ്കരണം | 90-911 | 11 | |
| തേവർക്കടപ്പുറം | ഓലമുടയൽ | | 12 | നന്നായി പ്രവർത്തിക്കുന്നു |
| പുതിയ കടപ്പുറം | ആട്, ഓല | 92-93 | 10 | നന്നായി നടക്കുന്നു |
| " | " | 95-96 | 10 | പ്രവർത്തിക്കുന്നു |
| മങ്ങാട് | " | 95-96 | 10 | പ്രവർത്തിക്കുന്നു |

അസംസ്കൃത വസ്തുക്കൾ ചില്ലറയായി വാങ്ങേണ്ടി വരുമ്പോഴുള്ള വില്ക്കൂടുതൽ കുത്തക ഉൽപന്നങ്ങളുടെ പരസ്യങ്ങളോട് കിട പിടിക്കാൻ കഴിയായ്ക

അംഗങ്ങൾക്ക് ഇടയിലുള്ള സ്വകാര്യ വിദ്വേഷങ്ങൾ എന്നിവയൊക്കെയാണ് ഇവയുടെ പരാജയത്തിന് കാരണം

പെൻഷനുകളും ധനസഹായവും സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വില്ലേജ് | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശ കലാകാ സഹിത്യകാ പെൻഷൻ | അവശ കായികതാ പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | കാൻസർ രോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിൽ ഇല്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| നിറമരുതൂർ | | 172 | 61 | 47 | - | - | - | 4 | 1 | ലഭ്യമല്ല | ലഭ്യമല്ല |
| താനാളൂർ | - | 39 | - | - | - | 1 | 4 | 1 | - | - | |
| | | | | | | | | | | 243 | 112 |

(93-മാർച്ച്)

പെൻഷനുകളെക്കുറിച്ചും ധനസഹായങ്ങളെ കുറിച്ചുമുള്ള അറിവില്ലായ്മയും ഓഫീസ് സംബന്ധമായ സാങ്കേതികജടിലതകളും

ഇന്നത്തെ ജീവിത സൂചികയുമായി തട്ടിച്ചു നോക്കുമ്പോൾ ഇവ തീരെ അപര്യാപ്തമാണ് എന്നതും ഇവയുടെ ഗുണഭോക്താക്കളാക്കേണ്ട വരെ പിൻതിരിപ്പിക്കുന്നു. സാമൂഹ്യക്ഷേമ രംഗത്ത് നിസ്തുല സേവനം നടത്തുന്ന അംഗൺവാടികൾ പഞ്ചായത്തിൽ 28 എണ്ണമാണ് ഉള്ളത്. ഇവയുമായി അഫിലിയേറ്റ് ചെയ്ത മഹിളാസമാജുങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഗർഭിണികൾക്കും കുട്ടികൾക്കും വേണ്ട പോഷകാഹാര വിതരണവും ബോധവൽക്കരണ പ്രവർത്തനങ്ങളും മറ്റും അംഗൺവാടികളിൽ നല്ല രീതിയിൽ നടക്കുന്നുണ്ട്. എന്നാൽ ഭൗതിക സൗകര്യക്കുറവ് ഈ അംഗൺവാടികളുടെയൊക്കെ മുഖ്യ പ്രശ്നമാണ് സ്ഥിരം കെട്ടിടമില്ലാത്ത 11 അംഗൺവാടികൾക്ക് പുറമെ കെട്ടിടമുള്ള അംഗൺവാടികളിൽ പോലും ഭക്ഷ്യവസ്തുക്കളും മറ്റും ഭദ്രമായി സൂക്ഷിക്കുവാനുള്ള സൗകര്യം കുറവാണ്

## പ്രശ്നങ്ങൾ:-

1. ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ദരിദ്ര കുടുബങ്ങളിലെ 205 എണ്ണത്തിന് മാത്രമെ പ്രയോജനപ്രദമായിട്ടുള്ളു

2.. ഐ.ആർ.ഡി.പി. ലിസ്റ്റിൽ നിരവധി അപാകതകൾ ഉണ്ട്.

3. സർക്കാർ ഓഫീസുകളിലെ അഴിമതി വെൻഷനുകളെയും ധന സഹായങ്ങളെയും മറ്റു സാമൂഹ്യക്ഷേമ പരിപാടികളെയും ബാധിക്കുന്നു.

4.ഗുണഭോക്താക്കളുടെ അജ്ഞത ഇടത്തട്ടുകാരന്റെ ചൂഷണത്തിന് കാരണമാകുന്നു.

5. ആനുകൂല്യങ്ങൾ യഥാസമയം കിട്ടാത്ത അവസ്ഥ

6. ആനുകൂല്യങ്ങളുടെ അപര്യാപ്തത

7. നാട്ടിലെസാദ്ധ്യതകൾ പരിശോധിക്കാതെയുള്ള വിഷയങ്ങൾ പലതും പ്രൈസം പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

8.അംഗൺവാടികളുടെഎണ്ണക്കുറവ്, പ്രവർത്തന ഏരിയ വളരെ വലുത്, അംഗൺവാടി സൗകര്യങ്ങളുടെ അപര്യാപ്തത.

9. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ എണ്ണക്കുറവ്.

## നിർദ്ദേശങ്ങൾ:—

1 IRDP ലിസ്റ്റിനുള്ള സർവ്വെ കൂടുതൽ കാര്യക്ഷമവും ശാസ്ത്രീയവുമാക്കുക. പഞ്ചായത്ത് മെമ്പർ, അംഗൺവാടിവർക്കർ, പ്രദേശിക സാമൂഹ്യ പ്രവർത്തകർ എന്നിവർ ചേർന്നുള്ള സ്ക്വാഡുകളായിരിക്കണം സർവ്വെ നടത്തേണ്ടത്.വിവിധ രാഷ്ട്രീയ പാർട്ടികൾ , സംഘടനകൾ, എന്നിവ ചേർന്ന സംഘാടകസമിതി സർവ്വെ വിലയിരുത്തണം. ലിസ്റ്റ് വാർഡ് തലത്തിൽ പ്രസദ്ധീകരിക്കുകയും പരാതികൾ നൽകാൻ ഗ്രാമസഭയിൽ അവസരം നൽകുകയും വേണം. ഗ്രാമസഭയിൽ വായിക്കുകയും ആവാം. ഇവയിൽ തീർപ്പ് കൽപ്പിക്കേണ്ടത് സർവ്വെ നടത്തിയ സ്ക്വാഡ് ആയിരിക്കണം. സർവ്വെ മാനദണ്ഡങ്ങൾ പക്ഷഭേദത്തിന് ഇടനൽകാത്തത് ആയിരിക്കണം.

2. ദാരിദ്ര്യ രേഖക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും സഹായങ്ങൾ ലഭ്യമാക്കണം. അവ യഥാവിധി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ പഞ്ചായത്ത് തല സെൽ വേണം

3. സഹായങ്ങളുടെയും പെൻഷനുകളുടെയും വിതരണം പുർണ്ണമായും പഞ്ചായത്ത് വഴിയാകണം. പഞ്ചായത്ത് ക്ഷേമ സമിതി ഇതിന് വേണ്ടി പ്രവർത്തിക്കണം. പ്രചരണം, ആവശ്യക്കാരുമായി ബന്ധപ്പെടൽ, യഥാസമയം ആനുകൂല്യ ങ്ങൾ നൽകാൻ അനുയോജ്യമായ വനിതാ തൊഴിൽ സംരംഭങ്ങൾ കൊ എന്നിവ സമിതിയുടെ ചുമതലയാക ണം.

4. പെൻഷനുകളും. ധന സഹായങ്ങളുടെ ഇന്നത്തെ ജീവിത സൂചികയ്ക്കനുസരിച്ച് പരിഷ്കരിക്കണം

5. എല്ലാ വിഭാഗം തൊഴിലുകൾക്കും പ്രത്യേക ക്ഷേമനിധികൾ ആരംഭിക്കുക.

6. അംഗൺ വാടികൾ 1000 ജനസംഖ്യ എന്ന ക്രമത്തിൽ സ്ഥാപി ഉചിതമായ സ്ഥാനത്തിൽ ദരിദ്ര ജന വിഭാഗങ്ങൾ തിങ്ങി കോളനി പ്രദേശങ്ങൾക്ക് നിലവിലുള്ള എല്ലാ അംഗൺവാടികൾക്കും സ്ഥിരം കെട്ടിടം നിർമ്മിക്കുക. ക്ഷ്യവസ്തുക്കളും മറ്റും സൂക്ഷിക്കാ വിധാനങ്ങൾ ഉണ്ടാക്കുക.


7. വിവിധ സാമൂഹ്യക്ഷേമ തികളെക്കുറിച്ച് സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ, മഹിളാ സമാജങ്ങൾ. യുവജന സംഘടനകൾ എന്നിവരെ ബോധവത്കരിക്കുക.

8.സ്ത്രീകൾക്ക് നേതൃത്വ പരിശീലന ക്യാമ്പുകളും. ഹോം സയൻസ് ക്ലാസ്സുകളും കൂടുതൽ തൊഴിൽ സംരംഭങ്ങളും നൽകുക.

9.പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന വൃദ്ധർക്ക് പ്രത്യേക പെൻഷൻ നൽകുക. പരമ്പരാഗത തൊഴിലുകൾക്ക് ആവശ്യമായ യന്ത്രവത്കരണം നടത്തുക.

10. ഓരോ തൊഴിൽ സംരംഭങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്ത് തലത്തിലോ ബ്ലോക്ക് തലത്തിലോ ഒരു സമിതി കൂടി രൂപീകരിക്കുക. അസംസ്കൃത വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് മൊത്തമായി വാങ്ങിക്കുക. മാധ്യമങ്ങളിലൂടെ പരസ്യം നൽകുക എന്നിവ ഇവരുടെ ചുമതലയാവണം.

11. പാരമ്പര്യ തൊഴിൽ പദ്ധതികൾ വ്യാപകമായി ആരംഭിക്കുക.



# സംസ്ക്കാരം

സമ്പന്നമായ ഒരു സാംസ്ക്കാരിക പൈതൃകമാണ് നമ്മടെ പഞ്ചായത്തിനുള്ളത്. രാജഭരണത്തിന്റെയും ജന്മിത്ത വ്യവസ്ഥയുടെയും, ബ്രിട്ടിഷ് അടിമത്തിത്തിന്റെയുമൊക്കെ സ്വാധീനങ്ങളോടൊപ്പം, വിവിധ ജാതി മത ആചാരങ്ങളും സ്വാതന്ത്ര സമര പ്രസ്ഥാനങ്ങൾ സ്വദേശി സർവോദയ പ്രസ്ഥാനങ്ങൾ, പുരോഗമന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ എന്നിവയുടെ സ്വാധീനങ്ങൾ നമ്മുടെ സംസ്ക്കാരിക രംഗത്ത് പ്രകടമാണ്.

പഞ്ചായത്തിൽ മുഖ്യമായും ഹിന്ദു മുസ്ലിം മത വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളാണ് അധിവസിക്കുന്നത്. തൊഴിൽ ആവശ്യാർത്ഥം അന്യനാടുകളിൽ നിന്ന് വന്നു നമ്മുടെ നാടിന്റെ അവിഭാജ്യ ഘടകങ്ങളായി മാറിയ ക്രൈസ്തവൻ കുടുംബങ്ങളുമുണ്ട്. പഞ്ചായത്തിൽ ആകെ 74 മസ്ജിദുകൾ, 39 ഹിന്ദു ക്ഷേത്രങ്ങൾ ഒരു ക്രൈസ്തവൻ പള്ളി എന്നിവയാണ് യാണ് ആരാധാനാലയങ്ങളായുള്ളത്. ചില പുരാതനങ്ങളായ മുസ്ലിം പള്ളികൾ അരിക്കാട് ജുമാഅത്ത് പള്ളി, പകര ജുമാഅത്ത് പള്ളി താനാളൂർ ജുമാഅത്ത് പള്ളി കോരങ്കാവ് നമസ്ക്കാര പള്ളി, കേരളാധീശ്വപുരം ജുമാഅത്ത് പള്ളി, വള്ളിക്കാഞ്ഞിരം ജുമാമസ്ജിദ് എന്നിവയാണ്.

ഹിന്ദു ക്ഷേത്രങ്ങളിൽ പുരാതനങ്ങളും പ്രശസ്തവുമായവ കേരളാധീശ്വര പുരം ശ്രീ കൃഷ്ണക്ഷേത്രം ,താനാളൂർ നരസിംഹമൂർത്തിക്ഷേത്രം പുതുകുളങ്ങര ഭഗവതിക്ഷേത്രം വെളുവിൽ ദുർഗാക്ഷേത്രം, കാളാട്ട് വിഷ്ണു ക്ഷേത്രം, മണത്തല ശിവക്ഷേത്രം എന്നിവയാണ്. ക്ഷേത്രങ്ങളോടനുബന്ധിച്ച് ശ്രീ കൃഷ്ണ ക്ഷേത്രത്തിൽ ചാക്യാർകൂത്ത്, കഥകളി, ഓട്ടൻതുള്ളൽ, പഞ്ചവാദ്യം, തായമ്പക തുടങ്ങിയ ക്ഷേത്രകലകൾ ഉൾപ്പെടുന്ന ഉത്സവങ്ങൾ വർഷം തോറും നടന്നിരുന്നു. പുത്തുകുളങ്ങര ഭഗവതയാട്ട് ആചാരപരമായ വെളിച്ചപാട്, കനലാട്ടം, മുടിയേറ്റ് എന്നിവക്ക് പുറമെ ജനവിഭാഗങ്ങളിൽ നിന്നുമുള്ള ഘോഷയാത്ര വരവുകളോടെയാണ് നടക്കാറുള്ളത്.

താനാളൂർ കാട്ടിലതങ്ങൾ ജാറത്തിങ്ങൽ മുൻകാലങ്ങളിൽ വിപുലമായ നേർച്ച നടന്നി

രുവത്രെ ഭഗവതിക്ഷേത്രങ്ങളിൽ നടന്നിരുന്ന ഭഗവതി യാട്ടുകൾ ശബരിമല സിസണിൽ നടന്നിരുന്ന അയ്യപ്പൻ വിളക്കുകൾ. കാർത്തിക വിളക്ക് തുടങ്ങിയവയാണ് ക്ഷേത്രങ്ങളോടനുബന്ധിച്ച് നടന്നിരുന്ന മറ്റ് പ്രധാന ആഘോഷങ്ങൾ.

ഓണാഘോഷങ്ങളോടനുബന്ധിച്ചും നമസാൻ വ്രതക്കാലത്ത് നോമ്പുതുറക്കലിനും മറ്റുമതവിഭാഗങ്ങളിൽ പെട്ടവരെയും വിരുന്നുകാരായി ക്ഷണിക്കുന്ന പതിവ് ഈ പ്രദേശത്തിന്റെ മതസൗഹാർദ്ദത്തിന്റെ നിദാനമാണ്. ക്ഷേത്രങ്ങളിൽ നടക്കുന്ന ഉത്സവങ്ങക്ക് വരുന്ന ജനതയിൽ വിവിധ മതവിഭാഗങ്ങളും കാണാം

നാടിന്റെ സംസ്ക്കാരിക രംഗത്ത് പ്രകടമായ ചലനങ്ങളുണ്ടാക്കിയവയാണ് ദേവധാർ മലബാർ റീകൺസക്ഷൻ ട്രസ്റ്റിന്റെ സ്ഥാപനവും ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായുണ്ടായ മറ്റ് പ്രവർത്തനങ്ങളു ആണ് പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥാലയമായ നായനാർ സ്മാരകഗ്രന്ഥാലയം. നായനാർ സ്മാരക ലോവർ പ്രൈമറിസ്ക്കൂൾ എന്നിവയൊക്കെ ഈ പ്രവർത്തനങ്ങളുടെ പരിണിത ഫലമാണ്. താനൂളൂർ പ്രദേശത്ത് ഓത്തു പള്ളികളിലൂടെ തന്നെ സാമൂഹ്യ വിദ്യാഭ്യാസം നടപിലാക്കിക്കൊണ്ട്. പിലാക്കാട്ടിൽ മൊയ്തീൻകുട്ടി മൊല്ല, മാടമ്പാട്ട് അവറാൻ കുട്ടി മുസ്ല്യാർ എന്നിവർ ആരംഭിച്ച പുരോഗമന പ്രവർത്തനങ്ങളും സാംസ്ക്കാരികമായ പുരോഗതിക്ക് വഴിവെച്ചു. വി. ആർ. നായനാരുടെ നേതൃത്വത്തിൽ നടപ്പാക്കിയ സാംസ്ക്കാരിക പ്രവർത്തനങ്ങൾ പ്രത്യേകം സ്മരണിയമാണ്.

വിവിധ രാഷ്ട്രീയകക്ഷികളേയും ജനവിഭാഗങ്ങളേയും ഒക്കെ ഒന്നിച്ചണിനിരത്താൻ കഴിഞ്ഞ സാക്ഷരതായജ്ഞം സമീപകാലത്ത് നമ്മുടെ സാംസ്ക്കാരിക രംഗത്ത് ഉണ്ടാക്കിയ മുന്നേറ്റം ചെറുതല്ല. സാക്ഷരരായി മാറിയതോടെ ആയിരങ്ങളിൽ വന്ന സാംസ്ക്കാരിക മാറ്റത്തോടൊപ്പം ഇൻസ്ട്രക്ട്രർമാരായി വന്ന നൂറുകണക്കിന് ചെറുപ്പക്കാരിലും പുതിയ ഒരു സന്നദ്ധസേവന സാംസ്ക്കാരം വളർന്നു വന്നു. സാക്ഷരതാ പരിപാടിയോടനുബന്ധിച്ച് നടന്ന സമൂഹ ആഘോഷങ്ങൾ, അക്ഷരവിരുന്നുകൾ , കലാമേളകൾ, ഘോഷയാത്രകൾ, ദിനാചരണങ്ങൾ, അക്ഷരപൂക്കളങ്ങൾ, അക്ഷരദീപമാല, പ്രദർശന പരിപാടികൾ എന്നിവയെല്ലാം നാട്ടിലെ മുഴുവൻ ജനവിഭാഗങ്ങളേയും ഐക്യത്തിന്റെ നിരയിലെത്തിക്കാൻ പര്യാപ്തമായിരുന്നു. മുഹമ്മദ്കുട്ടി മാസ്റ്റർ (എം. എം. കുട്ടി) യുടെ നേതൃത്വം ചിരസ്മരണീയമാണ്.

### ഗ്രന്ഥാലയങ്ങൾ വായനശാലകൾ

സ്ക്കൂൾ ലൈബ്രറികൾക്ക് പുറമെ പഞ്ചായത്തിൽ 14 വായന ശാലകൾ ഉള്ളതായി ഗ്രാമസഭാ റിഷോർട്ടുകൾ സൂചിഷിക്കുന്നു. ഇവയിൽ 13 എണ്ണവും ഗ്രന്ഥാലയങ്ങളാണ്. 1948ൽ സ്ഥാപിച്ച നായനാർ സ്മാരക ഗ്രന്ഥാലയമാണ് ഇവയിൽ ഏറ്റവും പഴക്കമുള്ളത്. നായനാർ സ്മാരക ഗ്രന്ഥാനലയം പുത്തൻതെരു, ജനതാ ഗ്രന്ഥാലയം വള്ളിക്കാഞ്ഞിരം, കലാകായികവേദി താനാളൂർ എന്നിവയിൽ 4000ത്തോളം പുസ്തകങ്ങൾ വീതമുണ്ട്. രണ്ടു ഗ്രന്ഥാലയങ്ങളൊഴികെ ഒന്നിനുപോലും സ്വന്തം കെട്ടിടമില്ല. ഫണ്ടിന്റെ അപര്യാപ്തത മിക്ക ഗ്രന്ഥാലയങ്ങളിലും പ്രകടമാണ്. വനിതാ വായനക്കാർ വളരെ ചുരുക്കമായേ വായനശാലകളിലെത്താറുള്ളൂ. വിശദാംശങ്ങൾ പട്ടികയായി താഴെ ചേർക്കുന്നു.

### ക്ലബുകൾ കലാസമിതികൾ

ലഭ്യമായ കണക്കുകൾ പ്രകാരം പഞ്ചായത്തിൽ 25 ഓളം കലാകായിക സമിതികൾ ഉണ്ട്. ഇവയിൽ വട്ടത്താണി യങ്ങ്മെൻസ് ക്ലബ് മാത്രമാണ് സ്വന്തമായി കെട്ടിടമോ ആസ്ഥിയോ ഉള്ളത്. ഇവയിൽ മിക്കതും കലാകായിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവയാണ്. കാളപുട്ട് രംഗത്ത് ശ്രദ്ധിക്കുന്ന കലാകായികവേദി താനാളൂർ, ആരോഗ്യ ക്യാമ്പുകളും ആരോഗ്യ പരിസ്ഥിതി ബോധവൽകരണ പരിപാടികളും നടത്തുന്ന മിനടത്തൂർ ഗ്രാമധാര കലാസാംസ്ക്കാരിക വേദി, ജനകീയ സാമൂഹ്യ പ്രവർത്തനങ്ങളിൽ പ്രത്യേഗിച്ച്

സമ്പൂർണ്ണ സാക്ഷരതായജ്ഞം ജനകീയ ആരോഗ്യ പരിപാടി എന്നിവയിൽ ഉയർന്ന പ്രവർത്തനം നടത്തിയ യംഗ്മെൻസ് ക്ലബ് കെ. പുരം. ആരോഗ്യ പ്രവർത്തനങ്ങളിലും മറ്റും സജീവ സാന്നിദ്ധ്യം നിലനിർത്തുന്ന യുവരശ്മി സാംസ്ക്കാരിക സംഘം പുതിയ കടപ്പുറം. കുട്ടികളുടെ നാടകകളരി സംഘടിപ്പിക്കുന്ന സോപാനം കെ. പുരം. എന്നിവയുടെ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടവയാണ്. പൊതുവേ സാമ്പത്തിക പരിമിതികളും കൂട്ടായ പ്രവർത്തനങ്ങളുടെ കുറവും ആശയപരമായ ക്ലാസുകളുടെ പരിമിതിയും മിക്ക ക്ലബുകളിലും പ്രകടമാണ്. കലാ സമിതികളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്.

### രക്തഗ്രൂപ്പ് നിർണ്ണയ ഫോറങ്ങൾ

SKSSF ബ്ലഡ്സൊണേഷൻ ഫോറം താനാളൂർ. ബ്ലഡ് സൊണേഴ്സ് ഫോറം പുത്തൻതെരു. എന്നിവയാണ് രക്ത ദാന രംഗത്ത് ഇന്ന് സജീവമായി നിലകൊള്ളുന്ന സംഘങ്ങൾ സന്നദ്ധരായ പേർ 400 SKSSF ബ്ലഡ് ഡൊണേഷൻ ഫോറത്തിലും. 100 പേർ പുത്തൻതെരു ബ്ലഡ്സൊണേഷൻ ഫോറത്തിലും രജിസ്റ്റർ ചെയ്തിരിക്കുന്നു. രക്തദാനത്തിലൂടെ നേടുന്ന ആത്മബന്ധങ്ങൾ സാംസ്ക്കാരികമായ ഉന്നമനത്തിന് ഉപയുക്തമാക്കണം.

### സിനിമ

പഞ്ചായത്തിൽ സിനിമാശാലകൾ ഇപ്പോൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. തിരൂരിലും താനൂരിലുമുള്ള സിനിമാശാലകളാണ് സിനിമാ പ്രേമികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങൾ. രതിവൈകൃതങ്ങൾ നിറഞ്ഞ വിദേശ അന്യഭാഷാ ചിത്രങ്ങളും. സ്റ്റാന്റിന്റെ അതിപ്രസരമുള്ള സിനിമകളും നമ്മുടെ സാംസ്ക്കാരിക പുരോഗതിയെപ്രതികൂലമായി ബാധിക്കുന്നുണ്ട്. ഉന്നത സാംസ്ക്കാരികമൂല്യങ്ങളിലൂന്നിയുള്ള സിനിമകൾ വിരളമായേ പ്രദർശനത്തിനെത്താറുള്ളൂ. യുവാക്കളിൽ അന്ധമായ അനുകരണ ഭ്രമം ഉണ്ടാക്കുന്നതിലും ഇന്ന് ധാരാളമായി പ്രദർശിപ്പിക്കപ്പെടുന്ന സിനിമകൾക്ക് പങ്കുണ്ട്.

### ടി.വി./ വീഡിയോ

പഞ്ചായത്തിൽ ടി. വി. യുള്ള വീടുകൾ ധാരാളമുണ്ട്. മിക്കവാറും വീട്ടുകാർക്ക് 500 മീറ്റർ അടുത്ത് എതെങ്കിലും വീട്ടിൽ ടി. വി. ഉണ്ടായിരിക്കും. ടി. വി. യിൽ ഭൂരിഭാഗവും ദൂരദർശന്റെ ഒരു ചാനൽ മാത്രം കാണാൻ ഉപയോഗിക്കുന്നവയാണ്. ശ്രീകൃഷ്ണൻ, ചിത്രഗീതം. സിനിമ തുടങ്ങിയ പരിപാടികൾക്കാണ് ഏറ്റവും കൂടുതൽ പ്രേക്ഷകരുള്ളത്. കേബിൾ ടി. വി. സൗകര്യം പഞ്ചായത്തിലെ 200ൽ താഴെ കുടുംബങ്ങൾക്കാണുള്ളത്. ഇവയിലും സിനിമകൾക്കാണ് ജനപ്രീതി കൂടുതൽ. കലാ സാംസ്ക്കാരിക പരിസ്ഥിതി, വാർത്താ, മൂല്യങ്ങളുള്ള പരിപാടികൾക്ക് വേണ്ത്ര പ്രാമുഖ്യമോ ജനപ്രീതിയോ ലഭിക്കുന്നില്ല. പഞ്ചായത്തിൽ എട്ട് വീഡിയോ കാസറ്റ് ലൈബ്രറികൾ ഉണ്ട്.

### പത്രം, മാസികകൾ

പഞ്ചായത്തിൽ പ്രചരിപ്പിക്കപ്പെടുന്ന പത്രങ്ങൾ മാതൃഭൂമി, മലയാള മനോരമ, ചന്ദ്രിക, ദേശാഭിമാനി, മംഗളം, മാധ്യമം തുടങ്ങിയവയാണ്. മാസികകളിൽ പ്രാദേശിക പ്രസിദ്ധികരണങ്ങൾ ഒന്നുപോലും നമ്മുടെ പഞ്ചായത്തിലില്ല.

സ്തനാവുകയും ചെയ്ത ഫിറോസ് ബാബു നമ്മുടെ പഞ്ചായത്തുകാരനാണ്.

### കായികം

പഴയ കളികളിൽ പകിടകളി, ചവിട്ടുകളി, തുടങ്ങിയവയാണ്. ഇന്നും നിലനിൽക്കുന്നത്. ഫുട്ബോൾ ആണ് ഏറ്റവും ജനപ്രിയമായി ഇന്നും നിലനിൽക്കുന്ന കായിക വിനോദം ഓരോവർഷവും നാലോ അഞ്ചോ സെവൻസ് ഫുട്ബോൾ ടൂർണമെന്റുകളെങ്കിലും പഞ്ചായത്തിൽ നടക്കാറുണ്ട്. കൊയ്തൊഴിഞ്ഞ പാടങ്ങളാണ് ഇവയുടെ വേദികളാകുന്നത്. ക്രിക്കറ്റ് വ്യാപിച്ചു തുടങ്ങിയിട്ടുണ്ടെങ്കിലും ടുർണ്ണമെന്റുകളും മറ്റും ധാരാളമായിട്ടില്ല. പഞ്ചായത്തിലെ ഹൈസ്ക്കൂളുകൾ സ്പോർട്ട്സ് വളർത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു. ദേശീയകായിക മേളവരെ ഉയർന്ന ബഷീർ പുത്തൻതെരു, ദേശീയ ഖോ ഖോ ടീമിൽ അംഗമായ ഷീജിത പി. പി. എന്നിവർ ഇതിന് നിദാനങ്ങളാണ്. പഞ്ചായത്തിൽ പൊതു കളിസ്ഥലങ്ങൾ ഒന്നു പോലുമില്ല. കരേട്ടേ- ജിംനേഷ്യം എന്നിവയുടെ പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൽ ചിലയിടങ്ങളിലൊക്കെയുണ്ട്. പൊതുവെ സ്ത്രീ പങ്കാളിത്തക്കുറവ് കായിക രംഗത്തും ദൃശ്യമാണ്.

### മറ്റു കാലാരൂപങ്ങളും സംഘങ്ങളും

വ്യാപകമായില്ലെങ്കിലും ഇന്നും നില നിൽക്കുന്ന നാടൻ കലാ രൂപങ്ങളാണ് കോൽകളി, ദഫുമുട്ട്,, പരിചമുട്ട്, അയ്യപ്പൻ പാട്ട്, പുതം കളി,, കാളകളി, പുലിക്കളി, തായമ്പക എന്നിവ സ്ത്രീകൾക്കിടയിൽ മൈലാഞ്ചി കല്ല്യാണം, ഒപ്പന, കൈക്കൊട്ടിക്കളി, കുമ്മി, തുടിച്ചു കുളിക്കൽ എന്നിവയൊക്കെ നാമനമാത്രമായെങ്കിലും നിലനിൽക്കുന്നു. നടീൽ പാട്ട്, കന്നുപൂട്ട് വായ്ത്താരികൾ എന്നിവ ഇന്ന് ദുർലഭമായേ കേൾക്കാൻ കഴിയൂ.

ഇന്ന് മത്സര വേദികളുള്ള കാലാരൂപങ്ങൾക്ക് നമ്മുടെ പഞ്ചായത്തിലും നല്ല പ്രചാരമുണ്ട്. നിലനിൽക്കുന്ന നാടകട്രൂപ്പുകൾ ഇല്ലെങ്കിലും പ്രോഫഷണൽ നാടകങ്ങളിൽ അഭിനയിച്ചിരുന്നതും ഇപ്പോഴും അഭിനയിക്കുന്നവരുമായ നിരവധി പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. പഴയ തലമുറയിലെ പ്രമുഖ നാടകകാരനായ മുഹമ്മദ്കുട്ടി മാസ്റ്റർ (എം. എം. കുട്ടി)ആധുനിക നാടക രംഗത്ത് നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള വി. പി. എം. ഷുക്കൂർ എന്നിവരുടെ സംഭാവനകൾ എടുത്തുപറയത്തക്കതാണ്. സംസ്ഥാനതല സ്ക്കൂൾ കലാമേളയിൽ ഒന്നാം സമ്മാനം നേടുകയും തുടർന്ന് പ്രൊഫഷണൽ ഗായകസംഘത്തിലൂടെ പ്രശ

### പ്രശ്നങ്ങൾ

1. വായനശാലകളിലും ഗ്രന്ഥശാലകളിലുമുള്ള സൗകര്യങ്ങളുടെ കുറവും പുസ്തകങ്ങളുടെയും പത്രമാസികളുടെയും അപര്യാപ്തതയും എല്ലാവർക്കും സമീപ പ്രദേശങ്ങളിൽ വായനശാലകളില്ലാത്തതും പ്രധാന പ്രശ്നങ്ങളാണ്.
2. പൊതുവെ വായനാശീലം കുറഞ്ഞുവരുന്നു, ദൃശ്യശ്രവ്യ മാദ്ധ്യമങ്ങളുടെ വശീകരണം വായനക്കാരെ ബാധിച്ചിട്ടുണ്ട്.
3. സിനിമയിലെ ആഭാസത്തിരങ്ങൾ വർദ്ധിക്കുന്നു.
4. സംഘമായുള്ള മദ്യപാനവും അസാന്മാർഗിക പ്രവർത്തനങ്ങളും കൂടുന്നു.

5. വിവാഹചടങ്ങുകളിലും മറ്റും ആർഭാടം വർദ്ധിക്കുന്നു. നാട്ടുകാർ ഒത്തുചേർന്നുള്ള ഒരുക്കങ്ങൾക്ക് പകരം കോൺട്രാക്ട്രർകാർ വഴി ഒരുക്കങ്ങൾ നടത്തുന്നു.
6. കായിക വിനോദത്തിന് പൊതുകളിസ്ഥലങ്ങളില്ല.
7. കലാ സമിതികൾ മിക്കതും ധാരാളം പരിമിതികൾ നേരിടുന്നു. സാമ്പത്തികഞെരുക്കം കൂട്ടായ്മയുടെയും വിജ്ഞാന പ്രദമായ ക്ലാസുകളുടെ ആഭാവം തുടങ്ങിയവ
8. കലാകായിക സാഹിത്യ മത്സരങ്ങൾക്ക് കാര്യമായി വേദികൾലഭിക്കാറില്ല.
9 തനതുനാടൻ കാലാരൂപങ്ങൾ മിക്കതും നാശത്തിന്റെ വക്കിലാണ്.
10. സ്ത്രീ പങ്കാളിത്തകുറവ് എല്ലാരംഗത്തും പ്രകടമാണ്
11. ക്ലബുകൾ ചിലതെങ്കിലും ജനകീയ പരിപാടികളോട് വിമുഖത കാട്ടുന്നവയാണ്.

## സാദ്ധ്യതകൾ

1. പഞ്ചായത്തിലെ ഗ്രന്ഥശാലകൗൺസിൽ രൂപീകരിക്കുക പുസ്തകങ്ങളുടെ വൈവിദ്ധ്യവൽക്കരണം. വാങ്ങേണ്ടവയെ കുറിച്ചുള്ള ചർച്ചകൾ, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ, പുതിയ ഗ്രന്ഥാലയങ്ങൾ ആരംഭിക്കാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും നൽകണം എന്നിവ കൗൺസിലിന്റെ കടമയാവണം
2. പഞ്ചായത്തു വക സ്റ്റേഡിയവും ഓഡിറ്റോറിയവും സ്ഥാപിക്കുക .
3. പഞ്ചായത്ത് കലാകായിക സാംസ്ക്കാരിക സമിതി വാർഷിക മേളാകലണ്ടർ തയ്യാറാക്കുക. വാർഡ് തലത്തിലും തുടർന്ന് പഞ്ചായത്ത് തലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കണം. നാടൻ കളികൾ, സ്പോർട്ട്സ് മീറ്റ്, നാടൻ കലാമത്സരങ്ങൾ, പൂക്കള മത്സരം, കരോൾ സ്റ്റേജ് കലാമത്സരങ്ങൾ എന്നിവ നടത്തണം. ഓണം,വിഷു, പെരുന്നാളുകൾ, നവവർഷംദിനം, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക്ദിനം എന്നീ ദിവസങ്ങൾ ഈ മേളകൾക്ക് നേരത്തേകൂട്ടി പ്രഖ്യപിക്കാം.

### സഞ്ചരിക്കുന്ന വീഡിയോ ക്ലബ്

4. ഒരു ടി.വി. യും വി.സി.ആർ. ഉം ഉപയോഗിച്ച് സാംസ്ക്കാരിക കലാമൂല്യങ്ങളുള്ള കാസറ്റുകൾ വിവിധ തെരുവുകളിൽ വെച്ച് കാണിക്കുന്ന രീതി, വിഷയത്തിനനുസരിച്ച് അനുയോജ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കണം
5. പഞ്ചായത്തിൽ ഒരു ഫിലീം സൊസൈറ്റി രൂപീകരിച്ച് പ്രൊജക്ട്രറും മറ്റുപകരണങ്ങളും വാങ്ങിക്കുക. ക്ലാസിക്കുകളും സാംസ്കാരിക പ്രാധാന്യമുള്ളവയുമായ സിനിമകൾ പഞ്ചായത്തിലെ നാലോ അഞ്ചോ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കാം. സ്ക്കൂളുകളിൽ വൈകിട്ട് 6 മണിക്ക് പ്രദർശനമാരംഭിക്കാം. നാമമാത്രമായ ടിക്കറ്റ് തുക ഈടാക്കാം.
6. പഞ്ചായത്തിൽ ബോധവൽക്കരണ കലാസംഘം രൂപീകരിക്കുക. അനാചാരങ്ങൾ, മതസൗഹാർദം, മദ്യം, മയക്കുമരുന്ന്, സ്ത്രീപീഡനം തുടങ്ങിയ വിഷയങ്ങൾ ബന്ധപ്പെടുത്തി പരിപാടി തയ്യാറാക്കി അവതരിപ്പിക്കണം.
7. കലാപരിപാടികൾക്ക് ലഭ്യമാകുന്ന എല്ലാ വേദികളിലും നാടൻ കലകൾക്ക് അവസരം നൽകണം.
8. ഉത്സവങ്ങൾക്കും മറ്റാഘോഷപരിപാടികൾക്കും സംഘാടകരായി മറ്റുമതക്കാരെ ഉൾപ്പെടുത്തുക, ഐക്യം പ്രാവർത്തികമാക്കികാണിക്കുക.
9. വനിതകൾക്ക് പ്രത്യേക വായനശാലയും ലൈബ്രറിയും സ്ഥാപിക്കുക വനിതാ ലൈബ്രേറിയൻ വേണം. അംഗൺ വാടികൾ കേന്ദ്രീകരിച്ച് നടത്താം പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുന്ന സംവിധാനം വേണം.
10. രക്തദാതാക്കളുടെ ഫോറങ്ങൾ വാർഡുകൾ തോറും രൂപീകരിക്കുക. സർവേയി

ലൂടെ ആദ്യഘട്ടം ലിസ്റ്റ് തയ്യാറാക്കുകയും രണ്ടാഘട്ടത്തിൽ രക്തഗ്രൂപ്പ് ക്യാമ്പുകൾ നടത്തുകയും ചെയ്യാം. പഞ്ചായത്തു തലത്തിൽ ഈ ലിസ്റ്റ് അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതും നല്ലതാണ്.

11. ഗ്രന്ഥശാലകളിലും പ്രവർത്തിക്കുന്ന ക്ലബുകൾക്കും ടി. വി. ലഭ്യമാക്കുവാൻ സഹായം ചെയ്യുക.

"പ്രകൃതി നിങ്ങളെ ഞാൻ
പൂർവ്വരോ ഞാനുമെ
മൊന്നോ പഠിപ്പിക്കുന്നതിൽ
നിന്നാണ് സുഖജീവിതം
ഉണ്ടാകുന്നത്."

-ഗാന്ധിജി



| | മതസ്ഥാപനങ്ങൾ | | | |
|---|---|---|---|---|
| വാർഡ് നമ്പർ | പള്ളികൾ | മദ്രസകൾ | അമ്പലങ്ങൾ | ചർച്ചുകൾ |
| 1 | 7 | 3 | - | - |
| 2 | 7 | 3 | 1 | - |
| 3 | 11 | 4 | 2 | - |
| 4 | 5 | 3 | 2 | - |
| 5 | 6 | 4 | 2 | - |
| 6 | 5 | 3 | 3 | - |
| 7 | 4 | 2 | 1 | 1 |
| 8 | 4 | 4 | 4 | - |
| 9 | 5 | 5 | 2 | - |
| 10 | 4 | 2 | 4 | - |
| 11 | 5 | 6 | 1 | - |
| 12 | 7 | 4 | - | - |
| 13 | 2 | 3 | 4 | - |
| 14 | 2 | 1 | 2 | - |
| 15 | 4 | 3 | 4 | - |
| | 78 | 50 | 32 | |

## പഞ്ചായത്തിലെ ഗ്രന്ഥാലയങ്ങളുടെയും വായനശാലയുടെയും വിവരം

| No | വാർഡ് | | സ്ഥാപിച്ച വർഷം | കെട്ടിട വിവരം | മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രവർത്തനം | ധന സഹായം | വൈദ്യുതി | പ്രവർത്തന പ്രശ്നം |
|---|---|---|---|---|---|---|---|---|---|---|
| 1 | 1 | യാനാളൂർ ഗ്രാമ പഞ്ചായത്ത് അഹമ്മദ് കുരിക്കൾ സ്മാരക വായന ശാല | 1992 | പഞ്ചായത്ത് സാംസ്ക്കാരിക നിലയം | 155 | 475 | ഇല്ല | പഞ്ചായത്ത് | ഉണ്ട് | പുസ്തകങ്ങളുടെയും പത്രമാസികളുടെയും കുറവ് |
| 2 | 1 | കലാകായിക വേദി ഗ്രന്ഥശാല | 1978 | വാടക | 236 | 3856 | എൻ.ലൈബ്രറി ഗ്രന്ഥ ശാല സംഘം | 4000/- | ഉണ്ട് | സ്വന്തമായി കെട്ടിടമില്ല |
| 3 | 2 | ജന വിദ്യാ കേന്ദ്രം കോട്ടു വാല പിടിക | 1991 | വാടക | - | - | | പഞ്ചായത്ത് | ഉണ്ട് | സ്വന്തമായി കെട്ടിടമില്ല പത്രമാസികളുടെ കുറവ് |
| 4 | 8 | പത്തമ്പാട് വായനശാല & ഗ്രന്ഥാലയം | | പ്രവർത്തിക്കുന്നില്ല | | | | | | |
| 5 | 11 | ജനതാ ഗ്രന്ഥാലയം & വായനശാല വള്ളിക്കാഞ്ഞിരം | 1961 | സ്വന്തം | 500 | 4386 | ഗ്രന്ഥശാല സംഘം | 4000/- | ഉണ്ട് | ടി. വി. ഇല്ല പത്രമാസികൾ കൂടണം സാമ്പത്തിക ഞെരുക്കം. ഫർണ്ണിച്ചർ കുറവ് |
| 6 | 12 | യുവരശ്മി കെ. എം. കാവുംപുറത്ത് സ്മാരക ഗ്രന്ഥാലയം | 1993 | വാടക | 35 | 600 | എൻ.വൈകെ | | ഉണ്ട് | പുസ്തകങ്ങൾ കുറവ് സാമ്പത്തിക ഞെരുക്കം |
| 7 | 13 | നായനാർ സ്മാരക ഗ്രന്ഥാലയം | 1948 | വാടക | 112 | 5325 | ഗ്രന്ഥശാല സംഘം | 4000 | ഉണ്ട് | കെട്ടിടം ഫർണ്ണിച്ചർ അപര്യപ്തം |
| 8 | 14 | പുനകിയ വായനശാല പുത്തുകുളങ്ങര | 1990 | സ്വന്തം | | 1000 | ഗ്രന്ഥശാല സംഘം | | ഇല്ല | |



താനാളൂർ ഗ്രാമപഞ്ചായത്ത്

## താനാളൂർ ഗ്രാമപഞ്ചായത്തിലെ ക്ലബുകൾ

| No | വാർഡ് നംബർ | പേരും സ്ഥലവും | സ്ഥാപിത വർഷം | കെട്ടിടം | പ്രവർത്തനങ്ങൾ പ്രശ്നങ്ങൾ |
|---|---|---|---|---|---|
| 1 | 1 | താനാളൂർ കലാ കായിക വേദി ആർട്സ് & സ്പോർട്സ് ക്ലബ് | 1978 | വാടക | മെഡിക്കൽ ക്യാമ്പ്, കാളപൂട്ട് മത്സരം ഫുട്ബോൾ ടൂർണ്ണമെന്റ് (സ്വന്തമായി കെട്ടിടം വേണം ) |
| 2 | 5 | അനസ് സ്പോട്സ് ക്ലബ് അരിക്കാട് | 1995 | വാടക | കലാകായിക പ്രവർത്തനം |
| 3 | 5 | വി. എ. കേരംസ് ക്ലബ് അരിക്കാട് | 1995 | വാടക | കേരംസ് ടൂർണ്ണമെന്റ് |
| 4 | 7 | മീനടത്തൂർ ഗ്രാമീണ കലാസാംസ്ക്കാരിക വേദി | 1988 | വാടക | മാസംതോറുമുള്ള ആരോഗ്യ ക്ലാസുകൾ, ഫാമിലി ക്ലബ്, സാംസ്ക്കാരിക പ്രവർത്തനം (സ്വന്തമായി കെട്ടിടമില്ല |
| 5 | 8 | ഇനയാ ആർട്സ് ക്ലബ്, മൂച്ചിൽ വൈറ്റ് | 1978 | വാടക | കലാകായിക രംഗം |
| 6 | 8 | യൂത്ത് വിങ്സ് മങ്ങാട് | 1989 | വാടക | കലാകായിക പ്രവർത്തനങ്ങൾ |
| 7 | 8 | വാണി സംഗീത വിദ്യാലയം | 1996 | വാടക | സംഗീത ഉപകരണ പഠന ക്യാമ്പ് |
| 8 | 8 | സർഗ്ഗലയ ആലിൻചുവട് | 1996 | വാടക | കായിക പരിപാടികൾ |
| 9 | 8 | അന്നങ്ങാട്ട് ചെണ്ട വാദ്യക്കളരി | - | വാടക | ചെണ്ടമേളം തായമ്പക ക്ലാസുകൾ |
| 10 | 11 | യെങ്ങമെൻസ് അസോസിയേഷൻ വള്ളിക്കാഞ്ഞിരം | 1983 | വാടക | കലാകായിക പ്രവർത്തനങ്ങൾ |
| 11 | 11 | നാസ് പഞ്ചരമുല | 1992 | വാടക | കലാകായിക പ്രവർത്തനങ്ങൾ |
| 12 | 11 | ആരമ്പി ഓർകാസ്ട്ര കുമാരൻപടി | 1994 | വാടക | സംഗീത നൃത്ത പരിപാടി |
| 13 | 12 | യുവരശ്മി സാംസ്ക്കാരിക സംഘം, പുത്തിയകടപ്പുറം | 1987 | സ്വന്തം | കായിക പരിപാടികൾ, ആരോഗ്യ പ്രവർത്തനങ്ങൾ |
| 14 | 12 | നവജീവൻ പുത്തിയകടപ്പുറം | 1996 | വാടക | കലാകായിക പ്രവർത്തനങ്ങൾ |
| 15 | 12 | ബ്രസീൽ ഉണ്ണ്യാൽ | 1993 | ഷെഡ് | കലാകായിക പ്രവർത്തനങ്ങൾ |
| 16 | 13 | യുവശക്തി ക്ലബ് വട്ടത്താണി | 1992 | - | കലാകായിക പ്രവർത്തനങ്ങൾ |
| 17 | 13 | സോപാനം കെ പുരം | 1996 | വാടക | കലാസാഹിത്യ സാംസ്ക്കാരിക പ്രവർത്തനം, കുട്ടികളുടെ നാടക കളരി |
| 18 | 14 | യെഗ്മെൻസ് ക്ലബ് | 1977 | വാടക | ഇതരിയ ആരോഗ്യ ശരിപാടി, സന്ധപ്രവർത്തനങ്ങൾ കലാകായിക പ്രവർത്തനങ്ങൾ |

# വനിത

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന ജീവിത നിലവാരം നില നിർത്തിപ്പോരുന്ന കേരളത്തിൽ വനിതകളുടെ അവസ്ഥയിലും വ്യത്യസ്ഥത പുലർത്തിപോരുന്നുണ്ട്. ഉയർന്ന സാക്ഷരതാ നിരക്ക്, കുറഞ്ഞ മരണ നിരക്ക്, വിദ്യാഭ്യാസ രംഗത്തെ സ്ത്രീപുരുഷ സമത്വം, ശുചിത്വം, സ്ത്രീകളുടെ രാഷ്ട്രീയാവബോധം എന്നിവ നമ്മുടെ നാട്ടിലെ സ്ത്രീകളെ മറ്റു സംസ്ഥാനങ്ങളിലെ സാധാരണക്കാരായ സ്ത്രീകളിൽ നിന്ന് മാറ്റി നിർത്തുന്നു. എന്നാൽ തലമുറകളായി നമ്മുടെ സമൂഹത്തിൽ നിലനിന്നു പോരുന്ന വിശ്വാസങ്ങളും വ്യവസ്ഥിതികളും കേരളത്തിലെ സ്ത്രീയെ ഇപ്പോഴും തന്നിലേക്ക് മാത്രം ഒതുങ്ങിക്കൂടാനും നിർബന്ധിച്ചുകൊണ്ടേയിരിക്കുന്നു. ഇച്ഛാശക്തി നഷ്ടപ്പെട്ട അപകർഷതാബോധത്തിൽ സ്വയം നശിച്ചുകൊണ്ടിരിക്കുന്ന സ്ത്രീക്ക് തിരിച്ചറിവുണ്ടാകേണ്ടതിന്റെ ആവശ്യകത മനസിലാക്കിയ ഒരു വിഭാഗം സ്ത്രീകൾ സ്വന്തം നേതൃത്വത്തിൽ സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾക്ക് രൂപം കൊടുത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം കേവലം നഗര പ്രദേശങ്ങളിൽ മാത്രം ഒതുങ്ങുന്നതായാണ് നമ്മുടെ അനുഭവം. സാമ്പത്തിക സ്വാശ്രയത്വമില്ലായ്മ, തൊഴിൽ മേഖലയിലെ അസമത്വങ്ങൾ, സ്ത്രീധന പ്രശ്നം, ലൈംഗികമായി ചൂഷണം ചെയ്യപ്പെടുന്ന അവസ്ഥ, മദ്യപാനം എന്നിങ്ങനെ കേരളത്തിലെ ഭൂരിഭാഗം സ്ത്രീകളും നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും ഇവയിൽ നിന്ന് വ്യത്യസ്തമല്ല. 1991 ലെ സെൻസസ് പ്രകാരം 53628 വരുന്ന ജനസംഖ്യയിൽ 27652 പേർ സ്ത്രീകളാണ്. 1000 പുരുഷൻമാർക്ക് 1066 എന്ന ക്രമത്തിൽ സ്ത്രീകളുടെ അംഗസംഖ്യയുണ്ട്.

## സാമൂഹ്യരംഗം

പ്രാഥമിക ഘട്ടത്തിൽ സ്ത്രീക്ക് പുരുഷനെപോലെതന്നെ വിദ്യാഭ്യാസം ലഭിക്കുന്നുണ്ട്. 6 വയസ്സിൽ താഴെയുള്ള ആൺകുട്ടികൾ 5311 പേരും പെൺകുട്ടികൾ 5172 പേരും ആണെന്ന് കണക്കുകൾ കാണിക്കുന്നു. സാക്ഷരരായ പുരുഷന്മാരുടെ എണ്ണം 19040 ആകുമ്പോൾ സ്ത്രീകളുടെ എണ്ണം 18975 ആണ്. പട്ടികജാതി വിഭാഗത്തിൽ 1236 പുരുഷന്മാരും 1282 സ്ത്രീകളും പ്രാഥമിക വിദ്യാഭ്യാസം നേടിയവരായിട്ടുണ്ട്. എന്നാൽ തൊഴിൽ മേഖലയിൽ ഉന്നത സ്ഥാനങ്ങൾ വഹിക്കുന്ന സ്ത്രീകൾ ഇവിടെ ഇന്നും കുറവാണ്. താനാളൂരിന്റെ പഴയചരിത്രം പരിശോധിക്കുമ്പോഴും ഉന്നത നിലവാരത്തിലെത്തിച്ചേർന്ന സ്ത്രീകൾ ഉണ്ടായിരുന്നില്ലെന്ന് കാണാം. എന്നാൽ വിദ്യാഭ്യാസം സാർവത്രികമായതോടെയും രാഷ്ട്രീയ ഭരണ രംഗങ്ങളിൽ സ്ത്രീയുടെ സാന്നിദ്ധ്യം അനിവാര്യമായ തോടെയും നേതൃത്വരംഗത്തേക്ക് ധാരാളം പേർ ഇവിടെയും വന്നുകൊണ്ടിരിക്കുന്നു എന്നത് ശ്രദ്ധേയമായൊരു മാറ്റമാണ്. ബഹു ഭൂരിഭാഗം സ്ത്രികളും വീട്ടുജോലികളിൽ മാത്രം മുഴുകികഴിയുന്നു. ചുരുക്കം ചിലയിടങ്ങളിൽ ഒഴികെ മഹിളാസമാജങ്ങളോ മഹിളാസം ഘടനകളോ ഈ പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നില്ല. സമൂഹത്തിൽ ഇന്നും ശക്തമായി നില നിൽക്കുന്ന പുരുഷ മേധാവിത്വ സംസ്കാരം സ്ത്രീകളെ മുന്നോട്ട് വരുന്നതിൽ നിന്നും വിലക്കുന്നു. സ്കൂട്ടർ ഉപയോഗിക്കുന്ന രണ്ടു വനിതകൾ ഇവിടെയുണ്ടെങ്കിലും അവഹേളനാപരമായ പെരുമാറ്റമാണ്. അവർക്ക് മനരിടേണ്ടി വരുന്നത്. സൈക്ലിംഗ് അറിയാവുന്ന പെൺകുട്ടികൾ ചെറിയൊരു ശതമാനം ഉണ്ടെങ്കിലും അവ ഉപയോഗിക്കാൻ ആരും മുന്നോട്ട് വരുന്നില്ല. കളക്ഷൻ ഏജന്റുമാരായി പ്രവർത്തിക്കുന്ന സ്ത്രീകൾക്കും നാട്ടുകാരിൽ നിന്നു ലഭിക്കുന്ന പെരുമാറ്റം പ്രോത്സാഹനാജനകമല്ല.

## തൊഴിൽ രംഗം

പുരുഷൻമാരെ അപേക്ഷിച്ച് തൊഴിലെടുക്കുന്ന സ്ത്രീകൾ വളരെ കുറവാണ്. ഈ മേഖലയിലുള്ള സ്ത്രീപുരുഷ അന്തരം പട്ടികയായി താഴെ കൊടുക്കുന്നു.

| തൊഴിൽ മേഖല | പുരുഷൻ | സ്ത്രീ |
|---|---|---|
| കൃഷിപ്പണി | 2038 | 360 |
| കർഷകർ | 678 | 34 |
| കരിങ്കൽപണി | 54 | .. |
| നിർമ്മാണജോലി | 749 | 122 |
| വ്യവസായം | 612 | 10 |
| ചുമട്ടുതൊഴിലാളി | 2054 | 24 |
| കൂലിപ്പണി | 1004 | 471 |
| ഭാഗികമായി ജോലിചെയ്യുന്നവർ | 904 | 408 |
| മറ്റുജോലിക്കാർ | 1323 | 24 |
| ആകെ | 9415 | 1453 |

തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന പുരുഷൻമാർ 112 പേരും സ്ത്രീകൾ 52 പേരും ആണ് DWCRA യൂണിറ്റുകൾ നിലവിലുണ്ടെങ്കിലും അവയിൽ പലതും നിർജീവമാണ്. സാമ്പത്തിക സ്വാശ്രയത്വമില്ലാത്ത അവസ്ഥ സ്ത്രീകളുടെ ആത്മവിശ്വാസം ഇല്ലാതാക്കുന്നതിന് ഒരു പ്രധാന കാരണമാണ്. സ്ത്രീകളുടെ നേതൃത്വത്തിലുള്ളതോ സ്ത്രീകൾ മാത്രമായി ജോലിചെയ്യുന്നതോ ആയ തൊഴിൽ ശാലകളോ സ്ത്രീകളുടെ സൗകര്യം മുൻനിർത്തിയുള്ള ക്രഷുകളോ (ശിശു സംരക്ഷണകേന്ദ്രം) ഇവിടെയില്ല. കുട്ടികളുടെ സംരക്ഷണച്ചുമതല പൂർണ്ണമായും സ്ത്രീകളിൽ നിക്ഷിപ്തമായതിനാൽ ഈ പോരായ്മ തൊഴിലെടുക്കുന്നതിന് സ്ത്രീകൾക്ക് ഒരു തടസ്സമായി നിൽക്കുന്നു. എല്ലാറ്റിനും പുറമെ സ്ത്രീ തൊഴിലെടുക്കുന്നത് മാന്യതക്കുറവായി സമൂഹത്തിൽ ചിലർ കാണുന്നു. എന്നതും വസ്തുതയാണ്.

## ആരോഗ്യരംഗം

ആരോഗ്യം സംരക്ഷിക്കേണ്ട കാര്യത്തിലും ഇവിടെ സ്ത്രീകൾക്ക് നീതി ലഭിക്കുന്നില്ല. ആരോഗ്യ ഉപകേന്ദ്രങ്ങളുടെയും PHC കളുടെയും ഗുണം പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ലഭിക്കുന്നില്ല. താൻ പരിഗണന അർഹിക്കുന്നവളല്ല എന്ന ബോധം അവളെ പോഷകമൂല്യമുള്ള ആഹാരം കഴിക്കുന്നതിൽനിന്ന് മാറ്റിനിർത്തുന്നു. പ്രസവ ശുശ്രൂഷക്കുള്ള സംവിധാനം ആരോഗ്യ ഉപകേന്ദ്രങ്ങൾ മാത്രമാണ്. ഇവയിലെ നഴ്സുമാർക്ക് വിഭജിച്ചു നൽകിയിട്ടുള്ള ഏരിയ വളരെ കൂടുതലും. മിക്ക ഉപകേന്ദ്രങ്ങളിലും മാസത്തിലൊരിക്കൽമാത്രമാണ് ഡോക്ടർ എത്തുന്നത്. ഇതെല്ലാം സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. അശാസ്ത്രീയമായ അടുപ്പുകളുടെ ഉപയോഗം സ്ത്രീകളുടെ ആരോഗ്യത്തെ ഗൗരവമായി ബാധിക്കുന്ന മറ്റൊരു പ്രശ്നമാണ്. ശ്വാസരോഗങ്ങൾ സ്ത്രീകളിൽ കൂടുതലായി കണ്ടു വരുന്നത് ഇത് കാരണമാണ്. അടുക്കളപണിക്ക് പുറമെ അതിനനുബന്ധമായ മറ്റ് ഒട്ടേറെജോലികൾ എടുക്കുന്ന സ്ത്രീകൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഏറെയുണ്ടെങ്കിലും ഡോക്ടറുടെ അടുത്ത് പോയി ചികിത്സനേടാൻ സ്ത്രീകൾക്ക് പൊതുവെ അവസരം കുറവാണ്.

## സ്ത്രീധനം

സ്ത്രീധനപ്രശ്നം മൂലം വിവാഹം മുടങ്ങിനിൽക്കുന്ന പെൺകുട്ടികളുള്ള ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. മാത്രമല്ല സ്ത്രീപീഡനം അനുഭവിക്കുന്ന വിവാഹിതകളും പഞ്ചായത്തിൽ ധാരാളമുണ്ട്. ഏറെ എതിർക്കപ്പെടേണ്ട ഒരു ദുരാചാരമാണ് ഇതെന്ന ബോധം ഓരോവ്യക്തിക്കുമുണ്ടെങ്കിലും പ്രായോഗിക തലത്തിൽ ഇത് നിർത്തലാക്കാനുള്ള നീക്കം ഒരിടത്ത് നിന്നും ഉണ്ടാകുന്നില്ല. പെൺകുട്ടി ഭാരമാണ് എന്ന് സ്വയം തോന്നുന്നത് അവരിൽ സൃഷ്ടിക്കുന്ന അപകർഷത ചില്ലറയല്ല.

## മദ്യപാനം

മദ്യപാനികളായ പുരുഷന്മാരുള്ള വീടുകൾ ഇവിടെ ധാരാളം ഉണ്ട്. വരുമാനത്തിന്റെ നല്ലൊരുപങ്ക് നഷ്ടമാകുന്നതോടൊപ്പം സ്ത്രീകൾക്ക് ശാരീരികവും മാനസികവുമായ പീഡനങ്ങളും ഏൽക്കേണ്ടി വരുന്നു. ചാരായ നിരോധനം കൊണ്ട് അല്പമെങ്കിലും രക്ഷകിട്ടിയ കുടുംബങ്ങൾ ഉണ്ടെങ്കിലും സമ്പൂർണ്ണ മദ്യനിരോധനം മാത്രമാണ് സ്ത്രീകളെയും സമൂഹത്തെയും രക്ഷപ്പെടുത്തുകയുള്ളുവെന്ന് ഇവിടത്തെ സ്ത്രീകൾ ഒന്നടങ്കം വിശ്വസിക്കുന്നു.

## സ്ത്രീ പീഡനം

സ്ത്രീകൾക്കു നേരെയുള്ള ആക്രമണങ്ങൾ ഇവിടെ വർദ്ധിച്ചു വരുന്നതായി കാണുന്നുണ്ട്. പുറത്തിറങ്ങി നടക്കുന്ന പെൺകുട്ടികളുടെ സ്വാതന്ത്ര്യത്തിന് വിലങ്ങുതടിയായി പല ഘടകങ്ങളുണ്ട്. സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പോയിവരേണ്ടിവരുന്ന പെൺകുട്ടികൾ യാത്രാവേളയിൽ സഹിക്കേണ്ടിവരുന്ന പെരുമാറ്റ ദൂഷ്യങ്ങൾ ഇവിടെ ഗൗരവമേറിയ ഒരു പ്രശ്നമായിട്ടുണ്ട്. നാൽക്കവലകളിൽ കാണുന്ന അശ്ലീല പോസ്റ്ററുകളും മാധ്യമങ്ങളുടെ സ്വാധീനവും ഇവിടുത്തെ മനുഷ്യരെ വികലമായ സാംസ്കാരിക നിലവാരത്തിലേക്ക് എത്തിച്ചീരിക്കുന്നു. ഇത് സമൂഹം നേരിടുന്ന ഒരു കടുത്ത വെല്ലുവിളിയാണ്. ഉറപ്പുള്ള വീടുകളുടെ അഭാവവും പ്രാഥമിക സൗകര്യങ്ങൾ നിർവഹിക്കനുള്ള സൗകര്യമില്ലായ്മയും മാറിവരുന്ന സാംസ്കാരിക പരിതസ്ഥിതിയിൽ സ്ത്രീകളുടെ സുരക്ഷിതത്വ ബോധം ഇല്ലാതാകുന്നു. എല്ലാത്തിനുമുപരി താൻ പുരുഷനോടൊപ്പം മാന്യമായ സ്ഥാനം അർഹിക്കുന്നവളാണ്, തനിക്കും കഴിവുകളുണ്ട് എന്ന തിരിച്ചറിവ് സ്ത്രീകളിൽ തന്നെ വളരെ കുറച്ചു പേരിൽ മാത്രമേ കാണുന്നുള്ളു.

## പ്രശ്നങ്ങൾ

1. സ്തീകൾക്ക് വരുമാനമുണ്ടാക്കാൻ കഴിയുന്നതരം തൊഴിലവസരങ്ങൾ പഞ്ചായത്തിൽ വളരെ കുറവാണ്. ആകെയുള്ള തൊഴില വസരങ്ങളിൽ 15% മാത്രമാണ് സ്ത്രീകൾക്ക് ലഭിക്കുന്നത്.

2. വീടിനു പുറത്തുപോയ് തൊഴിൽ ചെയ്യാൻ വിമുഖത കാട്ടുന്ന സ്ത്രീകൾ ഇന്നും ധാരാളമുണ്ട് സമൂഹത്തിലെ ചില വിഭാഗങ്ങളുടെ കാഴ്ചപ്പാടും ഇതിന് കാരണമാണ്.

3. ഒരേ തൊഴിലെടുക്കുന്ന സ്ത്രീക്കും പുരുഷനും ഒരേ വേതനം ലഭിക്കുന്നില്ല. പുരുഷന്റെ വേതനത്തിന്റെ ഏതാണ്ട് പകുതി മാത്രമാണ്. സ്ത്രീക്ക് ലഭിക്കുന്നത്.

4. പൊതുവെ സ്ത്രീയെ പുരുഷനേക്കാൾ താഴ്ന്ന തട്ടിലുള്ള ഒരു ജീവിയായി കാണുന്ന സ്ഥിതി ഉപ്പോഴും നിലനിൽക്കുന്നുണ്ട്. ഇതിന്റെ ഫലമായി തൊഴിൽ വേളകളിലും യാത്രാ വേളകളിലും സ്ത്രീകളെ അവഹേളിക്കുന്നതും ശല്യം ചെയ്യുന്നതും ഒരു സാമൂഹ്യ പ്രശ്നമാണ്.

5. പൊതുപ്രവർത്തന രംഗത്ത് സ്വമേധയാ കടന്നുവരുന്ന സ്ത്രീകൾ കുറവ്. തെരെഞ്ഞെടുപ്പ് രംഗത്തെ സംവരണം വഴി നേതൃത്വരംഗത്ത് വന്ന വനിതകൾക്കൊഴികെ സംഘടനാ നേതൃത്വങ്ങളിലൊന്നും വനിതാ നേതൃത്വം പ്രകടമല്ല. പഞ്ചായത്തിൽ ചില വനിതാ സംഘടനകൾ നിലവിലുണ്ടെങ്കിലും അവരുടെ പ്രവർത്തന മേഖല വളരെ ചുരുങ്ങിയതാണ്. സാമൂഹ്യ രംഗത്ത് അവരുടെ സജീവ സാന്നിദ്ധ്യം പ്രകടമല്ല.

6. സ്ത്രീധനം കൊടുക്കാൻ ഇല്ലാത്തതുകൊണ്ട് വിവാഹം നടക്കാത്ത യുവതികൾ, സ്ത്രീധനത്തെ ചൊല്ലിയുള്ള കലഹങ്ങളും ചെറിയതോതിൽ നമ്മുടെ പഞ്ചായത്തിലും ഉണ്ട്. മദ്യപാനികളായ കുടുംബാംഗങ്ങളിൽ നിന്ന് അനുഭവിക്കുന്ന പീഡനവും ഒരു കടുത്ത പ്രശ്നമാണ്.

7. മാതൃശിശു സംരക്ഷണകേന്ദ്രങ്ങളുടെയും ആരോഗ്യ ഉപകേന്ദ്രങ്ങളുടെയും അപര്യാപ്തത സ്ത്രീകളെയാണ്. ഏറ്റവും കൂടുതൽ ബാധിക്കുന്നത്.

8. പുറത്തിറങ്ങി നടക്കുമ്പോൾ സ്ത്രീകൾക്ക് അനുഭവപ്പെടുന്ന പരിമിതികൾ നിരവധിയാണ്. സ്ത്രീ ശരീരത്തെ അറയ്ക്കും വിധം ചിത്രീകരിക്കുന്ന അശ്ലീല പോസ്റ്ററുകൾ, യാത്രയ്ക്കിടയിൽ പുരുഷന്മാരിൽ നിന്നുള്ള പെരുമാറ്റ ദുഷ്യങ്ങൾ, പൊതു സ്ഥലങ്ങളിലെ വിടെയും തന്നെ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തത് എന്നിവയൊക്കയാണിവ.

9. അശാസ്ത്രീയമായ അടുക്കളയും, അടുപ്പുകളും മറ്റും സ്ത്രീകളെ വളരെ വേഗത്തിൽ രോഗങ്ങൾക്ക് അടിമകളാക്കുന്നു.

10 വിധവാ പെൻഷൻ, ദാരിദ്യനിർ മ്മാർജ്ജന പരിപാടികൾ എന്നിവയുടെ ആനുകൂല്യങ്ങളെക്കുറിച്ചുള്ള അജ്ഞതയും ലഭിക്കുന്നതിനുള്ള കാലതാമസവും വലിയ പരിഗണന അർഹിക്കുന്ന പ്രശ്നമാണ്.

## പരിഹാര നിർദ്ദേശങ്ങൾ

**1.സാമൂഹ്യബോധവത്കരണം:-**

എല്ലാ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് സ്ത്രീകളെയും പുരുഷൻമാരെയും ഒരു പോലെ അവരുടെ ഉത്തരവാദിത്വം ബോധ്യപ്പെടുത്തേണ്ടതുണ്ട്. സാമൂഹ്യബോധമുള്ള സ്ത്രീകളെയും പുരുഷൻമെരെയും ഉൾപെടുത്തി ഒരു ടീം വീടുതോറും കയറിയിറങ്ങുകയും അഭിപ്രായം രൂപപ്പെടുത്തുകയും വേണം. ഇതിന് സ്ത്രീക്കും പുരുഷനും വേണ്ടി പ്രത്യേകം പ്രത്യേകം തയ്യാറാക്കിയ ഒരു ചോദ്യാവലി തയാറാക്കുകയും സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കു കയും ചെയ്യാം. സ്ത്രീക്ക് സ്വയം തിരിച്ചറിവുണ്ടാകുന്ന തിനും ഇത് ഏറെ സഹായകമായിരിക്കും. ഇതിന്റെ തുടർച്ചയായി ബോധവൽക്കരണക്ലാസുകളും സംഘടിപ്പി ക്കുന്നത് നന്നായിരിക്കും.

***2.തൊഴിൽ മേഖല :***

സ്ത്രീകളുടെ സാമ്പത്തിക സാശ്രയത്വവും സാമൂ ഹ്യബോധവും ഒരു പരിധിവരെ അവരുടെ നിലവാരം ഉയർത്തുന്നതിന് സഹായകമായിരിക്കും. അതിന് നിരവധി തൊഴിൽ സാധ്യതകൾ ഈ

പഞ്ചായത്തിലുണ്ട്. കുടിൽ വ്യവസായമായി നില നിന്നിരുന്ന കയർപിരിക്കൽ പുനരുദ്ധരിക്കുന്നത് അനേകം സ്ത്രീകൾക്ക് തൊഴിലിനുള്ള അവസരമൊരുക്കും. ക്ഷീരോൽപാദന സൊസൈറ്റി, പച്ചക്കറിത്തോട്ടങ്ങളുടെ നിർമ്മാണം, മത്സ്യസംസ്കരണം, കൂൺകൃഷി, പ്ലാസ്റ്റിക് വയർകൊണ്ട് കസേര മെടച്ചിൽ, സോപ്പ് നിർമ്മാണം, പപ്പടം നിർമ്മാണം, കോഴിവളർത്തൽ, മെഴുകുതിരി നിർമ്മാണം, ബുക്ക് ബൈന്റിംഗ് എന്നിങ്ങനെ സാങ്കേതിക നിർദ്ദേശങ്ങൾ ആവശ്യമായി വരുന്ന തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കാം. വനിതാക്ഷേമ സഹകരണ സംഘം രൂപീകരിച്ച് ഉത്പന്നങ്ങളുടെ വിപണനത്തിനുള്ള സൗകര്യം കണ്ടെത്തുകയും വേണം. വസ്ത്ര നിർമ്മാണ രംഗത്ത് പരിശീലനം നേടിയ വ്യക്തികളെ ഈ പഞ്ചായത്തിൽ ധാരാളം ലഭ്യമാണെന്നിരിക്കെ ആ മേഖലയിൽ ധാരാളം സ്ത്രീകൾക്ക് തൊഴിൽ സാധ്യതയുണ്ട്. നെയ്ത്തുതൊഴിലാളികളുടെ മേഖലയായ ഇവിടെ എല്ലാ വീടുകളിലും കുടിൽ വ്യവസായമായി തുണിനെയ്ത്ത് നിലവിലിരുന്നു. സാങ്കേതിക വിദ്യയുടെ അഭാവം മൂലം തകർന്ന ഈ വ്യവസായ മേഖല സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നല്കി പുനരുദ്ധരിച്ച് ഓരോ വാർഡിലും വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് 200 വനിതകൾക്കെങ്കിലും തൊഴിൽ ലഭ്യമാക്കേണ്ടതാണ്. ഹോം സയൻസ് പരിശീലനം നല്കുന്നതും പെൺകുട്ടികൾക്ക് മറ്റൊരു തൊഴിൽ മേഖല സൃഷ്ടിക്കും. നിലവിലുള്ള മഹിളാ സമാജങ്ങളെ മുൻനിർത്തി അൾട്ടർനേറ്റീവ് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കണം. ഇതോടനുബന്ധിച്ച് നിലവാരം കുറഞ്ഞതായാലും പ്രാദേശികമായി നിർമ്മിച്ച ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിനു നാട്ടിൽ ബോധവത്ക്കരണം നടത്തേണ്ടതുണ്ട്.

*3. ആരോഗ്യ രംഗം:-*

അടിസ്ഥാന വിദ്യാഭ്യാസം നേടിയ ആൺകുട്ടികളെയും പെൺകുട്ടികളെയും ഉൾപ്പെടുത്തി അടിസ്ഥാന ആരോഗ്യ പ്രശ്നങ്ങളെയും അവ കൈകാര്യം ചെയ്യേണ്ട രീതികളെയും (ഉദാ: വയറിളക്ക രോഗങ്ങൾ, ദാരിദ്ര്യ രോഗങ്ങൾ, മാതൃശിശു സംരക്ഷണം, ശുചിത്വ പരി പാലനം, കോറിനേഷൻ etc.) ക്കുറിച്ച് പരിജ്ഞാനം നൽകണം. അവരെ ഉപയോഗപ്പെടുത്തി വാർഡിലെ മുഴുവൻ കുടുംബങ്ങളെയും നിരീക്ഷണ വിധേയ രാക്കണം. സാക്ഷരതാ കാലഘട്ടത്തിലെ ഇൻസ്ട്രക്ടർമാരെ പോലെ നിശ്ചിത കുടുംബങ്ങൾക്ക് ഒരാൾ എന്ന തോതിൽ ആരോഗ്യ പ്രവർത്തകരെ കണ്ടെത്തണം. ആവശ്യമുള്ളപ്പോൾ **PHC** യുമായി ബന്ധപ്പെടാനും ഡോക്ടറുടെ സഹായം തേടാനും ഇവർക്ക് കഴിയണം. ചുരുങ്ങിയ സാമ്പത്തികാ നുകൂല്യവും ഇവർക്ക് ലഭ്യമാക്കണം. മദ്യപാനത്തിനെ തിരെ ഫലപ്രദമായ ബോധവത്ക്കരണം നടത്താനും ഇവർക്ക് കഴിയും. PHC-യിൽ സ്ഥിരം ഡോക്ടർമാരെ പ്രത്യേകിച്ച് ഗൈനക്കോളജിസ്റ്റിനെ നിയമിക്കേണ്ടത് സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിന് അത്യന്താപേക്ഷിതമാണ്. പുകശല്യം കുറഞ്ഞ അടുപ്പുകൾ സ്ഥാപിക്കുന്നതും സ്ത്രീകളുടെ സംരക്ഷണത്തിന് ഫലപ്രദമാണ്.

*4. സംഘടനാ രംഗം:-*

വാർഡിലെ മുഴുവൻ സ്ത്രീകളെയും ഉൾപ്പെടുത്തി കക്ഷി രാഷ്ട്രീയത്തിനതീതമായ ഒരു സംഘടനയ്ക്ക് രൂപം കൊടുക്കണം. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾക്കും സ്ത്രീധന പ്രശ്നങ്ങൾക്കും ബഹുഭാര്യാത്വത്തിനും അശ്ലീല പോസ്റ്ററുകൾക്കും എതിരെ ശക്തമായ ഒരു പ്രതിരോധ ശക്തിയായി നിലനിൽക്കുവാൻ കഴിയും. സ്ത്രീകളിൽ ആത്മവിശ്വാസം വളർത്താൻ സംഘടിത ശക്തിക്കു കഴിയുമെന്നതിൽ സംശയമില്ല. അവശരായ സ്ത്രീകളുടെ പ്രശ്ന പരിഹാരങ്ങൾ അർഹതയുള്ള സാമ്പത്തികാനുകൂല്യങ്ങൾ നേടിയെടുക്കൽ തുല്യ തൊഴിൽ ചെയ്യുന്ന പുരുഷനും സ്ത്രീക്കും തുല്യവേതനം ലഭ്യമാക്കൽ തുടങ്ങിയവ ഈ സംഘടനയ്ക്ക് ലക്ഷ്യമാക്കാവുന്നതാണ്. മാധ്യമങ്ങളുടെ കടന്നാക്രമണത്തെക്കുറിച്ചും അതുവഴി നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന സാംസ്ക്കാരിക പൈതൃകത്തെക്കുറിച്ചും സ്ത്രീകളെ ബോധ്യപ്പെടുത്താൻ ഇതുമൂലം കഴിയും. വായനാശീലത്തിലേയ്ക്ക് തിരിച്ചെത്താനുള്ള പ്രേരകശക്തിയായി നിൽക്കാനും സംഘടനയ്ക്ക് കഴിയും. എല്ലാത്തിനുമുപരി കഴിവുണ്ടായിട്ടും കാര്യങ്ങൾ ഏറ്റെടുത്തു നടത്താനുള്ള സ്ത്രീയുടെ വൈമുഖ്യം


മാറ്റിയെടുക്കാനും സംഘടനാ പ്രവർത്തനം കാരണമാകും. സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിന് സ്ത്രീക്ക് എല്ലാ രംഗത്തും പുരുഷന്മാരോടൊപ്പം നിൽക്കേണ്ടതുണ്ട്. അതിനവൾ കഴിവുള്ളവളുമാണ് എന്ന് തിരിച്ചറിയാനും ഇതുവഴി സ്ത്രിക്ക് കഴിയും.

*5. ശിശു സംരക്ഷണം :*

തൊഴിലെടുക്കുന്ന സ്ത്രികളെ അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണ് കുട്ടികളുടെ സംരക്ഷണം. 50 വീടുകൾക്ക് ഒന്ന് എന്ന തോതിൽ അംഗനവാടികളും 100 വീടിന് ഒന്ന് എന്ന തോതിൽ ക്രഷുകളും ഏർപ്പെടുത്തുന്നത് ഈ പ്രശ്നത്തിന് പരിഹാരമായിരിക്കും. സ്ത്രീകൾക്ക് തൊഴിലിനുള്ള മറ്റൊരു മേഖലയായും ഇതിനെ കണക്കാക്കാവുന്നതാണ്. വീടുകൾ അംഗന വാടികളാക്കി മാറ്റാൻ കഴിഞ്ഞാലും മതി.

*6. സ്ത്രീധന പ്രശ്നം :*

സ്ത്രതീധന പ്രശ്നത്തിന് പരിഹാരമെന്ന നിലയിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സമൂഹ വിവാഹം സംഘടിപ്പിക്കാവുന്നതാണ്. പൊതുസ്ഥാപനങ്ങൾ (സ്കൂളുകൾ) ഇതിന് വേദിയാകും.



# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

1991 ലെ സെൻസസ് അനുസരിച്ച് 53628 ജനങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ 1236 പുരുഷന്മാരും 1282 സ്ത്രീകളും ഉൾപ്പെടെ 2518 പേർ പട്ടികജാതി വിഭാഗത്തിലുള്ളവരാണ്. അതായത് നമ്മുടെ ജനസംഖ്യയുടെ അഞ്ചു ശതമാനം. ഇപ്പോൾ പഞ്ചായത്തിൽ 575 പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ കാണിക്കുന്നത്.

**ഈ വിഭാഗത്തിന്റെ വീടുകളുടെ സ്ഥിതി സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു**

| വാർഡ് No: | ഓല | ഓട് | ടെറസ് | ആകെ |
|---|---|---|---|---|
| 1 | 20 | 2 | -- | 22 |
| 2 | 5 | 2 | -- | 7 |
| 3 | 3 | | 4 | 4 |
| 4 | | | -- | 9 |
| 5 | 1 | | -- | 5 |
| 6 | 2 | 5 | 1 | 7 |
| 7 | 7 | 10 | -- | 18 |
| 8 | 36 | 2 | -- | 38 |
| 9 | 104 | 6 | -- | 108 |
| 10 | 37 | 3 | -- | 40 |
| 11 | 8 | -- | -- | 8 |
| 12 | 12 | 6 | -- | 17 |
| 13 | 58 | 5 | -- | 63 |
| 14 | 23 | 4 | 1 | 28 |
| Total | 319 | 48 | 7 | 374 |

പട്ടികജാതി വിഭാഗത്തിൽപെട്ട 57 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്കു താഴെയാണെന്നാണ് 1995 ലെ IRDP സർവ്വേ സൂചിപ്പിക്കുന്നത്. ഈ വിഭാഗത്തിൽ ഭൂരിഭാഗം പേരും കൂലിപ്പണിക്കാരാണ്. കൂലിപ്പണിക്കാരിൽ ഏറെയും പ്രത്യേകിച്ചും സ്ത്രീകൾ ആശ്രയിക്കുന്നത് കാർഷികമേഖലയെയാണ്. കെട്ടിട നിർമ്മാണം പുതിയ തൊഴിൽ മേഖലയായി കടന്നുവന്നിരിക്കുന്നു.

വിദ്യാഭ്യാസത്തോടു മുമ്പത്തേക്കാൾ താത്പര്യം വർദ്ധിച്ചിട്ടുണ്ട്. എങ്കിലും ഉന്നതവിദ്യാഭ്യാസത്തിനേയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനേറയും പ്രാധാന്യം വേണ്ടത്ര ഉൾക്കൊണ്ടില്ല. ചുരുക്കം ചിലർ കോളേജ് വിദ്യാഭ്യാസവും സാങ്കേതികവിദ്യാഭ്യാസവും ലഭിച്ചവരായുണ്ട്. വിദ്യാഭ്യാസ ഉപജില്ലാ ഓഫീസർ, ജില്ലാപഞ്ചായത്ത് സുപ്രണ്ട്, നവോദയ സ്കൂൾ അധ്യാപിക, വിദേശകാര്യ വകുപ്പിൽ സ്റ്റെനോ എന്നിങ്ങനെ ഉയർന്നതസ്തികകളിൽ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ നിന്നും പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ വിദ്യാർത്ഥിക ളുടെ കൊഴിഞ്ഞു പോക്ക് ഏതാണ്ട് ഇല്ല എന്നായിട്ടുണ്ട്. പക്ഷേ വിദ്യാഭ്യാസ നിലവാരത്തിൽ മറ്റു വിഭാഗങ്ങ ളോടൊപ്പം എത്തിയിട്ടുണ്ട് എന്നു പറയുക വയ്യ.

പഞ്ചായത്തിലെ 10ാം വാർഡ് പട്ടികജാതി വിഭാഗത്തിന്റെ പ്രതിനിധിക്കായി സംവരണം ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലെ ഒരു ബ്ലോക്ക്ഡിവിഷനും ഈ വിധം സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. പട്ടികജാതി വിഭാഗത്തിനോട് പ്രത്യേക വിവേചനം ഇന്നു സമൂഹത്തിൽ ഉണ്ടെന്നു പറയുകവയ്യ. സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ സജീവമായി ഇടപെടുന്നവർക്ക് മുഴുവൻ വിഭാഗത്തിന്റേയും അംഗീകാരവും ബഹുമാനവും ലഭിക്കുന്നുണ്ട്. എന്നാൽ ഒരു തരത്തിലുള്ള സാമൂഹ്യ ബന്ധവും വളർത്തിയെടുക്കാത്ത ചിലർക്ക് സമൂഹത്തിന്റെ പൊതുധാരയിൽ വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്നു കാണാം. വട്ടത്താണിപറമ്പിൽ ചിരുകണ്ടൻ, കെ.പി. ചിന്നപ്പു, ടി. നാരായണൻ മാസ്റ്റർ തുടങ്ങിയവർ ഈ വിഭാഗത്തിൽ നിന്നുയർന്നുവന്ന ആദ്യകാല സാമൂഹ്യപ്രവർത്തകരാണ് വിവിധ മേഖലകളിലുള്ള സംവരണവും മറ്റും ഈ വിഭാഗത്തിന്റെ സാമൂഹ്യപദവി ഉയർത്തുന്നതിൽ നല്ല പങ്കു വഹിച്ചിട്ടുണ്ട്.

ആകെയുള്ള 575 കുടുംബങ്ങളിൽ 374 കുടുംബത്തിനാണ് സ്വന്തമായി വീടുള്ളത്. ഇതിൽ തന്നെ പല കുടുംബത്തിനും കക്കൂസ്, ശുദ്ധജലം, വൈദ്യുതി എന്നിവ ലഭിക്കുന്നില്ല. വീടുകളിൽ നല്ലൊരു പങ്ക് കൂടിലുകളാണ്. 319 വീട് ഓലമേഞ്ഞതും 48 വീട് ഓടിട്ടതും 7 എണ്ണം ടെറസ്സുമാണ്. പാണ്ട്യാട്ട കോളനിയിൽ നശിച്ച്കൊണ്ടിരിക്കുന്ന ഒരു പൊതുകുളവും പാണ്ട്യാട്ട്, അരീക്കാട് ഭാഗങ്ങളിൽ പൊതു ശ്മശാനവും ഉണ്ട്. പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ നിലവിലുണ്ട്. ഇവയെല്ലാം വിവിധ വകുപ്പുകൾ വഴിയാണ് നടപ്പാക്കുന്നത്. അതുകൊണ്ടുതന്നെ വിശദമായ ഒരു വിലയിരുത്തൽ ഈ പദ്ധതികളെക്കുറിച്ചു നടത്തുക സാധ്യമല്ലാതായിരിക്കുന്നു. പഞ്ചായത്തിലെ ഈ വിഭാഗത്തിൽ നിന്നുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ് ലഭിക്കുന്നുണ്ട്. അപ്പാടപ്പറമ്പിൽ ഈ വിഭാഗത്തിന് ഒരു ട്രാക്ടർ നല്കിയിട്ടുണ്ട്. പദ്ധതികളിൽ നല്ലൊരു പങ്ക് ഇടത്തട്ടുകാർക്ക് ലഭിക്കുന്നു. അർഹമായവർക്ക് ലഭിക്കാതെ മറ്റുള്ളവർക്ക് ലഭിക്കുക, അർഹമായവർക്ക് ലഭിച്ചത് അവരെ തൃപ്തിപ്പെടുത്തി നിസ്സാര മുതൽ മുടക്കിന് മറ്റുള്ളവർ കൈക്കലാക്കുക എന്നിങ്ങനെ ക്ഷേമ പ്രവർത്തനങ്ങളിൽ രണ്ടുതരത്തിലുള്ള പ്രശ്നങ്ങൾ കണ്ടുവരുന്നു. വീട്, കക്കൂസ് എന്നിവയുടെ നിർമ്മാണത്തിന് നല്കുന്ന തുക തീരെ അപര്യാപ്തമാണ്. കാലാനുസൃതമായ കൂലി നിരക്കോ വിലനിലവാരമോ പരിഗണിക്കാതെയുള്ള സാമ്പത്തിക സഹായമാണ് ലഭിക്കുന്നത്. സാമ്പത്തിക സഹായവും വികസന പദ്ധതികളും പല വകുപ്പുകളിലായി ചിതറികിടക്കുന്നു. അതുകൊണ്ടുതന്നെ നിരവധി കടമ്പകൾ കടന്നേ ആനുകൂല്യം കിട്ടുകയുള്ളൂ എന്ന അവസ്ഥയും ഉണ്ട്. എങ്കിലും പദ്ധതി പ്രവർത്തനങ്ങൾ വഴി ഇവരുടെ ജീവിതനിലവാരം ഉയർത്താൻ കുറച്ചൊക്കെ കഴിഞ്ഞിട്ടുണ്ട്. പാണ്ട്യാട്ട്, അപ്പാടപ്പറമ്പ് കോളനികളിൽ ഈ മാറ്റം ദൃശ്യമാണ്.

ഇവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ പഞ്ചായത്തിൽ പല സഹകരണ സംഘങ്ങളും പ്രവർത്തിച്ചിരുന്നു. കേരളാധീശ്വരപുരം പട്ടികജാതി വുഡ് ഇൻഡസ്ട്രീസ് സഹകരണ സംഘം(വട്ടത്താണി), കേരളാധീശ്വരപുരം പട്ടികജാതി വനിതാ നെയ്ത്ത് സഹകരണ സംഘം, കേരളാധീശ്വരപുരം എക്സ്ട്രെയിനീസ് ആന്റ് ട്രെയിനീസ് വുഡ് വർക്ക്സ് പുത്തൻതെരു, പട്ടികജാതി സഹകരണസംഘം, നിറമരുതൂർ തുടങ്ങിയവ ഇതിൽപെടുന്നു. എന്നാൽ ദേവധാർ സ്കൂളിനു സമീപമുള്ള കേരളാധീശ്വരപുരം പട്ടികജാതി വനിതാ നെയ്ത്ത് സഹകരണ സംഘം മാത്രമാണ് ഇന്ന് പിടിച്ചുനില്ക്കുന്നത്. സംഘങ്ങൾ നല്ല രീതിയിൽ നടത്തികൊണ്ടുപോകുന്നതിൽ ഒരു സംഘടിത ബോധം ഇക്കൂട്ടർ പ്രകടിപ്പിക്കുന്നില്ല. അവസരങ്ങളെ പരമാവധി പ്രയോജന പ്പെടുത്താനും കൂടുതൽ അവസരങ്ങൾക്കായി പരിശ്രമിക്കാനും ഉള്ള ശ്രമങ്ങൾ ഇവരുടെ ഭാഗത്തുനിന്നും കുറവാണ്. പുത്തൻതെരുവിൽ പ്രവർത്തിക്കുന്ന ഗവ: ഐ.ടി.ഐ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനു വേണ്ടിയുള്ളതാണ്. പക്ഷേ വേണ്ടത്ര കുട്ടികൾ ഇല്ല എന്നതാണ് അവിടത്തെ ഒരു പ്രശ്നം. ഈ കാരണത്താൽ പല

കോഴ്സുകളുണ്ടായിരുന്ന അവിടെ ഇന്ന് പ്ലംബിങ് മാത്രമേ പഠിപ്പിക്കുന്നുള്ളു. അതിൽ തന്നെ 16 പേർക്ക് പഠിക്കാമെങ്കിലും 13 പേർ മാത്രമേ ഇന്നുള്ളു. ഇവരിൽ ആരും തന്നെ നമ്മുടെ പഞ്ചായത്തിലുള്ളവരല്ല. എസ്.എസ്.എൽ.സി പരീക്ഷക്കു തയ്യാറെടുക്കുന്ന പട്ടികജാതി കുട്ടികൾക്ക് പ്രത്യേക കോച്ചിംഗും സ്കൂളിൽ നടക്കുന്നുണ്ട്. ഇവിടെയും ഇവരുടെ പ്രതികരണം മെച്ചപ്പട്ടതല്ല. ഇങ്ങനെ നോക്കുമ്പോൾ പദ്ധതികളുടെ അപര്യാപ്തത യോടൊപ്പം നടപ്പു പദ്ധതികൾ വേണ്ടത്ര പ്രയോജ നപ്പെടുത്തുന്നില്ല എന്ന അവസ്ഥയും നില നില്കുന്നതായി കാണാം.

മേൽപറഞ്ഞ സ്ഥിതി വിശകലനത്തിൽ നിന്നും പദ്ധതി അവലോകനത്തിൽനിന്നും ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾ പൊതുവെ ഒരു പോലെയാണെന്നു കാണാം. എങ്കിലും അംഗീകൃത കോളനികളിൽ ചില പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട് എന്നതിനാൽ അംഗീകൃത കോളനികളുടെ പ്രശ്നങ്ങൾ, മറ്റു കോളനികളുടേയും ഒറ്റപ്പെട്ട കുടുംബങ്ങളുടേയും പ്രശ്നങ്ങൾ എന്നിങ്ങനെ പ്രശ്നങ്ങളെ രണ്ടായി കാണേണ്ടതുണ്ട്. ഗ്രാമസഭകളിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് പഞ്ചായത്തിൽ 13 ഹരിജൻ കോളനികൾ ഉണ്ട്. ഇതിൽ പാണ്ട്യാട്ട്, കോരങ്ങത്ത്, മുറിവഴിക്കൽ, ഒട്ടുംപുറം, അപ്പാടപ്പറമ്പ് ഇവിടങ്ങളിലെ കോളനികൾക്കു മാത്രമാണ് ഹരിജൻ കോളനിയെന്ന അംഗീകാരംലഭിച്ചിട്ടുള്ളത്. വള്ളിക്കാഞ്ഞിരം കോളനി, പണ്ടാരവളപ്പിൽ ഹരിജൻ കോളനി, ചക്കരമൂല ഹരിജൻ കോളനി, തള്ളശ്ശേരി കോളനി, പഞ്ചാരമൂല മൂത്രംപാട്ട് കോളനി ഇവയൊക്കെ ഏറെ അംഗസംഖ്യയുണ്ടായിട്ടും ഇതുവരെ അംഗീകാരം ലഭിക്കാത്ത കോളനികളിൽ പെടുന്നു. അംഗീകാരം ലഭിച്ച പാണ്ട്യാട്ട് കോളനിയിൽ ഇനി 5 വീടുകൾക്കു കൂടി വൈദ്യുതി എത്തേണ്ടതുണ്ട്. അപ്പാടപ്പറമ്പിലെ 63 കുടുംബങ്ങളിൽ 35 കുടുംബങ്ങൾക്ക് വീടും കക്കൂസും വൈദ്യുതിയും ലഭിച്ചിട്ടില്ല.

- ❑ വീട്, ശുദ്ധജലം, കക്കൂസ്, വൈദ്യുതി ഇവയുടെ അപര്യാപ്തത അംഗീകൃത കോളനികൾക്കും അല്ലാതുള്ളവയ്ക്കും അനുഭവപ്പെടുന്ന പ്രധാന പ്രശ്നമാണ്. അംഗീകൃത കോളനികളിൽ ചിലയിടത്ത് പ്രശ്ന പരിഹാരത്തിന് ശ്രമം ആരംഭിച്ചിട്ടുണ്ട്.
- ❑ കൂലിപ്പണിക്കാരിൽ ഭൂരിഭാഗവും കൃഷി മേഖലയെ ആശ്രയിക്കുന്നു. പ്രത്യേകിച്ചും സ്ത്രികൾ. എന്നാൽ കാർഷിക മേഖലയിലെ തൊഴിൽ ദിനങ്ങൾ കുറഞ്ഞുവരുന്നു.
- ❑ കൊട്ടനെയ്ത്ത്, പായനെയ്ത്ത് എന്നി പരമ്പരാഗത തൊഴിലുകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ കിട്ടാനില്ല. ഉൽപന്നങ്ങൾ മാർക്കറ്റിൽ മൽസരം നേരിടുന്നു. വില കുറയുന്നു.
- ❑ ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രാധാന്യം നല്കുന്നില്ല.
- ❑ ക്ഷേമ പ്രവർത്തനങ്ങൾ വേണ്ടത്ര കാര്യക്ഷമമായി ഉപയോഗിക്കുന്നില്ല. പലതും എത്തേണ്ടിടത്ത് എത്താതെ പോകുന്നു.
- ❑ സഹകരണ സ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ബോധപൂർവ്വം ഇടപെട്ട് അവയുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നില്ല.
- ❑ അന്ധവിശ്വാസങ്ങളും മദ്യപാനവും ചില കുടുംബങ്ങളിലെങ്കിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.
- ❑ 10ാം വാർഡിലെ കോളനി വാസികൾക്കും മറ്റുള്ളവർക്കും തീരപ്രദേശവുമായി ബന്ധപ്പെടുന്നതിന് കനോലികനാലിലെ വെള്ളത്തിലിറങ്ങി കടക്കുകയോ വളരെയേറെ ചുറ്റിവരികയോ ചെയ്യേണ്ടിവരുന്നു.
- ❑ പാണ്ട്യാട്ട്, അരീക്കാട് എന്നിവടങ്ങളിൽ ഒഴികെ മറ്റുകോളനികളിൽ പൊതു ശ്മശാനം ഇല്ല.
- ❑ കോരങ്ങത്ത്, ഒട്ടുംപുറം, ചക്കരമൂല എന്നി കോളനികളിൽ യാത്രാസൗകര്യം വേണ്ടത്ര യില്ല. പാണ്ട്യാട്ട്, മുറിവഴിക്കൽ കോളനികളിൽ നിലവിലുള്ള റോഡ് പലപ്പോഴും യാത്രായോഗ്യ മല്ല.

**പ്രശ്നപരിഹാരത്തിനുള്ള ചില നിർദ്ദേശങ്ങൾ**

സാമ്പത്തികനില ഉയർത്തിക്കൊണ്ടേ സാമൂഹ്യ പദവി ഉയർത്താനാകൂ എന്നതിനാൽ കുടുംബത്തിലൊരാൾക്കെങ്കിലും ആവശ്യത്തിനു വരുമാനമുള്ള തൊഴിൽ ലഭ്യമാക്കുക.

വീട്, കക്കൂസ്, ശുദ്ധജലം എന്നിവ ഓരോ കുടുംബത്തിനും ഉറപ്പാക്കുക.

കാർഷിക മേഖലയിൽ തൊഴിൽ ദിനങ്ങൾ കൂടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. വനിതകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

പച്ചക്കറികൃഷിപോലുള്ള പ്രത്യേക പരിപാടി കോളനികളിൽ വ്യാപിപ്പിച്ച് സ്ത്രീകളുടെ തൊഴിലവസരം വർദ്ധിപ്പിക്കുക. തരിശുഭൂമികളും മറ്റും പാട്ടവ്യവസ്ഥയിൽ ഇത്തരം സംരംഭങ്ങൾക്കായി വിട്ടുകൊടുക്കുക.

സ്ത്രീകൾക്ക് പുതിയ തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാൻ പ്രത്യേക പരിശീലനവും സഹായവും ഏർപ്പെടുത്തുക.

കൊട്ട, പായനെയ്ത്ത് തുടങ്ങിയ പരമ്പരാഗത തൊഴിലുകളുടെ പ്രശ്നങ്ങൾ പഠിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

വിദ്യാഭ്യാസ നിലവാരം ഉയർത്തുക, കൊഴിഞ്ഞുപോക്ക് തടയുക, ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ വെച്ചുകൊണ്ട് സമഗ്രമായൊരു വിദ്യാഭ്യാസ പരിപാടി നടപ്പാക്കുക.

ആരോഗ്യ പ്രവർത്തകരുടെ സേവനം കോളനികളിൽ പെട്ടെന്നു ലഭ്യമാക്കുവാൻ അത്തരം സ്ഥാപനങ്ങൾ കോളനികളോടനുബന്ധിച്ചാക്കുക.

വീട്, കക്കൂസ് എന്നിവയുടെ നിർമ്മാണത്തിനായി സർക്കാർ നല്കുന്ന സാമ്പത്തിക സഹായം കാലോചിതമായി വർദ്ധിപ്പിക്കുക.

പട്ടികജാതി വിഭാഗത്തിനായി പല വകുപ്പുകളിലൂടെ വരുന്ന പരിപാടികളെല്ലാം തന്നെ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുക, പദ്ധതി വിഹിതം എത്തേണ്ടിടത്തു തന്നെ എത്തുന്നു എന്നുറപ്പാക്കുക എന്നീ കാര്യങ്ങൾക്കായി പഞ്ചായത്ത് തലത്തിൽ ഒരു സെൽ ഉണ്ടാക്കുക. പദ്ധതി പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിലും അവയുടെ നടത്തിപ്പിലും ഗ്രാമസഭകളുടെ അറിവും പങ്കാളിത്തവും ഉറപ്പാക്കി ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുക.

ഈ വിഭാഗത്തിൽ വേണ്ടത്ര ആവശ്യബോധം സൃഷ്ടിച്ച് അവരുടെ മുൻകയ്യോടുകൂടി തന്നെ പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ച്, ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി അവയെ പുന സംഘടിപ്പിക്കുക പുതിയവയുടെ സാധ്യത പരിഗണിക്കുക.

അന്ധവിശ്വാസം, മദ്യപാനം, ക്ഷേമപദ്ധതികളുടെ ദുരുപയോഗം ഇവ ഒഴിവാക്കാൻ സഹായിക്കുംവിധം ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക. ബോധവത്കരണത്തിന്റെ ഭാഗമെന്ന നിലയിൽ ടി.വി. വീഡിയോ പ്രദർശനം ഇവ കോളനികളിയിൽ ലഭ്യമാക്കുക.

കോളനികളിൽ പൊതു ശ്മശാനം ഉണ്ടാക്കുക. പാണ്ഡ്യാട്ട്, അരിക്കാട് ഭാഗങ്ങളിലെ ശ്മശാനം അതിർത്തി തിരിച്ച് സംരക്ഷിക്കുക. 11-ാം വാർഡിലെ പൊതുശ്മശാനം ചുറ്റുമതിൽകെട്ടി സംരക്ഷിച്ച് പട്ടികജാതി വിഭാഗത്തിന്റെ ഉപയോഗത്തിനു കൂടി കഴിയും വിധം മാറ്റം വരുത്തുക.

പാണ്ഡ്യാട്ട് കോളനിയിലെ പൊതുകുളം നന്നാക്കിയെടുത്ത് ജലസേചനത്തിനോ മറ്റോ സഹായിക്കും വിധം പദ്ധതി തയ്യാറാക്കുക.

വള്ളിക്കാഞ്ഞിരം ഭാഗത്തും തള്ളശ്ശേരിഭാഗത്തുള്ള ഹരിജൻ കുടുംബങ്ങളെ ഉൾപ്പെടുത്തി ഒരു കോളനിയായി പരിഗണിക്കുക. അല്ലെങ്കിൽ ഇവരെ മുറിവഴിക്കൽ വെസ്റ്റ് കോളനിയുടെ ഭാഗമായി പരിഗണിച്ച് അംഗീകാരം നല്കുക.

മഞ്ഞളംപടി ഉണ്ണ്യാൽ റോഡ്, പണ്ടാരവളപ്പ് ഹരിജൻ കോളനിയിലേക്കുള്ള റോഡ് എന്നിങ്ങനെയുള്ള കോളനികളിലേക്കുള്ള ഗതാഗത മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുക. തച്ചറക്കൽ റോഡ്, പാണ്ഡ്യാട്ട് കോളനി റോഡ് ഇവ ടാർ ചെയ്യുക.

# സഹകരണം

## "വ്യക്തി സമൂഹത്തിനും സമൂഹം വ്യക്തിക്കും"

സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷമാണ് താനാളൂർ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചത്. ആദ്യമായി 1964 ൽ കെപുരം ആസ്ഥാനമായി 64 ചെത്തു തൊഴിലാളികൾ ചേർന്ന് താനൂർ കോക്കനറ്റ് ജാഗ്രി പ്രൊഡക്ഷൻ സഹകരണ സംഘത്തിന് രൂപം നല്കി. അക്കാലത്ത് മദ്യ നിരോധന നിയമം നടപ്പിലായതിനാൽ തൊഴിൽ നഷ്ടപ്പെട്ട ചെത്തു തൊഴിലാളികളെ സംഘടിപ്പിച്ചാണ് ഈ സംഘം രൂപീകരിച്ചത്. തെങ്ങൻ കള്ളിൽ നിന്നു ചക്കര നിർമ്മിക്കുക എന്നതായിരുന്നു ഈ സംഘത്തിന്റെ ഉദ്ദേശം. എരഞ്ഞിക്കൽ അപ്പായി, കരുപറമ്പിൽ ചന്ദ്രശേഖരൻ, ഇ. ഗോവിന്ദൻ, കെ. കേളു മാസ്റ്റർ, വി.പി. ദാസ്ക്കരൻ,, എം. കുഞ്ഞിമോൻ, പി. വേലായുധൻ എന്നിവരായിരുന്നു ഈ സഘ രൂപീകരണത്തിന്റ മുന്നണിപ്പോരാളികൾ. മദ്യ നിരോധനം പിൻവലിച്ചതോടു കൂടി സംഘത്തിന്റ പ്രവർത്തനം നിലയ്ക്കുകയാണുണ്ടായത്.

പഞ്ചായത്തിലെ ആദ്യത്തെ വായ്പാ സഹകരണ സംഘം ആണ് താനാളൂർ സർവീസ് സഹകരണ സംഘം- 247 അംഗങ്ങളോടുകൂടി 1971 മെയ് 12ാം തിയ്യതിയാണ് ഈസ്ഥാപനം രജിസ്റ്റൽ ചെയ്ത് പ്രവർത്തനമാരംഭിച്ചത്. ഇതാണ് ഇന്ന് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന താനാളൂർ സർവീസ് സഹകരണബാങ്ക് ആയി രൂപാന്തരപ്പെട്ടത്. ഈ സംഘം രൂപീകരിക്കാൻ ചുക്കാൻ പിടിച്ചവരിൽ പ്രധാനികളായ പൂങ്ങാടൻ അഹമ്മദ് കോയ ഹാജി, മണ്ടായപുറത്ത് മുഹമ്മദ് മൂഷൻ, കൊക്കോടി മഹമ്മദ് നെച്ചിയേങ്ങൽ കുഞ്ഞഹമ്മദ് ഹാജി, കാവുങ്ങൽ ചന്ദ്രശേഖരൻ നായർ, എം. മൊയ്തുട്ടി, പി. പി. മമ്മി, പി. എസ്. കുഞ്ഞവറാൻ കുട്ടി ഹാജി, ഇ. ഗോവിന്ദൻ തുടങ്ങിയവരും. സംഘം ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലം ദാനമായി തന്ന പായയ്ക്കരമന ശങ്കരൻ നമ്പൂതിരിയും സ്മൃതിപഥത്തിൽ തെളിഞ്ഞു വരുന്നു.

പിന്നീട് തിരൂർ താലൂക്ക് മുഴുവൻ പ്രവർത്തന പരിധിയായി കേരളാ ധീശ്വര പുരം വീവേഴ്സ് ഇൻഡസ്ട്രീയൽ സഹകരണ സംഘം രൂപീകൃതമായി. 1972 ൽ ആയിരുന്നു

ഇത് ധാരാളം നെയ്ത്തു തൊഴിലാളികളുള്ള ഈ പഞ്ചായത്തിൽ ആവർക്കൊരാശാകേന്ദ്രമായി ഇന്നും ഈ സ്ഥാപനം നിലകൊള്ളുന്നു. തുടർന്ന് സഹകരണ സംഘങ്ങളുടെ ഒരു വേലിയേറ്റം തന്നെയാണ് പഞ്ചായത്തിലനുഭവപ്പെട്ടത്. ഇവയിൽ മിക്കതിന്റെയും സൂത്രധാരകരിൽ പ്രധാനിയായിരുന്ന ടി. നാരായണൻ മാസ്റ്ററെ ഇത്തരുണത്തിൽ ഓർമ്മിക്കാതെ വയ്യ.

## ഇന്നത്തെ അവസ്ഥ.

ആകെ പതിനാറ് സഹകരണ സംഘങ്ങളാണിപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് ഇവയിൽ ബഹുഭൂരിപക്ഷവും നഷ്ടത്തിലാണ് എന്നുള്ളത് പഞ്ചായത്തിന്റെ സഹകരണ മേഖലയിലെ പ്രധാന പ്രശ്നങ്ങളിലൊന്നാണ്. പ്രത്യക്ഷമായി ഇരുപത്തിയെട്ട് പേരും പരോക്ഷമായി നൂറോളെ പേരും ഇന്ന് ഈ രംഗത്ത് ജോലി ചെയ്തു വരുന്നു. പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘങ്ങളുടെ വിശദ വിവരങ്ങൾ അന്യത്ര പട്ടികയിൽ ചേർക്കുന്നു.

കൂടാതെ. നിറമരുതൂർ ഗവ: ഹൈസ്ക്കൂൾ സഹകരണ സംഘം, ദേവധാർ ഗവ: ഹൈസ്ക്കൂൾ സഹകരണ സംഘം, മീനടത്തൂർ ജി. എം. യു. പി. സ്ക്കൂൾ സഹകരണ സംഘം എസ്. എം. യു. പി. സ്ക്കൂൾ സഹകരണ സംഘം എന്നിവ സ്ക്കൂൾ വിദ്യാർത്ഥികൾ മാത്രം അംഗങ്ങളായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാണ്. പുസ്തക വിതരണമാണ് ഇവയുടെ പ്രധാന പ്രവർത്തനം. തിരൂർ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരൂർ അർബൻ കോ- ഓഷറേറ്റീവ് ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, തിരൂർ താലൂക്ക് റൂറൽ ഹൗസിങ്ങ് കോ-ഓഷറേറ്റീവ് സൊസൈറ്റി, തിരൂർ താലൂക്ക് അരിക്കച്ചവടക്കാരുടെ കോ- ഓഷറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി, തൃക്കണ്ടിയൂർ പി. സി.സി. എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിലും ഈ പഞ്ചായത്ത് ഉൾപ്പെടുന്നു.

പഞ്ചായത്തിൽ ഭൂരിഭാഗവും കർഷകരാണ്. അവർക്കുപയുക്തമായ വായ്പകൾ നൽകി വരുന്നത് താനാളൂർ സർവ്വീസ് സഹകരണ ബാങ്ക്, തിരൂർ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവയാണ് എന്നിരുന്നാലും പഞ്ചായത്തിലെ കർഷകർക്കാവശ്യമായ സാമ്പത്തിക സഹായം പൂർണ്ണമായി ലഭ്യമാക്കാൻ ഈ സ്ഥാവനങ്ങൾക്ക് സാധിക്കാതെ വരുന്നത് ഈ രംഗത്ത് നികത്താനാവാത്ത ന്യൂനത തന്നെയാണ്. സാമ്പത്തിക പരാധീനതകളും സാങ്കേതിക ബുദ്ധിമുട്ടുകളുമാണ്. ഉപര്യുക്ത സംഘങ്ങളിൽ നിന്ന് ലോൺ ലഭ്യമാകുന്നതിനുള്ള പ്രധാന പ്രതിബന്ധങ്ങൾ.

### താനാളൂർ സർവീസ് സഹകരണ ബാങ്ക്

ഏഴായിരത്തോളെ ആംഗങ്ങളും ഒന്നര കോടിയലധികം രൂപ പ്രവർത്തന മൂലധനവുമുള്ള പഞ്ചായത്തിലെ ഏറ്റവും വലിയ സഹകരണ സ്ഥാപനമായി ഇത് നിലകൊള്ളുന്നു. കാർഷികാഭിവൃദ്ധിയാണ് പ്രധാന ലക്ഷ്യം. പ്രതിവർഷം ഒരു കോടിയിലധികം രൂപ കാർഷിക- കാർഷികേതര ഇനത്തിൽ വായ്പയായി അംഗങ്ങൾക്ക് നൽകി വരുന്നു 1992-93 വർഷത്തിൽ പതിനെട്ട് ലക്ഷത്തിലധികം രൂപ നഷ്ടമുണ്ടായിരുന്നത് നടപ്പു വർഷത്തിൽ പത്ത് ലക്ഷത്തിൽ താഴെയായിട്ടുണ്ട് എന്നത് ആശാവഹമാണ്. കാർഷികയിനത്തിൽ ആയിരത്തിയെണ്ണൂറ് രൂപയും സ്വർണ്ണ പണ്ടം പണയത്തിന് മേൽ മൂവായിരം രൂപയും മാത്രമാണ് ഒരംഗത്തിന് വായ്പയായി അക്കാലത്ത് കൊടുത്തുവന്നിരുന്നത്. 1992 93 വർഷത്തിനു ശേഷം ഉണ്ടായ കാതലായ മാറ്റമാണ് ബാങ്കിനെ പുരോഗതിയിലേക്ക് നയിച്ചത്. പുതിയ വായ്പാ സ്കീമുകൾ നടപ്പിലാക്കി സ്വർണ്ണ പണ്ടപണയം , സ്വന്തം ജാമ്യം, ഗവൺമെന്റ് ജീവനക്കാരുടെ ജാമ്യം, ഐ. ആർ.ഡി.പി. തുടങ്ങിയ വിവിധ ഇനങ്ങളിലായി വായ്പ സംഖ്യ ഒരംഗത്തിന് അമ്പതിനായിരം രൂപ വരെയാക്കി വർദ്ധിപ്പിച്ചു അതിന്ന് തക്ക വണ്ണ ഫണ്ട് സ്വരൂപിച്ചു കിട്ടാകടങ്ങൾ പിരിച്ചെടു

ക്കുന്നതിന് തീവ്രയത്നം തന്നെ നടത്തി. ഇത്തരം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയതാണ് ബാങ്കിന്റെ ഇന്ന് കാണുന്ന പുരോഗതിക്ക് ഹേതുവായത്. ഇതിന് പിന്നിൽ ഇക്കാലയളവിലെ ഭരണ സമിതിയുടെ അശ്രാന്ത പരിശ്രമം തന്നെയണെന്നതിന് സന്ദേഹമില്ല. ഇതൊക്കെയാണെങ്കിലും പഞ്ചായത്തിലെ കർഷകർക്കാവശ്യമായ വായ്പകൾ പൂർണ്ണമായും നൽകുന്നതിന് ബാങ്കിന് ഇനിയും സാധിക്കുന്നില്ല. അഫെക്സ് സംഘങ്ങൾ പുതിയ സ്കീമുകൾ നടപ്പിലാക്കാത്തതും NABAD ന്റെ ഫണ്ട് വേണ്ടത്ര ലഭിക്കാത്തതുമാണ് ഇതിന് പ്രധാന തടസ്സം സൃഷ്ടിക്കുന്നത്.

**മലപ്പുറം ജില്ലാ ഹരിജൻ വെൽഫെയർ എക്സ് ട്രെയിനീസ് വുഡ് ഇൻഡസ്ട്രിയൽ സഹകരണ സംഘം.**

മലപ്പുറം ജില്ല മുഴുവൻ പ്രവർത്തന പരിധിയായി 1983 ൽ സ്ഥാപിതമായി. 79 അംഗങ്ങളാണ് നിലവിലുള്ളത്. മരപ്പണിയിൽ പരിശീലനം ലഭിച്ച ഹരിജനങ്ങൾക്ക് ജോലി നൽകുക എന്നതാണ് പ്രധാന ലക്ഷ്യം. വാതിലുകൾ, ജനലുകൾ, ഫർണ്ണിച്ചർ ഉപകരണങ്ങൾ തുടങ്ങിയനിർമ്മിച്ചു വില്പന നടത്തുകയായിരുന്നു പ്രധാന പ്രവർത്തനം 17,2 613 രൂപ നഷ്ടത്തിലാണ് ഇപ്പോൾ ഈ സ്ഥാപനം നല്ല നലയിൽ നടന്നു വന്നിരുന്ന ഈ സ്ഥാപനം ഭരണ സമിതിയുടെ കെടുകാര്യസ്ഥതയും ഉദ്യോഗസ്ഥൻമാരുടെയു തൊഴിലാളികളുടെയും നിരുത്തരവാദിത്തവും മൂലം ഇന്ന് കടബാധ്യതയാൽ ജപ്തി നടപടികൾക്ക് വിധേയമായി പൂട്ടികിടപ്പാണ്. വളരെ നല്ല നിലയിൽ താനാളൂർ അങ്ങാടിയിൽ പ്രവർത്തിച്ചു വരുന്നതിനിടയ്ക്ക് വട്ടത്താണിയിലെ വിജനമായ ഒരു സ്ഥലത്തേക്ക് പറിച്ചു നട്ടതും ഈ സ്ഥാപനം നഷ്ടത്തിലേക്ക് കൂപ്പുകുത്താനുള്ള കാരണങ്ങളിലൊന്നാണ്. ഈ സംഘം പുനരുദ്ധരിക്കാനാവശ്യമായ നടപടികൾ സർക്കാർ ഭാഗത്തു നിന്ന് വേഗത്തിൽ കൈക്കൊള്ളേണ്ടതാണ്.

## പ്രശ്നങ്ങൾ

1. പൊതുജന പങ്കാളിത്തക്കുറവ്.
2. സഹകരണ സ്ഥാപനങ്ങളിലുള്ള വിശ്വാസക്കുറവ്.
3. പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നുവരാൻ സംഘങ്ങൾക്കുള്ള ആത്മധൈര്യക്കുറവ്.
4. പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ ഡിപ്പാർട്ട്മെന്റ് കാണിക്കുന്ന അലംഭാവം.
5. അഴിമതി, സ്വജനപക്ഷപാതം.
6. സാമ്പത്തിക പരാധീനത.
7. ഡിപ്പാർട്ട്മെന്റ് മേധാവിത്തം.
8. മാനേജ്മെന്റിന്റെ കാര്യക്ഷമത ഇല്ലായ്മ
9. സാങ്കേതിക നവീകരണത്തിന്റെ അഭാവം.
10. സഹകരണ വിദ്യാഭ്യാസത്തിന്റെ പോരായ്മ.

## സാധ്യതകൾ

**താനാളൂർ സർവീസ് സഹകരണ ബാങ്കിന്റെ പുതിയ ശാഖകൾ തുറക്കൽ**

വിസ്തൃതിയുടെ കാര്യത്തിൽ സംസ്ഥാനത്ത് തന്നെ വളരെ മുൻപന്തിയിൽ നില്ക്കുന്ന ഒരു പഞ്ചായത്താണ് താനാളൂർ ഗ്രാമ പഞ്ചായത്ത്. താനാളൂർ, നിറമരുതൂർ, കെ.പുരം എന്നീ അംശങ്ങൾ ഉള്ള പഞ്ചായത്തിലെ പുതിയകടപ്പുറം, വള്ളിക്കാഞ്ഞിരം, അരീക്കാട്, ഭാഗങ്ങളിൽ നിന്ന് ബാങ്കുമായി ബന്ധപ്പെടണമെങ്കിൽ കിലോമീറ്ററുകൾ താണ്ടണം. ഇത് പരിഹരിക്കുന്നതിനായി അരീക്കാട്, നിറമരുതൂർ ഭാഗങ്ങളിൽ ശാഖകൾ തുറക്കൽ അത്യന്താപേക്ഷിതമാണ്.

**കൺസ്യൂമർ സ്റ്റോറുകൾ**

കെപുരത്ത് സ്ഥിതി ചെയ്യുന്ന കൺസ്യൂമർ സ്റ്റോറാണ് പഞ്ചായത്തിലെ ഏക കൺസ്യൂമർ സ്റ്റോർ. ഇതിന്റെ പ്രവർത്തന പരിധിയിൽ പഞ്ചായത്തിലെ ചില വാർഡുകൾ തീരെ ഉൾപ്പെടുന്നില്ല എന്നതും ഈ രംഗത്തെ നികത്താനാകാത്ത് വിടവ്തന്നെയാണ്. വാർഡു

കൾ തോറും ഒരോ കൺസ്യൂമർ സ്റ്റോറുകൾ വീതം സ്ഥാപിച്ച് കഴിയുന്നത്ര നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്താൽ വില വർദ്ധന ഒരു പരിധി വരെ പിടിച്ചുനിർത്താൻ സാധിക്കും. മാത്രവുമല്ല സ്വകാര്യ മേഖലയിൽ ഈ രംഗത്തുള്ള കുത്തക അവസാനിപ്പിക്കാനും ഒരു പരിധി വരെ ഉപകരിക്കും അംഗങ്ങളിൽ നിന്ന് ട്രേഡ് ഡെപ്പോസിറ്റ് ചെയ്യുന്ന സമ്പ്രദായം നടപ്പിലാക്കിയാൽ സംഘങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നതിന് കൂടുതൽ സഹായകവുമാകും.

### ക്ഷീര സഹകരണസംഘങ്ങൾ

ഈ പഞ്ചായത്തിൽ ക്ഷീര സഹകരണ സംഘങ്ങൾ നിലവിലില്ല. ആയതിനാൽ, പഞ്ചായത്തിന്റെ മൂന്നേ നാലോ വാർഡുകളിൽ പ്രവർത്തന പരിധിയായി ക്ഷീര സഹകരണ സംഘങ്ങൾ അടിയന്തിരമായ സ്ഥാപിക്കേണ്ടതാണ്. ക്ഷീര വികസനത്തിനാവശ്യമായ കന്നുകാലി വിതരണം, കാലിത്തീറ്റ വിതരണം തുടങ്ങിയവ ഈ സംഘങ്ങൾ മുഖേന നടപ്പിലാക്കാവുന്നതാണ്. ക്ഷീര മേഖലയിൽ പഞ്ചായത്തിലുള്ള പ്രയാസം ദുരീകരിക്കാൻ ഇത് അനുയോജ്യമാകുമെന്നതിൽ തർക്കമില്ല. കന്നുകാലികളുടെ സംരംക്ഷണത്തിനാവശ്യമായ തോതിൽ മൃഗസംരക്ഷണ ഉദ്യോഗസ്ഥൻമാരുടെ സേവനവും തക്ക സമയത്ത് ലഭ്യമാക്കുന്നതിനും പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന പാൽ സംഭരിച്ച് വിതരണം ചെയ്യുന്നതിനും ഉള്ള സംവിധാനവും ഈ സംഘത്തിന് കീഴിൽ രൂപപ്പെടുത്തുന്നത് ദീർഘ വീക്ഷണമുള്ള നടപടിയായേക്കും എന്നതിലും പക്ഷാന്തരമുണ്ടാകാൻ ഇടയില്ല.

### കാർഷിക സഹകരണ സംഘങ്ങൾ

കർഷകർക്കാവശ്യമായ വിത്ത്, വളം, കീടനാശിനി, കാർഷികോപകരണങ്ങൾ വായ്പകൾ എന്നിവ ലഭ്യമാക്കുന്നതിന് പര്യാപ്തമായ രൂപത്തിൽ സംഘം രൂപീകരിക്കേണ്ടതാണ്. ഇതിന്റെ കീഴിൽ കാർഷികോത്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് വേണ്ട സൗകര്യമേർപ്പെടുത്തേണ്ടതാണ്.

### വനിതാ സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ ഒരു ഹരിജൻ വനിതാ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും എല്ലാ വിഭാഗം വനിതകളെയും ഉൾപ്പെടുത്തി ഒരു വനിതാ സഹകരണ സംഘം സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. ഈ രംഗത്ത് കൂടുതൽ സ്ത്രീകളെ ആകർഷിക്കുന്ന രൂപത്തിലായിരിക്കണം ഇതിന്റെ ഘടന. ഈ മേഖലയിൽ വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഇത് വഴി സാധ്യമാക്കണം. റഡിമെയ്ഡ് വസ്ത്രം, അച്ചാർ, കറിപൗഡർ, നോട്ട് ബുക്ക് ഇവ നിർക്കുന്നതിനും മറ്റും ഇത്തരം സംഘങ്ങളെ ഉപയോഗപ്പെടുത്താമല്ലോ.

### വ്യവസായിക സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിലെ ചെറുതും വലുതുമായ വ്യവസായിക ലക്ഷ്യങ്ങളുള്ള വിവിധ സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് വേണ്ടി വ്യസായിക സഹകരണ സംഘം ആരംഭിക്കേണ്ടത് അനുപേക്ഷണീയമാണ് വ്യവസായികഭിവൃദ്ധിക്കാവശ്യമായ നിർദ്ദേശങ്ങളും ഉന്നത സാങ്കേതിക വിദ്യയും കൈമാറാൻ സാധിക്കുന്ന തരത്തിൽ ഈ സംഘം സ്വയം പര്യാപ്തമായിരിക്കുകയും വേണം. പഞ്ചായത്തിലെ വ്യവസായ വളർച്ചക്ക് ഇത്തരമൊരു സംഘം അഭികാമ്യമാണ്.

### സഹകരണ ആശുപത്രി

ആതുര ശ്രുശ്രൂഷാ രംഗത്ത് ഏറെ പിന്നോക്കം പോയ ഒരു പഞ്ചായത്താണിത്. ഒരു രോഗിയെ പോലും കിടത്തി ചികിത്സിക്കാവുന്ന ഒരൊറ്റ ആശുപത്രിയും പഞ്ചായത്തിൽ എവിടെയുമില്ല. ഈ പ്രശ്നത്തിന്റെ ഗൗരവമുൾകൊണ്ട് ജനസാന്ദ്രതയുള്ള പ്രദേശത്ത് ഒരു സഹകരണ ആശുപത്രി സ്ഥാപിക്കേണ്ടതാണ്.

### ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ

ആയിരത്തിലധികം ഭവന രഹിതരായ കുടുംബങ്ങളുള്ള പഞ്ചായത്താണിത്. ഇവർക്ക് കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുവാൻ വേണ്ട സാങ്കേതിക- സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ഭവന രഹിതരായവർക്ക് വേണ്ടത്ര ഭവന നിർമ്മാണ വായ്പകൾ ലഭ്യമാകുന്ന രൂപത്തിലുള്ള സൗകര്യം പഞ്ചായത്തിൽ ഇപ്പോളില്ല.. അതുകൊണ്ട് ഒരു ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കേണ്ടതിന്ന് സത്വര ശ്രദ്ധ ആവശ്യമാണെന്ന് ഇവിടെ ചൂണ്ടികാണിക്കട്ടെ.

### കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ

നെയ്ത്ത് തൊഴിലാളികൾ എമ്പാടുമുള്ള പഞ്ചായത്താണിത്. പഞ്ചായത്തിൽ നിലവിലുള്ള കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ ഇന്ന് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ നഷ്ടം നികത്താനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകേണ്ടതും കൂടുതൽ മേഖലയിലേക്ക് ഈ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപിക്കേണ്ടതുമാണ്. ഇതു മൂലം കൂടുതൽ തൊഴിലവസരം ഈ രംഗത്ത് സൃഷ്ടിക്കാനുമാകും. ഇവയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ നൂൽ സഹകരണ സ്പിന്നിംഗ് മിൽ വഴി ലഭ്യമാക്കേണ്ടതുമാണ്.

### കേര സംസ്ക്കരണ, വിപണന- സഹകരണ സംഘങ്ങൾ

ഇത്തരം സംഘങ്ങൾ ഈ പഞ്ചായത്തിൽ നിലവിലില്ല ഇവിടെ കൂടുതലായി ലഭിക്കുന്ന ഒരു കാർഷികോത്പന്നമാണ് നാളികേരം ആട്ടുമില്ല് സ്ഥാപിച്ച് വെളിച്ചെണ്ണയും കാലിത്തിറ്റയും ഉത്പാദിപ്പിക്കുക. കേട് കൂടാതെ സൂക്ഷിക്കാവാനും മറ്റ് രാജ്യങ്ങളിലേക്ക് കയറ്റി അയക്കുവാനും സംവിധാന മേർപ്പെടുത്തുക. ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുക. ചകിരി ഉപയോഗിച്ച് കയർ ഉത്പന്നങ്ങൾ നിർമ്മിക്കുക തുടങ്ങിയവ ഈ രംഗത്ത് നടപ്പിലാക്കേണ്ട പദ്ധതികളാണ്.

### സഹകരണ സ്പിന്നിങ്ങ് മിൽ

ഒരു സഹകരണ സ്പിന്നിംഗ് മിൽ സ്ഥാപിച്ച് ഈ പഞ്ചായത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാൻ ആവത് ശ്രമിക്കേണ്ടതാണ്.

### മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ

ആകെയുള്ള മൂന്ന് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൊണ്ട് മത്സ്യത്തൊഴിലാളികളെ മുഴുവനായി സംതൃപ്തരാക്കാൻ സാധിക്കാതെ വരുന്നുണ്ടിപ്പോൾ. പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയും ഇനിയും ഇത്തരം സംഘങ്ങൾ രൂപീകരിച്ചും കൂടുതൽ തൊഴിലാളിക്കവസരം സംജ്ഞാതമാക്കേണ്ടതുണ്ട്. ഉത്പാദിപ്പിക്കുന്ന മത്സ്യം കേടുകൂടാതെ സംരക്ഷിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും വിപണനം നടത്തുന്നതിനും ഗവൺമെന്റ് തലത്തിൽ നടപടി എടുക്കേണ്ടതും. ഇതിനാവാശ്യമായ ഫ്രീസിംഗ് പ്ലാന്റ്, ഐസ് പ്ലാന്റ്, വാഹനം മുതലായവ ഏർപ്പെടുത്തേണ്ടതുമാണ്. ബോട്ടുകൾ, വലകൾ, എഞ്ചിനുകൾ, മറ്റ് മത്സ്യ ബന്ധന ഉപകരണങ്ങൾ ഇന്ധനം എന്നിവ സംഘം സ്വരൂപിച്ച് അംഗങ്ങൾ വാടകക്കോ, വിലക്കോ, വായ്പയായോ നൽകുക. സംഘത്തിന്റെ കീഴിൽ മത്സ്യവളം നിർമ്മാണശാല സ്ഥാപിക്കുക. ഇതിന് എൻ.സി. ഡി. സി. യുടെ സഹായം ലഭ്യമാക്കുക.

മത്സ്യം വിതരണം ചെയ്യുന്ന തൊഴിലാളികളെയും സംഘങ്ങളിൽ ഉൾപ്പെടുത്തുക അവർക്ക് വേണ്ട ഉപകരണങ്ങളും ധനസഹായവും സംഘം വഴി വിതരണം ചെയ്യുക തുടങ്ങിയ പദ്ധതികളും അടിയന്തിര പ്രാധാന്യത്തോട് കൂടി നടപ്പിലാക്കേണ്ടതാണ്.

## പൊതുവായ ചില നിർദ്ദേശങ്ങൾ

- വായ്പാ സംഘങ്ങളുടെ നഷ്ടം നികത്തുന്നതിനാവശ്യമായ തുല്യ സംഖ്യ പലിശ

രഹിത ദീർഘകാല വായ്പ നൽകുകയോ. ഷെയർ അനുവദിക്കുകയോ ചെയ്യുക. നിക്ഷേപസമാഹരണംനടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ഇത്തരം തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക.

- ❑ ഓരോ കർഷകനും ഒരു വർഷത്തേക്കാവശ്യമായ തുക മുൻകൂട്ടി വായ്പ പസ്സാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.
- ❑ കാർഷികാവശ്യത്തിനായി **NABARD** ൽ നിന്നും കൺസഷണൽ ഫിനാൻസ് കൃത്യമായി അനുവദിച്ചികിട്ടുന്നതിന് നടപടികൾ സ്വീകരിക്കുക.
- ❑ സർക്കാറിൽ നിന്നും ലഭിക്കുന്ന പലിശ സബ്സഡി യഥാകാലം വായ്പക്കാർക്ക് ലഭിക്കുന്നില്ല. ഇത് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർതലത്തിലും ബാങ്ക് തലത്തിലും സ്വീകരിക്കുക. ഈ സംഖ്യ വായ്പ തിരിച്ചടക്കുമ്പോൾ തന്നെ വരവ് ചെയ്യുവാൻ വേണ്ട സൗകര്യം ചെയ്യുക.
- ❑ വളവും കാർഷികോപകരണങ്ങളും വിതരണം ചെയ്യുവാനും കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുവാനും ബാങ്കിൽ സംവിധാനം ഉണ്ടാക്കുക.
- ❑ **NCDC** യുടെ സഹായത്തോടെ സംഘങ്ങൾക്ക് ഗോഡൗൺ നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.
- ❑ ദീർഘകാല വായ്പ നൽകിവരുന്ന കാർഷിക വികസന ബാങ്കിന്റെ വായ്പാനടപടി ക്രമം ലളിതമാക്കുക. കാർഷിക വികസന ബാങ്കിന്റ ശാഖ പഞ്ചായത്തിൽ സ്ഥാപിക്കുക.

## തൊഴിൽ സാധ്യതകൾ

സഹകരണ ബാങ്കിന്റെ ബ്രാഞ്ചുകൾ തുറന്നാൽ ഇരുപതോളം പേർക്ക് ജോലി ലഭിക്കുന്നതായിരിക്കും. കൺസ്യൂമർ സ്റ്റോറുകൾ തുടങ്ങുക വഴി ഓരോ സ്റ്റോറുകളിലും രണ്ട് പേർക്ക് വീതം തൊഴിൽലഭിക്കും കേര സംസ്ക്കരണ വിപണന സംഘം രൂപീകരിക്കുക വഴി അമ്പതോളം പേർക്ക് നേരിട്ടും എഴുനൂറോളം പേർക്ക് പരോക്ഷമായും തൊഴിലവസരമുണ്ടാക്കാൻ സാധ്യമാകും.

സഹകരണ രംഗത്തെ വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് ഒരു സഹകരണ സെൽ രൂപീകരിക്കാവുന്നതും സഹകരണ സംഘങ്ങൾക്കാവശ്യമായ വിദഗ്ദ്ധോപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്ത് പോരായ്മകൾ പരിഹരിക്കാവുന്നതുമാണ്.

സഹകരണ രംഗത്തെ വിവിധ മേഖലകളിലെ വളർച്ചക്കാവശ്യമായി ഈ പഞ്ചായത്തിൽ മൊത്തം എഴുന്നൂറ് ലക്ഷം രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു. ഇത്രയും തുക മുടക്കുക വഴി പഞ്ചായത്തിലെ തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കാമെന്നും ഇവിടുത്തെ ജനങ്ങളുടെ ജീവിത നിലവാരം ഉയരുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. ജനകീയാസൂത്രണം സാക്ഷാൽക്കരിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാകുന്നതിലും വലിയൊരുപങ്ക് സഹകരണ പ്രസ്ഥാനത്തിന് വഹിക്കാനുണ്ട്. മുകളിൽ പറഞ്ഞ പദ്ധതികൾ നടപ്പാക്കുക വഴി കാർഷികം, വ്യവ്യസായികം, വിദ്യാഭ്യാസം,, പൊതുജനാരോഗ്യം, മൃഗസംരക്ഷണം, സാമൂഹ്യക്ഷേമം, വനിതാ- പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം എന്നീ മേഖലകളിൽ ഗണ്യമായ പങ്ക് വഹിക്കാൻ സഹകരണ മേഖലക്ക് സാധിക്കുമെന്ന് തീർച്ച.

## വായ്പാ സംഘങ്ങൾ

('000)

| No | സംഘത്തിന്റെ പേര് | പ്രവർത്തനമാരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | മൊത്തം അംഗത്വം | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തനമൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | ലാഭം | നഷ്ടം | സ്ത്രീ | പുരുഷൻ |
| 1 | താനാളൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് | 1971 | താനാളൂർ പഞ്ചായത്ത് | 6029 | 840 | 2900 | 10600 | 1200 | 9900 | 15600 | - | 1000 | 7 | 4 |
| 2 | തിരൂർ വിദ്യാഭ്യാസ ജില്ലാ എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് സഹകരണ സംഘം | വിവരങ്ങൾ ലഭ്യമല്ല | | | | | | | | | | | | |

## വ്യവസായ സംഘങ്ങൾ

('000)

| No | സംഘത്തിന്റെ പേര് | പ്രവർത്തനമാരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | സഹകരണ മൂലധനം | കടം | നിക്ഷേപം | സഹായധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ലാഭം | നഷ്ടം | സ്ത്രീ | പുരുഷൻ |
| 1 | കേരളാധീശ്വര പുരം വിവേഴ്സ് ഇൻഡസ്ട്രീസ് സഹ. സംഘം | 1972 | തിരൂർ താലൂക്ക് | 274 | 355 | 566 | - | - | - | 315 | 9 | - |
| 2 | താനാളൂർ ഹാൻലൂം വിവേഴ്സ് സഹ. സംഘം | 1977 | താനൂർ പഞ്ചായത്ത് | 128 | 320 | 365 | - | - | - | 394 | 1 | - |
| 3 | ഹരിജൻ വനിതാ കൈത്തറി നെയ്ത്തുതൊഴിലാളി സഹ.സംഘം | / 1979 | കെ. പുരം അംശം | 197 | 293 | 59 | - | - | - | 195 | 4 | - |
| 4 | മലപ്പുറം ജില്ലാഹരിജൻ വെൽഫെയർ എക്സ്ട്രയിനീസ് വുഡ് ഇൻഡസ്ട്രിയൽ സഹ.സംഘം | 1983 | മലപ്പുറം ജില്ല | 79 | 238 | 764 | - | - | - | 1712 | 2 | - |
| 5 | കെ. പുരം വില്ലേജ് ഇൻഡസ്ട്രിസ് വർക്കേഴ്സ് സഹ.സംഘം | 1971 | തിരൂർ താലൂക്ക് | 96 | 7 | 100 | - | - | - | 34 | 7 | - |

## മത്സ്യ സഹകരണ സംഘങ്ങൾ

('000)

| No | സംഘത്തിന്റെ പേര് | പ്രവർത്തനമാരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | വായ്പകൾ | പ്രവർത്തന മൂലധനം | വ്യാപാര ഇടപാടുകൾ | ലാഭമോ നഷ്ടമോ | | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ലാഭം തുക | നഷ്ടം തുക | |
| 1 | തേവർ കടപ്പുറം മത്സ്യതൊഴിലാളി വികസന ക്ഷേമ സഹ. സംഘം 193/93 | 1993 | തേവർ കടപ്പുറം | 359 | 66 | 500 | - | - | - | നഷ്ടം | 1 |
| | തേവർ കടപ്പുറം-ചിരാൻ കടപ്പുറം മത്സ്യ തൊഴിലാളി ക്ഷേമ സഹ. സംഘം. എഫ്. എം. 9. | 1987 | തേവർ കടപ്പുറം ചിരാൻ കടപ്പുറം | 1200 | 200 | 2000 | - | - | ലാഭം | - | - |
| 2 | പുതിയ കടപ്പുറം മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹ. സംഘം.ക്ലിപ്തം.ഡി.എഫ് എം. (140/93) | 1993 | പുതിയ കടപ്പുറം | 424 | 45 | 20 | - | - | ലാഭം | - | - |

## പട്ടികജാതി സർവ്വീസ് സഹ. സഹസംഘങ്ങൾ

('000)

| No | സംഘത്തിന്റെ പേര് | പ്രവർത്തനമാരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | വായ്പകൾ | പ്രവർത്തനരഹിതം | നിക്ഷേപം | ലാഭമോ നഷ്ടമോ | | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ലാഭം | നഷ്ടം | |
| 1 | തേവർ കടപ്പുറം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹ. സംഘം 193/93 | 1993 | താന്നൂർ പഞ്ചായത്ത് | 100 | 52 | 50 | - | - | ഇല്ല | ഉണ്ട് | - |

## ഉപഭോക്തൃ സഹ.സംഘങ്ങൾ

('000)

| No | സംഘത്തിന്റെ പേര് | പ്രവർത്തനമാരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | പ്രവർത്തനരഹിതം | വാർഷിക വിറ്റുവരവ് 1995-96 | ലാഭമോ നഷ്ടമോ | | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| 1 | കെ പുരം സഹകരണ കൺസ്യൂമർ സ്റ്റോർസ് ലിമിറ്റഡ്. നമ്പർ: എം. 413 | ---- 1989 | പഞ്ചായത്തിലെ 3,4 വാർഡുകൾ ഒഴികെയുള്ള വാർഡുകൾ | 223 | 140 | - | 6.09 | നഷ്ടം | | 3 |

# വിഭവ സമാഹരണം

ഏതൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും സുഖകരമായ പ്രവർത്തനം ലഭ്യമായ വിഭവങ്ങളേയും അവയുടെ യുക്തിപൂർവ്വമായ വിനിയോഗത്തേയും ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു തന്നെ നമ്മുടെ പഞ്ചായത്തായ താനാളൂരിന്റെ ജനകീയാസൂത്രണ പരിപാടിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, നമ്മുടെ പഞ്ചായത്തിന്റെ വിഭവസമ്പത്തിനെപ്പറ്റി വ്യക്തമായ ഒരു ധാരണ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

വികസനരംഗത്ത് നമ്മുടെ ഗ്രാമം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വ്യവസായങ്ങളുടെ അഭാവമാണ്. കാര്യമായ ഒരു വലിയ വ്യവസായ സ്ഥാപനം പോലും താനാളൂരിലില്ല. ചെറുകിട, വൻകിട വ്യവസായ സ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ചു കൊണ്ട് വിഭവസമാഹാരണത്തിന് പുതിയ മാർഗ്ഗങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്. വിദേശത്ത് ജോലി ചെയ്യുന്ന താനാളൂർ ഗ്രാമവാസികളായ ആളുകളെ വ്യവസായങ്ങൾക്ക് തുടക്കമിടാൻ പ്രേരിപ്പിച്ചു കൊണ്ടും ആരോഗ്യകരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിച്ചു കൊണ്ടും നമുക്ക് വ്യവസായ രംഗത്ത് മുന്നേറുന്നതിന് തുടക്കമിടാവുന്നതാണ്. അതുപോലെ നഷ്ടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളെ കണ്ടെത്തുകയും, അവയ്ക്ക് ലാഭം ഉണ്ടാക്കാൻ സഹായകമായ തരത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ നല്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്.

വിഭവസമാഹരണ സാദ്ധ്യതയുള്ള മറ്റൊരു മേഖലയായ കാർഷികരംഗത്തിന്റെ സ്ഥിതി വളരെ പരിതാപകരമാണ്. നമ്മുടെ ഗ്രാമത്തിൽ നിന്ന് കൃഷി

അനുദിനം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. നെൽപാടങ്ങൾ ദിവസേനയെന്നോണം തെങ്ങിൻതോപ്പുകളായി മാറ്റപ്പെടുന്നു.അവശേഷിക്കുന്ന കൃഷിനിലങ്ങൾ തന്നെ വിവേചനരഹിതമായ രാസവള പ്രയോഗത്താലും ഫലഭൂയിഷ്ഠത നഷ്ടമായിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. തീരദേശത്തോടടുത്തു കിടക്കുന്ന ഗ്രാമമായ താനാളൂരിന് മത്സ്യവളവും അതുപോലുള്ള ജൈവ വളങ്ങളും ഉപയോഗിക്കുന്നതിലൂടെ മണ്ണിന്റെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഫലഭൂയിഷ്ഠത നില നിർത്താവുന്നതാണ്. കർഷകർ കർഷക തൊഴിലാളികളായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥക്ക് പരിഹാരം കാണാതെ കാർഷികരംഗത്തെ വിഭവസമാഹരണ സാദ്ധ്യതകൾ മെച്ചപ്പെടുത്താൻ കഴിയില്ല.

## പഞ്ചായത്തിരാജ് നിയമ പ്രകാരം മറ്റു വകുപ്പുകളിൽ നിന്ന് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വകുപ്പ് | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| 1 | 2 | 3 | 4 |
| മൃഗസംരക്ഷണം 95-96 | 19920-00 | | 1920.00 |
| 96-977 | 1100.00 | 1320.00 | 2420.00 |
| ആരോഗ്യം (ISM) 955-96 | 15900.00 | | 15900.00 |
| (DMO) 95-96 | 1465.00 | | 14655.00 |
| (ISM) 96-97 | 28222.00 | | 28222.00 |
| 96-97 | 1535.00 | | 15350.00 |
| കൃഷി 95-96 | 189145.00 | | 189145.00 |
| - | - | - | - |
| പി. ഡബ്ല്യു. ഡി 95-96 | - | - | - |
| 96-97 | 4999.00 | 2735.00 | 7734.00 |
| ഹരിജനക്ഷേമം 95-96 | 2368.00 | - | 2368.00 |
| 96-97 | - | - | - |
| ജില്ലാ കലക്ടർ (വാർദ്ധ്യക്യ കാലപെൻഷൻ) 95-96 | 24500.00 | - | 24500.00 |
| മറ്റുള്ളവ ജില്ലാ കലക്ടർ (വാർദ്ധ്യകാല പെൻഷൻ) 96-97 | 14700.00 | | 14700.00 |
| ഡയറി ഡവലപ്മെന്റ് 96-96 | 11350.00 | - | 11350.00 |
| ജില്ലാ പഞ്ചായത്ത് | 36000.00 | - | 36000.00 |
| ആകെ 95-96 | 235298.00 | - | 235298.00 |
| 96-97 | 65721.00 | 4055.00 | 69776.00 |

ഗ്രാമപഞ്ചായത്തിന്റെ പ്രധാന മാർഗ്ഗങ്ങളിൽ ഒന്നായ നികുതി പിരിവ് കുത്തഴിഞ്ഞ അവസ്ഥയിലാണ്.ലോൺ വാങ്ങുന്നതിനോ പഞ്ചായത്തിൽ നിന്ന് വല്ല രേഖകളും ശരിയാക്കേണ്ടി വരുമ്പോഴോ ഒക്കെയാണ് പലരും നികുതിയടക്കുന്നത്. നികുതി കൊടുക്കുന്നതിലൂടെ പഞ്ചായത്തിന്റെ വികസനത്തിൽ പങ്കാളികളാവുകയാണെന്നും, നികുതി കൊടുക്കേണ്ടത് തന്റെ കടമയാണെന്നുമുള്ള അവബോധം ജനങ്ങളിൽ വളർത്തിയെടുക്കാൻ സഹായിക്കുന്ന പരിപാടി ജനങ്ങളിൽ വളർത്തിയെടുക്കാൻ സഹായിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിലൂടെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ളശ്രമങ്ങൾക്ക് തുടക്കമിടണം. അതുപോലെ നികുതി നിർണ്ണയം യുക്തിസഹമാക്കേണ്ടതും അത്യാവശ്യമാണ്. അതുകൊണ്ടു തന്നെ നികുതി നിർണ്ണയത്തിന് നിയതമായ മാനദണ്ഡങ്ങൾക്ക് രൂപം നൽകുകയും അവ കർശനമായി പാലിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്.

## നികുതി പിരിവ് സംബന്ധിച്ച വിശദ വിവരങ്ങൾ

| | 1991-92 | | | 1992-93 | | | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഇനം | | | | | | | | | | | | | | | |
| കെട്ടിടനികുതി | 2,53,299.04 | 2,33,646.11 | 19,652.93 | 3,24,676.21 | 2,02,456.39 | 1,22,219.82 | 5,96,895.20 | 3,89,538.80 | 2,07,356.40 | 5,71,431.25 | 2,98,590.26 | 2,72,840.99 | 6,58,504.04 | 4,70,035.09 | 1,88,468.95 |
| സർവ്വീസ് ചാർജ്ജ് (ലൈബ്രറി) | 7,473.81 | 6,895.29 | 578.52 | 10,029.19 | 5,993.41 | 4035.78 | 13,384.34 | 7770.17 | 5614.17 | 16,643.59 | 8850.14 | 7793.85 | 1,9860.44 | 16,945.51 | 2914.93 |
| തൊഴിൽനികുതി | 1,05,730.00 | 96,214.00 | 951.00 | 96,512.00 | 83,020.00 | 13,492.00 | 1,03,860.00 | 81,760.00 | 22,100.00 | 1,37,375.00 | 72,724.00 | 64,651.00 | 87,140.00 | 48,905.00 | 38,235.00 |
| വാഹനനികുതി | | | | | | | | | | | | | | | |
| വിനോദനികുതി | 20175.10 | 20175.10 | - | 28752.78 | 28752.56 | - | 36614 | 36614 | | 24806.24 | 24806.24 | | 31244.25 | 31244.25 | |
| അഡി. വിനോദനികുതി | 12263.00 | 12263.00 | -- | 17440.77 | 17440.77 | | 22235 | 22235 | | 15087.81 | 15087.81 | | 18849.75 | 18849.75 | |
| പ്രത്യേക നികുതി | 862.00 | 862.00 | - | 844.00 | 844.00 | | 1292 | 1292 | | 1534 | 1534 | | 1494 | 1494 | |
| പ്രത്യേക നികുതിയിന്മേലുള്ള സർച്ചാർജ് | 215.50 | 215.50 | - | | 211.25 | | 323 | 323 | | 383.50 | 383.50 | | 373.50 | 373.50 | |
| പലവക് | | | | | 9532.50 | - | | | | | | | | | |
| ലൈസൻസ് ഫീസ് | 6054.75 | 5790.50 | 264.25 | 9271.00 | 9271.00 | - | 13952.50 | 13952.50 | - | 14127.25 | 14127.25 | - | 20947.75 | 20947.75 | - |
| ലാന്റ് ഡെവ്വ് | - | - | - | - | - | - | - | - | - | - | - | - | - | - | - |
| കെട്ടിടനികുതി അഡ്വാൻസ് | - | - | - | - | - | - | - | - | - | - | - | - | - | - | - |
| ഗ്രാമീണ കുടിവെള്ളനികുതി 75% | 279266.00 | 279266.00 | - | 245510.00 | 245510.00 | | 513217 | | | 466874 | | | 361915 | | |
| നഗര കുടിവെള്ള നികുതി 25% | - | | | 37376.00 | 37376.00 | | 100000 | | | 100000 | | | 50000 | | |
| സർക്കാർ സ്ഥാപനങ്ങളും മറ്റും നൽകാനുള്ള കുടിശ്ശികകൾ | | | | | 193055.65 | | | | | | | | | | |
| തനത | 295405.55 | 295405.55 | - | | | | | | | | | | | | |
| ലൈസൻസ് | 51935.00 | 51935.00 | - | 45684.05 | 45684.05 | | 78049.00 | | | 3466.70 | | | 64118.00 | 64118.00 | |
| മുള്ളൂർ | 273196.00 | 273196.00 | - | | 274753.00 | | 278471.00 | | | 256484.00 | | | 315586.00 | | |
| ആകെ | 1305875.75 | 1275954.50 | 30011.70 | 274753.00 | 1153900.60 | 139747.60 | | | | | | | | | |

നികുതി നിർണ്ണയത്തിന്റെയും നികുതി പിരവിന്റെയും കാര്യത്തിൽ ഉപയോഗപ്രദമാകുന്ന ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു:-

1. നികുതി ദായകന് താങ്ങാവുന്ന തരത്തിലായിരിക്കണം നികുതി. ആദായ നികുതി ദായകനിൽ അമിത സാമ്പത്തികഭാരം അടിച്ചേൽപിക്കുന്ന അവസ്ഥയുണ്ടാക്കരുത്

2. മിക്കവാറും എല്ലാ മേഖലകളേയും സ്പർശിക്കുന്ന തരത്തിലുള്ള നികുതി ഘടന നടപ്പിൽ വരുത്തണം.

3. വരുമാനമുള്ള എല്ലാവരിൽ നിന്നും നികുതി ഈടാക്കണം.

4. വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനമായിരിക്കണം നികുതി.

5. നികുതി പിരിവിന്റെയും, ചെലവഴിക്കപ്പെടുന്ന നികുതിപണത്തിന്റെയും കണക്കുകൾ വ്യക്തവും സുതാര്യവുമായിരിക്കണം. തന്റെ പണം വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നു എന്ന വിശ്വാസം നികുതിദായകനിൽ ഉയിക്കിയെടുക്കാൻ കഴിയണം.

6. നികുതി പിരിവിന്റെ കാര്യത്തിൽ ബഹുജനങ്ങളും ജനപ്രതിനിധികളും സഹകരിക്കുകയും ജനങ്ങളെ നികുതി അടക്കാൻ പ്രേരിപ്പിക്കുകയും ചെയ്യണം.

7. കണക്കുകൾ പരിശോധിച്ച് ബോധ്യപ്പെടാനുള്ള അവസരം നികുതിദായകന് ഉണ്ടാകണം. അതിനായി വരവ് ചെലവ് കണക്കുകൾ പഞ്ചായത്താഫീസിൽ പ്രദർശിപ്പിക്കേണ്ടതാണ്.

## കെട്ടിട നികുതി:-

ഇപ്പോൾ കെട്ടിട നകുതി കണക്കാക്കുന്നത് ശാസ്ത്രീയമായല്ല. കെട്ടിടത്തിന്റെ തറവിസ്തീർണ്ണം മാത്രമല്ല ആഡംബരവും നികുതി നിർണ്ണയത്തിൽ കണക്കിലെടുക്കേണ്ടതുണ്ട്. കെട്ടിട നികുതി നിർണ്ണയം പലപ്പോഴും അഴിമതി ആരോപിക്കപ്പെടുന്ന ഒരു മേഖലയാണ്. അതുകൊണ്ടുതന്നെ കെട്ടിട നികുതി നിർണ്ണയത്തിന് വ്യക്തമായ ലിഖിത മാനദണ്ഡങ്ങൾക്ക് രൂപം നല്കേണ്ടതുണ്ട്. കെട്ടിടങ്ങളെ തറവിസ്തീർണ്ണത്തിന്റെയും ആഡംബരത്തിന്റെയും അടിസ്ഥാനത്തിൽ വിവിധ ഗ്രൂപ്പുകളായി (സ്ലാബുകളായി) തിരിച്ചുള്ള നികുതി നിർണ്ണയം ഫലപ്രദമായിരിക്കും. കെട്ടിടത്തിന്റെ നികുതി നിർണ്ണയം നടത്തിയത് എങ്ങനെയെന്ന് കെട്ടിടമുടമയെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

വാടകക്കെട്ടിടത്തിന്റെ നികുതി വാടകയുടെ ഒരു നിശ്ചിത ശതമാനമായി നിജപ്പെടുത്തണം.

ഓരോ വാർഡിലും നികുതി പിരിക്കുന്ന സമയവും മുൻകൂട്ടി പ്രഖ്യാപിക്കുന്നതും നികുതി പിരിവിന്റെ കാര്യത്തിൽ ജനപ്രതിനിധികളുടെയും പൗര പ്രമുഖൻമാരുടെയും സഹായം തേടുന്നതും കുടിശ്ശിക ഇല്ലാതാക്കാൻ സഹായകമാകും.

## തൊഴിൽ നികുതി

സർക്കാർ സ്ഥാപനങ്ങളിലും, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരിൽ നിന്നും മാത്രം തൊഴിൽ നികുതി ഈടാക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. തൊഴിൽ ചെയ്യുന്നവരെല്ലാം തൊഴിൽ നികുതി നല്കുന്ന അവസ്ഥയുണ്ടാകണം. സ്വകാര്യ സ്ഥാപനങ്ങളിലും വാഹനങ്ങളിലും മറ്റും ജോലി ചെയ്യുന്നവരുടെ തൊഴിൽ നികുതി തൊഴിലുടമ ശേഖരിച്ച് പഞ്ചായത്തിൽ അടക്കുന്ന സംവിധാനം ഫലപ്രദമായിരിക്കും.

## വിനോദനികുതി

പഞ്ചായത്തുകളുടെ വിനോദനികുതിയുടെ ഒരു മുഖ്യ സ്രോതസ്സാണ് സിനിമാശാലകൾ. താനാളൂർ ഗ്രാമപഞ്ചായത്തിലെ ഉണ്യാൽ കവിതാ ടാക്കീസ് കുറച്ചു കാലമായി പ്രവർത്തിക്കാത്ത അവസ്ഥയി

ലാണ്. പ്രസ്തുത ടാക്കീസ് തുറന്നു പ്രവർത്തിക്കാനുള്ള പ്രചോദനം നല്കേണ്ടതുണ്ട്. പുതിയ ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുന്നതോടൊപ്പംതന്നെ നിലവിലുള്ളവ നിലനിർത്താനും പഞ്ചായത്ത് ശ്രമങ്ങൾ നടത്തണം.

സ്വന്തമായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിലൂടെയും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഈ മേഖലയിൽ വളരെയധികം സാധ്യതയുള്ള ഒരു പഞ്ചായത്താണ് താനാളൂർ പഞ്ചായത്ത്. പുത്തൻതെരു, താനാളൂർ എന്നീ സ്ഥലങ്ങളിൽ ഓരോ പഞ്ചായത്ത് മാർക്കറ്റ് സ്ഥാപിക്കുന്നത് പൊതുജനങ്ങൾക്ക വളരെ ഉപകാര പ്രദമായിരിക്കും എന്നതോടൊപ്പം തന്നെ പഞ്ചായത്തിന് ഒരു വരുമാന മാർഗ്ഗം കൂടിയായിരിക്കും. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന തിരൂർ പട്ടണത്തോട് അടുത്തു കിടക്കുന്ന മൂച്ചിക്കൽ ഉള്ള കുളം നികത്തി ഒരു ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നത് തീർച്ചയായും ഒരു മുതൽക്കൂട്ടായിരിക്കും.

## ബാങ്കിംഗ് രംഗം:-

നമ്മുടെ പഞ്ചായത്തിൽ രണ്ട് സഹകരണ ബാങ്കുകളും സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ ഒരു ശാഖയും നിലവിലുണ്ട്. കൂടാതെ സ്വകാര്യ ഫൈനാൻസിയേഴ്സും പ്രവർത്തിക്കുന്നുണ്ട്. ഇവരെല്ലാം നല്ലൊരു തുക നമ്മുടെ പഞ്ചായത്തിൽ നിന്ന് നിക്ഷേപമായി സ്വീകരിക്കുന്നുണ്ട് എങ്കിലും ആ നിക്ഷേപത്തിന്റെ വളരെ ചെറിയ ഒരംശമാണ് വായ്പയായി നൽകുന്നത്. പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതിന് യത്നിക്കേണ്ടിയിരിക്കുന്നു. ഇതോടൊപ്പം അനധികൃത പണമിടപാട് കർശനമായി തടയേണ്ടിയിരിക്കുന്നു.

## താനാളൂർ പഞ്ചായത്തിലെ അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം

| ക്രമ നമ്പർ | ധനകാര്യ സ്ഥാപനത്തിന്റെ പേര് | 95-96ലെ നിക്ഷേപം | 95-96ൽ വായ്പ നൽകിയ തുക | പരസ്യം സ്പോൺസറിംഗ് വകയിൽ ചിലവ് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | താനാളൂർ സർവ്വീസ് സഹകരണ ബാങ്ക് | 10597767/- | 11106231/- | 7760/- |
| 2. | സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, താനാളൂർ ശാഖ | 8992488/- | 8726431/- | - |
| 3. | അർബൻ കോ. ഓപ്. ബാങ്ക് അമ്പത്തിങ്ങൽ ശാഖ | 2931494-45 | 4345958.00 | - |

വാണിജ്യരംഗം:-

പുന്തൻതെരുവിലും, ഉണ്യാലുങ്ങലും, താനാളൂരു ഗ്രാമ ചന്ത (മാർക്കറ്റ്) സ്ഥാപിക്കുന്നതോടൊപ്പം വട്ടത്താണിയിൽ ഒരു ആഴ്ച്ച ചന്ത സ്ഥാപിക്കുന്നതു സ്വാഗതാർഹമായ ഒന്നായിരിക്കും. ഗ്രാമീണർക്ക് തങ്ങളുടെ കാർഷിക വിഭവങ്ങൾ ഇടത്തട്ടുകാരുടെ ചൂഷണം കൂടാതെ വിറ്റഴിക്കുന്നതിനും ഉപഭോക്താ

## ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ 1995-96

(വാർഡുകൾ 1992-93 പഞ്ചായത്ത് അസസ്മെന്റ് റജിസ്റ്റർ പ്രകാരം)

| വാർഡ് | വ്യവസായ വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 3 | 3 | | | | |
| II | 5 | 2 | 12 | 1 | 20 | 2875.025 |
| III | 1 | 3 | 5 | 1 | 10 | 1025.75 |
| IV | 4 | 2 | 4 | 2 | 12 | 750.50 |
| V | 1 | 2 | 2 | | 5 | 325.75 |
| VI | 12 | 6 | 17 | 2 | 37 | 20225.75 |
| VII | 7 | 6 | 7 | 1 | 21 | 1575.755 |
| VIII | 1 | 3 | 6 | 1 | 11 | 300.00 |
| IX | 4 | 6 | 21 | 1 | 32 | 1950.50 |
| X | 7 | 5 | 12 | 2 | 26 | 1850.00 |
| XI | 3 | 4 | 13 | 2 | 22 | 1650.00 |
| XII | 9 | 12 | 31 | 2 | 54 | 3041.00 |
| XIII | 2 | 4 | | | 6 | 750.25 |
| XIV | 4 | 3 | 4 | 1 | 12 | 1250.50 |
| Total | 63 | 61 | 169 | 20 | 313 | 20447.75 |

കച്ചവട ലൈസൻസ് ഫീസ് യഥാസമയം പിരിച്ചെടുക്കാനുള്ള സംവിധാനമുണ്ടാക്കണം. പല പ്പോഴും കച്ചവട ലൈസൻസ് വഴി ഫീസ് ഈടാക്കാത്ത ഒരവസ്ഥയാണുള്ളത്. നാഷണൽ സേവിങ്ങ് സ്കീമിലേക്ക് പഞ്ചായത്തിൽ നിന്ന് പിരിച്ചെടുക്കുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം ആ പഞ്ചായത്തിനു തന്നെ കിട്ടുന്ന ഒരു വ്യവസ്ഥ ഇപ്പോഴുണ്ട്. അതു കൊണ്ട് മഹിളാ പ്രധാൻ ഏജന്റ്സ് മുഖേന പരമാവധി സമ്പാദ്യ നിക്ഷേപം സമാഹരിക്കുന്നത് പഞ്ചായത്തിന് വരുമാനമാർഗ്ഗമായിരിക്കും. അതോടൊപ്പം തന്നെ സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മക്ക് വളരെ ചെറിയ അളവിലെങ്കിലും പരിഹാരമാവുകയും ചെയ്യും.

## മനുഷ്യ വിഭവം:-

നമ്മുടെ പഞ്ചായത്തിലെ ജനതയിൽ സ്കിൽഡ് വർക്കേഴ്സ്, നോൺ സ്കിൽഡ് വർക്കേഴ്സ് തുടങ്ങിയ എല്ലാ വിഭാഗത്തിൽ പെട്ടവരുമുണ്ട്. ഈ മനുഷ്യ വിവശേഷി പരമാവധി നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്. എല്ലാ വിഭാഗത്തിൽ പെട്ട തൊഴിലാളികൾക്കും ഉപയോഗപ്രദമാകുന്ന വിധത്തിൽ ക്ഷേമ നടപടികൾ സ്വീകരിക്കുക എന്നതും പഞ്ചായത്തിന്റെ ചുമതലയാണ്.

## വാഹന നികുതി

താനാളൂർ പഞ്ചായത്തിലെ വാഹന ഉടമകളിൽ നിന്ന് ഈടാക്കുന്ന നികുതിയിൽ നിന്ന് 25% മെങ്കിലും ഗ്രാമപഞ്ചായത്തിന് നൽകണം. അല്ലാത്ത പക്ഷം സൗകര്യം ഏർപ്പെടുത്തി മുഴുവൻ വാഹനങ്ങളിൽ നിന്നും നികുതി പിരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുന്ന കെട്ടിട നിർമ്മാണ സാധനങ്ങൾ; മാർബിൾ, ഗ്രാനൈറ്റ് എന്നിവക്ക് ഇറക്കുന്ന വ്യക്തികളിൽ നിന്നോ വാഹനങ്ങളിൽ നിന്നോ ഗ്രാമപഞ്ചായത്തിന് നിശ്ചിത സംഖ്യ പിരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

## പരസ്യം മുഖേന നികുതി

താനാളൂർ പഞ്ചായത്ത് പരിധിക്കുള്ളിൽ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾക്ക് പഞ്ചായത്ത് നികുതി പിരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

## വീടുകൾ കൈമാറുമ്പോൾ

പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള വീടുകൾ, കെട്ടിടങ്ങൾ മറ്റൊരു വ്യക്തിക്ക് കൈമാറ്റം നടക്കുമ്പോൾ ട്രാൻസ്ഫർ ഫീസായി ഒരു സംഖ്യ പഞ്ചായത്ത് പിരിച്ചെടുക്കണം.

വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുന്ന ചില വിഭവ സ്രോതസ്സുകളേയും അവയുടെ ഉപയോഗത്തേയും കുറിച്ചാണ് മുകളിൽ പ്രതിപാദിച്ചത്. ഇനിയും ഒരുപാട് വിഭവ സാധ്യതകൾ നമ്മുടെ ഗ്രാമപഞ്ചായത്തായ താനാളൂരിലുണ്ട്. അവയെക്കുറിച്ച് അഗാധമായി പഠിക്കുകയും യുക്തിപൂർവ്വമായി ഉപയോഗിക്കുകയും ചെയ്യുന്നത് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനത്തെ [illegible]



# കുടിവെള്ളവും പൊതുജനാരോഗ്യവും

കടൽ തീരവും ഉയർന്ന ചരവുകളും ഉൾക്കൊള്ളുന്ന താനാളൂർ പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകൾ തന്നെ. 10950 വീടുകൾ ഉള്ള ഈ പഞ്ചായത്തിലെ 7100 ഓളം വീടുകൾക്കും സ്വന്തമായി കിണറുകൾ ഉണ്ട്. 70 ശതമാനത്തോളം കുടുംബങ്ങളും സ്വന്തം കിണറുകളെ ആശ്രയിക്കുമ്പോൾ 25% അയൽ വീടുകളിലെ കിണറുകളെ ആശ്രയിക്കുന്നു. 5 ശതമാനത്തിലും താഴെ മാത്രമെ പൊതു ജലവിതരണത്തെ ആശ്രയിക്കുന്നുള്ളൂ. കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത് 2, 3, 4, 5 വാർഡുകളിലെ ഉയർന്ന പ്രദേശങ്ങളിലാണ്. 450 ൽ അധികം കിണറുകളും ഡിസംബർ മാസം കഴിയുന്നതോടെ വറ്റി തുടങ്ങുന്നു. മാർച്ച് മാസത്തോടെ പൂർണ്ണമായും വറ്റി വരളുന്നു. കടലിനും കനോലി കനാലിനുമിടയിലുള്ള 12ം വാർഡിലും 9, 10, 14 വാർഡുകളിലെ കനോലി കനാലിന്റെ തീരത്തുള്ള പ്രദേശങ്ങളിലും ഉപ്പ് വെള്ളമായതിനാൽ ശുദ്ധജല ക്ഷാമമുണ്ട്. 16 പൊതു കിണറുകളും 6 കുഴൽ കിണറുകളും 91 പൊതു ടാപ്പുകളും ഈ പഞ്ചായത്തിലുണ്ടെങ്കിലും ഭൂരിഭാഗവും പ്രവർത്തനക്ഷമമല്ല.

തിരൂർ മുൻസിപ്പൽ ടാങ്കിൽനിന്നും 7, 13, 1, 2 വാർഡുകളിലൂടെ കടന്നുപോകുന്ന കെ.ഡബ്ലിയു. എ. യുടെ ഒരു പൈപ്പ് ലൈനും തീരദേശത്തുള്ള ഒരു മിനിവാട്ടർ സപ്ലൈ സ്കീമും ഈ പഞ്ചായത്തിൽ ശുദ്ധജല പദ്ധതിയായുണ്ടെങ്കിലും കേവലം 4 ശതമാനത്തിൽ താഴെ മാത്രമെ പ്രയോജനപ്പെടുന്നുള്ളൂ മാത്രമല്ല ഈ ലൈനുകൾ ശുദ്ധജല ക്ഷാമമുള്ള പ്രദേശങ്ങളിലെക്കെത്തുന്നുമില്ല 3, 4, 5 വാർഡുകളിലെ ഉയർന്ന പ്രദേശങ്ങളിലെ ഭൂമിക്കടിയിൽ കരിമ്പാറകളായതുകൊണ്ട് വർഷകാലം മാത്രം വെള്ളം ലഭിക്കുന്ന അവസ്ഥയാണ്. ഇതു പരിഹരിക്കാനെന്നോണം കഴിഞ്ഞ ഗവൺമെന്റ് കാലത്ത് പ്രവർത്തനമാരംഭിച്ച് 90 ശതമാനത്തോളം പണി പൂർത്തിയാക്കിയ പകരഅരിക്കാട് മിനിവാട്ടർ സപ്ലൈ സ്കീം കഴിഞ്ഞ 6 മാസക്കാലമായി നിർത്തിവെച്ചിരിക്കെയാണ്. അതു ടൻ തന്നെ പൂർത്തിയാക്കേണ്ടതുണ്ട്. ഈ പദ്ധതി നിലവിൽ വന്നാൽ പോലും ഈ പ്രദേശത്ത് ആവശ്യമായ ശുദ്ധജലം—ലഭിക്കുകയില്ല. കാരണം ഈ പദ്ധതിക്കാവശ്യമായ ജലം ലഭിക്കുന്ന 2 കിണറുകളിലെ വെള്ളംകൊണ്ട് മാത്രം 2, 3, 4, 5 വാർഡുകളിലെ 1500ഓളം വരുന്ന വീട്ടുകാർക്ക് ആവശ്യത്തിന് മതിയാവുകയില്ല.

ഒരു ലക്ഷം ലിറ്റർ വെള്ളം ഉൾക്കൊള്ളാൻ കഴിവുള്ള പ്രസ്തുത ടാങ്കിലേക്ക് ഒരു മോട്ടർ പദ്ധതിയിലൂടെ വെള്ളം അടിച്ചു നിറക്കാൻ കഴിഞ്ഞെങ്കിൽ മാത്രമെ ഈ പ്രദേശത്തിന്റെ കുടി

വെള്ള ക്ഷാമത്തിൽ ഒരു പരിഹാരമാവുകയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു സർവ്വെയും ഇതിനായി നടത്തിയിട്ടുണ്ട്. അതുപോലെ കടൽ തീരത്തെ ഉണ്ണിയാൽ മിനിവാട്ടർ സപ്ലൈ സ്ക്കീമിന്റെ ജല വിതരണത്തിനാവശ്യമായ പണികൾ ഇനിയും ബാക്കി കിടക്കുകയാണ്. ഈ പദ്ധതികൊണ്ടും കടൽതീര, കനോലികനാൽ പ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് കുടിവെള്ളം ആവശ്യത്തിന് ലഭിക്കുകയില്ല. ഈ പ്രദേശത്തെ കിണറുകൾ ആഴമില്ലാത്തതിനാൽ പരിസരത്തു നിന്നും മാലിന്യ ജലം കിണറുകളിലേക്ക് ഒഴുകാൻ സാധ്യതയുണ്ട്. കിഴക്കൻ ഭാഗത്ത് കരിമ്പാറ പ്രദേശങ്ങളിൽ കെട്ടി നിൽക്കുന്ന കുറഞ്ഞ ജലം ഉപയോഗിക്കുന്നതുകൊണ്ടും ജല ജന്യ രോഗങ്ങൾ പടർന്ന് പിടിക്കാൻ സാധ്യതയുണ്ട്. ശുദ്ധജല പരിഹാരത്തിനായി ഗ്രാമസഭകളിൽ നിന്നും പഞ്ചായത്തിന്റെ മറ്റു പഠനങ്ങളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ സൂക്ഷ്മ വിശകലനത്തിനായി താഴെ ചേർക്കുന്നു.(പട്ടിക 1)

## ആരോഗ്യം

ഏതൊരു രാജ്യത്തിന്റെയും പുരോഗതി പൊതുജനങ്ങളുടെ ആരോഗ്യസ്ഥിതികളുമായും ബന്ധപ്പെട്ടതാണ്. ആരോഗ്യമെന്നാൽ ചികിത്സ, മരുന്ന് ആശുപത്രി എന്നിവയുമായി മാത്രം ബന്ധപ്പെട്ടതാണെന്നൊരു ധാരണ ജനങ്ങളിലുണ്ട്. കുടിവെള്ളം, പോഷകാഹാരം, ആരോഗ്യകരമായ പരിസരം, ആരോഗ്യശീലങ്ങൾ, വ്യായാമം എന്നിവയിൽ കൂടി വ്യക്തി സ്വയം ആർജ്ജിക്കുന്നതാണ് ആരോഗ്യം എന്നത് ലോകാരോഗ്യ സംഘടന തന്നെ അംഗീകരിച്ചിട്ടുള്ളതാണ്. ചികിത്സ എന്ന പ്രക്രിയയിൽ നിന്നും മാറി രോഗ പ്രതി രോധത്തിലേക്കുള്ള ഊന്നൽ നടപ്പാക്കുന്നതിൽ ഈ മേഖല വിജയിച്ചിട്ടില്ല. കക്കൂസും കുടി വെള്ളവും ഇല്ലാത്ത സ്ഥലത്തും ആശുപത്രിക്കും മറ്റു ചികിത്സാ സൗകര്യങ്ങൾക്കും മാത്രം മുറവിളി കൂട്ടുന്നതിൽ അർത്ഥമില്ല.

ആരോഗ്യ മേഖലയിൽ നിരവധി പ്രശ്നങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. തുടച്ച്മാറ്റിയെന്ന് പറയുന്ന പ്ലേഗ്, മലമ്പനി തുടങ്ങിയവ വ്യാപകമാവുന്നു. കോളറയും മസ്തിഷ്കജ്വരവും കുറെ ജീവനപഹരിച്ചു. ഇതെല്ലാം സൂചിപ്പിക്കുന്നത് ആരോഗ്യ രംഗത്തെ അശാസ്ത്രീയ പ്രവർത്തനങ്ങളാണ്. ആധുനിക യന്ത്ര സാമഗ്രികളും മരുന്നുകളും കൊണ്ട് മാത്രം രോഗങ്ങൾ നിയന്ത്രിക്കപ്പെടണമെന്നില്ല. ക്ഷയരോഗം, മലമ്പനി, കോളറ തുടങ്ങിയവ ഉണ്ടാകുന്ന സാഹചര്യങ്ങളും കഷ്ടപ്പാടുകളും നില നിർത്തി ഈ രോഗങ്ങൾ പൂർണ്ണമായും തുടച്ചു നീക്കാമെന്ന് കരുതുന്നത് മൗഢ്യമാണ്.

ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട് ചില വ്യതിയാനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ദൃശ്യമായിട്ടുണ്ട്. മുൻകാലങ്ങളിൽ അപൂർവ്വമായേ ആശുപത്രിയെ ശരണം പ്രാപിച്ചിരുന്നുള്ളൂ. ഇന്നാണെങ്കിൽ ഒരു തലവേദനയോ, ജലദോഷമോ വരുമ്പോഴേക്കും സ്കാനിംങ് പോലെയുള്ള ടെസ്റ്റുകൾക്ക് കുറിക്കുകയും വിധേയമാക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്. മുമ്പ് ഒരു കുടുംബ ഡോക്ടറായിരുന്നെങ്കിൽ ഇന്ന് രോഗികളെ ശരിക്കും മനസ്സിലാകാനാവാത്ത വിധം ഓരോ വിഭാഗങ്ങൾക്കുമായി നാനാ ഡോക്ടർമാരാണ്. സാധാരണ ചില രോഗങ്ങൾക്ക് ചുറ്റുവട്ടത്തുള്ള പച്ച മരുന്നുകൾകൊണ്ട് മാറ്റാൻ കഴിഞ്ഞിരുന്നെങ്കിൽ ഇന്ന് ചികിത്സാ കേന്ദ്രം വലിയ പട്ടണങ്ങളും മരുന്നു ഷാപ്പുകളുമാണ്.

പഞ്ചായത്തിലെ പൊതു മരണനിരക്ക് 9.5 ആണ്. സംസ്ഥാന നിരക്കായ 5.9 മായി തട്ടിച്ച് നോക്കുമ്പോൾ ഏതാണ്ട് ഇരട്ടി. ശിശു മരണ നിരക്കും വളരെ കൂടുതലാണ്. സംസ്ഥാന നിരക്ക് ആയിരത്തിന് 16 ആണെങ്കിൽ ഇവിടെ ആയിരത്തിന് 29 ആണ്. മാതൃമരണവും കൂടുതലാണ്. എന്നാൽ ജനന നിരക്ക് സംസ്ഥാന നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ അല്പം കുറവാണെന്നുള്ളത് ഒരു നല്ല സൂചനയാണ്. അംഗവൈകല്യം ബാധിച്ചവർ ആയിരത്തിന് മൂന്ന് എന്ന തോതിന് മന്ദബുദ്ധികൾ 1.5 എന്ന നിരക്കിലുമാണ്. വൃദ്ധൻമാർ, ശിശുക്കൾ എന്നിവരുടെ

പൊതു ആരോഗ്യവും ശോചനീയം തന്നെ. ഈ അവസ്ഥയിൽ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളെക്കുറിച്ചും അവയിലെ സൗകര്യങ്ങളെക്കുറിച്ചും ഒരു പുനർ ചിന്തനം അത്യാവശ്യമാണ്. അതുപോലെത്തന്നെ അനാരോഗ്യ പ്രവണത ഉണ്ടാകുന്ന പരിസര മലിനീകരണം ശൂചിത്വം, ബോധവൽക്കരണമില്ലായ്മ എന്നിവയും വളരെ പരിഗണിക്കേണ്ടതാണ്.

## ശൂചിത്വം

പഞ്ചായത്തിലെ 10839 വീടുകളിൽ 2937 വീടുകളും കക്കൂസ് ഇല്ലാത്തതാണ് 40 ശതമാനവും ഒറ്റക്കുഴി കക്കൂസുകളാണ് 6 ശതമാനം മാത്രമെ സെപ്റ്റിൽ ടാങ്ക് ഉള്ളവയുള്ളു. 53ശതമാനം കുടുംബങ്ങളും ഗാർഹിക ജലം വീട്ട് വളപ്പിൽ ഒഴുകുന്നവയാണ് 6ശതമാനം മാത്രം തുറസ്സായ സ്ഥലത്തേക്കൊഴുക്കുമ്പോൾ 0.5 ശതമാനം മാത്രമാണ് കുഴികളിലേക്കൊഴുകുന്നത്. ചപ്പു ചവറുകൾ 42.5ശതമാനം വീടുകളിൽ ഉപേക്ഷിക്കുന്നവരും 3 ശതമാനം പൊതു സ്ഥലത്ത് ഉപേക്ഷിക്കുന്നവരുമാണ്. 9.5ശതമാനം പേർ വുഴിച്ച് മൂടുന്നവരും 43.5 ശതമാനം കത്തിച്ചു കളയുന്നവരുമാണ് കമ്പോസ്റ്റ് ആയി ഉപയോഗിക്കുന്നവർ ഒരു ശതമാനത്തിൽ താഴെയുള്ളു.

പഞ്ചായത്തിൽ 17 ചെറുകിട മാർക്കറ്റുകൾ ഉണ്ട് അവിടെയെല്ലാം മാലിന്യക്കൂമ്പാരങ്ങളും കാണാം ജലമലിനീകരണം മൂലമുള്ള രോഗങ്ങളും ധാരാളം കാണുന്നു. 97.5ശതമാനം പേർ ഉപയോഗിക്കുന്ന കിണർ ജലത്തിൽ പലതിലും മാലിന്യങ്ങൾ കലരുന്ന സാഹചര്യമുണ്ട്. ജല മലിനീകരണത്തിന് കാരണമാകുന്ന അവസ്ഥകളെക്കുറിച്ച് ജനങ്ങളിലുള്ള ബോധനക്കുറവും ഗവൺമെന്റ് നടപടികളിലുള്ള അനാസ്ഥയുമാണ് കാരണം.

### പോഷകാഹാരം

പഞ്ചായത്തിലെ സ്കൂളുകളിലും അംഗനവാടികളും പോഷകാഹാരപദ്ധതിയുടെ ഭാഗമായി കഞ്ഞിയും പയറും ഉപ്പ്മാവും വിതരണം ചെയ്യുന്നുണ്ടങ്കിലും കാര്യക്ഷമമായി എല്ലായിടത്തും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മാംസം, മുട്ട, പാൽ എന്നിവയിൽ മാത്രമേ പോഷകമൂല്യമുള്ളു എന്ന ഒരു മിഥ്യാധാരണ ജനങ്ങളിലുണ്ട്. പച്ചക്കറികളിലും ഇലക്കറി, പയർ വർഗ്ഗം തുടങ്ങിയവയിലുമുള്ള പോഷകങ്ങളെ സംബന്ധിച്ചും അവ ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെസ്സംബന്ധിച്ചും അറിവുള്ളവർ വിരളമാണ്.



## കുടിവെള്ളപ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

| | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| 1 | ഹരിജൻകോളനിയിലും ഭാഗം പ്രദേശത്തും | K.W.A പൈപ്ലൈൻ എത്തിക്കുക, പൊതു കിണറുകൾ സ്ഥാപിക്കുക. |
| 2 | ചാനാത്ത് പറമ്പ്, ഒഴുക്കുംപാറ, തിണ്ടാപാറ, കുണ്ടിൽപറമ്പ്. | K.W.A പൈപ്ലൈൻ എത്തിക്കുക, കുഴൽ കിണർ നിർമ്മിക്കുക. |
| 3 | പകരക്കുണ്ട്, അയ്യായറോഡ്, തൊട്ടിയിൽ പടി കുറൈശിപാറ, ചക്കിയങ്ങിൽ ഒഴുക്കും പാറ ചാട്ടുമുക്കിൽ കളരിക്കൽ | K.W.A പൈപ്ലൈൻ എത്തിക്കുക, കുറൈശിപാറ മേലേ പീടിക, തൊട്ടിയിൽ റോഡ്, ചക്കിയത്തിൽ, ഒഴുക്കുംപാറ എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുക. |
| 4 | കാഞ്ഞിരത്തങ്ങൽ, അയ്യായ റോഡ്, വെള്ളിയത്ത് നിരപ്പിൽ, മേലെക്കാട്ടിൽ, മാങ്ങരണ്ടിട പകര സബ്സെന്റർ, മൺഡലത്തിൽ നിരപ്പ്. | K.W.A പൈപ്ലൈൻ എത്തിക്കുക, കാഞ്ഞിരത്തിങ്ങൽ, അയ്യായറോഡ് എന്നിവിങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുക, നിരപ്പിൽ വടക്കേ ഭാഗം പൊതു കിണർ നിർമ്മിക്കുക. |
| 5 | അരിക്കാട് തലപറമ്പ്, തവളാംകുന്ന്, മാങ്ങരണ്ടി, കുനിയിൽ പാറപ്പുറം | K.W.A പൈപ്ലൈൻ എത്തിക്കുക, കേട് വന്ന കുഴൽ കിണറുകൾ നന്നാക്കുക. |
| 6 | ചെമ്പവട്ടൂർ ഭാഗം | ഒരു പൊതു കിണർ നിർമ്മിക്കുക |
| 7 | പെരുവഴിയമ്പലം ബംഗ്ലാദേശ് കോളനി | സമൂഹജലവിതരണപദ്ധതി നടപ്പാക്കുക, K.W.A ടാപ്പുകൾ നന്നാക്കുക, റെയിൽവേഗേറ്റിനു സമീപമുള്ള പൊതുകിണർ നന്നാക്കുക |
| 8 | ലക്ഷം വീട് കോളനി | ഉപയോഗ ശൂന്യമായ കിണർ നന്നാക്കി എടുക്കുക പൊതു കിണർ കുഴിക്കുക, |
| 9 | ഹരിജൻകോളനി, കനോലികനാലിന്റെ തീരങ്ങൾ | വലിയ ആഴമുള്ള കിണർ കുഴിച്ച് സമൂഹ ജലവിതരണ പദ്ധതി നടപ്പാക്കുക. K.W.Aനീട്ടുക. |
| 10 | കനോലികനാലിന്റെ തീരങ്ങൾ, ഹരിജൻകോളനി | ഉണ്ണിയാൽ മിനി പദ്ധതി ഈ ഭാഗത്തേക്ക് നീട്ടുക ഹരിജൻ കോളനിയിൽ ഒരു പൊതുകിണർ നിർമ്മിക്കുക, തച്ചറക്കൽ ഭാഗത്ത് ഒരു പൊതുകിണർ നിർമ്മിക്കുക |
| 11 | തള്ളശ്ശേരി പടിഞ്ഞാറ് ഭാഗം, പഞ്ചാരമുല പാടം, കുമാരൻ പടി, 7ാം നമ്പർ അംഗനവാടി എന്നീ ഭാഗങ്ങൾ | പൊതുകിണർ കുഴിക്കുക, തള്ളശ്ശേരി ഭാഗം ടേപ്പുകൾ സ്ഥാപിക്കുക, വള്ളിക്കാഞ്ഞിരണ അങ്ങാടിക്കടുത്തുള്ള കിണർ നന്നാക്കുക. |
| 12 | ഉണ്ണ്യാൽ മുതൽ പുതിയ കടപ്പുറം വരെയുള്ള കടൽ തീരം | ഉണ്ണ്യാൽ മിനി പദ്ധതി പുതിയ കടപ്പുറത്തേക്ക് നീട്ടി ആവശ്യാനുസരണം ടേപ്പുകൾ സ്ഥാപിക്കുക. |
| 13 | തച്ചപറമ്പ് ലക്ഷം വീട് കോളനി, ആലിൻചുവട് ഭാഗം | പൊതുകിണറുകൾ കുഴിക്കുകയും പൈപ് ലൈനുകൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക |
| 14 | കനോലികനാലിന്റെ കിഴക്ക് ഭാഗങ്ങൾ | നിലവിലുള്ള പൈപ്പ്ലൈൻ കാര്യക്ഷമമാക്കുകയും പൈപ് ലൈൻ ഇല്ലാത്ത ഭാഗങ്ങളിലേക്ക് നീട്ടുകയും ചെയ്യുക |
| 15 | കനോലികനാലിന്റെ കിഴക്ക് ഭാഗങ്ങൾ | K.W.A.പൈപ് ലൈൻ സ്ഥാപിക്കുക |

## പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വിശകലനത്തിനായി വാർഡടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനങ്ങളും പോരായ്മകളും | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനം | സ്വകാര്യ സ്ഥാപനം | | | |
| 1 | ഗവ: ആയുർവേദ മൊബൈൽ ഡിസ്പെൻസറി | Nil | പനി, ചർദ്ദി, അതിസാരം, ചെങ്കണ്ണ്, മഞ്ഞപ്പിത്തം | സൗകര്യങ്ങൾ പരിമിതമാണ്. മരുന്നുകൾ കുറച്ചുണ്ടെങ്കിലും ഫയലുകൾ നശിപ്പിക്കുന്നു. മൊബൈൽ സെർ ഉണ്ട് പക്ഷേ വർഷങ്ങളായി പ്രവർത്തിക്കുന്നില്ല. ഫർണിച്ചറുകളോ പരിശോധനക്ക് വേണ്ട സജ്ജീകരണങ്ങളോ ഇല്ല. | രോഗികളെ പരിശോധിക്കാനും മരുന്നുകൾ നല്കാനുമുള്ള സംവിധാനം ഉണ്ടാകണം. ഫർണിച്ചറുകളും മറ്റു സജ്ജീകരണങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. മരുന്നുകൾ കേടുകൂടാതെ സൂക്ഷിക്കാനും വാഹനം പ്രവർത്തനയോഗ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. മറ്റൊരു വാർഡിന്റെ PHC 10കിലോമീറ്ററിലധികം ദൂരത്തുള്ള തെക്കുംപുറം സെന്ററിലാണ്. അതുകൊണ്ടുതന്നെ 15 കിലോ പരിധിയിലുള്ള താനാളൂർ PHCയുടെ പരിധിയിൽ ഈ വാർഡ് ഉൾപ്പെടേണ്ടതാണ്. സ്വന്തമായി കക്കൂസുകൾ നിർമ്മിക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കണം. |
| 2 | Nil | ഒരു അലോപ്പതി ക്ലിനിക് മാത്രം | പനി, ചർദ്ദി, അതിസാരം, ചെങ്കണ്ണ്, മഞ്ഞപ്പിത്തം | പ്രൈമറി ഹെൽത്ത് സെന്ററിന്റെ നിർദ്ദിഷ്ട കെട്ടിടം വർഷങ്ങളായി പണിതീരാതെ കിടക്കുന്നു. | PHCയുടെ കെട്ടിട നിർമ്മാണ ഉടൻ പൂർത്തിയാക്കാനുള്ള സംവിധാനമുണ്ടാകണം. അതോടനുബന്ധിച്ച് 25 കിടക്കകളെങ്കിലുമുള്ള ആശുപത്രി സ്ഥാപിക്കണം. താനാളൂർ അങ്ങാടിയിൽ പൊതു കക്കൂസ് നിർമ്മിക്കണം. പരിസരമലിനീകരണമുണ്ടാക്കുന്ന മൃഗങ്ങളുടെയും അവശിഷ്ടങ്ങൾ നശിപ്പിച്ച് കളയാൻ സമഗ്ര സംവിധാനം ഉണ്ടാക്കണം. |
| 3 | Nil | Nil | പനി, ചർദ്ദി, അതിസാരം, ചെങ്കണ്ണ്, അപസ്മാരം, പിള്ളവാതം ബാലക്ഷയം, അജീർണ്ണം, വാത രോഗങ്ങൾ | പ്രഥമികാരോഗ്യപ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ല. നിയമാനുസൃതമായ ചികിത്സകർ പോലും 15 കി.മീ. യാത്ര ചെയ്യണം. ഒരു മിഡ് വൈഫിന്റെ സേവനം പോലും ലഭ്യമല്ല. | ഡോക്ടറും മിഡ്വൈഫിന്റെ സേവനവുമുള്ള ഒരു സബ്സെന്റർ സ്ഥാപിക്കണം. മലിനീകരണം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം ഉറപ്പുവരുത്തുകയും വേണം. ഗവ.ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിക്കണം. ശുചിത്വത്തെക്കുറിച്ച് ബോധവത്കരണം നടത്തണം. തൊഴുത്തുകളെ നശിപ്പിക്കാൻ കിടനാശിനികൾ തളിക്കണം. |
| 4 | ഒരു സബ്സെന്റർ | Nil | വയറിളക്കം, പനി, ബാലക്ഷയം, വാതരോഗങ്ങൾ, ചെങ്കണ്ണ്. | സബ്സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. വേണ്ടത്രകാലത്ത് തുറക്കുന്നു. ഗൃഹസന്ദർശനം കുറവാണ്. ചികിത്സാ സൗകര്യങ്ങൾ ഇല്ല. | ഡോക്ടറോ മറ്റ് സ്റ്റാഫുകളോ സ്ഥാപനത്തിലുണ്ടാകുന്നതുകൊണ്ട് സ്ഥലവാസികൾക്ക് പ്രയോജനപ്പെടുന്നില്ല. ഡോക്ടറെയും മറ്റ് ജീവനക്കാരെയും നിയമിക്കണം. അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കാനും സൂക്ഷിക്കാനും ഉള്ള സംവിധാനം ഉണ്ടാകണം. 10 കിടക്കകൾ ഉള്ള ഒരു ആശുപത്രി അതിനോടനുബന്ധിച്ച് സ്ഥാപിക്കണം. താനാളൂർ മൊബൈൽ ആയുർവ്വേദ ആശുപത്രിയുടെ പരിശോധന ആഴ്ചയിൽ ഒരു ദിവസം പകരം അങ്ങാടിയിൽ വെച്ച് നടത്തണം. ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയും പ്രതിരോധ കുത്തിവെപ്പുകൾ നടത്താനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. |
| 5 | Nil | Nil | വയറിളക്കം, വാതരോഗം, പനി, ബാലക്ഷയം | കുട്ടികൾക്ക് കുത്തി വെപ്പ് നടത്താറുണ്ടെങ്കിലും പൂർണ്ണ ഫലം കാണാറില്ല. ചികിത്സാ സൗകര്യങ്ങൾക്ക് 6 കി.മീ. യാത്ര ചെയ്യണ്ട അവസ്ഥയാണ്. | പ്രാഥമിക ആരോഗ്യകേന്ദ്രം അനുവദിക്കണം. പ്രതിരോധ കുത്തിവെപ്പുകൾ കാര്യക്ഷമമായും ഡോസുകൾ പൂർത്തിയാക്കുന്ന വിധത്തിലും നടത്താൻ സംവിധാനം ഉണ്ടാക്കണം. ആരോഗ്യകേന്ദ്രത്തിന്റെ പരിസര ശുചിത്വത്തെയും കുറിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണം. |

## പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വിശകലനത്തിനായി വാർഡടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനങ്ങളും പോരായ്മകളും | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനം | സ്വകാര്യ സ്ഥാപനം | | | |
| 6 | PHC-ഒന്ന് | Nil | വയറിളക്കം. പനി. ചെങ്കണ്ണ്. തലവേദന. | PHCയിൽ ഡോക്ടർ ഉണ്ടെങ്കിലും. ആരോഗ്യകരമായപ്രവർത്തനങ്ങൾ കാര്യക്ഷമല്ല. ശുചിത്വപ്രവർത്തനങ്ങൾ വേണ്ട വിധത്തിൽ നടക്കുന്നില്ല. | ആരോഗ്യ കരമായപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ശുചിത്വത്തെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. വെണ്ടയ്ക്ക മുന്നുകൾ മരുന്നുകളും. വിതരണം കാര്യക്ഷമമാക്കുകയും ചെയ്യണം. |
| 7 | Nil | Nil | വയറിളക്കം. പനി. ചെങ്കണ്ണ്. | കുടിക്കിണറുകളുടെ കുടിവെള്ളം പരിശോധിച്ചിട്ടില്ല. pbc ഇല്ലാത്തതുകൊണ്ട് മറ്റ് ആരോഗ്യ കരമായപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. | PHCസ്ഥാപിക്കണം. ആരോഗ്യ കരമായകാര്യത്തിലും. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. വെള്ളത്തിലൂടെ പകരുന്ന രോഗങ്ങൾ പരിശോധിച്ചറിയുന്നതും. പരിഹാര നടപടികൾ സ്വീകരിക്കാനുള്ള സംവിധാനമുണ്ടാക്കണം. |
| 8 | IPPസബ്സെന്റർ-ഒന്ന് | Nil | വയറിളക്കം. പനി | സബ്സെന്ററിന്റെ പ്രവർത്തനം ശുചിത്വമല്ല. | സബ്സെന്ററിൽ ആവശ്യമായ സജ്ജീകരണങ്ങളും. ആരോഗ്യ മരുന്നുകളും. എത്തിക്കുകയും. വേണ്ട ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും. ഹെൽത്ത് ഇൻസ്പെക്ടറുടെ സന്ദർശനം. നിർബന്ധമാണ്. ശുചിത്വത്തെക്കുറിച്ച് ബോധവൽക്കരണം. സംഘടിപ്പിക്കണം. |
| 9 | IPPസബ്സെന്റർ-ഒന്ന് | Nil | വയറിളക്കം. പനിമരണ്. | സബ്സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമല്ല. ഹെൽത്ത് അസിസ്റ്റന്റ് പലപ്പോഴും. ലീവിലാണ്. ഡോക്ടർമാരുടെ സേവനം ലഭ്യമല്ല. | സബ്സെന്റർ PHC ആക്കി ഉയർത്തി ഡോക്ടറുടെ സേവനം ലഭ്യമാക്കണം. കുടിക്കിണറും. ശൗചിനികളും. പൊതുകാര്യം. ലഭ്യമാക്കുന്നതിന് ജനകീയ സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിക്കണം. മോണിറ്ററിങ്ങും. ഉണ്ടാകുന്നതിനായിട്ടുള്ള ബോധവൽക്കരണം. നടത്തുകയും. ബോധവൽക്കരണം സംഘടിപ്പിക്കാൻ വിഭവം. ചെയ്യുകയും. വേണം. |
| 10 | Nil | Nil | വയറിളക്കം. പനി. ത്വക്. രോഗങ്ങൾ | സ്വകാര്യ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ആയുർവ്വേദ സ്വകാര്യ ഡോക്ടറുണ്ട്. പ്രവർത്തനങ്ങൾ കാര്യക്ഷമല്ല. | ഫലിതങ്ങൾ ധാരാളമുള്ള ഈ വാർഡിൽ പ്രായമായവർക്കുവേണ്ടിയുള്ള ആരോഗ്യപ്രവർത്തനങ്ങളും. ബോധവൽക്കരണം നടക്കുകയും. വേണം. ഗവ. ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കണം. സബ്സെന്റർ സ്ഥാപിക്കണം. |
| 11 | കുടുംബക്ഷേമ കേന്ദ്രം - ഒന്ന് | | പനി.വയറിളക്കം. ചെങ്കണ്ണ് | ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല. കുടിവെള്ള പൈപ്പുകൾ നടത്താനുണ്ടെങ്കിലും. പൂർണ്ണമായിട്ടില്ലായിട്ടില്ല. | കുടുംബക്ഷേമകേന്ദ്രത്തിൽ സ്ഥിരം ഡോക്ടറുടെ സേവനം ലഭ്യമാക്കണം. പരിസരശുചീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും. വേണം. |
| 12 | PHC-ഒന്നും IPP സബ്സെന്റർ-ഒന്ന് | Nil | ചർദ്ദി. അതിസാരം. പനി. ത്വക് | PHC യുടെ പ്രവർത്തനം കാര്യക്ഷമല്ല. ആവശ്യത്തിന് ജീവനക്കാരില്ല. ജീവനം പദ്ധതി എന്ന നിലയിൽ കുറേ മരുന്നുകൾ ഉണ്ടെങ്കിലും. പൂർണ്ണമായും. ലഭിക്കുന്നില്ല. | PHCയിലെ ജീവനക്കാരുടെ ലഭ്യതകൾ നികത്തണം. എല്ലാ മരുന്നുകളും. ലഭ്യമാക്കണം. ശുചിത്വത്തെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. |
| 13 | IPP സബ്സെന്റർ-1 | Nil | വയറിളക്കം. പനി | ഡോക്ടറുടെ സേവനമോ മരുന്നോ ലഭ്യമല്ല. വെള്ളത്തിൽ കൂടെ. ആരോഗ്യപ്രവർത്തനങ്ങളെ ബാധിക്കുന്നു. | ഹെൽത്തോക്കോളജിസ്റ്റിന്റെ സേവനവും. വേണ്ടത്ര മരുന്നുകളുടെ ലഭ്യതയും. ഉറപ്പു വരുത്തണം. ബോധവൽക്കരണം. സംഘടിപ്പിക്കണം. |
| 14 | IPP സബ്സെന്റർ-1 | | വയറിളക്കം. പനിമരണമുണ്ടാകുന്നു. ചെങ്കണ്ണ്. | സബ്സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമല്ല. എല്ലാ ജോലിയുള്ളവർക്കും. പ്രയോജനം. ലഭ്യമല്ല | സബ് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഡോക്ടറുടെ സേവനം ലഭ്യമാക്കണം. ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം പരിപാടികൾ സംഘടിപ്പിക്കണം. ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം. |
| 15 | IPP സബ്സെന്റർ-1 | Nil | വയറിളക്കം. പനി. ചെങ്കണ്ണ്. | സബ്സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമല്ല. മരുന്നോ മറ്റ് സൗകര്യങ്ങളോ ലഭ്യമല്ല. | PHC അനുവദിക്കണം. ഡോക്ടറുടെ സേവനവും. മരുന്നുകളുടെ ലഭ്യതയും. ഉറപ്പുവരുത്തണം. ശുചിത്വം പരിപാടികൾ സജ്ജമാക്കുകയും. ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുകയും. വേണം. |

# ജനകീയാരോഗ്യ പരിപാടി

സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ കുറിപ്പുകളിൽ സ്ഥാനം പിടിച്ചുപറ്റിയതായിരുന്നു നമ്മുടെ ജനകീയാരോഗ്യപരിപാടി. പഞ്ചായത്ത് ബോർഡ്, സാക്ഷരതാസമിതി, കേരളശാസ്ത്ര സാഹിത്യപരിഷത്ത് മറ്റ് സന്നദ്ധസംഘടനകൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കിയ ഈ പരിപാടി ആരോഗ്യമേഖലയുടെ വികസനത്തിന് എങ്ങനെ ജനശക്തി പ്രയോജനപ്പെടുത്താമെന്നതിന് ഒരു മാതൃകയായിരുന്നു.

അമ്പതു വീടിന് ഒരാൾ എന്ന നിലയിൽ വിദ്യാസന്നരായ ചെറുപ്പക്കാരെ പ്രത്യേകിച്ച് പെൺകുട്ടികളെ കണ്ടെത്തുകയാണ് ആദ്യം ചെയ്തത്. ഇവരെ LHA (ലോക്കൽ ഹെൽത്ത് ആക്ടിവിസ്റ്റുകൾ) മാരാക്കിമാറ്റിയെടുക്കുവാൻ രണ്ടു ദിവസത്തെ പരിശീലനക്യാമ്പ് സംഘടിപ്പിച്ചു. അന്നത്തെ വിദ്യാഭ്യാസ മന്ത്രി ബഹു: ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറാണ്. പരിശീലന ക്യാമ്പ് ഉദ്ഘാടനം ചെയ്തത്. ജനകീയാസൂത്രണ പരിപാടി എന്ത്? എങ്ങനെ?, കേരളത്തിന്റെ ആരോഗ്യസ്ഥിതി, ക്യാൻസർ രോഗം എങ്ങനെ പ്രാഥമികഘട്ടത്തിൽ കണ്ടെത്താം, കുഷ്ഠരോഗനിർണ്ണയം എങ്ങനെ? ഈ വിഷയങ്ങളിൽ ദൃശ്യശ്രാവ്യ ഉപകരണങ്ങളുടെ സഹായത്തോടുകൂടിയുള്ള ക്ലാസ്സുകളായിരുന്നു.

തുടർന്നു LHA മാരെ ഉപയോഗിച്ച് വീടുകളിൽ സർവ്വേ നടത്തി. ക്യാൻസർ രോഗമാകാം എന്നു സംശയം തോന്നിയ 759 പേരെ ഉണ്ണ്യാൽ, പുത്തൻതെരു എന്നീ സ്ഥലങ്ങളിലെ ക്യാമ്പുകളിലെത്തിച്ചു വിശദമായി പരിശോധിച്ചു. രോഗം പ്രാഥമികഘട്ടത്തിലെത്തിയ 25 ഓളം പേരെ കണ്ടെത്താനായി. ഗുരുതരാവസ്ഥയിലേക്കു നീങ്ങുന്നുവെന്നു തോന്നിയവരെ തിരുവനന്തപുരത്ത് കൊണ്ടു പോയിചികിൽസിച്ചു. യാത്രയും ചികിൽസയും സൗജന്യമായിരുന്നു. പിന്നീടു നടന്നതാക്ക് പരിശോധനാക്യാമ്പിൽ 1012 പേരെ പരിശോധിക്കുകയുണ്ടായി. 35 പേർക്ക് കുഷ്ഠരോഗ മുള്ളതായി കണ്ടെത്തി. ഉണ്ണ്യാൽ, താനാളൂർ, പുത്തൻതെരു എന്നിവിടങ്ങളിലായിരുന്നു ക്യാമ്പുകൾ സ്കൂൾ ആരോഗ്യപരിപാടിയാണ് പിന്നീട് സംഘടിപ്പിച്ചത് കുട്ടികൾക്കുണ്ടാകുന്ന അപസ്മാരം, വിളർച്ച, ഹൃദ്രോഗം, ചെവി, മൂക്ക് എന്നിവയുടെ രോഗം ഇവ കണ്ടെത്താൻ അവർക്കു പരിശീലനം നല്കി. വിശദമായ കൈപ്പുസ്തകവും തയ്യാറാക്കി നല്കി. ഇവരുടെ സഹായത്തോടെ കിട്ടികൾക്കുവേണ്ടി പരിശോധനാക്യാമ്പുകൾ സംഘടിപ്പിച്ചു. ചില വിദ്യാർത്ഥികളേയും അവരിലൂടെ ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ രോഗമുള്ള ചില രക്ഷിതാക്കളേയും യഥാസമയം കണ്ടെത്തി മാരകമായ രോഗങ്ങളിൽ നിന്ന് രക്ഷപ്പെടുത്താനായി എന്നത് പ്രത്യേകം പറയേണ്ടിരിക്കുന്നു. LHAമാർക്ക് രണ്ടാംഘട്ട പരിശീലനവും തുടർന്ന് കുടുംബാരോഗ്യ സദസ്സുകളും സംഘടിപ്പിക്കപ്പെട്ടു. സാമ്പത്തിക പ്രയാസംമൂലം പദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനം നിലയ്ക്കുകയാണുണ്ടായത്. ശ്രീ. വി. സി. ശങ്കരനാരായണൻ, ഡോ: എ. മുഹമ്മദ്, ഡോ: രാമൻകുട്ടി, ഡോ: കെ. പി. അരവിന്ദൻ, ഡോ: ബി. ഇക്ബാൽ തുടങ്ങിയവരും റീജ്യണൽ ക്യാൻസർ സെൻറർ തിരുവന്തപുരം കോഴിക്കോട് മെഡിക്കൽ കോളജ്, ശ്രീചിത്തിര ഇൻസ്റ്റിസ്റ്റ്യൂട്ട്, തിരൂർ താലൂക്ക് ആശുപത്രി, മഞ്ചേരി ജില്ലാ ആശുപത്രി, താനാളൂർ, ഉണ്ണ്യാൽ പി. എച്ച്. സികൾ എന്നിവയും പദ്ധതിയ്ക്കുവേണ്ട സഹായം ചെയ്യുകയുണ്ടായി

## ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ

1. നിലവിലുള്ള മാനദണ്ഡമനുസരിച്ച് ജനസംഖ്യയുടെ അടിസ്ഥാനത്തിൽ 3 പ്രൈമറി ഹെൽത്ത് സെൻറർ വേണ്ടിടത്ത് 2PHCകൾ മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്.
2. 13 സബ്സെന്ററുകൾ ചുരങ്ങിയത് ആവശ്യമാണെങ്കിൽപ്പോലും 8 എണ്ണമേ നിലവിലുള്ളു.
3. രോഗപ്രതിരോധത്തിനും പ്രാഥമികഘട്ടത്തിൽ കണ്ടെത്തി ചികിൽസിക്കുന്നതിനും വേണ്ടത്ര പ്രാധാന്യം നല്കുന്നില്ല.
4. 3,5,7,10,15, വാർഡുകളിൽ പൊതു ആരോഗ്യകേന്ദ്രങ്ങളില്ല.
5. PHC കളിൽ വേണ്ടത്ര സൗകര്യങ്ങളോ സ്റ്റാഫോ ഇല്ല. ഉള്ളസ്റ്റാഫിന്റെ സേവനം വേണ്ടത്രലഭിക്കുന്നില്ല.

6, ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം ഫലപ്രദമാകുന്നില്ല.

7. നീർകെട്ട്, മണൽ എന്നിവയുള്ള സ്ഥലങ്ങളിൽ ഉപയോഗിക്കുന്ന ചിലയിനം കക്കൂസുകൾ പരിസരമലിനീകരണം ഉണ്ടാക്കുന്നു.

8. എല്ലാ കുടുംബത്തിനും ശുദ്ധജലവും കക്കൂസും ലഭ്യമല്ല.

9. മലിനവസ്തുക്കൾ വീട്ടിലും നാട്ടിലും ശരിയായ രീതിയിൽ നീക്കം ചെയ്യപ്പെടുന്നില്ല.

10. അറവുശാലകളും മാർക്കറ്റുകളും പരിസരം മലിനമാക്കുന്നു കോഴി മാംസ വില്പനക്കാർ അവശിഷ്ടം പൊതുവഴിയിൽ നിക്ഷേപിക്കുന്നു.

11 ഈച്ചകളും കൊതുകുകളും പൊതുവഴിയിൽ വർദ്ധിക്കുന്നു.

12 പല പകർച്ച വ്യാധികളു് തിരിച്ച് വരുന്നു.

13 വിദ്യഭ്യാസ പിന്നോക്കാവസ്ഥയും അന്ധവിശ്വാസങ്ങളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

14 പേപ്പട്ടി വിഷ ബാധക്കുള്ള ചികിൽസയും നിയന്ത്രണ മാർഗ്ഗങ്ങളും പരിഗണിക്കുന്നില്ല.

15. സബ് സെൻററുകളിൽ സ്ത്രീകളെ ചികിൽസിക്കുന്നവരുടെ വിദഗ്ദ്ധ സേവനം ലഭ്യമല്ല.

16. ആയുർവ്വേദ ഡിസ്പെൻസറിയിൽ വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. അതിൻെറ സേവനം മുഴുവൻ പ്രയോജനപ്പെടുത്താനാകുന്നില്ല.

17. ഔഷധസസ്യങ്ങൾ നാമാവശേഷമാകുന്നു.

18. രാസവളം, കീടനാശിനി ഇവയുടെ ഉപയോഗം വർദ്ധിച്ചിരിക്കുന്നു.

19. PHC കളിൽ ഉൾപ്പെടുത്തിയിട്ടുള്ള വാർഡുകളുടെ വിഭജനം അശാസ്ത്രീയമാണ്.

20. രണ്ടാം വാർഡിലെ നിർദ്ദിഷ്ടാരോഗ്യ കേന്ദ്രത്തിൻെറ പണി പൂർത്തിയായില്ല.

## സാധ്യതകൾ

1. എല്ലാവീട്ടിലും കക്കൂസ്, കുടിവെള്ളം ഇവ ലഭ്യമാക്കുക. ബോധവത്കരണം, വായ്പാ സഹായം, സൗജന്യം സഹായം ഇവ പരിഗണിക്കണം.

2. പൊതു ആരോഗ്യകേന്ദ്രങ്ങളില്ലാത്ത വാർഡുകളിലെല്ലാം അവയുടെ സേവനം ലഭ്യമാക്കുകയും ഒരു PHC കൂടി അനുവദിക്കുകയും ചെയ്യുക.

3. PHCകളിൽ വേണ്ടത്ര സ്റ്റാഫും അടിസ്ഥാന സൗകര്യങ്ങളും മരുന്നുകളും ഉണ്ടാക്കാൻ നടപടി സ്വീകരിക്കുക.

4. 25 കിടക്കകളെങ്കിലും ഉള്ള ഒരു ആശുപത്രി പഞ്ചായത്തിൽ സ്ഥാപിക്കുക.

5. നിലവിലുള്ള ആരോഗ്യപ്രവർത്തകരുടെ വീടുസന്ദർശനം സമയബന്ധിതമാക്കുക.

6. PHCകളിൽലെ ഡോക്ടർമാർ നേരത്തേ നിശ്ചയിക്കുന്ന ടൈം ടേബിളിൻെറ അടിസ്ഥാനത്തിൽ വിവിധ വാർഡുകളിലെ കേന്ദ്രത്തിൽ മാസത്തിലൊന്നോ രണ്ടോ തവണ വന്ന് രോഗികളെ പരിശോധിക്കുക ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുക.

7. പ്രാദേശിക വ്യത്യാസത്തിനു അനുയോജ്യമായതും വിലകുറഞ്ഞതുമായ കക്കൂസുകളുടെ സാധ്യത പരിഗണിക്കുക.

8. മാലിന്യ നിർമ്മാർജ്ജനത്തിന് പഞ്ചായത്ത് കൂടുതൽ സംവിധാനം ഏർപ്പെടുത്തുക. ബോധവത്കരണം സംഘടിപ്പിക്കുക. കമ്പോസ്റ്റു കുഴികളുടെ സാധ്യത പരിഗണിയ്ക്കുക.

9. കോഴിവില്പന കടകളോടനുബന്ധിച്ചും അറവുശാലകളോടനുബന്ധിച്ചും മാലിന്യസംസ്കരണത്തിന് സംവിധാനം ഉണ്ടെന്നുറപ്പുവരുത്തുക

10. കൊതുക്, ഈച്ച ഇവയെ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

11. രോഗപ്രതിരോധത്തിനും രോഗം പ്രാഥമികനിലയിൽ കണ്ടെത്തുന്നതിനും ആവശ്യമായ പരിശീലനം സംഘടിപ്പിക്കുക.

12. അന്ധവിശ്വാസങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക.

13. പേപ്പട്ടി വിഷബാധ നിയന്ത്രണ പരിപാടികൾ സ്വീകരിക്കുക.

14. സബ്സെന്ററുകളോടനുബന്ധിച്ച് സ്ത്രീ രോഗചികിൽസകരുടെ സേവനം ലഭ്യമാക്കുക.

15. ആയുർവ്വേദ ഡിസ്പൻസറിയിലെ അത്യാവശ്യ സൗകര്യങ്ങൾ പഞ്ചായത്തിൻെറ മുഴുവൻ പ്രദേശങ്ങളിലും ലഭ്യമാകുവാൻ നടപടികൾ സ്വീകരിക്കുക.

15. ഔഷധസസ്യങ്ങളും പഴയ ചികിൽസാരീതികളും രേഖപ്പെടുത്തി സൂക്ഷിയ്ക്കുക. ഔഷധസസ്യങ്ങളുടെ സംരക്ഷണത്തിനാവശ്യമായ നടപടി സ്വീകരിക്കുക.

17. കിടനാശിനി, രാസവളം എന്നിവ പരിസ്ഥിതിയ്ക്കും അതുവഴി ആരോഗ്യത്തിനും ഹാനികരമാകുന്ന വിധം ഉപയോഗത്തിനെതിരെ ബോധവത്കരണവും നിയന്ത്രണവും ഉണ്ടാക്കുക.

18. PHCഇല്ലാത്ത വാർഡുകൾക്ക് തൊട്ടടുത്ത ആരോഗ്യകേന്ദ്രത്തിന്റെ സൗകര്യം ലഭ്യമാക്കുക.

20. രണ്ടാം വാർഡിലെ നിർദ്ദിഷ്ടാരോഗ്യകേന്ദ്രത്തിന്റ പണി ഉടൻ പൂർത്തിയാക്കുക.

21. അനാവശ്യ ചികിൽസകളെക്കുറിച്ചും മരുന്നുകളെക്കുറിച്ചും ബോധവത്ക്കരണം നടത്തുകയും നിയന്ത്രണം ഏർപ്പടുത്തുകയും ചെയ്യുക.

21. ആത്യാവശ്യമരുന്നുകളുടെ വിലനിയന്ത്രിക്കുന്നതിനും പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് കൂടുതൽ പരിഗണ ലഭിക്കുന്നതിനും ആവശ്യമായ സമ്മർദ്ദം ഉണ്ടാക്കുക.




# ഉപസംഹാരം

പുതിയ പഞ്ചായത്തിരാജ് സംവിധാനത്തോടെ വികസനത്തിന്റെ യഥാർത്ഥ തലങ്ങൾ നാം തിരിച്ചറിയുകയാണ്. ഭൂരിപക്ഷം ജനതയുടെ ജീവിത നിലവാരം ഉയർത്തലാണ് വികസനം എന്ന ബോധം നമ്മെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കുന്നു. ഗതകാലചരിതങ്ങളുടെ ഊർജ്ജം ഉൾക്കൊണ്ടും തിൻമകളെ തിരസ്കരിച്ചും ഒരു നവലോക സൃഷ്ടിക്കാണ് നാം ശ്രമിക്കുന്നത്. ഈ മണ്ണിന്റെ രക്ഷക്കും വികസനത്തിനുമായി പോരാടിയ പൂർവ്വികരുടെ സ്മരണയിൽ നന്നുള്ള ആവേശവുമായി നമുക്കു മുന്നേറാം.

പി.ടി. മൊയ്തീൻ
പ്രസിഡന്റ്,
താനാളൂർ ഗ്രാമപഞ്ചായത്ത്

# താനാളൂർ ഗ്രാമ പഞ്ചായത്ത

## പഞ്ചായത്തിലെ റോഡുകൾ




**PRINTED AT**
**CENTRAL OFFSET PRINTOGRAPH**

"ഓരോരുത്തരും അവരവരുടെ
നെറ്റി വിയർപ്പൊ പറിച്ചെ
ടുത്തുജീവിച്ചെങ്കിൽ ഭൂമി
സ്വർഗ്ഗമായി മാറുമായിരുന്നു"

-ഗാന്ധിജി

# വികസനരേഖ തയ്യാറാക്കിയവർ

***കൃഷിയും ജലസേചനവും***
പി.എസ്. മുഹമ്മദ് മുസ്തഫ
എം. അബ്ദുസലാം മാസ്റ്റർ
പി.പി. അബ്ദു റസാക്ക്
പപ്പൻ നായർ

***വ്യവസായം***
വി. കുഞ്ഞീതു
ഇ ജയപ്രകാശ്
കെ. കുഞ്ഞൻനായർ
എ. ദാമോദരൻ
കെ. ചന്ദ്രശേഖരൻ
എൻ. വി. സദാനന്ദൻ

***വിദ്യാഭ്യാസം***
പി.പി. ഇബ്രാഹിം മാസ്റ്റർ
പി. സതീശൻ
കെ. അബൂബക്കർ ഹാജി
സി. ബാപ്പു മൗലവി

***കുടിവെള്ളവും പൊതുജനാരോഗ്യവും***
എൻ. മുസ്സകുട്ടി ഹാജി
ഒ.പി. ആലി മാസ്റ്റർ
ഇ. ശ്രീധരൻ മാസ്റ്റർ
കെ.പി. ഹബീബ് റഹ്മാൻ
സാദത്ത്. സി

***മൃഗസംരക്ഷണം, മത്സ്യബന്ധനം***
കെ. അബ്ദുള്ള
എം. വിശ്വനാഥൻ
ദുൽകിഫിലി.ടി
ടി. അബ്ദുറസാക്ക്
സി.പി. സൈതു

***ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം***
ടി. നാരായണൻ മാസ്റ്റർ
കെ. ഫാത്തിമ
എൻ. വി. നളിനി
കെ. ബീരാൻ മൊയ്തീൻ
ശാന്തകുമാരി (സി.ബി.എൻ.പി)
വാമനൻ. പി

***വനിത***
വി.സി. കമലടീച്ചർ
റുഖിയ. സി.
ആമിനക്കുട്ടി. കെ
മല്ലിക. കെ.എം
ഗൗരി ടീച്ചർ

***സഹകരണം***
എ. ഹംസ
വി. പി.എം. അബ്ദുറഹിമാൻ
കെ.പി. സമദ്
വി.ഹമീദ്
കെ. ചന്ദ്രശേഖരൻ നായർ
കെ.പി. മുരളീധരൻ
സി. മുഹമ്മദ് ഷാഫി

***പട്ടികജാതി പട്ടിക വർഗ്ഗം***
എം. ശ്രീധരൻ
കുളളിക്കൽ അബ്ദു റസാഖ്
പുഷ്പാലയം ശ്രീധരൻ
ഗോപി. കെ.പി
മൊയ്തീൻകുട്ടി മാസ്റ്റർ

***വിഭവസമാഹരണം***
ഇ. ഗോവിന്ദൻ
പി.പി. കോയക്കുട്ടി മാസ്റ്റർ
ഒ. രാജൻ
ടി. ജബ്ബാമീ

***ഗതാഗതം, ഊർജ്ജം, മാർക്കറ്റ്***
കഴോടി മുഹമ്മദ്
സി. കോയ
ബീരാൻകുട്ടി
ഒ.പി. ഇബ്രാഹിം
എം.പി. കുഞ്ഞേനി
സി. പ്രഭാകരൻ

***സംസ്കാരം***
പി.ടി. മൊയ്തീൻ
എം. കദീജ ടീച്ചർ
കെ.ടി.ഒ. അബ്ദുറഹിമാൻ
അബ്ദുൽ അസീസ്. കെ.പി
കെ. മുജീബ്

***പഞ്ചായത്ത് മേപ്പ്***
ഇ. ജയപ്രകാശ്
വി. അബ്ദുറസാഖ്

130

